324.254

വരട്ടുതത്വവാദപരമായ ഭിന്നിപ്പിന്നും വീരസാഹ
സികത്വത്തിന്നും അവസരവാദത്തിന്നുമെതിരായി

# പാർട്ടിയുടേയും
## ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റേയും
# ഐക്യത്തിന്നുവേണ്ടി

1113

PC Library & Research Center

ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ
ഇന്നത്തെ പ്രത്യയശാസ്ത്രപരമായ
വിവാദത്തെപ്പററി ദേശീയ
കൌൺസിൽ അംഗീക
രിച്ച റിപ്പോർട്ട്

കമ്മ്യൂണിസ്ററ് പാർട്ടി പ്രസിദ്ധീകരണം

1964
സപ്തമ്പർ

വില
50 പൈസ

# ദേശീയ കൌൺസിലിൻെറ പ്രമേയം

324.254

1964 ജൂൺ 7—17 തീയതികളിൽ ദെൽഹിയിൽ വെച്ചു കൂടിയ ദേശീയ കൌൺസിൽ താഴെ പറയുന്ന പ്രമേയം അംഗീകരിച്ചു:

"വരട്ടുതത്വവാദപരമായ ഭിന്നിപ്പിന്നും വീരസാഹസികത്വത്തിന്നും അവസരവാദത്തിന്നും എതിരായി—പാർട്ടിയുടേയും ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും ഐക്യത്തിന്നുവേണ്ടി" എന്ന പേരിൽ ഡ്രാഫ്ടിങ്ങ് കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടു ദേശീയ കൌൺസിൽ ചർച്ചചെയ്തു. കൌൺസിലിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഡ്രാഫ്ടിങ്ങ് കമ്മീഷൻ അംഗീകരിച്ച ഭേദഗതികളോടുകൂടി റിപ്പോർട്ടിന്നു അവസാനരൂപം കൊടുക്കാൻ ദേശീയ കൌൺസിൽ ഡ്രാഫ്ടിങ്ങ് കമ്മീഷനെ അധികാരപ്പെടുത്തുകയും ആ മാറ്റങ്ങളോടു കൂടിയ റിപ്പോർട്ട് അംഗീകരിക്കുകയുംചെയ്യുന്നു. എല്ലാ നിലവാരത്തിലുമുള്ള പാർട്ടി സമ്മേളനങ്ങളിലും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടുത്ത കോൺഗ്രസ്സിലും ചർച്ചചെയ്യാനും അംഗീകരിയ്ക്കാനും വേണ്ടി അങ്ങിനെ ഭേദഗതി ചെയ്ത റിപ്പോർട്ടു ദേശീയ കൌൺസിലിൻെറ റിപ്പോർട്ടായി സമർപ്പിക്കാനും തീരുമാനിക്കുന്നു.

മേൽപ്പറഞ്ഞ പ്രമേയമനുസരിച്ച് ഭേദഗതി ചെയ്ത് അവസാനരൂപം കൊടുത്ത റിപ്പോർട്ടാണ് ഇതോടൊപ്പം എല്ലാ നിലവാരത്തിലുമുള്ള പാർട്ടി സമ്മേളനങ്ങളിലും പാർട്ടിയുടെ ഏഴാം കോൺഗ്രസ്സിലും ചർച്ചയ്ക്കായി സമർപ്പിക്കുന്നത്.

കേന്ദ്ര സിക്രട്ടേറിയററ്

# I

# അഭിപ്രായവ്യത്യാസങ്ങളുടെ പുതിയ ഘട്ടം

ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ അഭിപ്രായഭിന്നതകൾ അങ്ങേയററം ഗുരുതരമായ ഒരു പുതിയ ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ലോകമെങ്ങുമുള്ള കമ്മ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുടെ മുമ്പാകെ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി നേതൃത്വം വെച്ചിട്ടുള്ള വരട്ടുതത്വവാദത്തിന്റേയും ശിഥിലീകരണത്തിന്റേയുമായ ഭീഷണി, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൽ പൂർണ്ണവും ഔപചാരികവുമായ പിളർപ്പിന്റെ അപകടം സൃഷ്ടിച്ചിരിക്കുകയാണ്. ആ ഭീഷണി നമ്മുടേതുൾപ്പെടെയുള്ള ചില കമ്മ്യൂണിസ്റ്റ്പാർട്ടികളുടെയും ആഭ്യന്തരൈക്യത്തെ താറുമാറാക്കിയിരിക്കുന്നു. ചുരുക്കം ചില പാർട്ടികളുടെകാര്യത്തിൽ ശിഥിലീകരണക്കാരുടെ ഗ്രൂപ്പുകൾ തങ്ങളുടെ മാതൃസംഘടനയിൽനിന്നു വേറിട്ടുപോയിക്കഴിഞ്ഞിരിക്കുന്നു.

ഭീഷണി രാഷ്ട്രീയവും സംഘടനാപരവുമാണ്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയെ സി. പി. സി. ഇങ്ങിനെ ചിത്രീകരിക്കുന്നു.

> "ദേശീയസ്വാതന്ത്ര്യത്തെ ബലികൊടുത്തുകൊണ്ട് സാമ്രാജ്യത്വത്തിന്നു സ്വയം വില്പനനടത്തുകയും ഇന്ത്യൻ ജനതയെ മർദ്ദിച്ചൊതുക്കുകയും ചെയ്യുന്ന നെഹ്റുഗവണ്മെൻറിന്റെ മൂട്ടുതാങ്ങിയും, ഇൻഡ്യയിലെ വൻകിടബൂർഷ്വാസിയുടേയും ഭൂവുടമകളുടേയും വാലും ആക്കി ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയെ മാററുക എന്ന ഉദ്ദേശത്തോടെ, ദേശീയ ഷാവനിസത്തിന്റേയും സ്വയം കീഴടങ്ങലിന്റേയും പാത തിരഞ്ഞെടുത്തിരിക്കുന്ന ഡാങ്കേ ക്ലിക്ക്" ('തിരുത്തിയെഴുത്തൽവാദികൾക്ക് ഒരു കണ്ണാടി') —മാർച്ച് 9, 1963 പേജ് 4, 5.

ഇത്തരം വിശേഷണങ്ങളും വിവരണങ്ങളും മററ് ചൈനീസ് രേഖകളിൽനിന്നും ഉദ്ധരിക്കുവാൻ കഴിയും.

സാർവ്വദേശീയ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ മുന്നണിവിഭാഗവും 1956 ലെ ഇരുപതാം പാർട്ടികോൺഗ്രസ്സിലൂടെ പ്രസ്ഥാനത്തിലെ പുതിയ നയങ്ങളുടെ അവതാരകന്മാരുമായ സി. പി. എസ്സ്. യു. വിനെ സി. പി. സി. താഴെകൊടുത്ത വാക്കുകൾകൊണ്ട് അധിക്ഷേപിച്ചിരിക്കുന്നു:

> "മാർക്സിസം-ലെനിനിസത്തേയും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതത്വത്തേയും പരസ്യമായി വഞ്ചിച്ചുകൊണ്ട്, സോഷ്യലിസ്റ്റ് ചൈനയ്ക്കും മറെറല്ലാ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികൾക്കുമെതിരായി, സി. പി. എസ്സ്. യു. നേതൃത്വം അമേരിക്കൻ സാമ്രാജ്യത്വവുമായും ഇൻഡ്യൻ പ്രതിലോമകാരികളുമായും വഞ്ചകരായ ടിറേറാക്ലിക്കുമായും ചങ്ങാത്തംപിടിച്ചിരിക്കുന്നു." (ഹോംകി; പീപ്പിൾസ് ഡയിലി മുഖപ്രസംഗങ്ങൾ—സെപ്റ്റംബർ 6, 1963 പേജ് 1, 2.)

ആ മുഖപ്രസംഗങ്ങൾ ഇങ്ങനെ തുടരുന്നു:

"സി. പി. എസ്സ്. യു. നേതൃത്വം സ്വീകരിച്ചിട്ടുള്ളത് സോഷ്യലിസത്തിനെതിരായി സാമ്രാജ്യത്വവുമായും, ചൈനയ്ക്കെതിരായി അമേരിക്കയുമായും, ലോകജനതക്കെതിരായി എല്ലാ രാജ്യങ്ങളിലുമുള്ള പ്രതിലോമശക്തികളുമായും സഹകരിക്കുന്നതിന്റെ മാർഗ്ഗമാണെന്ന് കഴിഞ്ഞ ഏഴുവർഷങ്ങളിലെ സംഭവങ്ങൾ ധാരാളമായി തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്."

1963 നവംബർ 2-ാംതീയതിയിലെ പീപ്പിൾസ് ഡയിലി ഇൻഡ്യാ-ചൈനാ അതിർത്തിത്തർക്കത്തെ പ്രത്യേകം പരാമർശിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു:—

"അമേരിക്കൻ സാമ്രാജ്യവാദികളുമായി ചേർന്നുകൊണ്ട് സോവിയററ് നേതാക്കൾ, സോഷ്യലിസ്റ്റ് ചൈനയ്ക്കും ഇൻഡ്യൻ ജനതയ്ക്കുതന്നെയും എതിരായി ഇൻഡ്യൻ പ്രതിലോമകാരികളെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. അവർ സോഷ്യലിസ്റ്റ് ക്യാമ്പിനേയും ഇൻഡ്യൻ ജനതയേയും വഞ്ചിരിക്കുന്നു." (പേജ് 22)

സ്വന്തം രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളേയും അടിച്ചമർത്തപ്പെട്ട അടിമരാജ്യങ്ങളിലെ ദേശീയവിമോചനപ്രസ്ഥാനങ്ങളേയും വഞ്ചിച്ചുവെന്ന ആരോപണം, ഫ്രാൻസ്, ഇററലി, അമേരിക്ക തുടങ്ങി മററു രാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കെതിരായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

തങ്ങൾക്കു യോജിപ്പില്ലാത്ത കമ്യൂണിസ്റ്റ് പാർട്ടികൾ പിന്തുടരുന്ന രാഷ്ട്രീയനയങ്ങൾ സംബന്ധിച്ച് സി. പി. സി. നേതൃത്വത്തിന്റെ വിലയിരുത്തൽ അപ്രകാരമാണ്. അത്തരം പാർട്ടികളാണ് സഹോദരപാർട്ടികളിൽ ഭൂരിപക്ഷമെന്ന് അവർ സമ്മതിക്കുന്നു.

ഇൻഡോനേഷ്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചെയർമാനായ ഡി. എൻ. ഐഡിത്ത് 1963 സെപ്റ്റംബർ 23-ാംതീയതി ജാകർത്തയിൽ ചെയ്ത പ്രസംഗത്തിൽ നമ്മുടെ പാർട്ടിയെപ്പററിയുള്ള സി. പി. സി. നേതൃത്വത്തിന്റെ അഭിപ്രായഗതി, കൂടുതൽ പ്രാകൃതവും അപമാനകരവുമായ വിധത്തിൽ അവതരിപ്പിക്കുകയുണ്ടായി. ആ പ്രസംഗത്തിന്റെ ഔദ്യോഗികഭാഷ്യം ഇൻഡോനേഷ്യൻ കമ്യൂണിസ്റ്റ് പാർട്ടി സെൻട്രൽകമ്മിററിയുടെ സെക്രട്ടറിയററ് തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തു.

തന്റെ പ്രസംഗത്തിൽ ഐഡിത്ത് നമ്മുടെ പാർട്ടിയെ ആക്രമിച്ചത് "നെഹ്റുവിന്റെ ചാരന്മാരായി പ്രവർത്തിക്കുന്ന ഡാങ്കേക്ലിക്ക്" എന്നു വിശേഷിപ്പിച്ചുകൊണ്ടാണ്. അദ്ദേഹം "ഡാങ്കെ-നെഹ്റു ജയിലുകളെ"പ്പററി പറഞ്ഞു; "പൂർണ്ണമായും തിരുത്തിയെഴുതൽവാദികൾ നിയന്ത്രിക്കുന്നതും യഥാർത്ഥ മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾ പുറന്തള്ളപ്പെട്ടതുമാണ്" നമ്മുടെ പാർട്ടിയെന്നു അദ്ദേഹം വിവരിക്കുന്നു. "അങ്ങനെ പുറന്തള്ളപ്പെട്ട യഥാർത്ഥ മാർക്സിററ്-ലെനിനിസ്റ്റുകൾക്ക് ഇൻഡോനേഷ്യൻ കമ്യൂണിസ്റ്റ് പാർട്ടി ഒരു നല്ല സ്വീകരണം നൽകും" എന്നദ്ദേഹം പ്രസ്താവിച്ചു.

മുൻപ് സി. പി. സി. നേതൃത്വം നമ്മുടെ പാർട്ടിക്കും അതിന്റെ നയത്തിനും നേതൃത്വത്തിനും എതിരായി നടത്തിയ ആക്രമണത്തെ, നമ്മുടെ പാർട്ടിയുടെ കേന്ദ്രഎക്സിക്യൂട്ടിവ് കമ്മററിയും ദേശീയകൗൺസിലും അവയുടെ പ്രമേയങ്ങളിലൂടെ നിരാകരിച്ചതുപോലെതന്നെ ഐഡിത്തിന്റെ

പ്രസംഗത്തേയും കേന്ദ്രഎക്സിക്യൂട്ടീവ് കമ്മിററി ഒരു പ്രമേയത്തിലൂടെ നിരാകരിച്ചു.

പ്രത്യേകമായെടുത്താൽ, ഓരോ രാജ്യത്തിലേയും പാർട്ടിയുടെ ഐക്യത്തേയും, സാർവ്വദേശീയകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സംഘടനാപരമായ സൗഭ്രാത്രത്തെയും സംബന്ധിച്ചിടത്തോളം 1964 ഫെബ്രുവരി 4-ാംനു-ലെ **ദഹാങ്കി** മുഖപ്രസംഗം, ഞങ്ങൾ യോജിക്കാത്ത പാർട്ടികളേയും സാർവ്വദേശീയ പ്രസ്ഥാനത്തേയും പിളർക്കുന്നതിനുവേണ്ടി പൂർണ്ണമായി തയാറാക്കപ്പെട്ട ഒരു സിദ്ധാന്തം അവതരിപ്പിക്കുകയാണ് ചെയ്യുന്നതു്. യാഥാർത്ഥത്തിൽ ഔപചാരികമായ പിളർപ്പിനുവേണ്ടിയുള്ള വ്യക്തമായ ഒരാഹ്വാനമാണതു് പുറപ്പെടുവിച്ചതു്. ആ ലേഖനത്തിലെ പ്രസക്തഭാഗങ്ങൾ താഴെക്കാണുംപ്രകാരമാണ്:

“ഐക്യം. അതേത്തുടർന്നുള്ള സമരമോ പിളർപ്പോ, അതിനുശേഷം പുതിയൊരടിസ്ഥാനത്തിലുള്ള പുതിയ ഒരൈക്യം—ലോകതൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ വളർച്ചയിലെ വൈരുദ്ധ്യനിയമം ഇതാണ്”.

ഓരോ കാലഘട്ടത്തിലേയും, ഐക്യത്തിന്റെ സംരക്ഷകന്മാരും പിളർപ്പിന്റെ സ്രഷ്ടാക്കളും തമ്മിലുള്ള സമരം, സൂക്ഷ്മാർത്ഥത്തിൽ **മാർക്സിസം-ലെനിനിസവും അവസരവാദ-തിരുത്തിയെഴുതൽവാദസിദ്ധാന്തങ്ങളും തമ്മിലുള്ള സമരമാണെ**ന്ന് സാർവ്വദേശീയകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം പ്രകടമാക്കിയിട്ടുണ്ട്.

‘ഭൂരിപക്ഷ’ത്തേയും ‘ന്യൂനപക്ഷ’ത്തേയും വേർതിരിച്ചു കാണുന്നതിൽ സി.പി.എസ്സ്.യു. നേതാക്കൾ നിർബന്ധം പിടിക്കുകയാണെങ്കിൽ, **അവരുടെ ഭൂരിപക്ഷത്തെ ഞങ്ങൾ അംഗീകരിക്കുന്നി**ല്ല എന്നു ഞങ്ങൾ അവരോടു് തുറന്നുപറയുന്നു. നിങ്ങൾ ആശ്രയിക്കുന്ന ഭൂരിപക്ഷം കൃത്രിമമാണ്. യഥാർത്ഥ ഭൂരിപക്ഷം നിങ്ങളുടെ ഭാഗത്തല്ല. ജനങ്ങളുടെ മൗലികതാല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന **മാർക്സിസ്റ്റ്-ലെനിനിസ്റ്റ്കളും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിപ്ലവപാർട്ടികളുമാണ്** യഥാർത്ഥ ഭൂരിപക്ഷം: അല്ലാതെ ആ താല്പര്യങ്ങളെ വഞ്ചിച്ചു ഒരുപിടി തിരുത്തിയെഴുതൽവാദികളല്ല.

അമേരിക്ക, ബ്രസീൽ, ഇററലി, ബെൽജിയം, ആസ്ട്രേലിയ, **ഇൻഡ്യ** എന്നിവിടങ്ങളിലെ കമ്യൂണിസ്റ്റ്പാർട്ടികളെ എതിർക്കുന്ന പാർട്ടിവിരുദ്ധഗ്രൂപ്പുകളേയും അവയിൽനിന്നു ചാടിപ്പോകുന്നവരേയും സി. പി. സി. നേതൃത്വം സഹായിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നുവെന്ന അപവാദപരമായ കുററാരോപണം സി. പി. എസ്സ്. യു. നടത്തുന്നുണ്ട്.

എന്താണു വസ്തുതകൾ? സൂക്ഷ്മാർത്ഥത്തിൽ ഈ പാർട്ടികളിലെ സമരങ്ങൾ **മാർക്സിസ്റ്റ്-ലെനിനിസ്റ്റ്പാത പിന്തുടരേണമോ**, തിരുത്തിയെഴുതലിന്റെ പാത പിന്തുടരണമോ, എന്നതിനെച്ചുററിപ്പററിയാണു നടക്കുന്നതു്; കമ്യൂണിസ്റ്റ് പാർട്ടി തൊഴിലാളിവർഗ്ഗത്തിന്റെ യഥാർത്ഥമുന്നണിപ്പടയാളിയും യഥാർത്ഥ തൊഴിലാളിവർഗ്ഗവിപ്ലവപ്പാർട്ടിയും ആകണമോ അതോ **അതിനെ ബൂർഷ്വാ**

**സിയുടെ പാദസേവകനും** സോഷ്യൽ ഡെമോക്രാററിക് പാർട്ടികളുടെ വകഭേദവുമാക്കി മാററണമോ എന്നതിനെപ്പററിയാണ്.

അമേരിക്ക, ബ്രസീൽ, ഇററലി, ബൽജിയം, ആസ്ട്രേലിയ, ഇൻഡ്യ എന്നീ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ്പാർട്ടികൾക്കുള്ളിൽ നടക്കുന്ന സമരങ്ങളുടെ വികൃതമായ ഒരു ചിത്രമാണ് സോവ്യററ്കമ്യൂണിസ്റ്റ്പാർട്ടി നേതാക്കന്മാർ അവതരിപ്പിക്കുന്നതു്. **സ്വന്തം പാർട്ടിയിലെ റിവിഷനിസ്ററ്ഗ്രൂപ്പുകൾ ആക്രമിക്കുകയും പുറന്തള്ളുകയും ചെയ്ത മാർക്സിസ്ററ്-ലെനിനിസ്ററുകളെ** അവർ (സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ) ഏററവും വൃത്തികെട്ട ഭാഷയിൽ അവലപിക്കുന്നു.

**തിരുത്തിയെഴുതൽവാദികളെ എതിർക്കുന്ന കമ്മ്യൂണിസ്ററുകൾക്ക് ഒരു മാർക്സിസ്ററ്-ലെനിനിസ്ററ് പാർട്ടി, പ്രായോഗികനടപടിയെന്നനിലയിൽ ഉറച്ച പിന്തുണ നൽകേണ്ടതാണ്.**

ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി അതിന്റെ എതിർപ്പ് ഒരിക്കലും മറച്ചുവെച്ചിട്ടില്ല മാർക്സിസം-ലെനിനിസത്തോടു കൂറുപുലർത്തുന്ന **വിപ്ലവകാരികളായ സഖാക്കളെ** ഞങ്ങൾ സഹായിക്കുന്നുണ്ട്, സാർവ്വദേശീയകമ്യൂണിസ്റ്റ്പ്രസ്ഥാനത്തിൽ ഞങ്ങൾക്കു തിരുത്തിയെഴുതൽവാദികളുമായി സമ്പർക്കമുണ്ട്. **എങ്കിലെന്തുകൊണ്ടു മാർക്സിസ്റ്റ്-ലെനിനിസ്റ്റ്കളുമായി ഞങ്ങൾക്കതു പാടില്ല? മററുരാജ്യങ്ങളിലെമാർക്സിസ്റ്റ്-ലെനിനിസ്റ്റ്കൾക്കു ഞങ്ങൾ നൽകുന്ന പിന്തുണയെ സോവിയററ് കമ്യൂണിസ്ററുപാർട്ടിനേതാക്കൾ ശിഥിലീകരണപ്രവർത്തനമായിട്ടാണ് വ്യാഖ്യാനിക്കുന്നതു്. ഞങ്ങളുടെ അഭിപ്രായത്തിൽ അതു് ഞങ്ങൾ നടപ്പിലാക്കേണ്ട തൊഴിലാളിവർഗ്ഗപരമായ ഒരുദേശാന്തരീയകടമമാത്രമാണ്"** (വലിയക്ഷരം പ്രത്യേകം ശ്രദ്ധിക്കുക!)

സംഘടനാപരമായ വിഭാഗീയതയെ സംബന്ധിച്ച ഈ ഉദ്ബോധനം വ്യക്തവും സംശയാതീതവുമാണ്. ഇതൊരു വിപ്ളവകരമായ കടമയായി കൊട്ടിഘോഷിക്കപ്പെടുന്ന, പശ്ചാത്താപത്തിന്റെ പ്രശ്നമേ അവർക്കില്ല.

സ്വന്തം ആരോപണങ്ങൾ മുഴുവനും, അവർതന്നെ സ്വയം "പിളർപ്പൻനടപടി" എന്നു വിശേഷിപ്പിച്ചിട്ടുള്ളതിനു വേണ്ടിയുള്ള ആഹ്വാനവും പിൻവലിക്കാൻ തയാറായില്ലെങ്കിൽ ചൈനീസ്കമ്യൂണിസ്റ്റ്പാർട്ടിയും, ആ പാർട്ടിയുടെ ആക്രമണത്തിനു വിധേയമായിട്ടുള്ള മററു പാർട്ടികളുംതമ്മിൽ യോജിക്കുവാനുള്ള ഒരു മണ്ഡലവുമില്ലെന്നതു വ്യക്തമാണ്,

മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരുടെ കാലംമുതൽക്കു്, അവസരവാദത്തിനും തിരുത്തിയെഴുതൽവാദത്തിനും എതിരായി കമ്യൂണിസ്റ്റുകാർ നടത്തിയിട്ടുള്ള സമരത്തിന്റെ ചരിത്രം 1964 ഫെബ്രുവരി

നാലാംതീയിലെ **ഹോംക്വി** മുഖപ്രസംഗം ചികഞ്ഞെടുക്കുന്നുണ്ട്: **ഹോംക്വി** അവതരിപ്പിക്കുന്ന ചിത്രത്തിന്റെ കണിശമായ വസ്തുസ്ഥിതിയിലേക്കു കടക്കാതെതന്നെ അവർ ചെന്നെത്തിയിട്ടുള്ള നിഗമനങ്ങൾ അടിസ്ഥാനരഹിതമായിത്തന്നെ അവശേഷിക്കുന്നു എന്നു കാണാൻകഴിയും. അവരുടെ നിഗമനം ഇതാണ്:'' **എല്ലാ കാലഘട്ടത്തിലും** ഐക്യത്തിന്റെ സംരക്ഷകന്മാരും പിളർപ്പിന്റെ സ്രഷ്ടാക്കളും തമ്മിൽ നടന്നിട്ടുള്ള സമരം സൂക്ഷ്മാംശത്തിൽ **മാർക്സിസം ലെനിനിസം ഒരു ഭാഗത്തും അവസരവാദവും തിരുത്തിയെഴുത്തുവാദവും മറുഭാഗത്തു**മായി നടന്നിട്ടുള്ള സമരമാണ്.

എന്തു ദുഷ്ക്കരമായ ഭാവനയിലൂടെയാണ് **ഹോംക്വി** ഈ നിഗമനത്തിലെത്തുന്നത്?

അത്തരമൊരു നിഗമനം ശരിയായിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് 1918 ആദ്യത്തിൽ ബ്രെസ്റ്റ്ലിത്തോവ്സ്ക് സഖ്യത്തിന്റെ കാലഘട്ടത്തിൽതന്നെ ട്രോട്സ്കിയസ്റ്റ്കളായ വിഭാഗീയവാദികളുടെയും പിളർപ്പന്മാരുടെയും, പെററിബൂർഷ്വാവിപ്ളവബോധത്തേയും സാഹസികത്വത്തേയും ലെനിൻ നിഷ്ക്കരുണം തുറന്നുകാട്ടിയതു്? എന്തിനദ്ദേഹം 1920 ൽ ''ഇടതുപക്ഷകമ്യൂണിസം—ഒരു ബാലാരിഷ്ടം'' എന്ന പ്രസിദ്ധമായ തന്റെ ഗ്രന്ഥമെഴുതി? എന്തുകൊണ്ട് ലെനിന്റെ മരണശേഷം സോവിയററുകമ്യൂണിസ്റ്റ്പാർട്ടിക്കും കമ്യൂണിസ്റ്റ്ഇൻറർനാഷണലിനും ട്രോട്സ്കിയിസ്റ്റ്കളുടെ ഇടതുപക്ഷ-വിഭാഗീയവാദങ്ങൾക്കെതിരായി നിരന്തരസമരം നടത്തേണ്ടിവന്നു? എന്തുകൊണ്ട് 1935-ലെ കമ്യൂണിസ്ററ് ഇൻറർനാഷണലിന്റെ ഏഴാംകോൺഗ്രസ്സിൽ സ: ദിമിത്രോവിനു തന്റെ വിമർശനം 'സെക്ടേറിയൻസിദ്ധാന്തവാദികളുടെ നേരേ കേന്ദ്രീകരിക്കേണ്ടിവന്നു?

മാർക്സിസം-ലെനിനിസത്തിന്റെ ചരിത്രത്തിൽ **എല്ലാ കാലഘട്ടത്തിലും** വിഭാഗീയതയുടേയും പിളർപ്പിന്റെയും ഭീഷണി തിരുത്തിയെഴുത്തൽവാദികളിൽനിന്നാണുണ്ടായിട്ടുള്ളതെന്നു അവകാശവാദംതന്നെ ചരിത്രത്തെപ്പററിയുള്ള അത്ഭുതകരമായ ഒരന്ധതയാണ്.

കൂടാതെ 81 പാർട്ടികളുടെ പ്രസ്താവനതന്നെ ഇപ്രകാരംപറയുന്നുണ്ട്,

''അപ്പോഴപ്പോൾ നിർഭയം എതിർക്കപ്പെട്ടില്ലെങ്കിൽ, പ്രത്യേക പാർട്ടികളുടെ വികാസത്തിന്റെ ചില ഘട്ടത്തിൽ, സിദ്ധാന്തത്തിലും പ്രയോഗത്തിലും വരട്ടുതത്വവാദവും വിഭാഗീയചിന്താഗതിയും മുഖ്യവിപത്തായിത്തീർന്നേക്കാം. ശാസ്ത്രീയമായ അപഗ്രഥനത്തിലൂടെ മാർക്സിസം-ലെനിനിസത്തെ വികസിപ്പിക്കുവാനും പ്രത്യേക സാഹചര്യങ്ങൾക്കനുയോജ്യമായ രീതിയിൽ അവയെ സൃഷ്ട്യുന്മുഖമായി പ്രയോഗിക്കാനുമുള്ള കഴിവ് വിപ്ളവപാർട്ടികൾക്കില്ലാതാക്കുകയാണവ ചെയ്യുന്നതു്. അദ്ധ്വാനിക്കുന്ന വിപുല ജനവിഭാഗങ്ങളിൽനിന്നു അവ കമ്യൂണിസ്റ്റ്പാർട്ടികളെ ഒററപ്പെടുത്തുന്നു. നിഷ്ക്രിയമായ പ്രതീക്ഷയിലോ വിപ്ളവസമരത്തിലെ ഇടതുപക്ഷ സാഹസികപ്രവർത്തനങ്ങൾ നടത്തുന്നതിലോ അവരെ കുടുക്കിയിടുന്നു; സാമ്രാജ്യത്വത്തിനും പിന്തിരപ്പത്തത്തിനും യുദ്ധവിപത്തിനുമെതിരായ സമരത്തിൽ, എല്ലാ ജനാധിപത്യശക്തികൾക്കും തൊഴിലാളിവർഗ്ഗത്തിനും വിജയം നേടുന്നതിനുള്ള എല്ലാ അവസരങ്ങളും ഉപയോഗിക്കുന്നതിൽനിന്ന് പുതിയ അനുഭവവും മാറുന്ന സാഹചര്യവും തക്കസമയത്തു ശരിയായി

വിലയിരുത്തുന്നതിൽനിന്നു് പാർട്ടികളെ തടയുന്നു. അങ്ങിനെ തങ്ങളുടെ നീതിപൂർവ്വകമായ സമരത്തിൽ വിജയംനേടുന്നതിൽനിന്നു് അവ ജനങ്ങളെ തടയുന്നു.''

മോസ്കോപ്രസ്താവനയിലുള്ള ഈ ഭാഗത്തെ ചൈനീസ്നേതാക്കൾ ഒരിക്കൽപോലും പരാമർശിക്കുന്നതേയില്ല.

**ഹോങ്കി** ഉദ്ധരിച്ചിട്ടുള്ള എംഗൽസിന്റെ പ്രസ്താവനകളിലൊന്നിൽതന്നെ (ഫെബ്രുവരി 4-1964) താഴെക്കാണുംപ്രകാരം പറഞ്ഞിരിക്കുന്നു.

''തൊഴിലാളിവർഗ്ഗപ്രസ്ഥാനം അവശ്യമായും വികാസത്തിന്റെ വിഭിന്നപതനങ്ങളെ കടന്നുപോകുന്നു. ഓരോ പതനത്തിലും ജനതയിലൊരുഭാഗം **നിന്നേടത്തുതന്നെ നിൽക്കുകയും** ഭാവിയിലെ മുന്നേററത്തിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നു.''

**ഹോങ്കി**യുടെ പത്രാധിപന്മാർ എംഗൽസിന്റെ ഈ മുന്നറിയിപ്പ് ഉദ്ധരിക്കുന്നുണ്ടെങ്കിലും സ്വാഭാവികമായും അവരതിനെപ്പററി ഗൗരവപൂർവ്വം ചിന്തിക്കുന്നില്ല.

''തൊഴിലാളിവർഗ്ഗവിപ്ളവത്തിന്റെ സർവ്വലൗകികനിയമം ബലപ്രയോഗത്തിലധിഷ്ഠിതമായ വിപ്ളവമാണ്'' എന്നു **ഹോങ്കി**യുടെയും പീപ്പിൾസ്ഡയിലിയുടെയും എട്ടാമത്തെ മുഖപ്രസംഗം പ്രഖ്യാപിക്കുന്നുണ്ട്. ''വിപ്ളവകരമായ സായുധസമരത്തെപ്പററി ഊന്നിപ്പറയുന്നതു് തൊഴിലാളിവർഗ്ഗവിപ്ളവത്തിനുമാത്രമല്ല, അടിച്ചമർത്തപ്പെട്ട രാജ്യങ്ങളുടെ ദേശീയജനാധിപത്യവിപ്ളവത്തിനും പ്രാഥമികപ്രാധാന്യമുള്ള കാര്യമാണ്'' എന്നു് അവ പ്രഖ്യാപിക്കുന്നു.

''ഒരു ബൂർഷ്വാസ്റ്റേററിനെ, തൊഴിലാളിവർഗ്ഗസ്റ്റേററു പിന്നിടുന്നതു് **ഒരു പൊതുനിയമമെന്നനിലയിൽ** ബലപ്രയോഗമാവശ്യമായ വിപ്ലവത്തിലൂടെയാണ്''—എന്നത്രേ ഇതേ ലേഖനത്തിൽത്തന്നെ ഉദ്ധരിച്ചിട്ടുള്ള ലെനിന്റെ ഒരു പരാമർശം വ്യക്തമാക്കുന്നതു്. ഒരു പൊതുനിയമത്തെ ഒരു സാർവ്വലൗകിക നിയമമാക്കി മാററാൻ **ഹോങ്കിക്കും പീപ്പിൾസ്ഡയിലിക്കും** യാതൊരു മനഃസാക്ഷിക്കുത്തുമില്ല.

ഇനിയുമുണ്ട്: ഈ പ്രശ്നത്തെപ്പററിയുള്ള 81 പാർട്ടികളുടെ പ്രസ്താവനയിലെ ''നിഗമനം ഭേദഗതിചെയ്യണ''മെന്നു് ഇതേ ലേഖനം പരസ്യമായി ആഹ്വാനംചെയ്യുന്നു.

ഇതോടൊപ്പംതന്നെ 81 പാർട്ടികളുടെ പ്രസ്താവനയെ പിന്താങ്ങുന്നവരെ അതു് തിരുത്തിയെഴുത്തൽവാദികളായ പിളർപ്പന്മാരെന്നു വിളിക്കുകയും ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തെ പിളർക്കുന്നതിനുവേണ്ടിയുള്ള സ്വന്തം ആഹ്വാനത്തെ. ലനിൻ രണ്ടാം ഇൻറർനാഷണലിൽനിന്നും വിട്ടുപോയി കമ്മ്യൂണിസ്റ്റ് ഇൻറർനാഷണൽ സ്ഥാപിച്ചതു ചൂണ്ടിക്കാണിച്ചുകൊണ്ടു്, ന്യായീകരിക്കുകയും ചെയ്യുന്നു. ചരിത്രത്തെ ഇതിൽക്കൂടുതൽ ദുർവ്യാഖ്യാനംചെയ്യാനും വളച്ചൊടിക്കാനും കഴിയുമോ?

ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ശിഥിലീകരണാഹ്വാനവും നടപടികളും സഹോദരപ്പാർട്ടികൾക്കെതിരെ മാത്രമല്ല ഉള്ളതു്. ലോകതൊഴിലാളിഫെഡറേഷൻ, ലോകസമാധാനപ്രസ്ഥാനം, ആഫ്രോ-ഏഷ്യൻ സോളിഡാരിററി കാൺഫറൻസ്, ലോകജനാധിപത്യ യുവജനഫെഡറേ

ഷൻ, ദി വിമൻസ് ഇൻറർനാഷണൽ ഡെമോക്രാററിക് ഫെഡറേഷൻ തുടങ്ങിയ ലോകജനാധിപത്യസംഘടനകളിലേയ്ക്കും അവ വ്യാപിപ്പിക്കപ്പെട്ടിരിക്കുന്നു.

ചൈനീസ് നേതൃത്വത്തിൻെറ അസഹനീയമായ വരട്ടുതത്വവാദം നടപ്പിലാക്കുന്ന, സാഹസികവും, സങ്കുചിത ദേശീയവാദപരവും അവസരവാദപരവുമായ നയങ്ങൾ ഇതിനേക്കാൾ അപകടകരമാണ്. കാരണം അവ, യുദ്ധം, സമാധാനം (കരീബിയൻപ്രതിസന്ധിയും ഭാഗികമായ അണുവായുധനിരോധനക്കരാറും) തുടങ്ങിയ സുപ്രധാനലോകപ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്; സോഷ്യലിസ്റ്റ് ക്യാമ്പിൻെറ ഐക്യവുമായി ബന്ധപ്പെട്ടതാണ്. (സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള സാമ്പത്തിക-വാണിജ്യബന്ധങ്ങൾ സ്വാശ്രയത്വത്തിൻെറ പേരിൽ അവസാനിപ്പിച്ചതും അതേസമയംതന്നെ വ്യാവസായിക-സാങ്കേതികസഹായങ്ങൾക്കു വേണ്ട സാമ്രാജ്യത്വരാജ്യങ്ങളുമായി ബന്ധംസ്ഥാപിച്ചതും); സമാധാനപരമായ സഹവർത്തിത്വം എന്ന സിദ്ധാന്തവുമായും സമാധാനക്യാമ്പിൻെറ ഐക്യമായും ആഫ്രോ–ഏഷ്യൻ ഐക്യവുമായും ബന്ധപ്പെട്ടതാണ് (ഇന്ത്യക്കെതിരായ ആക്രമണം, കാശ്മീരിൽ ഹിതപരിശോധന വേണമെന്ന പാകിസ്ഥാൻെറ അവകാശവാദത്തിനു നൽകിയ അവസരവാദപരമായ പിന്തുണ, സീയാറേറായിലെ പാകിസ്ഥാൻെറ അംഗത്വത്തെ ന്യായീകരിച്ചതു്) വ്യവസായികമേഖലയിൽപോലും ഇന്ത്യക്കു സോവിയററുയൂണിയൻ സഹായധനം നൽകുന്നതിനെ ചൈനീസ് നേതാക്കൾ ശക്തിയായി പ്രതിഷേധിക്കുന്നു:—

“സോവിയററുസഹായധനം വർദ്ധിക്കുന്നതോടൊപ്പം ഇന്ത്യയിലെ പ്രതിലോമശക്തികൾ ഇന്ത്യൻജനതയെ ചൂഷണംചെയ്യുന്നതിലും അടിച്ചമർത്തുന്നതിലും കൂടുതൽ ഉന്മത്തരായിത്തീർന്നിരിക്കുന്നു” (പീപ്പിൾസ്ഡയിലി നവമ്പർ 2 1963 പേജ് 27)

തർക്കത്തിൻെറ കേന്ദ്രബിന്ദുവെന്താണെന്നു് ആദ്യമേതന്നെ സൂചിപ്പിക്കാം. രണ്ടാം ലോകമഹായുദ്ധത്തിൽ ഫാസിസ്റ്റ് ശക്തികൾക്കേർപ്പെട്ട പരാജയവും ലോകസോഷ്യലിസ്റ്റ് സമ്പ്രദായത്തിൻെറ രൂപീകരണവും മുതലാളിത്തത്തിൻെറ പൊതുകുഴപ്പത്തെ കുറേക്കൂടി ആഴമുള്ളതാക്കുന്നതിനിടയാക്കി. കുറേക്കൂടി വ്യക്തമായിപ്പറഞ്ഞാൽ അതു സാമ്രാജ്യത്വത്തിൻെറ എല്ലാ വൈരുദ്ധ്യങ്ങളേയും തീവ്രമാക്കുന്നതിനു വഴിതെളിച്ചു. (സാമ്രാജ്യത്വവും സോഷ്യലിസവും തമ്മിൽ, സാമ്രാജ്യത്വവും കോളണികളിലെ വിമോചനപ്രസ്ഥാനവും തമ്മിൽ, സാമ്രാജ്യത്വശക്തികൾക്കു പരസ്പരമുള്ള വൈരുദ്ധ്യങ്ങൾ തമ്മിൽ, ഓരോ സാമ്രാജ്യത്വരാഷ്ട്രത്തിലേയും വിവിധ ബൂഷ്വാവിഭാഗങ്ങൾ തമ്മിൽ എന്നിങ്ങനെ.) മറുഭാഗത്തു സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും കോളണികളിലെ വിമോചനപ്രസ്ഥാനത്തിൻേറയും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻേറയും ശക്തി വളരെയധികം വർദ്ധിച്ചു.

ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ സമരത്തിൻേറയും തന്ത്രത്തിൻേറയും നിലപാടിൽ നിന്നുകൊണ്ടു പരിശോധിക്കുമ്പോൾ, ഈ വികാസത്തിൽനിന്നും ജനിക്കുന്ന പുതിയ അവസരങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണ്?

രണ്ടാം ലോകായുദ്ധത്തിനു മുൻപുണ്ടായിരുന്ന കാലഘട്ടത്തേക്കാൾ ഏറെക്കൂടുതലായി, സാമ്രാജ്യത്വത്തിൻേറയും പിന്തിരിപ്പത്തത്തിൻേറയും ശക്തികളെ, മുതലാളിത്തസമ്പ്രദായത്തെ മൊത്തത്തിൽത്തന്നെ വിഭജിക്കുവാൻ സമാധാനത്തിൻേറയും ജനാധിപത്യത്തിൻേറയും ദേശീയസ്വാതന്ത്ര്യ

ത്തിൻെറയും സോഷ്യലിസത്തിൻെറയും ഏററവും വലിയ പോരാളിയായ തൊഴിലാളിവർഗ്ഗം കഴിവുള്ളതായിത്തീർന്നിരിക്കുന്ന എന്നതാണ് മർമ്മപ്രധാനമായ അനുകൂലസാഹചര്യം. ക്രിയാത്മകമായിപ്പറഞ്ഞാൽ സമാധാനം. ജനാധിപത്യം. ദേശീയസ്വാതന്ത്ര്യം, സോഷ്യലിസം എന്നീ പ്രധാനപ്പെട്ട നാലുലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ തൊഴിലാളിവർഗ്ഗത്തിനു മുമ്പുസമ്പാദിക്കാൻകഴിഞ്ഞിരുന്നതിനേക്കാൾ കൂടുതൽ സഖ്യശക്തികളെ ഇപ്പോൾ നേടാൻ കഴിയുമെന്നായിരിക്കുന്നു. ഇതേകാരണംകൊണ്ടുതന്നെ, മുമ്പുണ്ടായിരുന്നതിനേക്കാൾ ഏററവും കുറച്ചു ബലപ്രയോഗവും രക്തച്ചൊരിച്ചിലുംകൊണ്ടു് ഈ ലക്ഷ്യങ്ങൾ നേടാനുള്ള സാദ്ധ്യതയും വർദ്ധിച്ചിട്ടുണ്ടു്.

ഇതാണു ചൈനീസ്നേതാക്കൾ കാണാൻ കൂട്ടാക്കാത്ത മുഴുവൻതർക്കത്തിൻെറയും കേന്ദ്രബിന്ദു. സമാധാനപ്രസ്ഥാനം, ദേശ്യയവിമോചനപ്രസ്ഥാനം, ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള സമരം എന്നിവയുടെയെല്ലാം സമരതന്ത്രത്തോടും അടവിനോടും സാർവ്വദേശീയകമ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ പൊതുനയത്തോടും സ്വാഭാവികമായും ചൈനീസ്നേതൃത്വം വിയോജിപ്പുപ്രകടിപ്പിക്കുന്നു. അവരുടെ വിയോജിപ്പ് അന്താരാഷ്ട്രപ്രശ്നങ്ങളുടേയും നയങ്ങളുടേയും മേഖലയിൽമാത്രമല്ല, ഓരോ പ്രത്യേകരാജ്യത്തിനുള്ളിലും അനുവർത്തിക്കേണ്ട പ്രധാന കടമ ദേശീയസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള സമരമോ അതോ സോഷ്യലിസത്തിനുവേണ്ടിയുള്ള സമരമോ എന്നുള്ളിടത്തും പൊന്തിവരുന്നുണ്ടു്. ഇങ്ങിനെ നോക്കിയാൽ ഈ കാലഘട്ടത്തിലെ എല്ലാ പ്രധാനപ്പെട്ട അന്താരാഷ്ട്രപ്രശ്നങ്ങളും ദേശീയപ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതിനുള്ള സമരതന്ത്രത്തേയും അടവിനേയും സംബന്ധിച്ച് പരസ്പരവിരുദ്ധമായ രണ്ടു പരിപാടിയാണു നമ്മുടെ മുമ്പിലുള്ളതു്.

അതിനാൽ. ചൈനീസ്നേതൃത്വത്തിൻെറ അഭിപ്രായങ്ങളും നയങ്ങളും സാർവ്വദേശീയകമ്യൂണിസ്റ്റ്പ്രസ്ഥാനത്തിനുമാത്രം എതിരായ ഒരു ഭീഷണിയല്ല. ലോകമെങ്ങും, സമാധാനത്തേയും ദേശീയസ്വാതന്ത്ര്യത്തേയും ജനാധിപത്യത്തേയും സോഷ്യലിസത്തേയും സ്നേഹിക്കുന്നവർക്കു് അവ ഏററവും ഗുരുതരമായ ഉൽക്കണ്ഠയ്ക്കു കാരണമാകുന്നു. അവ ഇന്ത്യൻജനതയുടെ താല്പര്യങ്ങളെ നേരിട്ടുബാധിക്കുന്നു. അവ കമ്യൂണിസ്റ്റ്കുടുംബത്തിലെ കലഹങ്ങളെന്നോ പരിശുദ്ധമായ താത്വികതർക്കങ്ങളുടെ മറവിൽ കമ്യൂണിസ്റ്റ്ലോകത്തിലെ രണ്ടു ഭീമന്മാരായ സോവിയററ്യൂണിയനും ചൈനയും തമ്മിൽ, താന്താങ്ങളുടെ ദേശീയതാല്പര്യങ്ങളാൽ പ്രചോദിതരായി നടത്തുന്ന താല്പര്യസംഘട്ടനങ്ങളെന്നോ, പറഞ്ഞ് ഒററ ഇന്ത്യാക്കാരനും അവയോടു നിസ്സംഗഭാവം പുലർത്താൻ കഴിയുകയില്ല.

ഇന്ത്യൽകമ്യൂണിസ്റ്റ്പാർട്ടിയുടെ ദേശീയകൗൺസിൽ എല്ലാ പ്രശ്നങ്ങളും വിഷയങ്ങളും അവതരിപ്പിക്കുന്നതും വ്യക്തമാക്കാൻ ശ്രമിക്കുന്നതും ഈയൊരു ചിന്താഗതിയുടെ അടിസ്ഥാനത്തിലത്രേ.

# II

# യോജിച്ചെടുത്ത നിലപാടുകളിൽ നിന്നു ആരാണു മാറിപ്പോയതു്?

1960 ഏപ്രിൽമാസത്തിൽ സി. പി. സി. പ്രസിദ്ധീകരിച്ച "ലെനിനിസം നീണാൾ വാഴട്ടെ" എന്ന ലഘുലേഖയിലൂടെയാണു് സി. പി. സി.യും ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും തമ്മിലുള്ള അഭിപ്രായവ്യത്യാസം ആദ്യമായി പരസ്യമാക്കപ്പെട്ടതു്.

അന്നേരംമുതൽ അഭിപ്രായവ്യത്യാസത്തിന്റെ മേഖല സിദ്ധാന്തത്തിന്റെ മണ്ഡലത്തിൽനിന്നും, പ്രവൃത്തിയുടേയും, ഒരു ബദൽപരിപാടിയുടേയും, ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ സമരതന്ത്രത്തിന്റേയും അടവിന്റേയും, സഹോദരപാർട്ടികൾ തങ്ങളിലുള്ള ബന്ധങ്ങളുടേയും ലോകജനാധിപത്യസംഘടനകളുടെ പ്രവർത്തനങ്ങളുടേയും രാഷ്ട്രങ്ങൾ തമ്മിലുള്ള യഥാർത്ഥ ബന്ധങ്ങളുടേയും നയങ്ങളുടേയുംമണ്ഡലങ്ങളിലേക്കുതന്നെയും വികസിപ്പിക്കുന്നതിൽ സി. പി. സി. നേതൃത്വം നിരന്തരം ഏർപ്പെട്ടിരുന്നു.

തീർച്ചയായും സി. പി. സി. നേതാക്കൾ ഇതു നിഷേധിക്കുന്നുണ്ടു്, ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനം യോജിച്ചുണ്ടാക്കിയ രേഖകളെ ആത്മാർത്ഥമായും വിശ്വസ്തതയോടും പ്രചരിപ്പിക്കുന്നവർ തങ്ങളാണെന്നും മററുള്ളവർ അവയെ ഉപേക്ഷിച്ചിരിക്കുന്നുവെന്നും അവർ ശക്തിയായി അവകാശപ്പെടുന്നു. ഭൂരിപക്ഷം സഹോദരപ്പാർട്ടികളും വഴിതെററി താഴെ വീണപ്പോൾ അവർ വഴിതെററാതെ പോകുന്നു.

അതിനാൽ പ്രാരംഭത്തിൽതന്നെ, 1960 ഡിസംബർമാസത്തിൽ 81 കമ്യൂണിസ്റ്റ്പാർട്ടികളുടെ കാൺഫറൻസ് ഏകകണ്ഠമായി അംഗീകരിച്ച മോസ്കോപ്രസ്താവനയുടെ നിലപാടുകളെ ചൈനീസ്കമ്യൂണിസ്റ്റ്പാർട്ടിയുടെ ആധികാരികപ്രഖ്യാപനങ്ങളും പ്രസ്താവനകളുമായി താരതമ്യപ്പെടുത്തേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു. അതിനു് അനേകം ഉദ്ധരണികളിലൂടെ മുഷിഞ്ഞലയേണ്ടതുണ്ടു്: എന്നാലതു് ഒഴിച്ചുകൂടാൻ വയ്യാത്തതായിത്തീർന്നിരിക്കുന്നു. സുപ്രധാനവിഷയങ്ങളെ സംബന്ധിച്ച പരാമർശനങ്ങളിൽ മാത്രം ഒതുക്കിനിൽക്കാൻ നമുക്കു ശ്രമിക്കാം.

തുടർന്നുവരുന്ന ഭാഗങ്ങളിൽ നമുക്കു്, തങ്ങളുടെ തെററായ നിലപാടുകളിൽനിന്നും ഉണ്ടായിട്ടുള്ള, ചൈനീസ് നേതൃത്വത്തിന്റെ, യഥാർത്ഥനയങ്ങളും നടപടികളുമെന്താണെന്നു പരിശോധിക്കാം:

## (എ) സി. പി. എസ്. യു. വിന്റെ 20-ാംപാർട്ടി കാൺഗ്രസ്സും മോസ്കോസമ്മേളനങ്ങളും

സി. പി. എസ്. യു. വിന്റെ 20-ാംപാർട്ടി കാൺഗ്രസ്സും 1957 ലെ 12 പാർട്ടികളുടെ പ്രഖ്യാപനവും 1960ലെ 81 പാർട്ടികളുടെ പ്രസ്താവനയും ഒരു തുടർച്ചയായ പ്രക്രിയയാണെന്നു് ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനം വ്യക്തമായ വിധിയെഴുതിയിട്ടുണ്ടു്, ലോകശക്തികളുടെ പുതിയ സന്തുലനം, സാമ്രാജ്യത്വപ്ര

തിസന്ധിയുടെ പുതിയഘട്ടം ഒരു ലോകയുദ്ധത്തെ തടയാനും വളർച്ചയെത്തിയ ചില മുതലാളിത്തരാജ്യങ്ങളിൽ സമാധാനപരമായി സോഷ്യലിസ്റ്റ് പരിവർത്തനം വരുത്താനുമുള്ള പുതിയ സാദ്ധ്യതകളും അവസരങ്ങളും, കോളോണിയൽവ്യവസ്ഥയിലെ പുതിയ പ്രതിസന്ധിയും ദേശീയവിമോചനപ്രസ്ഥാനങ്ങളുടെ മുന്നേററവും, സോഷ്യലിസ്റ്റ് രാജ്യങ്ങളും ചേരിചേരാനയം പിന്തുടരുന്ന പുതുതായി സ്വാതന്ത്ര്യംകിട്ടിയ നാടുകളും ചേർന്നുള്ള ഒരു സമാധാനക്യാമ്പിന്റെ ആവർഭാവം, വ്യക്തിപ്രഭാവസിദ്ധാന്തത്തിന്റെ ദൂഷ്യഫലങ്ങളും അവയെ ചെറുത്തുനിൽക്കേണ്ടതിന്റെ ആവശ്യകതയും തുടങ്ങി രണ്ടാംലോകമഹായുദ്ധത്തിൽ ഫാസിസ്റ്റ്ശക്തികൾക്കേററ പരാജയത്തെത്തുടർന്നുണ്ടായ പുതിയ കാലഘട്ടത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചു ഒരു രൂപരേഖ, സി. പി, എസ്, യു. വിന്റെ ഇരുപതാംപാർട്ടികോൺഗ്രസ് നമുക്കു നൽകുകയുണ്ടായി.

ഇരുപതാംപാർട്ടികോൺഗ്രസ്സിന്റെ സിദ്ധാന്തങ്ങളെ വിപുലവും സമ്പന്നവുമാക്കിയ, അതേ അവസരത്തിൽതന്നെ. 20-ാംപാർട്ടികോൺഗ്രസ്സിന്റെ നേട്ടങ്ങൾക്ക്, സി. പി. എസ്. യുവിനേയും സോവ്യററ്യൂനിയനേയും മാത്രമല്ല, ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയേയും കമ്യൂണിസ്റ്റ്പ്രസ്ഥാനത്തേയും, മോസ്കോപ്രഖ്യാപനവും മോസ്കോപ്രസ്താവനയും, അഭിവാദനം ചെയ്യും.

81 പാർട്ടികളുടെ പ്രസ്താവനയനുസരിച്ച്, ഇരുപതാം പാർട്ടികോൺഗ്രസ്സിന്റെ ചരിത്രപ്രധാനങ്ങളായ തീരുമാനങ്ങൾ, സി. പി. എസ്. യുവിനേയും സോവിയററ്യൂണിയനിലെ കമ്മ്യൂണിസ്റ്റ് നിർമ്മാണത്തേയും സംബന്ധിച്ചു മഹത്തായ പ്രാധാന്യം ഉള്ളവയാണെന്നു മാത്രമല്ല. ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൽ ഒരു പുതിയ ഘട്ടത്തിന്റെ പ്രാരംഭം കുറിക്കുകയും, മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനത്തിലുള്ള അതിന്റെ വികാസത്തെ സഹായിക്കുകയും ചെയ്തു.'' (പേജ് 46)

വർഷങ്ങൾക്കു മുമ്പ് 1956 ഏപ്രിൽമാസത്തിൽ പാലക്കാട്ടുചേർന്ന നമ്മുടെ പാർട്ടിയുടെ നാലാംകോൺഗ്രസ്സ് സി. പി. എസ്. യു വിന്റെ ഇരുപതാം പാർട്ടികോൺഗ്രസ്സിനെ 'ഏററവും പ്രധാനപ്പെട്ട ഒരു സംഭവം' എന്നു വിശേഷിപ്പിച്ച് അഭിവാദനംചെയ്യുകയുണ്ടായി. ''അതിന്റെ തീരുമാനങ്ങൾ പാർട്ടി ജനറൽ സെക്രട്ടറി സ. അജയഘോഷിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഗൗരവമായി പഠിക്കാൻ" ആ സമ്മേളനം പാർട്ടിഅംഗങ്ങളെ ആഹ്വാനംചെയ്തു.

1961 ജനുവരി ഒന്നാംതീയതി ബോംബെയിൽ ചേർന്ന നമ്മുടെ നാഷണൽ കൗൺസിൽ മോസ്കോപ്രസ്താവനയെ ''ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ചരിത്രപ്രാധാന്യമുള്ള പരിപാടികളുൾക്കൊള്ളുന്ന രേഖ'' യാണെന്നു വിശേഷിപ്പിക്കുകയും മോസ്കോകാൺഫറൻസിൽ പങ്കെടുത്ത പാർട്ടി പ്രതിനിധിസംഘത്തിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. മോസ്കോകാൺഫറൻസിന്റെ പ്രസ്താവനയിൽ ഇരുപതാം പാർട്ടികാൺഗ്രസ്സിന്റെ അന്താരാഷ്ട്രീയമായ പങ്കിന് സമർഹമായ സ്ഥാനംനൽകുന്നതിനു ചൈനീസ്കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധിസംഘത്തിൽ വളരെയധികം പ്രേരണചെലുത്തേണ്ടിവന്നുവെന്ന് ആ പ്രതിനിധിസംഘംതന്നെ റിപ്പോർട്ടുചെയ്യുകയുമുണ്ടായി.

“ഹോങ്ങ്കി”യുടേയും “പീപ്പിൾസ്ഡയിലി”യുടേയും 1963 സെപ്തംബർ 6-ാംതീയതിയിലെ മുഖപ്രസംഗങ്ങളിൽ ഇരുപതാം

പാർട്ടികാൺഗ്രസ്സിനെപ്പററിയുള്ള ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഇപ്പോഴത്തെ വിലയിരുത്തലിനെ ഇങ്ങിനെ സംഗ്രഹിച്ചിരിക്കുന്നു:—

"ഇരുപതാം പാർട്ടികാൺഗ്രസ്സ് തിരുത്തിയെഴുതൽവാദത്തിൻെറ മാർഗ്ഗത്തിലൂടെ സി. പി. എസ്. യു. നേതൃത്വം എടുത്ത ആദ്യത്തെ കാൽവയ്പായിരുന്നു" (പേജ് 6)

ഇരുപതാം പാർട്ടികാൺഗ്രസ്സിന് "ക്രിയാത്മകവും നിഷേധാത്മകവുമായ രണ്ടു വശങ്ങളുണ്ടായിരുന്നു" എന്ന അഭിപ്രായമാണ് തങ്ങൾക്കെല്ലായ്പ്പോഴും ഉണ്ടായിരുന്നതെന്നും ഐക്യത്തിനുവേണ്ടി മാത്രമാണ തങ്ങൾ മോസ്കോപ്രസ്താവനയിൽ ഒപ്പുവെച്ചതെന്നുമുള്ള വാദത്തിൻെറ അടിസ്ഥാനത്തിലാണ്, മേല്പറഞ്ഞ വിലയിരുത്തലും മോസ്കോപ്രസ്താവനയിലെ പരാമർശവും തമ്മിലുള്ള തെളിഞ്ഞ വൈരുദ്ധ്യത്തെ ചൈനീസ്കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ വിശദീകരിക്കാൻ ശ്രമിക്കുന്നത്.

(പീപ്പിൾസ്ഡയിലി മുഖപ്രസംഗം ഫെബ്രുവരി 27-1963—ദി ഗ്രേററ്ഡിബേററ് 167)

എന്നാൽ, "തിരുത്തിയെഴുതൽവാദത്തിന്റെ പാതയിലെ ആദ്യത്തെ കാൽവയ്പി"നെ "മാർക്സിസം-ലെനിനിസത്തിൻെറ അടിസ്ഥാനത്തിൽ ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ വികാസത്തെ സഹായിക്കുന്ന" ചരിത്രപ്രധാനമായ ഒരു തീരുമാനമായി വിശേഷിപ്പിക്കാൻ ഐക്യത്തിൻെറ പേരിൽ തീർച്ചയായി ആർക്കും സമ്മതിക്കാൻ കഴിയുകയില്ല; തങ്ങളുടെ അഭിപ്രായത്തിൽ ഇരുപതാം പാർട്ടികാൺഗ്രസ്സിൻെറ നിഷേധാത്മകമായ വശങ്ങൾ ക്രിയാത്മകമായവയേക്കാൾ ശക്തിമത്തായിരുന്നുവെങ്കിൽ ചൈനീസ്കമ്മ്യൂണിസ്റ്റ്പാർട്ടി നേതൃത്വം 1960 ലെ അത്തരമൊരു നിഗമനത്തിനു സമ്മതിക്കുമായിരുന്നില്ല. 1956 സെപ്റ്റംബറിൽ നടന്ന ചൈനീസ്കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ എട്ടാംകാൺഗ്രസ്സിൽ സഖാക്കൾ മാവോ സേ തുങ്ങും ലിയുഷാവോചിയും ഇരുപതാം പാർട്ടികാൺഗ്രസ്സിനു നൽകിയ പ്രശംസതന്നെ ഈ വാദത്തിന്ന് വാചാലമായ ഒരു തെളിവാണ്—അങ്ങിനെ ഒരു തെളിവ് ആവശ്യമുണ്ടെങ്കിൽ,

ഇരുപതാം പാർട്ടികാൺഗ്രസ്സിൻെറ വിലയിരുത്തലിനെ സംബന്ധിച്ച് 1960 ന ശേഷം ചൈനീസ്കമ്മ്യൂണിസ്റ്റ്പാർട്ടി നേതാക്കൾ ഒരു കുട്ടിക്കരണം മറിച്ചിൽ നടത്തി എന്ന നിഗമനത്തിൽനിന്നും രക്ഷപ്പെടാൻ യാതൊരു പഴുതുമില്ല. ഇന്നവർ പറയുന്നതായിരുന്നു, മോസ്കോകാൺഫറൻസിലെ അവരുടെ അഭിപ്രായമെങ്കിൽ മോസ്കോ പ്രസ്താവനയിൽ അവർ ഒപ്പുവെച്ചതിന് ഒരു വിശദീകരണമേയുള്ളൂ—ആ സമയത്ത് ലോകകമ്മ്യൂണിസ്റ്റ്പാർട്ടികളിൽനിന്ന് തങ്ങൾ ഒററപ്പെട്ടുപോകുമെന്നവർ ഭയപ്പെട്ടിരുന്നു.

## (ഡി) സി. പി. എസ്. യു. വിൻെറ പരിപാടി

1961 ൽ സി. പി. എസ്. യു. വിൻെറ ഇരുപത്തിരണ്ടാംകാൺഗ്രസ്സ് സ്വീകരിച്ച പുതിയ പരിപാടിയെ ഒരു ലോകകമ്മ്യൂണിസ്റ്റ്സമ്മേളനം ഔപചാരികമായി അംഗീകരിച്ചിട്ടില്ല! എന്നാൽ ഒരു കമ്മ്യൂണിസ്റ്റുകാരനും ഇതിൻെറപേരിൽ വാചകക്കസർത്തു നടത്തുകയില്ല. എല്ലാ കമ്മ്യൂണിസ്റ്റ്പാർട്ടികളുടേയും പ്രധാനപ്പെട്ട പ്രതിനിധികൾ സി. പി. എസ്. യു. വിൻെറ ഇരുപത്തിരണ്ടാം പാർട്ടികാൺഗ്രസ്സിൽ സൗഹാർദ്ദപ്രതിനിധികളായി സന്നിഹിതരാവുകയും പുതിയ പരിപാടിക്ക് ഉജ്ജ്വലമായ അഭിവാദനങ്ങൾ അർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1962 ആഗസ്റ്റിൽ ഹൈദ്രാബാദിൽചേർന്ന നമ്മുടെ പാർട്ടിയുടെ ദേശീയകൗൺസിൽയോഗം, സി. പി. എസ്. യു. വിന്റെ പരിപാടി "ലോകതൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിനും, സമാധാനം, ദേശീയസ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം എന്നിവയ്ക്കുവേണ്ടി പൊരുതുന്ന എല്ലാ ജനതകൾക്കും വേണ്ടിയുള്ള ഈ കാലഘട്ടത്തിലെ ഏററവും മഹത്തായരേഖ"യാണെന്ന നിലയ്ക്കു് സ്വാഗതംചെയ്യുകയുണ്ടായി.

ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് ഈ പരിപാടിയെപ്പററി എന്താണു പറയാനുള്ളതു്? "അതു് പൂർണ്ണമായും തിരുത്തിയെഴുതൽവാദത്തിന്റെ ഒരു പരിപാടിയാണ്", "സാമ്രാജ്യത്വ-മുതലാളിത്തവ്യവസ്ഥയിൻകീഴിൽ ഇപ്പോഴും ജീവിക്കുന്ന ജനതകളുടെ വിപ്ലവത്തെ അതു് എതിർക്കുന്നു" "സോവിയററ്യൂണിയനിൽ മുതലാളിത്തത്തിന്റെ പുനഃപ്രതിഷ്ഠയ്ക്കും പരിരക്ഷണത്തിനുംവേണ്ടിയുള്ള ഒരു പരിപാടിയാണതു്".

(ഹോങ്കി, പീപ്പിൾസ്ഡയിലി മുഖപ്രസംഗങ്ങൾ—സെപ്റ്റംബർ 6-1963, പേജ് 42, 43)

ഞെട്ടിപ്പിക്കുന്ന ഇത്തരം അഭിപ്രായപ്രകടനങ്ങളെക്കുറിച്ച് എന്തു പറയാനാണ്.

"സാർവ്വദേശീയകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുനയത്തെപ്പററി ഒരു നിർദ്ദേശം" എന്ന പേരിൽ 1963 ജൂൺ 14-ാംതീയതി സി. പി. എസ്. യു. വിന്റെ കേന്ദ്രക്കമ്മിററിക്ക് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മിററി എഴുതിയ കത്താണ് അവരുടെ പുതിയ പരിപാടിയുൾക്കൊള്ളുന്ന രേഖ. കൂടാതെ, 81 പാർട്ടികളുടെ പ്രസ്താവനയിൽ പരാമർശിച്ച വിവിധ പ്രശ്നങ്ങളെപ്പററിയുള്ള സ്വന്തം അഭിപ്രായം ഉൾക്കൊള്ളുന്ന മററു രേഖകളും ചൈനീസ്കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്രക്കമ്മിററി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മോസ്കോപ്രസ്താവനയുടേയും ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും നിലപാടുകൾ തമ്മിലുള്ള വൈരുദ്ധ്യവും സംഘട്ടനവും വ്യക്തമാക്കാൻ നാം ഇവയെല്ലാം പരിശോധിക്കേണ്ടിയിരിക്കുന്നു.

മോസ്കോപ്രസ്താവനയിൽനിന്നുള്ള ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വേർപാട്, അതിന്റെ നിലപാടുകളുമായി വിയോജിച്ചുകൊണ്ടു പ്രസ്താവന പുറപ്പെടുവിക്കുന്നതിൽമാത്രം ഒതുങ്ങിനിൽക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. അതു് പിന്നിട്ട് തെളിയുന്നതാണ്. പലപ്പോഴും ഈ വ്യതിയാനം ചില അവിതർക്കിതമായ പൊതു മാർക്സിസ്റ്റ് തത്വങ്ങളെ പ്രഖ്യാപിക്കുന്ന രൂപമാണ് കൈക്കൊള്ളുന്നതു്; അതേസമയംതന്നെ, രണ്ടാം ലോകമഹായുദ്ധത്തിനു മുൻപു് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം സ്വീകരിച്ചിരുന്ന നിലപാടുകളുമായി താരതമ്യപ്പെടുത്തുമ്പോൾ മോസ്കോപ്രസ്താവനയിൽ പുതുതായി ഉള്ളതെന്താണെന്ന കാര്യത്തിൽ മൗനമവലംബിക്കുകയും ചെയ്യുന്നു.

ഇതിൽ അത്ഭുതപ്പെടാൻ യാതൊന്നുമില്ല. കാരണം സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ 20-ാമത്തെയും 22-ാമത്തെയും കോൺഗ്രസ്സുകളുടെ തീരുമാനങ്ങളിലെന്നപോലെ മോസ്കോപ്രസ്താവനയിലും പ്രഖ്യാപനത്തിലും പുതുതായെന്തെല്ലാമുണ്ടോ അവയെയെല്ലാം തിരുത്തിയെഴുതൽവാദമായി അധിക്ഷേപിക്കുന്നതിലാണ്. ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി നേതൃത്വത്തിന്റെ

പ്രത്യയശാസ്ത്രപരമായ വരട്ടുതത്വവാദം കിടക്കുന്നതു്. ഇരുപതാം കോൺഗ്രസ്സ് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു നൽകിയ സമഗ്രമായ പുതിയ വഴിത്തിരിവിനെയാണ് ചൈനീസ് നേതാക്കൾ തിരുത്തിയെഴുതൽവാദമെന്നു് വിളിക്കുന്നതു്.

## സി) പുതിയ കാലഘട്ടത്തിൻെറ സ്വഭാവം

സാർവ്വദേശീയകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ പൊതുനയം, അതിൻെറ സമരതന്ത്രവും അടവുകളും ആവിഷ്ക്കരിക്കുന്നതിന്നു് ലോകസ്ഥിതിയുടെ, അതായതു് കാലഘട്ടത്തിൻെറ, പ്രത്യേകമായ സ്വഭാവവിശേഷങ്ങളെന്തെന്നു് തറപ്പിച്ചുകാണേണ്ടതു് അത്യാവശ്യമാണ്. ആ സ്വഭാവവിശേഷങ്ങളിൽ നിന്നാണു് പൊതുനയം രൂപം കൊള്ളുന്നതു്; അവയിൽത്തന്നെയാണു് അതു പ്രയോഗിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ മാർക്സിസത്തിൻെറ അടിസ്ഥാനതത്വങ്ങൾ മാറുന്നില്ലെങ്കിലും നമ്മുടെ നയങ്ങളും നമ്മുടെ പ്രസ്ഥാനത്തിൻെറ സമരതന്ത്രവും അടവും നാം പ്രവർത്തിക്കുന്ന പ്രത്യേക പരിതസ്ഥിതികളുമായി ബന്ധപ്പെട്ടിരിക്കണമെന്നുള്ളതു് മാർക്സിസ്റ്റ്-ലെനിനിസ്റ്റ്കാരായ നമ്മെ സംബന്ധിച്ചേടത്തോളം വ്യക്തമായ ഒരു പ്രമാണമാണു്. ആ പ്രത്യേകസാഹചര്യങ്ങളാകട്ടെ സ്വാഭാവികമായി കാലാകാലം മാറുകയും ചെയ്യുന്നു. ഒരു പ്രത്യേകകാലഘട്ടത്തിൽ പ്രമുഖ സ്ഥാനംവഹിക്കുന്നതു ഏതു വർഗ്ഗമാണെന്നതിലാണു് ഈ മാറ്റങ്ങളുടെ കാതൽ സ്ഥിതി ചെയ്യുന്നതു്. ഈ പശ്ചാത്തലത്തിൽ ഓരോ രാജ്യത്തിലേയും കമ്മ്യൂണിസ്റ്റ് പാർട്ടി അതാതിൻെറ പ്രത്യേകമായ ദേശീയപരിതസ്ഥിതികൾക്കനുസരണമായി അതിൻെറ സ്വന്തം നയം ആവിഷ്ക്കരിക്കുന്നു.

ലെനിൻ പറഞ്ഞിട്ടുണ്ടു്:

"ഒരു കാലഘട്ടത്തിന്റെ കേന്ദ്രസ്ഥാനത്തു സ്ഥിതിചെയ്യുന്ന വർഗ്ഗമേതെന്നും അതിൻെറ പ്രധാനപ്പെട്ട ഉള്ളടക്കവും പ്രധാനപ്പെട്ട വികാസഗതിയും എന്താണെന്നും. ആ കാലഘട്ടത്തിലെ ചരിത്രപരമായ സാഹചര്യങ്ങളുടെ മുഖ്യഭാവങ്ങളെന്തൊക്കെയാണെന്നും അറിയുവാൻ നമുക്കു കഴിയും: നമ്മളതു് അറിയണം. ഈ അടിസ്ഥാനത്തിൽ മാത്രമേ, അതായതു്, വിഭിന്നകാലഘട്ടങ്ങളുടെ പ്രത്യേകമായ മൗലികഭാവങ്ങളെ ആദ്യമായും പ്രധാനമായും പരിഗണിക്കുന്നതിലൂടെ മാത്രമേ (അല്ലാതെ വിവിധ രാജ്യങ്ങളുടെ ചരിത്രത്തിലെ ഒററപ്പെട്ട സംഭവങ്ങളുടെ പരിഗണനയിലൂടെയല്ല) നമുക്കു നമ്മുടെ അടവുകൾ ആവിഷ്ക്കരിക്കാൻ കഴിയൂ."

ഒന്നാംലോകമഹായുദ്ധത്തിന്നു വഴിതെളിയിച്ച കുത്തകമൂലധനവികാസത്തിൻെറ കാലഘട്ടത്തെ, മുതലാളിത്തത്തിൻെറ ഏററവും ഉയർന്ന രൂപമായ സാമ്രാജ്യത്വത്തിൻെറ കാലഘട്ടമെന്നാണു് ലെനിൻ വിവരിച്ചതു്. വിജയശ്രീലാളിതമായ റഷ്യൻവിപ്ലവത്തോടും, വിജയിച്ചില്ലെങ്കിലും ചില യൂറോപ്യൻരാജ്യങ്ങളിൽ സംഭവിച്ച തൊഴിലാളിവർഗ്ഗവിപ്ലവങ്ങളോടും കൂടി ആവിർഭവിച്ച പുതിയ കാലഘട്ടത്തെ സാമ്രാജ്യത്വത്തിൻേറയും തൊഴിലാളിവർഗ്ഗവിപ്ലവങ്ങളുടേയും കാലഘട്ടമെന്നും സാർവ്വദേശീയകമ്മ്യൂണിസം നിർവ്വചിച്ചു. ഈ കാലഘട്ടത്തിൽ സാർവ്വദേശീയമായ തോതിൽ സോഷ്യലിസത്തിൻെറ വിജയം അജണ്ടയിൽ വന്നു.

ഇതെല്ലാം വാസ്തവമാണ്. "ലെനിനിസം നീണാൾ വാഴട്ടെ" എന്നു തുടങ്ങിയ ചൈനീസ് ലേഖനങ്ങളിൽ ഇക്കാര്യം ആവർത്തിച്ചുറപ്പിക്കുന്നുണ്ടു് ഇതിനെപ്പററി ആർക്കും വഴക്കമില്ല.

എന്നാൽ. സോവിയററ്യൂണിയൻ നിർണ്ണായകമായ പങ്കുവഹിച്ച രണ്ടാംലോകമഹായുദ്ധത്തിൽ ഫാസിസ്റ്റ്ശക്തികൾ പരാജയപ്പെട്ടതിനുശേഷം എന്തെങ്കിലും പുതുതായി, കൂടുതലായി സംഭവിച്ചിട്ടുണ്ടോ? മുമ്പു ഉണ്ടായിരുന്നു എന്നു പറയാൻകഴിയാത്ത വളരെ പ്രധാനപ്പെട്ടതും സുവ്യക്തവുമായ ഭാവങ്ങൾ രണ്ടാംലോകമഹായുദ്ധത്തിനുശേഷമുള്ള കാലഘട്ടം പ്രദർശിപ്പിക്കുന്നുണ്ടോ?

'ലോകരംഗത്തിൽ സാമ്രാജ്യത്വശക്തികളുടെ മേൽ സോഷ്യലിസ്റ്റ് ശക്തികൾക്കും, യുദ്ധശക്തികളുടെ മേൽ സമാധാനശക്തികൾക്കുമുള്ള ഉൽക്കർഷം എന്നത്തെയുംകാൾ കൂടുതൽ പ്രകടമായി വരികയാണെ''ന്ന് മോസ്കോ പ്രസ്താവന ചൂണ്ടിക്കാണിക്കുന്നു.

''ലെനിനിസം നീണാൾ വാഴട്ടെ'' എന്ന ലേഖനം ഒരു വിധത്തിൽ ഈ വിലയിരുത്തലിനോട് യോജിക്കുന്നുണ്ട്, അതിൽ പറയുന്നു:

''സമാധാനത്തിന്റെ ശക്തികൾ സാമ്രാജ്യത്വശക്തികളെ പിന്നിലാക്കിയിരിക്കുന്നു എന്നതാണ് നാമഭിമുഖീകരിക്കുന്ന കാലഘട്ടത്തിന്റെ മുഖ്യമായ സ്വഭാവവിശേഷം. ഉയർത്തെഴുന്നേൽക്കുന്ന ജനതയുടെ ശക്തി പിന്തിരിപ്പത്തത്തിന്റെ ശക്തികളെ പിന്നിലാക്കിയിരിക്കുന്നു'' (പേജ് 8)

ഈ രണ്ടു പ്രസ്താവനകളിലുമുള്ളത് ഒരേ ഉള്ളടക്കമാണെന്ന് വാദിക്കാൻ സാധിക്കും, അതായത് സോഷ്യലിസത്തിന്റെയും, ദേശീയസ്വാതന്ത്ര്യത്തിന്റെയും, സമാധാനത്തിന്റെയും, ജനാധിപത്യത്തിന്റെയും ശക്തികൾ സാമ്രാജ്യത്വത്തിന്റെയും യുദ്ധത്തിന്റെയും പിന്തിരിപ്പത്തത്തിന്റെയും ശക്തികളേക്കാൾ ബലപ്പെടുകയും സമയം ചെല്ലുന്തോറും ഈ ബലം വളർന്നുവരികയും ചെയ്യുന്നു, ലോകശക്തികളുടെ ബലാബലം ഖണ്ഡിതമായും സാമ്രാജ്യത്വത്തിന്നെതിരായും സോഷ്യലിസത്തിന്നനുകൂലമായും മാറിക്കഴിഞ്ഞിരിക്കുന്നു. സോഷ്യലിസത്തിന്റെ ലോകവ്യാപകമായ പരിപൂർണ്ണവിജയം തീർച്ചയാണ്.

അത്രയും നല്ലതു്. പുതിയ കാലഘട്ടത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള പൂർണ്ണവും സമഗ്രവുമായ ധാരണക്ക് ഈ വസ്തുത അംഗീകരിക്കുന്നതുകൊണ്ടുമാത്രം മതിയാവുന്നതല്ല. സാമ്രാജ്യത്വത്തെ തോൽപ്പിക്കുന്നതിനും സമാധാനം ജനാധിപത്യം ദേശീയസ്വാതന്ത്ര്യം. സോഷ്യലിസം എന്നിവയുടെ ശക്തികൾക്ക് വിജയം കരസ്ഥമാക്കുന്നതിന്നും, പുതിയ കാലഘട്ടം തുറന്നിട്ടുള്ള പുതിയ അവസരങ്ങളെ ഗ്രഹിക്കുന്നതിന് അതു് അതിലുംകുറച്ചേ ഉപകരിക്കുകയുള്ളു.

പുതിയ കാലഘട്ടത്തിന്റെ എല്ലാ സ്വഭാവവിശേഷങ്ങളേയും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ട രീതിയിൽ സമൂർത്തമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ്, എൺപത്തൊന്നു പാർട്ടികളുടെ പ്രസ്താവന സാമ്രാജ്യത്വത്തിന്റെയും സോഷ്യലിസത്തിന്റെയും ശക്തികളുടെ ബലാബലത്തിൽ മാററംവന്നിട്ടുണ്ടെന്ന നിഗമനത്തിലെത്തിയതു്. അതുകൊണ്ടുതന്നെ ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ തന്ത്രത്തേയും അടവുകളേയും സംബന്ധിച്ചേടത്തോളം ഒരു പുതിയ ലൈൻ ആ പ്രസ്താവന ആവിഷ്കരിക്കുകയും ചെയ്തു:

നേരേമറിച്ച് ചൈനീസ്നേതൃത്വം ലോകശക്തികളുടെ ബലാബലത്തിലുണ്ടായിട്ടുള്ള മാററത്തെ പ്രാകൃതവും യാന്ത്രികവുമായ വിധത്തിലാണ് വീക്ഷിക്കുന്നതു്. ഇതിൽനിന്നാണു സാമ്രാജ്യത്വവുമായി ''കണ്ണുമടച്ചു നേരിട്ടു

ഏററുമുട്ടുന്ന ഒരുസമരത്തിന്റേതായ "അടിക്ക് അടി, കുത്തിനു കുത്ത്" ഉരുളക്കുപ്പേരി തുടങ്ങിയ സ്വന്തം നയം അവർ ആവിഷ്ക്കരിച്ചതു്. ഒരു ലോകയുദ്ധം തടയുന്നതിന്നു് അതാണു് ശരിയായ മാർഗ്ഗമെന്നവർ വാദിക്കുന്നു; സോഷ്യലിസവും ദേശീയസ്വാതന്ത്ര്യവും നേടുന്നതിന്നുവേണ്ടി മുതലാളിത്ത രാജ്യങ്ങളിൽ ആഭ്യന്തരയുദ്ധവും ആശ്രിതരാജ്യങ്ങളിൽ സായുധസമരവും നടത്തണമെന്ന സാർവ്വലൌകികപരിഹാരമാർഗ്ഗവും അവർ നിർദ്ദേശിക്കുന്നു.

മോസ്കോപ്രസ്താവനയിൽ പറയുന്നു, "സമാധാനത്തിന്റെയും ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും താല്പര്യങ്ങൾക്കനുസരിച്ച് ആധുനികകാലത്തെ മൌലികപ്രശ്നങ്ങൾ ഒരു പുതിയ രീതിയിൽ പരിഹരിക്കുന്നതിന്നുള്ള യഥാർത്ഥമായ അവസരങ്ങൾ ഇന്നുണ്ടു്." (പേജ്–16)

പത്രങ്ങൾ, റേഡിയോ, എന്നിവയിലൂടെ പെക്കിങ്ങിൽനിന്നു വരുന്ന വാക്കുകളുടെ പ്രവാഹത്തിൽ, എൺപത്തൊന്നു പാർട്ടികളുടെ പ്രസ്താവനയിലെ ആവേശകരമായ ഈ നിഗമനത്തിൽ പ്രകടമാക്കിയിട്ടുള്ള ആത്മവിശ്വാസത്തിന്റെയും ബോദ്ധ്യത്തിന്റെയും ആശയുടേയും ഒരു നേരിയ പ്രതിധ്വനിയായി കണക്കാക്കാവുന്ന ഒരൊററ വാചകമോ ഒരൊററവാക്കുപോലുമോ മഷിയിട്ടുനോക്കിയാൽപോലും കാണുകയില്ല.

സാമ്രാജ്യത്വശക്തികളുടെമേൽ സോഷ്യലിസ്റ്റ്ശക്തികൾക്കു ലഭിച്ചിട്ടുള്ള അധികബലം സംബന്ധിച്ചുള്ള വിലയിരുത്തൽ മോസ്കോപ്രസ്താവനയിൽ എങ്ങിനെയാണു് വിശദമാക്കിയിട്ടുള്ളതു് എന്നു നമുക്കു പരിശോധിക്കാം.

പ്രസ്താവനയിൽ പറയുന്നു:

"ലോകസോഷ്യലിസ്റ്റ്വ്യവസ്ഥ സാമൂഹ്യവികാസത്തിന്റെ നിർണ്ണായകഘടകമായി തീർന്നുകൊണ്ടിരിക്കുന്നു എന്നതാണു് നമ്മുടെ കാലഘട്ടത്തിന്റെ മുഖ്യമായ സ്വഭാവവിശേഷം"

പ്രസ്താവനയിൽ വീണ്ടും പറയുന്നു,

"ഇന്നു് ചരിത്രപരമായ സാമൂഹ്യവികാസത്തിന്റെ മുഖ്യമായ ഉള്ളടക്കത്തേയും പ്രവണതയേയും സ്വഭാവവിശേഷങ്ങളേയും നിർണ്ണയിക്കുന്നതു് ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയും, സാമ്രാജ്യത്തിന്നെതിരായും സമുദായത്തിന്റെ സോഷ്യലിസ്റ്റ്പരിവർത്തനത്തിനുവേണ്ടിയും സമരംചെയ്യുന്ന ശക്തികളുമാണു്." (പേജ് 3)

ഈ സന്ദർഭത്തിൽ ലെനിൻ എഴുതിയിട്ടുള്ളതു് ഓർക്കുന്നതു് പ്രസക്തവും പ്രധാനവുമാണു്. കമ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ രണ്ടാം കോൺഗ്രസ്സ് 1920 ൽ ദേശീയകൊളോണിയൽപ്രശ്നങ്ങളെപ്പററിയുള്ള ലെനിന്റെ തീസിസ് അംഗീകരിക്കുകയുണ്ടായി. അതിൽ ലെനിൻ സന്ദർഭവശാൽ രണ്ടഭിപ്രായപ്രകടനങ്ങൾ നടത്തിയിട്ടുണ്ടു്. ലെനിന്റെ പ്രവാചകതുല്യമായ പ്രതിഭ അന്നു ദീർഘദർശനം ചെയ്തതുതന്നെയാണു് മുകളിൽ കൊടുത്ത പ്രസ്താവനയിലടങ്ങിയിട്ടുള്ളതു്.

ലെനിൻ എഴുതി,

"തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തെ ദേശീയമായ ഒന്നിൽനിന്നും (അതായതു്, ലോകരാഷ്ട്രീയം നിർണ്ണയിക്കുന്നതിന്ന പര്യാപ്തമല്ലാത്ത ഒരു രാജ്യത്തുമാത്രമായി നിലനിൽക്കുന്ന ഒന്നിൽനിന്നു്) സാർവ്വദേശീയമായ ഒന്നായി (അതായതു്, ചുരുങ്ങിയതു് പല വളർച്ചയെത്തിയ രാജ്യങ്ങളെ

ഉൾക്കൊള്ളുന്നതും ലോകരാഷ്ട്രീയത്തിൽ ആകെ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്നതുമായ ഒന്നായി) മാററുക എന്ന കടമ ഇന്നത്തെ ഒരു യഥാർത്ഥ പ്രശ്നമായി മാറിയിരിക്കുന്നു.”

1920 ൽ ലെനിൻെറ സ്വപ്നമായിരുന്ന കാര്യം നമ്മുടെ യുഗത്തിലെ യാഥാർത്ഥ്യമായി തീർന്നിരിക്കുന്നു.

ഏതായാലും പുതിയ യുഗത്തിൻെറ സ്വഭാവവിശേഷങ്ങളെക്കുറിച്ചുള്ള ചർച്ച നമുക്കു തുടരുക: മോസ്കോപ്രസ്താവനയിൽ കൂടുതലായി ഇങ്ങിനെ വിശദീകരിക്കുന്നു. “നമ്മുടെ കാലഘട്ടത്തിൽ സാർവ്വദേശീയബന്ധങ്ങളുടെ വികാസത്തെ നിർണ്ണയിക്കുന്നതു് രണ്ടു സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള സമരമാണ്. സോഷ്യലിസം, സമാധാനം, ജനാധിപത്യം എന്നിവയുടെ ശക്തികൾ സാമ്രാജ്യത്വത്തിൻേറയും, പിന്തിരിപ്പത്തത്തിൻേറയും, ആക്രമണത്തിൻേറയും ശക്തികൾക്കെതിരായി നടത്തുന്ന സമരം; സോഷ്യലിസത്തിൻേറയും സമാധാനത്തിൻേറയും ജനാധിപത്യത്തിൻേറയും ശക്തികളുടെ അധികബലം കൂടുതൽ പ്രകടമായിക്കൊണ്ടുവരുന്ന ഒരു സമരവുമാണിതു്.

1957 ലെ പന്ത്രണ്ടു പാർട്ടികളുടെ പ്രഖ്യാപനത്തിൽ ഇതേ പ്രശ്നത്തെക്കുറിച്ചു പറയുന്നതിങ്ങനെയാണ്. “നമ്മുടെ കാലഘട്ടത്തിലെ ലോകവികാസത്തെ നിർണ്ണയിക്കുന്നതു് പരസ്പരവിരുദ്ധമായ രണ്ടു സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള മത്സരത്തിൻെറ ഗതിയും ഫലങ്ങളുമാണ്.” (പേജ് 4)

പ്രസ്താവനയിൽ കൂടുതലായി താഴെ കൊടുക്കും വിധത്തിലുള്ള വിശദീകരണം നൽകിയിട്ടുണ്ട്.

“മുതലാളിത്തത്തിൻെറ പൊതുകുഴപ്പത്തിൻെറ വികാസത്തിൽ ഒരു പുതിയ ഘട്ടം തുടങ്ങിയിരിക്കുന്നു. ഈ ഘട്ടം ആവിർഭവിച്ചിട്ടുള്ളതു് ഒരു ലോകയുദ്ധത്തിൻെറ ഫലമായിട്ടല്ല. നേരേമറിച്ചു രണ്ടു വ്യവസ്ഥകൾ തമ്മിലുള്ള സമരത്തിൻേറയും മത്സരത്തിൻേറയും, സോഷ്യലിസത്തിന്നനുകൂലമായി. ശക്തികളുടെ ബലാബലത്തിൽ വന്നുകൊണ്ടിരിക്കുന്ന വർദ്ധിച്ച മാററത്തിൻേറയും സാമ്രാജ്യാധിപത്യത്തിൻെറ എല്ലാ വൈരുദ്ധ്യങ്ങളും മൂർച്ഛിച്ചിട്ടുള്ളതിൻേറയും സാഹചര്യത്തിലാണ് ഈ പുതിയ ഘട്ടം ആവിർഭവിച്ചിട്ടുള്ളതു്. ഈ ഘട്ടത്തിൻെറ സവിശേഷസ്വഭാവമാണതു്. സമാധാനപരമായ സഹവർത്തിത്വം സാധിതപ്രായമാക്കാനും മുന്നോട്ടുകൊണ്ടുപോകാനും സമാധാനകാംക്ഷികളായ ശക്തികൾ നടത്തിയ വിജയകരമായ സമരത്തിൻെറ ഫലമായി സ്വന്തം ആക്രമണനടപടികൾകൊണ്ടു ലോകസമാധാനത്തെ തുരങ്കംവെക്കാനുള്ള സാമ്രാജ്യവാദികളുടെ ശ്രമങ്ങൾ തടയപ്പെടുകയും, ജനാധിപത്യത്തിനും ദേശീയവിമോചനത്തിനും സോഷ്യലിസത്തിന്നും വേണ്ടിയുള്ള വിപുലമായ ബഹുജനസമരങ്ങൾ വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന കാലത്തും അന്തരീക്ഷത്തിലുമാണ് ഈ പുതിയ ഘട്ടം ആവിർഭവിച്ചിട്ടുള്ളതു്.” (പേജ് 8)

ഈ പ്രശ്നങ്ങളിലേക്കു് ചൈനീസ്‌രേഖകൾ എന്തു വെളിച്ചമാണ് വീശുന്നതു്? യാതൊന്നുമില്ല. അവർ ആവർത്തിച്ചുപ്രഖ്യാപിക്കുന്നതു്, നമ്മുടെ കാലഘട്ടം സാമ്രാജ്യത്വത്തിൻേറയും, തൊഴിലാളിവർഗ്ഗവിപ്ലവങ്ങളുടേയും കാലഘട്ടമാണെന്നും (അതു കഴിഞ്ഞ നാല്പത്തഞ്ചിലേറെ വർഷങ്ങളായി സത്യമാണ്,) ഇന്നു സോഷ്യലിസത്തിന്നു് സാമ്രാജ്യത്വത്തെക്കാൾ കൂടുതൽ ശക്തിയുണ്ടെന്നും അതിൻെറ വിജയം സുനിശ്ചിതമാണെന്നുമത്രെ. സാമ്രാജ്യത്വകുഴപ്പത്തിൻെറ പുതിയ പുതിയ രൂപങ്ങളിലും സ്വഭാ

വങ്ങളിലും; സാമ്രാജ്യത്വആക്രമണത്തെ കടിഞ്ഞാണിടുകയും ഒരു ലോകയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനെ തടയുകയും ചെയ്യുന്നതിൽ സമാധാനശക്തികൾ നേടുന്നവിജയത്തിലും: ആശ്രിതരാജ്യങ്ങളിൽ ദേശീയവിമോചനസമരത്തെ സഹായിക്കാൻ വേണ്ടി രണ്ടു സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വവും മത്സരവും; വഹിക്കുന്ന പുതിയ പങ്കിലും സോഷ്യലിസ്റ്റ്-ദേശീയവിമോചനപ്രസ്ഥാനങ്ങൾക്ക് മുന്നേറാനുള്ള പുതിയ പാതകളിലും എല്ലാം സോഷ്യലിസ്റ്റ്ശക്തികളുടെ ഈ മേന്മപ്രകടമായി കാണുന്നതെങ്ങിനെയാണ്.

മററുവിധത്തിൽപ്പറഞ്ഞാൽ, ഈ പുതിയ കാലഘട്ടത്തിൽ സാമ്രാജ്യമേധാവികളിലും പിന്തിരിപ്പന്മാരിലും പെട്ട ഏററവും മൂരാച്ചികളായവരെ ഒററപ്പെടുത്തുവാനും സമാധാനത്തിനും ജനാധിപത്യത്തിനും ദേശീയസ്വാതന്ത്ര്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള സമരങ്ങളിൽ പുതിയ ബന്ധുക്കളെ നേടുവാനും സാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തിന് കഴിവുണ്ടാക്കിക്കൊണ്ടു് സാമ്രാജ്യത്രുപത്തിന്റെ വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നതെങ്ങിനെയാണ്,

ഒരു ചൈനീസ്‌രേഖയും ഇക്കാര്യത്തെക്കുറിച്ച് യാതൊന്നും നമ്മോട് പറയുന്നില്ല. യഥാർത്ഥത്തിൽ, നമുക്കു കാണാൻ കഴിയുന്നതുപോലെ ഇക്കാര്യങ്ങൾ സൂചിപ്പിച്ചാലുടൻ ചൈനീസ് നേതൃത്വം തിരുത്തിതെഴുതൽവാദത്തിന്റെ പ്രേതത്തെ കാണാൻ തുടങ്ങും.

## ഡി) യുദ്ധവും സമാധാനവും

പുതിയ കാലഘട്ടത്തിന്റെ സ്വഭാവത്തെയും മുഖ്യമായ സവിശേഷതകളെയും കുറിച്ച് പ്രസ്താവിച്ച ശേഷം, മോസ്കോപ്രഖ്യാപനം ഉന്നയിക്കുന്ന ആദ്യത്തെ പ്രശ്നം ഒരു ആഗോളയുദ്ധത്തിന്റെ അപകടങ്ങളെയും, അതു് ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയെയും സാദ്ധ്യതയെയും പററിയാണ്. സർവ്വനാശകരമായ ഒരു അണുവായുധയുദ്ധത്തിന്റെ ആപത്തിനെ സംബന്ധിച്ചേടത്തോളം മോസ്കോപ്രഖ്യാപനം പല സന്ദർഭങ്ങളിലായി വിവിധരൂപത്തിൽ ഊന്നിപ്രസ്താവിച്ചിട്ടുണ്ട്. ഇത്തരം ഒരു അപകടത്തിന്റെ ഫലമായി, "രാജ്യങ്ങൾക്കാകമാനം അഭൂതപൂർവ്വമായ നാശം സംഭവിക്കും; ലോകവ്യവസായത്തിന്റെയും സംസ്കാരത്തിന്റെയും നിർണ്ണായക കേന്ദ്രങ്ങൾ ചാമ്പലാകും' അത്തരമൊരുയുദ്ധം സഹസ്രലക്ഷക്കണക്കിന് ജനങ്ങൾക്ക് മരണവും ദുരിതവും വരുത്തിവെക്കും." സാമ്രാജ്യത്വം മുഴുവൻ മനുഷ്യരാശിക്കും ഗൌരവമേറിയ വിപത്തായിത്തീർന്നിരിക്കുന്നു". "ഒരു ഗോളസര്വ്വനാശമായിരിക്കുമതു്" എന്നെല്ലമാണു അണുവായുധങ്ങൾഉപയോഗിച്ചുള്ള ഒരു യുദ്ധത്തിന്റെ ഫലങ്ങളെപ്പററി പ്രസ്താവനയിൽ പറയുന്നതു്.

ഒരു തെർമോ-ന്യൂക്ലിയർ യുദ്ധത്തിലെ ആദ്യത്തെപ്രഹരംതന്നെ എഴുപതുമുതൽ എൺപതുകോടി ജനങ്ങളെവരെ കൊന്നൊടുക്കുമെന്ന അഭിപ്രായത്തെ റഷ്യയിലെയും അമേരിക്കയിലെയും ആററം വിദഗ്ദ്ധന്മാർ സ്ഥിരീകരിച്ചിരിക്കുകയാണ്. ചില രാജ്യങ്ങൾ പരിപൂർണ്ണമായും ഭൂമുഖത്തുനിന്നും തുടച്ചുനീക്കപ്പെടും. റേഡിയോപ്രസരത്തിന്റെ അതിഭീകരമായ ബാധയേററുനിർണ്ണയിക്കാൻ കഴിയാത്തത്ര ജനലക്ഷങ്ങൾ യാതനകൾക്കിരയാകും. ജീവിച്ചിരിക്കുന്നവർ മരിച്ചവരെയോർത്തു് അസൂയപ്പെടും. കഴിഞ്ഞ രണ്ടു ലോകയുദ്ധങ്ങളുൾപ്പെടെ, മാനവചരിത്രത്തിൽ ഇന്നുവരെ ഉപയോഗിച്ചിട്ടുള്ള എല്ലാ സ്ഫോടകവസ്തുക്കളെക്കാളും കൂടുതൽ സ്ഫോടകശക്തിയുള്ളതാണ് ഒരു ഹൈഡ്രജൻബോംബ്. ഇന്ന് അത്തരത്തിലുള്ള ആയിരക്കണക്കിനുള്ള ബോംബുകൾ ആറേറാമിക്‌ശക്തികളുടെ കൈവശമുണ്ടു്.

അണുവായുധങ്ങൾ ഉപയോഗിച്ചാലുണ്ടാകുന്ന സർവ്വനാശത്തെപ്പററി ചൈനീസ് നേതാക്കളുടെ മനോഭാവം ആരേയും അങ്ങേയററം ഞെട്ടിപ്പിക്കുന്നതാണ്. ആററംബോമ്പ് ഒരു കടലാസ്പുലിയാണ്." "അതു് ഒട്ടും ഭയങ്കരമല്ല" എന്നവർ പറയുന്നു.

1957 ലെ മോസ്കോസമ്മേളനത്തിൽ മാവോ സേ തുങ് പറയുകയുണ്ടായി, ഒരു ഭാവിയുദ്ധത്തിൽ എത്രപേർ കൊല്ലപ്പെടുമെന്ന് നമുക്ക് ഊഹിക്കാമോ? മിക്കവാറും 90 കോടി ജനങ്ങൾ, ലോകത്തിലെ ആകെ ജനസംഖ്യയായ 270 കോടിയിൽ മൂന്നിലൊരുഭാഗം കൊല്ലപ്പെട്ടേയ്ക്കും—ഞാനീ പ്രശ്നത്തെപ്പററി നെഹ്റുവുമായി വാദിക്കുകയുണ്ടായി. ലോകത്തിലെ പകുതി ജനങ്ങൾ ഒരു യുദ്ധത്തിൽ കൊല്ലപ്പെടുകയാണെങ്കിൽപോലും മറേറ പകുതി ബാക്കിയുണ്ടാകുമെന്നും, എന്നാൽ സാമ്രാജ്യത്വം തികച്ചും നാമാവശേഷമായിത്തീർന്ന് സോഷ്യലിസംമാത്രമെ ലോകത്തിൽ ഉണ്ടായിരിക്കുകയുള്ളുവെന്നും, അരനൂററാണ്ടുകൊണ്ട്, അഥവാ ഒരു നൂററാണ്ടുകൊണ്ട് ലോകത്തിലെ ജനസംഖ്യ പകുതിയിൽ കൂടുതലായിട്ടുപ്പോലും വർദ്ധിക്കുന്നതാണെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചു.

(കമ്മ്യൂണിസ്റ്റ്; നവംബർ 14, 1963. പേജ് 22)

"ലെനിനിസം നീണാൾ വാഴട്ടെ" എന്ന ലേഖനത്തിലെ വിധിയെഴുത്ത് ഇന്ന് ലോകത്തെങ്ങും പരന്നിട്ടുണ്ട്: "ചത്തുവീഴുന്ന സാമ്രാജ്യാധിപത്യത്തിന്റെ ചിതാഭസ്മത്തിന്മേൽ വിജയം കൈവരിച്ച ജനങ്ങൾ മുതലാളിത്തവ്യവസ്ഥയേക്കാൾ ആയിരമിരട്ടി ഉൽകൃഷ്ടമായ ഒരു നാഗരികതയും തങ്ങൾക്ക് ശരിക്കും സുന്ദരമായ ഒരു ഭാവിയും അതിവേഗത്തിൽ സൃഷ്ടിക്കും" മെന്ന് അതിൽ പറയുന്നു.

ഒരു ലോകയുദ്ധത്തിന്റെ, അതും തെർമോന്യൂക്ലിയർ യുദ്ധത്തിന്റെ വിനാശകരമായ ഭവിഷ്യത്തുകളുടെ നേരെ ഇത്തരം ഒരു സമീപനം സ്വീകരിക്കുന്ന ചൈനീസ്നേതൃത്വം, മോസ്കോപ്രഖ്യാപനം ഊന്നുന്ന അർത്ഥത്തിൽ യുദ്ധം ഒഴിവാക്കേണ്ടതിന്റെ പരമപ്രധാനമായ ആവശ്യത്തെ അംഗീകരിക്കുന്നുവെന്ന് വാദിക്കുവാൻ വളരെ വിഷമമാണ്. ഏതു പരിതസ്ഥിതികളിലായാലും ലോകയുദ്ധങ്ങൾ അഴിച്ചുവിടുന്നതിന്ന് കമ്മ്യൂണിസ്റ്റ്കാർ എതിരാണ്. അതല്ല പ്രശ്നം. "ഭിന്നസാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാജ്യങ്ങളുടെ സമാധാനപരമായ സഹവർത്തിത്വം, അല്ലെങ്കിൽ വിനാശകരമായ യുദ്ധം, ഇന്ന് ഈ രണ്ടുപാംവഴികളേയുള്ളു" എന്ന് മോസ്കോപ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതാണ് കാര്യം. മോസ്കോപ്രസ്താവന നമ്മുടെ മുൻപിൽ വയ്ക്കുന്ന പരസ്പരവിരുദ്ധമായ രണ്ടു വഴികളും ഇതുതന്നെയാണ്, "ജനാധിപത്യ—സമാധാനശക്തികളെ സംബന്ധിച്ചിടത്തോളം ആഗോളവ്യാപകമായ ഒരു അണുവായുധയുദ്ധവിപത്തിന്നെതിരായി മനുഷ്യരാശിയെ കാത്തുരക്ഷിക്കുകയെന്നതിൽ കൂടുതൽ അടിയന്തിരമായൊരു കടമയില്ലെന്നും"...... .."സമാധാനത്തിനുവേണ്ടിയുള്ള സമരം കമ്മ്യൂണിസ്റ്റ്പാർട്ടികൾ തങ്ങളുടെ പ്രാഥമികകടമയായി കണക്കാക്കുന്നു"വെന്നും അതിൽ പറഞ്ഞിട്ടുള്ളതും ഇതുകൊണ്ടാണ്.

ഒരു ലോകയുദ്ധത്തെ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിനുവേണ്ടി പരിശ്രമിക്കുന്നതിന് കമ്മ്യൂണിസ്റ്റുകാർക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും ചൈനീസ് രേഖകളിലൊരിടത്തും ഇത്തരത്തിൽ ഊന്നിപ്പറയുന്നതായി നാം കാണുന്നില്ല

പുതിയ കാലഘട്ടത്തിൽ ഒരു ലോകമഹായുദ്ധം ഒഴിവാക്കാനുള്ള സാദ്ധ്യതയുടെ പ്രശ്നത്തിൽ മോസ്കോ പ്രസ്താവനയുടെ നിലപാട് വളരെ വ്യക്തമാണ്. സാമ്രാജ്യത്വം നിലനിൽക്കുന്ന കാലത്തോളം ആക്രമണയുദ്ധങ്ങൾക്കുള്ള സ്വഭാവം മാറിയിട്ടില്ല. കാരണങ്ങളും ഉണ്ടായിരിക്കും. "സാമ്രാജ്യത്വത്തിന്റെ സ്വഭാവം മാറിയിട്ടില്ല. യുദ്ധവിപത്ത് യാഥാർത്ഥ്യമാണ്. അതേയവസരത്തിൽ യുദ്ധം വിധിവിഹിതംപോലെ അനിവാര്യമല്ല...യുദ്ധമുണ്ടാകണമോ, വേണ്ടയോ എന്ന് തന്നിഷ്ടംപോലെ സാമ്രാജ്യമേധാവികൾക്ക് തീരുമാനിക്കാൻ കഴിഞ്ഞിരുന്ന കാലം അപ്രത്യക്ഷമായിരിക്കുന്നു......സമാധാന ശക്തികളുടെ ശക്തിമത്തായ സംയുക്ത പരിശ്രമങ്ങൾകൊണ്ട് ഒരു പുതിയ യുദ്ധത്തെ തടയാനും സമാധാനം കാത്തുരക്ഷിക്കാനും കഴിയും."

ഈ പ്രശ്നത്തെക്കുറിച്ചുള്ള ചൈനീസ് നിലപാടും വളരെ വ്യക്തമാണ്. "ലെനിനിസം നീണാൾ വാഴട്ടെ" എന്ന ലഘുലേഖയിൽ പ്രസ്താവിച്ചിട്ടുള്ളത് ഇപ്രകാരമാണ്:—"സാമ്രാജ്യ മേധാവികൾ ഒരു യുദ്ധം അഴിച്ചുവിടുമോ ഇല്ലയോ എന്ന് തീരുമാനിക്കേണ്ടത് നമ്മളല്ല. സർവ്വോപരി, നമ്മളല്ല സാമ്രാജ്യ മേധാവികളുടെ സേനാധിപന്മാർ" ഈ വസ്തുത ഒന്നുകൂടി ഊന്നിപ്പറയുന്നതിങ്ങനെയാണ്." നാം ലെനിന്റെ 'ചിന്തയുടെ' കേവലമായ ശരിയിൽ വിശ്വസിക്കുന്നു; യുദ്ധം ചൂഷണവ്യവസ്ഥകളുടെ അനിവാര്യമായ പരിണത ഫലമാണ്." (പേജ് 30)

യുദ്ധം ഒഴിവാക്കുന്നതിന്നതിനുള്ള സാദ്ധ്യതകളെ സംബന്ധിച്ച് ജൂൺ 14-ലെ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി കേന്ദ്രക്കമ്മററിയുടെ കത്തിൽ ഒരേ ശ്വാസത്തിൽ തികച്ചും പരസ്പര വിരുദ്ധങ്ങളായ അഭിപ്രായ പ്രകടനങ്ങൾ നടത്തിയിരിക്കുന്നു.

ആദ്യമായി അതിൽ ഇപ്രകാരം പറയുന്നു.

"യുദ്ധം രാഷ്ട്രീയത്തിന്റെ വേറൊരു രൂപത്തിലുള്ള തുടർച്ചയാണെന്നും ഓരോ യുദ്ധവും അതിനു ജന്മം നൽകിയ രാഷ്ട്രീയ വ്യവസ്ഥയിൽനിന്നും രാഷ്ട്രീയ സമരത്തിൽനിന്നും അവിഭാജ്യമാണെന്നുമുള്ള വസ്തുത മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർക്ക് അറിവുള്ളതാണ്.

"ഓരോ യുദ്ധവും" എന്ന വാക്കിൽ ഒരു ലോകമഹായുദ്ധവും ഉൾപ്പെടുന്നതുകൊണ്ട്, സാമ്രാജ്യത്വം നിലനിൽക്കുന്നിടത്തോളം കാലം, ഒരു ലോക യുദ്ധം അതിൽനിന്ന് അവിഭാജ്യവും അതിനാൽ ലോകശക്തികളുടെ ബലാബലത്തിലുണ്ടാകുന്ന മാററങ്ങൾ എന്തുതന്നെ മാററമുണ്ടായാലും അനിവാര്യവുമാണെന്നാണ് ഇതിന്റെ സ്പഷ്ടമായ അർത്ഥം. പക്ഷെ പ്രസ്തുത രേഖയിൽ മറെറാരു പേജിൽ അവർ നമ്മോട് പറയുന്നത്, "ലോകമെങ്ങുമുള്ള ജനങ്ങൾ സാർവ്വത്രികമായി ആവശ്യപ്പെടുന്നത് പുതിയൊരു ലോകയുദ്ധത്തെ തടയണമെന്നാണ്, ഒരു പുതിയ ലോകയുദ്ധത്തെ തടയുവാൻ സാദ്ധ്യമാണ്"" എന്നത്രെ.

അതേത്തുടർന്ന് "ലോകസമാധാനം നേടിയെടുക്കാനുള്ള മാർഗ്ഗം എല്ലാ രാജ്യങ്ങളിലെയും ജനങ്ങളുടെ സമരങ്ങൾ മാത്രമാണ്. അല്ലാതെ സാമ്രാജ്യകാരികളോട് അതിന്നുവേണ്ടി യാചിക്കുകയല്ല" എന്ന ഒരു തത്വോപദേശവും ഉണ്ട്,

മററുള്ളവർക്കെതിരായി ഇല്ലാത്ത എന്തെങ്കിലും ആരോപണമുന്നയിച്ചിട്ട് യഥാർത്ഥപ്രശ്നത്തിൽനിന്ന് ഒഴിഞ്ഞുമാറുകയെന്ന ചൈനീസ് പാർട്ടി നേതൃത്വത്തിന്റെ വാദരീതിയുടെ ശരിയായ മാതൃകയാണിത്.

സമാധാനത്തിനു വേണ്ടി ആരെങ്കിലും സാമ്രാജ്യത്വത്തോടു് യഥാർത്ഥത്തിൽ യാചന നടത്തുന്നുണ്ടെന്നോ മററാരെങ്കിലും അവസരവാദപരവും, പ്രകോപനപരവും, സാഹസികവുമായ ഒരു വിദേശ നയം പിന്തുടരുന്നുണ്ടെന്നോ ഉള്ളതു് വസ്തുതകളുടെ ഒരു പ്രശ്നമാണു്. അതുകൊണ്ടു് അക്കാര്യം നമുക്കു് പിന്നീടു് ആലോചനയ്ക്കെടുക്കാം.

ലോകത്തെങ്ങുമുള്ള ജനങ്ങൾ എക്കാലത്തും ഒരു ആഗോള യുദ്ധത്തെ എതൃത്തിട്ടുണ്ടു്, സമാധാനത്തിൻെറ പാത സാമ്രാജ്യത്വ ആക്രമണത്തിന്നെതിരായ സമരത്തിൻെറ പാതയാണു്; എന്നാൽ മുമ്പൊരിക്കലും സാദ്ധ്യമല്ലാതിരുന്ന രീതിയിൽ ഇന്നു് ലോകസമാധാനത്തെ ഫലപ്രദമായി കാത്തു രക്ഷിക്കാൻ കഴിയും ഇതാണു് ലളിതമായ കാര്യം. ഒന്നുകിൽ ഒരാൾ ഈ നിലപാടു് അംഗീകരിക്കണം, അല്ലെങ്കിൽ അംഗീകരിക്കാതിരിക്കണം. ഒരു ലോകയുദ്ധം സാമ്രാജ്യത്വത്തിൻെറ അവിഭാജ്യഘടകമാണെന്നു പറയുകയും, അതേ യവസരത്തിൽ തന്നെ ജനങ്ങൾക്കതു തടയാൻ കഴിയുമെന്ന നിലപാടെടുക്കുകയും ചെയ്യുവാൻ സാദ്ധ്യമല്ല. സാമ്രാജ്യത്വവും, ലോകജനതയും തമ്മിൽ ഉള്ള ശക്തികളുടെ ബലാബലം ഇന്നു് മാറിയിട്ടുള്ളതുകൊണ്ടും, സാമ്രാജ്യത്വമല്ല പ്രത്യുത സോഷ്യലിസത്തിൻെറ ശക്തികളാണു് സമുദായത്തിൻെറ ചരിത്രപരമായ വികാസത്തിൻെറ മുഖ്യമായ ഉള്ളടക്കത്തേയും സ്വഭാവങ്ങളെയും മററും ഇന്നു് നിർണ്ണയിക്കുന്നതെന്നതുകൊണ്ടും, സാമ്രാജ്യത്വത്തിന്റെ ആന്തര നിയമങ്ങൾ എന്തുതന്നെയായാലും യുദ്ധത്തെ തടയുക എന്നതു് ഇന്നു് സാദ്ധ്യമായി തീരുന്നു.

യുദ്ധത്തെ തടയുവാനുള്ള സാദ്ധ്യതയുടെ പ്രശ്നത്തെപ്പററി ചൈനാക്കാർക്കുള്ള മറെറാരഭിപ്രായം രണ്ടു് സാദ്ധ്യതകളുമുണ്ടെന്നും, അതുകൊണ്ടു് രണ്ടിനേയും ഒരുപോലെ കണക്കിലെടുക്കണമെന്നുമാണു്. എന്നാൽ സമർത്ഥമായ രീതിയിൽ പ്രശ്നത്തെ കൂട്ടിക്കുഴക്കലാണിതു്. ഒരു ലോകയുദ്ധത്തെ നേരിടുന്നതിനും ഒരു ആക്രമണം അഴിച്ചുവിടുകയാണെങ്കിൽ സാമ്രാജ്യത്വത്തെ പരാജയപ്പെടുത്തുന്നതിനുമായി സൈനികമായി ഒരുങ്ങിയിരിക്കേണ്ട കടമ സംശയ രഹിതമായും, സോവിയററു യൂണിയനും, മററു സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കുമുണ്ടു്. അവർ ആ കർത്തവ്യം പതറിച്ചു കൂടാതെ നിർവ്വഹിക്കുന്നുണ്ടു്. വാസ്തവം പറഞ്ഞാൽ സോവിയററു യൂണിയൻ എററവും ആധുനികമായ യുദ്ധമുറകളുടെ മുമ്പിൽ നിൽക്കുകയും, തങ്ങൾക്കുവേണ്ടി മാത്രമല്ല എല്ലാ സോഷ്യലിസ്റ്റ്-സമാധാന പ്രേമിരാജ്യങ്ങളുടെയും രക്ഷക്കു വേണ്ടിക്കൂടി സ്വന്തം സായുധ ശക്തി നിലനിർത്താൻ കോടിക്കണക്കിനു റൂബിൾ ചെലവഴിക്കുകയും ചെയ്യുന്നുണ്ടു്,

ശീതസമരം അവസാനിപ്പിക്കുന്നതിനും സംഘർഷം ലഘൂകരിക്കുന്നതിനും, അങ്ങിനെ ഒരു യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിൻെറ അപകടത്തെ ഒഴിവാക്കുന്നതിനും വേണ്ടി, സമാധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി, സൈനികമായി ഒരുക്കു കൂട്ടുകയെന്നതുപോലെ തന്നെ നയതന്ത്രപരമായ കൂടിയാലോചനകളും ഒത്തുതീർപ്പുകളും മററും ഉൾക്കൊള്ളുന്ന എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കാൻ നിരന്തരമായും സ്ഥിരമായും, ക്ഷമയോടുകൂടിയും സമാധാനത്തിനുവേണ്ടി ശ്രമങ്ങൾ നടത്തുന്നതിനെ തുരങ്കം വയ്ക്കുന്നതാണു്, രണ്ടു സാദ്ധ്യതകളേയും ഒരുപോലെ കണക്കാക്കുന്ന നിലപാടു്. അതാണു് ഇവിടത്തെ മുഖ്യ പ്രശ്നം.

## (ഇ) സമാധാനപരമായ സഹവർത്തിത്വവും, സമാധാനപരമായ മത്സരവും.

സമാധാനപരമായ സഹവർത്തിത്വത്തിന്റെയും, സമാധാനപരമായ സാമ്പത്തിക മത്സരത്തിന്റെയും പ്രശ്നം ചൈനീസ് തത്വത്തെ സംബന്ധിച്ചിടത്തോളം വളരെ ഇക്കിളിപ്പെടുത്തുന്നതാണ്.

ഈ പ്രശ്നത്തെ സംബന്ധിച്ച് മോസ്കോ പ്രഖ്യാപനത്തിൽവളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഇപ്രകാരം പറയുന്നു:—

"സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ വിദേശ നയം സമാധാനപരമായ സഹവർത്തിത്വം, സോഷ്യലിസ്റ്റ് രാജ്യങ്ങളും മുതലാളിത്ത രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക മത്സരം എന്നീ ലെനിനിസ്റ്റ് തത്വങ്ങളുടെ ഉറച്ച അടിത്തറയിന്മേലാണ് നിലകൊള്ളുന്നത്. സമാധാനത്തിന്റെ സാഹചര്യങ്ങളിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി മുതലാളിത്ത വ്യവസ്ഥിതിയേക്കാൾ മെച്ചപ്പെട്ടതാണെന്ന് അധികമധികം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന സമാധാന മേഖല വികസിക്കും......മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനവും, കോളനികളിലേയും ആശ്രിത രാജ്യങ്ങളിലേയും ദേശീയ വിമോചന പ്രസ്ഥാനങ്ങളും പുതിയ വിജയങ്ങൾ നേടും. കൊളോണിയൽ വ്യവസ്ഥയുടെ തകർച്ച പൂർണ്ണമാകും, സോഷ്യലിസത്തിന്റെയും സമാധാനത്തിന്റെയും ശക്തികളുടെ മേന്മ കേവലമാകും. (പേജ് 23)

"രണ്ടു വ്യവസ്ഥിതികളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു ലോകത്തിൽ സാർവ്വദേശീയ ബന്ധങ്ങളുടെ ശരിയും യുക്തിയുക്തവുമായ ഏകതത്വം... വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥിതികളുള്ള രാജ്യങ്ങൾ തമ്മിൽ സമാധാന പൂർവ്വമായ സഹവർത്തിത്വമെന്ന തത്വമത്രെ. (പേജ് 23)

"സമാധാന പരമായ സഹവർത്തിത്വത്തിന്റെ സാഹചര്യങ്ങളിൽ, മുതലാളിത്ത രാജ്യങ്ങളിൽ വർഗ്ഗസമരത്തിന്റെ വികാസത്തിനും, കോളനികളിലും ആശ്രിത രാജ്യങ്ങളിലും ജനങ്ങളുടെ ദേശീയ വിമോചന പ്രസ്ഥാനത്തിന്റെ വികാസത്തിനും അനുകൂലമായ അവസരങ്ങൾ ലഭിക്കുന്നു." (പേജ് 24)

അതോടൊപ്പം, അതു വ്യക്തമായിപ്പറയുന്നതു് "വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥിതികളോടുകൂടിയ രാജ്യങ്ങൾ തമ്മിലുള്ള സഹവർത്തിത്വമെന്നതു് സോഷ്യലിസവും' മുതലാളിത്വവും തമ്മിലുള്ള വർഗ്ഗസമരത്തിന്റെ തന്നെ ഒരു രൂപമാണ്." എന്നത്രെ· രാജ്യങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിന്റെ അർത്ഥം വർഗ്ഗസമരം പരിത്യജിക്കലൊ, സോഷ്യലിസ്റ്റ് ആശയ സംഹിതയും മുതലാളിത്താശയ സംഹിതയും തമ്മിലുള്ള അനുരഞ്ജനമോ അല്ല. എന്ന മുന്നറിയിപ്പ് അതു നൽകുന്നുണ്ട്.

മുഴുവൻ നിലപാടും ഇത്രയും വ്യക്തമായി പ്രസ്താവിച്ചിരിക്കെ, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം പലതരം വ്യത്യസ്ത ധാരണകളും രൂപീകരിക്കുന്നതിന്റെ ആവശ്യമെന്താണ്? സമാധാനപരമായ സഹവർത്തിത്വത്തിന്റെ സത്തയെ, സോവിയറ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയും സഹോദര പാർട്ടികളും പ്രയോഗത്തിൽ, നശിപ്പിക്കുന്നുവെന്ന് ആരോപണമുന്നയിക്കുകയാണവർക്കാവശ്യം. ഇതു മറെറാരു കാര്യമായതു കൊണ്ടു് പിന്നീടൊരവസരത്തിൽ പ്രതിപാദിക്കാം. പക്ഷെ വ്യത്യസ്തമായ ധാരണകൾ മുന്നോട്ടു വയ്ക്കുന്നതിന് അതൊരു ന്യായീകരണമാകുന്നില്ല. അത്തര

ത്തിലുള്ള ധാരണകളുടെ ഒരേയൊരർത്ഥം. മോസ്കോ പ്രഖ്യാപനത്തിന്റെ നിലപാടുകളുടെ പ്രാധാന്യത്തെ നിസ്സാരമാക്കി വല കുറച്ചു കാണുകയും, ദേശീയ സ്വാതന്ത്ര്യത്തിനും. സോഷ്യലിസത്തിനും വേണ്ടിയുള്ള സമരത്തിൽ സമാധാന പരമായ സഹവർത്തിത്വത്തിന്റെയും, സാമ്പത്തിക മത്സരത്തിന്റെയും പങ്കിനെ നിഷേധിക്കുകയും ചെയ്യാൻ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം ആഗ്രഹിക്കുന്നു എന്നാണ്.

1963 ജൂൺ 14-ാംതീയതിയിലെ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി കേന്ദ്രക്കമ്മററിയുടെ കത്തിൽ പറയുന്നതിപ്രകാരമാണ്......"പക്ഷെ സോഷ്യലിസ്റ്റ് രാജ്യങ്ങൾ കൈക്കൊള്ളുന്ന വിദേശ നയത്തിന്റെ പൊതു മാർഗ്ഗം സമാധാന പരമായ സഹവർത്തിത്വത്തിൽ മാത്രം പരിമിതപ്പെട്ടു നിൽക്കുകയാണെങ്കിൽ, സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിലോ, സോഷ്യലിസ്റ്റ് രാജ്യങ്ങളും. മർദ്ദിത ജനതകളും രാഷ്ട്രങ്ങളും തമ്മിലോ ഉള്ള ബന്ധങ്ങളെ ശരിയായവിധ കൈകാര്യം ചെയ്യാൻ സാദ്ധ്യമല്ല. അതുകൊണ്ട് സമാധാനപരമായ സഹവർത്തിത്വത്തെ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ വിദേശ നയത്തിന്റെ പൊതുമാർഗ്ഗമാക്കിത്തീർക്കുന്നതു തെററാണ്".

ഇത്തരമൊരു ആശയ കുഴപ്പനുലാമാല എഴുതിയുണ്ടാക്കുവാൻ വിഷമമാണ്

ആദ്യമായി, സമാധാനപരമായ സഹവർത്തിത്വം കൈകാര്യംചെയ്യുന്നതു് സോഷ്യലിസ്റ്റ് രാജ്യങ്ങളും, മുതലാളിത്വ രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങളെയാണ്, അല്ലാതെ സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിൽത്തമ്മിലുള്ള ബന്ധങ്ങളെയല്ല. സൌഹാർദ്ദപരമായ ഐക്യത്തിന്റെയും, സഹായത്തിന്റെയും ബന്ധമാണ് സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിലുള്ളതു്.

രണ്ടാമതു സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ വിദേശ നയത്തെ സമാധാന പരമായ സഹവർത്തിത്വത്തിൽ "ഒതുക്കി നിർത്തുന്നു" വെന്നു് പറയുന്നതു വഴി, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ സ്വയം സമ്മതിക്കുന്നതു് സമാധാന പരമായ സഹവർത്തിത്വത്തെതന്നെയും സോഷ്യലിസവും, മുതലാളിത്വവുമായുള്ള വർഗ്ഗസമരത്തിന്റെ ഒരു രൂപമായി അവർ കണക്കാക്കുന്നില്ലെന്നാണ്, അതായതു് അവരുടെ അഭിപ്രായത്തിൽ സമാധാന പരമായ സഹവർത്തിത്വമെന്നാൽ ലോകത്തെ സാമ്രാജ്യത്വ മേഖലയെന്നും സോഷ്യലിസ്റ്റ് മേഖലയെന്നും രണ്ടായി മരവിപ്പിക്കുകയെന്നാണ്. ഇപ്രകാരമുള്ള വളരെ വിചിത്രമായ ഒരു നിലപാടെടുത്ത ശേഷം. അവർ തിരിഞ്ഞുനിന്നു് പറയുന്നതു് സമാധാനപരമായ സഹവർത്തിത്വത്തെ സോഷ്യലിസ്ററ് രാജ്യങ്ങളുടെ വിദേശ നയത്തിന്റെ പൊതു നയമായി കണക്കാക്കുകയാണെങ്കിൽ അതു് ദേശീയ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിൽ മർദ്ദിത ജനതകളെയും, രാഷ്ട്രങ്ങളെയും സഹായിക്കുന്നതിൽനിന്നു് സോഷ്യലിസ്റ്റ് രാജ്യങ്ങളെ തടയുമെന്നാണ്.

"സാമ്രാജ്യത്വ-കൊളോണിയൽ ഭീകരതയിൽ നിന്നു് സ്വയം മുക്തരാകാൻ വേണ്ടി പൊരുതുന്ന ജനങ്ങൾക്കു് ധാർമ്മികവും ഭൌതികവുമായി പരിപൂർണ്ണ സഹായം നൽകുക എന്നതു് തങ്ങളുടെ കടമയാണെന്നു് എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളും സാർവ്വദേശീയ തൊഴിലാളി വർഗ്ഗ-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കരുതുന്നു. എന്നു് മോസ്കോ പ്രസ്താവനയിൽ അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുണ്ട്.

അപ്പോൾ പിന്നെ അത്തരം സഹായവും സമാധാനപരമായ സഹവർത്തിത്വമെന്ന നയവും തമ്മിൽ എവിടെയാണ് സംഘട്ടനം.

സമാധാനപരമായ സഹവർത്തിത്വമെന്ന സിദ്ധാന്തത്തെക്കുറിച്ചുള്ള ലെനിന്റെ ധാരണകളെ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാർ വികൃതമാക്കുകയും, നിഷേധിക്കുകയുമാണ് ചെയ്യുന്നതെന്ന അവരുടെ വാദഗതിക്ക് തെളിവായി 1963 ഡിസംബർ 13-ാം തീയതിയിലെ "ഹോങ്കി" യുടെയും "പീപ്പിൾസ് ഡെയ്‌ലി"യുടെയും മുഖപ്രസംഗങ്ങൾ ലെനിനെ ഉദ്ധരിക്കുന്നുണ്ട്. എന്താണ് അവരുടെ ഉദ്ധരിണികൾ?

"സോവിയറ്റ് റിപ്പബ്ലിക്കും, സാമ്രാജ്യത്വ രാജ്യങ്ങളും ഇരുഭാഗങ്ങളായി വളരെക്കാലത്തേക്ക് നിലനിൽക്കുമെന്നുള്ളത് അചിന്ത്യമാണ്. ഒന്നല്ലെങ്കിൽ മറ്റൊന്ന് അവസാനം വിജയം കൈവരിക്കണം. അത്തരത്തിലൊരവസാനം സംഭവിക്കുന്നതിനു മുൻപായി, ബൂർഷ്വാ ഭരണകൂടങ്ങളും, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കും തമ്മിലുള്ള ഭയാനകമായ ഏറ്റുമുട്ടലുകളുടെ ഒരു പരമ്പര തന്നെ അനിവാര്യമായിത്തീരും."

സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടിനെതിരായി ലെനിനെ ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നതിന്റെ അർത്ഥം, സോഷ്യലിസ്റ്റ് രാജ്യങ്ങളും, സാമ്രാജ്യത്വ രാജ്യങ്ങളും തമ്മിൽ ഒരു ലോകയുദ്ധം ഇപ്പോഴും അനിവാര്യമാണെന്ന് ചൈനീസ് കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്ക് അഭിപ്രായമുണ്ടെന്നാണ്. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഈ പ്രശ്നത്തിൽ അതിന്റെ നിലപാടിൽ മാറ്റം വരുത്തിക്കഴിഞ്ഞിരിക്കെ, ആരാണ് ലെനിനെ ഒരു മന്ത്രംപോലെ ഉദ്ധരിക്കുന്നതെന്നും, ആരാണ് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ഈ പുതിയ കാലഘട്ടത്തിൽ ശരിയായി പ്രയോഗിക്കുന്നതെന്നും ചരിത്രം തീരുമാനിച്ചു കൊള്ളും.

രണ്ടാമത്തെ പരാമർശനത്തിൽ പറയുന്നു;—

"മുതലാളിത്തത്തെ കടപുഴക്കിയെറിയാനുള്ള ലോകമെങ്ങുമുള്ള തൊഴിലാളികളുടെ വിഷമം പിടിച്ച സമരത്തിൽ അവരെ സഹായിക്കുക എന്നത് സോവിയറ്റ് റഷ്യ അവരുടെ ഏറ്റവും വലിയ അഭിമാനമായി കണക്കാക്കുന്നു" (പേജ് 7)

സോവിയറ്റ് യൂണിയൻ മറ്റു രാജ്യങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നില്ലെന്നുള്ള ആരോപണം, തെളിയിക്കാനാണ് ഈ ഉദ്ധരണി എങ്കിൽ അത് വെറും അപവാദമാണ്, സോവിയറ്റു യൂണിയനിൽ കമ്യൂണിസം കെട്ടിപ്പടുക്കുകയും, സാമ്രാജ്യത്വ ആക്രമണത്തേയും, മറ്റു രാജ്യങ്ങൾക്കെതിരായ സാമ്രാജ്യത്വ ആക്രമണ ഭീഷണികളേയും പരാജയപ്പെടുത്തുകയും, നിരായുധീകരണത്തിനു വേണ്ടി പോരാടുകയും പുതിയതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾക്ക് സാമ്പത്തികവും, സൈനികവുമായ സഹായങ്ങൾ നൽകുകയും തൊഴിലാളി സംഘടനകളുടെ ലോകഫെഡറേഷനിൽ സോവിയറ്റ് ട്രേഡ്‌യൂണിയൻ അതിന്റെ പങ്കു വഹിക്കുകയും മറ്റും ചെയ്യുന്നതിലൂടെ സോവിയറ്റ് യൂണിയൻ മുതലാളിത്വ രാജ്യങ്ങളിലെ തൊഴിലാളികൾ നടത്തിവരുന്ന സമരങ്ങളെ സഹായിക്കുന്നുണ്ട്. സമാധാനപരമായ സഹവർത്തിത്വമെന്ന നയത്തിന്റെ വ്യാപ്തിയെ പരിമിതപ്പെടുത്തുന്നതിനെ ന്യായീകരിക്കാൻ വേണ്ടിയാണ് ലെനിന്റെ ഈ വാചകം ഉദ്ധരിച്ചിട്ടുള്ളതെങ്കിൽ അത് ലെനിനെ ആപൽക്കരമായ രീതിയിൽ ദുർവ്യാഖ്യാനിക്കലാണ്. രാജ്യങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വമെന്ന സിദ്ധാന്തത്തെലംഘിച്ചുകൊണ്ട് അതായതു ലോകബൂർഷ്വാസിക്കെതിരായി ലോക തൊഴിലാളി വർഗ്ഗത്തിന്റെ ഒരു വിപ്ലവയുദ്ധം പ്രഖ്യാപിച്ചുകൊണ്ട്—മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളികളുടെ

സമരത്തെ സോവിയററുയൂണിയൻ സഹായിക്കണമെന്ന ആശയത്തെ ലെനിൻ ഒരിക്കലും പൊറുത്തിട്ടില്ല. വിപ്ലവം "കയററുമതി" ചെയ്യുന്നതിന്നെതിരായും, പുറത്തുനിന്നും വിപ്ലവം "തിരുതിക്കയററു"ന്നതിനെതിരായും അദ്ദേഹം ശക്തിയായി ഉറച്ചു നിന്നു. മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗത്തെ സഹായിക്കുന്നതിൽ സോവിയററു യൂണിയൻെറ കടമകളെപ്പററി മേൽപ്പറഞ്ഞ ധാരണകളുണ്ടായിരുന്ന ട്രോട്സ്കിയിസ്റ്റുകളെയാണ് ഇപ്പോൾ ചൈനീസ് നേതാക്കൾ പിന്താങ്ങുന്നതു്.

സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ വിദേശ നയത്തിൻെറ അടിസ്ഥാന തത്വം സമാധാന പരമായ സഹവർത്തിത്വമാണെന്ന് നിർവ്വചിക്കരുതെന്നും പിന്നെയൊ തൊഴിലാളിവർഗ്ഗ സാർവ്വദേശീയത്വ മാണെന്ന് പ്രഖ്യാപിക്കണമെന്നമാണ് ചൈനീസ് നേതാക്കൾ പറയുന്നതു്. (പീപിൾസ് ഡെയിലി—12-12-63) അത്തരത്തിലൊരു നിഗമനം കൊണ്ടെന്താണ് പ്രയോജനം?

ലോക രാഷ്ട്രീയ ഗതികൾക്ക് രൂപം കൊടുക്കുന്നതിൽ സോഷ്യലിസവും, മുതലാളിത്തവും തമ്മിലുള്ള സമാധാന പരമാത സാമ്പത്തിക മത്സരത്തിൻെറ പങ്കിൻെറ നേരെ പൂർണ്ണമായും കണ്ണടച്ചുകൊണ്ടു്. ലെനിൻെറ ഒരു മഹത്തായ ദീർഘദർനങ്ങളിലൊന്നിനെ അപഹാസ്യമായ വിധത്തിൽ നിസ്സാരമാക്കിയ ശേഷം അതിനെ തകർക്കാൻ ശ്രമിക്കുകയുമാണ് ചൈനീസ് നേതാക്കന്മാർ ചെയ്യുന്നതു്.

മോസ്കോ പ്രഖ്യാപനത്തിൽ പറയുന്നതു്:—

"സോഷ്യലിസം വിളയിച്ചു കഴിഞ്ഞ രാജ്യങ്ങൾ ലോകവിപ്ലവ വികാസത്തിൽ സ്വാധീനം ചെലുത്തുന്നതു് മുഖ്യമായും അവയുടെ സാമ്പത്തിക നിർമ്മാണം കൊണ്ടായിരിക്കുമെന്ന ലെനിൻെറ ദീർഘദർശനം ശരിയാണെന്ന് സാമൂഹ്യ വികാസത്തിൻെറ ഗതി തെളിയിക്കുന്നു."

അതോടൊപ്പം "സ്വന്തം ഉദാഹരണത്തിൻെറ ശക്തികൊണ്ടു് ലോക സോഷ്യലിസ്റ്റ് വ്യവസ്ഥ മുതലാളിത്ത രാജ്യങ്ങളിലെ ജനങ്ങളുടെ ചിന്തയിൽ വിപ്ളവകരമായ മാററങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്തത്തിന്നെതിരായി പോരാടാൻ അതു് അവരെ ആവേശം കൊള്ളിക്കുന്നു. ആ സമരത്തെ അതു് വളരെയധികം സുഗമമാക്കുന്നു. (പേജ് 3)

ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മററിയുടെ കത്തിൽ ഇതിനെപ്പററിയെന്താണ് പറയുന്നതു്? ചില പരിഹാസ കുത്തുവാക്കുകളല്ലാതെ മറെറാന്നുമില്ല. "മർദ്ദിത ജനതയുടെയും രാഷ്ട്രങ്ങളുടെയും വിപ്ലവ സമരങ്ങൾക്കു പകരം സമാധാന പരമായ മത്സരത്തെ അവരോധിക്കാനുള്ള ശ്രമത്തിൽ ചിലയാളുകൾ സോഷ്യലിസ്റ്റ് രാജ്യങ്ങളും മുതലാളിത്ത രാജ്യങ്ങളും തമ്മിലുള്ള സമാധാന പരമായ മത്സരത്തിൻെറ പങ്കിനെ ഏകപക്ഷീയമായി ഊതി വീർപ്പിച്ചു കാണിച്ചിട്ടുണ്ടു്. ഇക്കൂട്ടർ പറയുന്നതുകേട്ടാൽ തോന്നും, സമാധാനപരമായ ഈ മത്സര വേളയിൽ സാമ്രാജ്യത്വം സ്വയമേവ നിലംപതിക്കുമെന്ന്. ആ ദിവസത്തിൻെറ ആഗമനവും പ്രതീക്ഷിച്ചു് ശാന്തമായി കാത്തിരിക്കുക മാത്രമാണ് മർദ്ദിത ജനതകൾക്കും രാഷ്ട്രങ്ങൾക്കും ചെയ്യാനുള്ള ഏക കടമയെന്ന്."

ഇത്തരമൊരു പ്രസ്താവനയെ ആർക്കും ഗൌരവമായെടുക്കാൻ സാദ്ധ്യമല്ല.

## (എഫ്) നിരായുധീകരണത്തിന്ന വേണ്ടിയുള്ള സമരം

സമാധാനത്തിനും, സമാധാനപരമായ സഹവർത്തിത്വത്തിനും വേണ്ടിയുള്ള സമരത്തന്റെ ഒരു ജീവത്തായ ഭാഗമാണ് നിരായുധീകരണത്തിന്ന വേണ്ടിയുള്ള സമരവും അതിന്റെ സാദ്ധ്യതകളും. ' ഈ സമരത്തിന്റെ പ്രാധാന്യവും ലക്ഷ്യങ്ങളും സാമ്രാജ്യവാദികളുടെ അക്രമണോദ്ദേശങ്ങളേയും സമാധാനത്തെ കുറിച്ചുള്ള വഞ്ചനാപരമായ അവരുടെ സംസാരത്തേയും തുറന്നുകാണിക്കുന്നതിൽ മാത്രം ഒതുങ്ങിനില്ക്കാതായിരിക്കുന്നു,

മോസ്കോപ്രഖ്യാപനം പറയുന്നതിപ്രകാരാണ്:-

“പൊതുവും പൂർണ്ണവുമായ നിരായുധീകരണത്തിന്ന വേണ്ടി സോവിയററ്യൂനിയൻ മുന്നോട്ടുവെച്ചിട്ടുള്ള പരിപാടി നടപ്പിലാക്കുകയെന്നതു് മനുഷ്യസമുദായത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ചരിത്രപ്രാധാന്യമുള്ളതാണെന്നു സമ്മേളനം കരുതുന്നു. ഈ പരിപാടി നടപ്പിലാക്കുകയെന്നതിന്നർത്ഥം, രാജ്യങ്ങൾ തമ്മിൽ യുദ്ധംചെയ്യുന്നതിന്നുള്ള സാദ്ധ്യതയെത്തന്നെ ഇല്ലാതാക്കുകയെന്നാണ്. സാമ്രാജ്യാധിപതികൾ മർക്കടമുഷ്ടിയോടെ ചെറുക്കുന്നതുനിമിത്തം ഇതു സാധിക്കുക അത്ര എളുപ്പമല്ല. ഈ പരിപാടി പ്രയോഗത്തിൽ വരുത്തുക എന്ന ലക്ഷ്യത്തോടെ ആക്രമണോത്സുകരായ സാമ്രാജ്യത്വശക്തികൾക്കെതിരായി ഊർജ്ജസ്വലവും നിർണ്ണായകവുമായ സമരം നടത്തേണ്ടതാവശ്യമാണ്. വർദ്ധമാനമായ തോതിൽ ഈ സമരം നടത്തുകയും വ്യക്തമായ ഫലങ്ങൾ നേടുവാൻവേണ്ടി അക്ഷീണം യത്നിക്കുകയുംചെയ്യേണ്ടതു് അതായതു അണുവായുധങ്ങളുടെ പരീക്ഷണവും നിർമ്മാണവും നിരോധിക്കുന്നതിന്നുവേണ്ടി, പട്ടാളക്കൂട്ടുകെട്ടുകളും, വിദേശരാജ്യങ്ങളിലെ പട്ടാളത്താവളങ്ങളും ഇല്ലാതാക്കുന്നതിന്നുവേണ്ടി, സൈന്യങ്ങളും ആയുധങ്ങളും ഗണ്യമായി കുറവുചെയ്യുന്നതിന്നുവേണ്ടി സമരംചെയ്യേണ്ടതു് വളരെ ആവശ്യമാണ്. ഇവയെല്ലാം പൊതുനിരായുധീകരണത്തിന്നുള്ള മാർഗ്ഗം തുറക്കുന്നതാണ്.

അപ്രകാരമൊരു ഫലമുണ്ടാക്കുന്നതിന്നുള്ള സാദ്ധ്യതകളെപ്പററി മോസ്കോപ്രഖ്യാപനം പറയുന്നതിപ്രകാരമാണ്:-

“സോഷ്യലിസ്റ്റ്‌രാജ്യങ്ങളുടേയും സമാധാനം കാംക്ഷിക്കുന്ന മററു രാജ്യങ്ങളുടേയും ലോകതൊഴിലാളിവർഗ്ഗത്തിന്റേയും, എല്ലാ രാജ്യങ്ങളിലേയും ജനസാമാന്യത്തിന്റേയും ഊർജ്ജസ്വലവും ദൃഢനിശ്ചയത്തോടുകൂടിയതുമായ സമരത്തിലൂടെ ആക്രമണവൃത്തങ്ങളെ ഒററപ്പെടുത്തുവാനും ആയുധപ്പന്തയത്തേയും യുദ്ധസജ്ജീകരണങ്ങളേയും പരാജയപ്പെടുത്തുവാനും പൊതുനിരായുധീകരണത്തിന്നുവേണ്ടിയുള്ള ഒരു കരാറിലൊപ്പുവെക്കാൻ സാമ്രാജ്യമേധാവികളെ നിർബന്ധിക്കുവാനും കഴിയുന്നതാണ്.” (പേജ് 25)

നിരായുധീകരണത്തിന്റെ സാമൂഹ്യപ്രാധാന്യത്തെപ്പററിപ്പറയുന്നതിങ്ങനെയാണ്. “ഓരോ രാജ്യത്തിലും നിരായുധീകരണംമൂലം മിച്ചംവരുന്ന പണവും വിഭവങ്ങളും ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേററാനുള്ള ഉല്പാദനത്തിരും, ഗൃഹനിർമ്മാണം, ആരോഗ്യം, പൊതുവിദ്യാഭ്യാസം സാമൂഹ്യരക്ഷ, ശാസ്ത്രീയഗവേഷണം തുടങ്ങിയവയ്ക്കുംവേണ്ടി ഉപയോഗപ്പെടുത്തുന്നതിന്ന വിശാലമായ ഒരു ബഹുജനപ്രസ്ഥാനം ഉയർത്തിക്കൊണ്ടുവരേണ്ടതാവശ്യമാണ്...സജീവവും ദൃഢനിശ്ചയത്തോടുകൂടിയതുമായ ഒരു

സമരത്തിലൂടെ ജനങ്ങളുടെ ഈ ആവശ്യം അംഗീകരിക്കുവാൻ സാമ്രാജ്യാധിപതികളെ നിർബന്ധിക്കുകതന്നെ വേണം.

നിരായുധീകരണത്തിൻെറ പ്രശ്നത്തിൽ മോസ്കോപ്രഖ്യാപനം തിരുത്തിയെഴുതൽവാദപരമോ, സമരവിരോധപരമോ ആയ സമീപനത്തിന്ന് യാതൊരു വിധത്തിലും ഇടംകൊടുക്കുന്നില്ല, അതേയവസരത്തിൽ, സ്പഷ്ടമായ ഫലങ്ങൾ ഉളവാക്കിക്കൊണ്ട്, ഇന്നത്തെ പുതിയ സാഹചര്യങ്ങളിൽ എങ്ങിനെയാണ് പടിപടിയായി നിരായുധീകരണം സാദ്ധ്യമാക്കാൻ കഴിയുന്നതെന്ന അതു വ്യക്തമായി ചൂണ്ടിക്കാണിക്കുന്നുമുണ്ട്.

1957 ൽ കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികൾ പറപ്പെടുവിച്ച സമാധാന മാനിഫെസ്റ്റോ മററു കാര്യങ്ങളോടൊപ്പം 'ആററംഹൈഡ്രജൻ ആയുധങ്ങൾ നിർമ്മിക്കുന്നതും, ഉപയോഗിക്കുന്നതും നിരോധിക്കണമെന്നും **അതിൻെറ ആദ്യപടിയായി ഇത്തരം ആയുധങ്ങളുടെ പരീക്ഷണം ഉടൻ നിർത്തിവെക്കണമെന്നും"** ആവശ്യപ്പെടുകയുണ്ടായി. (പേജ് 23 പന്ത്രണ്ടുപാർട്ടികളുടെ പ്രഖ്യാപനം—വലിയ ടൈപ്പിലുള്ളതു് ശ്രദ്ധിക്കുക)

പക്ഷെ ചൈനീസ്കമ്യൂണിസ്റ്റ്പാർട്ടിനേതാക്കന്മാർ ഇതുകൊണ്ടു തൃപ്തരല്ല. നിരായുധീകരണത്തിന്നുവേണ്ടി ആഹ്വാനംചെയ്യുന്നവരെ സാമ്രാജ്യാത്വത്തെക്കുറിച്ച വ്യാമോഹങ്ങൾ വച്ചുപുലർത്തുന്നവരെന്ന അവർ കുററപ്പെടുത്തുകയാണ്. മനുഷ്യൻ മനുഷ്യനെതിരായി നടത്തുന്ന എല്ലാ ചൂഷണങ്ങൾക്കും അറുതിവരുത്തുമ്പോൾ മാത്രമേ നിരായുധീകരണം സാദ്ധ്യമാവുകയുള്ളുവെന്ന അവർ നിർബ്ബന്ധംപിടിക്കുന്നു.

ജൂൺ 14-ാം തീയതിയിലെ ചൈനീസ്കത്തിൽ പറയുന്നതു നോക്കുക:-

സാമ്രാജ്യത്വത്തിൻ്റെയും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതിൻ്റെയുംവ്യവസ്ഥനിലനില്ക്കുമ്പോൾതന്നെ. പൊതുവായ, പൂർണ്ണനിരായുധീകരണത്തിൽ കൂടി യുദ്ധങ്ങളില്ലാത്ത, സായുധസേനകളില്ലാത്ത ആയുധങ്ങളില്ലാത്ത ഒരു ലോകം നിലവിൽ കൊണ്ടുവരാൻ സാദ്ധ്യമാണെന്ന് ചിലയാളുകൾ യഥാർത്ഥത്തിൽ ഇപ്പോൾ വാദിക്കുന്നുണ്ട്. ഇതു് വെറും വ്യാമോഹമാണ്, (പേജ് 23)

1963 നവമ്പർ 19-ാം തീയതിയിലെ 'ഹോങ്കി'യുടെയും 'പീപ്പിൾസ് ഡെയിലി'യുടെയും മുഖപ്രസംഗങ്ങളിൽ, കൌട്സ്കിയുടെ "നിരായുധീകരണത്തിൽ കൂടി ലഭിക്കുന്ന പണം പിന്നണിരാജ്യങ്ങളെ സഹായിക്കുന്നതിന്ന് ഉപയോഗിക്കാമെന്ന "അബദ്ധ സിദ്ധാന്ത"ത്തെ സോവിയററ് നേതൃത്വം പ്രചരിപ്പിക്കുകയാണെന്ന് ആരോപിച്ചിരിക്കുന്നു.

ചൈനീസ്കമ്യൂണിസ്റ്റ്പാർട്ടിയുടെ കത്തിൽ തുടർന്നു പറയുന്നു:

സാമ്രാജ്യമേധാവികളുടെ ആയുധവിപുലീകരണങ്ങളേയും, യുദ്ധസന്നാഹങ്ങളേയും തുറന്നുകാണിക്കുന്നതിന്നും നേരിടുന്നതിന്നും പൊതുനിരായുധീകരണത്തിന്നുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കേണ്ടതാവശ്യമാണെന്ന് ഞങ്ങൾ എന്നും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

അതിലുപരിയായി, "മാർക്സിസം—ലെനിനിസത്തിൻെറ പ്രാഥമികജ്ഞാനം നമ്മോടു് പറയുന്നതു് ആയുധങ്ങളും സായുധസേനകളും ഇല്ലാത്ത ലോകമെന്ന പറയുന്നതു് സ്റ്റേററുകളില്ലാത്ത ഒരു ലോകം മാത്രമേ ആയിരിക്കു എന്നാണ്". സ്റ്റേററുകളില്ലാത്ത ഒരു ലോകം നിലവിൽ വരുന്നതു് ലോ

കകമ്യൂണിസത്തിൻെറ പരിപൂർണ്ണവിജയത്തിൽ കൂടി മാത്രമേ കഴിയൂ എന്നതുകൊണ്ടും. നിരായുധീകരണത്തിനു് അതുവരെ കാത്തിരിക്കണം. ഇതു് മോസ്കോപ്രഖ്യാപനത്തിൻെറ ഒരു നിഷേധമല്ലെങ്കിൽ മറെറന്താണു്?

അതിനുശേഷം നമ്മോടു പറയുന്നതു് "നിരായുധീകരണത്തിനു ഏതെങ്കിലും തരത്തിലുള്ള ഒരു ഉടമ്പടി അംഗീകരിക്കുവാൻ സാമ്രാജ്യത്വത്തെ നിർബന്ധിക്കുവാൻ സാദ്ധ്യമാണു്" എന്നത്രെ. ഏതെങ്കിലും തരത്തിലോ? ഏതുതരത്തിൽ? അതുചൈനീസ് കമ്യൂണിസ്റ്റ്നേതാക്കൾ നമ്മളോടു പറയുന്നുമില്ല.

## (ജി) സമാധാനപരമായ പരിവർത്തനം

മറെറല്ലാത്തിലുമെന്നപോലെ. ഈ പ്രശ്നത്തിലും ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി മോസ്കോപ്രഖ്യാപനത്തിൻെറ നിലപാടുകളെ വികൃതമാക്കിക്കാണിക്കുകയും അതിനുശേഷം അതു് തിരുത്തിയെഴുത്തൽവാദപരമാണെന്നും മറെറന്തെല്ലാമോ ആണെന്നും പറഞ്ഞു് എതിർക്കുകയും ചെയ്യുന്നു. ഈ പ്രശ്നത്തിൽ മോസ്കോപ്രഖ്യാപനത്തിന്റെ പൂർണ്ണമായ നിലപാടു താഴെകൊടുക്കുന്നു." ഏകീകൃതമായൊരുതൊഴിലാളവർഗ്ഗവും, വിവിധപാർട്ടികളും പൊതുസംഘടനകളും തമ്മിൽ ഒരു ജനകീയ മുന്നണിയും, അല്ലെങ്കിൽ മറേറതെങ്കിലും രൂപത്തിലുള്ള ഒത്തുതീർപ്പുകളും രാഷ്ട്രീയസഹകരണവും ഉണ്ടെങ്കിൽ; പല മുതലാളിത്ത രാജ്യങ്ങളിലും തൊഴിലാളിവർഗ്ഗത്തിനു് അതിൻെറ മുന്നണിയുടെ നേതൃത്വത്തിൽ ബഹുഭൂരിപക്ഷം ജനങ്ങളെ യോജിപ്പിക്കുവാനും ആഭ്യന്തരയുദ്ധം കൂടാതെ ഭരണാധികാരം നേടാനും ജനങ്ങളുടെ കൈകളിലേക്കു് മൗലികങ്ങളായ ഉൽപ്പാദനോപകരണങ്ങൾ കൈമാററം ചെയ്യുന്നതിന്നുറപ്പുണ്ടാക്കാനും ഉള്ള അവസരം ഇന്നു സംജാതമായിട്ടുണ്ടു്. ജനങ്ങളിൽ ബഹുഭൂരിപക്ഷത്തെ ആശ്രയിച്ചുകൊണ്ടും മുതലാളികളും ഭൂവുടമകളുമായി സന്ധിചെയ്യുക എന്ന നയം ഉപേക്ഷിക്കാൻ കഴിയാത്ത അവസരവാദികളെ സുദൃഢമായെതിർത്തുകൊണ്ടും തൊഴിലാളിവർഗ്ഗത്തിന്നു് പിന്തിരിപ്പൻവിരുദ്ധശക്തികളെ തോല്പിക്കാൻകഴിയും; പാർലിമെന്റിനെബൂർഷ്വാസിയുടെ വർഗ്ഗതാൽപ്പര്യങ്ങളെ സേവിക്കുന്ന ഒരുപകരണമെന്നതിൽനിന്നു് അദ്ധ്വാനിക്കുന്ന ജനതയെ സേവിക്കുന്ന ഒരുപകരണമാക്കി മാററാൻ കഴിയും. പാർലിമെൻറിനു പുറത്തു് ബഹുജനസമരം അഴിച്ചുവിടുകയും പിന്തിരിപ്പൻശക്തികളുടെ ചെറുത്തുനിൽപ്പിനെ തകർപ്പണമാക്കുകയും സോഷ്യലിസ്റ്റ്വിപ്ളവത്തിൻെറ സമാധാനപരമായ സാക്ഷാൽക്കരണത്തിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യാൻ കഴിയും. കുത്തകമൂലധനത്തിനും പ്രതിലോമശക്തികൾക്കുമെതിരായും. അവഗാഢമായ സാമൂഹ്യപരിഷ്ക്കാരങ്ങൾക്കും സമാധാനത്തിനും സോഷ്യലിസത്തിനുംവേണ്ടിയും. തൊഴിലാളികളുടേയും കർഷകജനങ്ങളുടേയും നഗരങ്ങളിലെ ഇടത്തരക്കാരുടെയും വർഗ്ഗസമരം വിപുലമായും അനവരതമായും വളർത്തിക്കൊണ്ടുവന്നാൻ മാത്രമെ ഇതെല്ലാം സാധിക്കുകയുള്ളു".

കൂടാതെ, "ജനങ്ങൾക്കെതിരായി ചൂഷകവർഗ്ഗങ്ങൾ അക്രമമുപയോഗിക്കുന്ന സാഹചര്യത്തിൽ സോഷലിസത്തിലേക്കുള്ള സമാധാനേതരപരിവർത്തനത്തിന്റെ സാദ്ധ്യതയും മനസ്സിലുണ്ടാകണം. ഭരണാധികാരി വർഗ്ഗങ്ങൾ സ്വമേധയാ അധികാരം ഒരിക്കലും കൈവിടുകയില്ലെന്നു് ലെനിനിസം പഠിപ്പിക്കുകയും അനുഭവം **സ്ഥിരീകരിക്കുക**യും ചെയ്യുന്നുണ്ടു്. (പേജ് 40–41)

ഈ പ്രശ്നത്തെ സംബന്ധിച്ചു് ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിനേതാക്കളുടെ നിലപാടെന്താണു്? 1957 ലെ മോസ്കോ സമ്മേളനത്തിൽ

അവരുടെ അഭിപ്രായങ്ങളുടെ ഒരു രൂപരേഖ സമർപ്പിക്കുകയുണ്ടായി. (1963 സെപ്തംബർ 6-ാംതീയതി "ഹോങ്ങ്കി"യും "പീപ്പിൾസ് ഡെയിലി"യും അതു അനുബന്ധമായി പ്രസിദ്ധീകരിച്ചിരുന്നു.) ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മിററിയുടെ ജൂൺ 14-ാംതീയതിയിലെ കത്തിൽ അതേ നിലപാട് ആവർത്തിക്കുന്നുണ്ട്.

രൂപരേഖയിൽ പറയുന്നു:—

"സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ഇന്നത്തെ സ്ഥിതിയിൽ സമാധാനപരമായ പരിവർത്തനത്തിനുള്ള അഭിലാഷത്തെപ്പററി പറയുന്നതു് തന്ത്രപരമായി നോക്കിയാൽ പ്രയോജനകരമാണ്. പക്ഷെ, സമാധാനപരമായ പരിവർത്തനത്തിനുള്ള സാദ്ധ്യതയെക്കുറിച്ച് വേണ്ടതിലധികം ഊന്നിപ്പറയുന്നതു് അനുചിതമായിരിക്കും. കാരണങ്ങളിതാണ്: (1) സാദ്ധ്യതയും യാഥാർത്ഥ്യവും. അഭിലാഷവും അതു് നിറവേററാൻ കഴിയുമൊ ഇല്ലയൊ എന്നുള്ളതും രണ്ടും വ്യത്യസ്ത കാര്യങ്ങളാണ്. (2) സമാധാന പരമായ പരിവർത്തനത്തിനുള്ള സാദ്ധ്യതയെക്കുറിച്ച്, പ്രത്യേകിച്ച് പാർലമെൻറിൽ ഭൂരിപക്ഷം കൈവരിച്ച് സ്റ്റേററിൻെറ അധികാരം പിടിച്ചെടുക്കാനുള്ള സാദ്ധ്യതയെക്കുറിച്ച്, വളരെ കൂടുതൽ ഊന്നിപ്പറയുകയാണെങ്കിൽ തൊഴിലാളി വർഗ്ഗത്തിൻെറ വിപ്ളവകരമായ ഇച്ഛാശക്തിയെ അതു ബലഹീനമാക്കുവാനിടയുണ്ട്. (3) ഞങ്ങൾക്ക് അറിയാവുന്നേടത്തോളം ഈ സാദ്ധ്യത എന്തെങ്കിലും പ്രായോഗിക പ്രാധാന്യമുള്ള ഒരൊററ രാജ്യംപോലും ഇന്നില്ല. (പേജ് 58-59)

സമാധാനപരമായ പരിവർത്തനത്തിൻെറ സാദ്ധ്യതയെപ്പററി മോസ്കോ പ്രസ്താവനയിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതു് തികച്ചും ശരിയാണ്. വേണ്ടതിൽ ഒട്ടും കൂടുതലോ കുറവോ ഇല്ല. എന്നു മാത്രമല്ല മോസ്കോ പ്രസ്താവനയിൽ ഈ സാദ്ധ്യതയെ ഊന്നിപ്പറയുക മാത്രമല്ല ചെയ്തിട്ടുള്ളതു്. നേരെമറിച്ച് അതിൽ വിഭാവനം ചെയ്തിട്ടുള്ള സമാധാനപരമായ പരിവർത്തനം എങ്ങിനെയാണ് പിന്തിരിപ്പൻ ശക്തികൾക്കെതിരായ ഒരു കഠോര സമരത്തെ അടിസ്ഥാനമാക്കിയിരിക്കുന്നതെന്നും ഭരണാധികാരി വർഗ്ഗങ്ങൾ ഭരണാധികാരം സ്വയം വിട്ടുതരികയോ സമാധാന പരമായ പരിവർത്തനത്തെ അംഗീകരിക്കുകയോ ചെയ്യുമെന്ന യാതൊരു വ്യാമോഹവും വേണ്ടെന്നും അതിൽ സമർത്ഥമായി വിശദീകരിച്ചിട്ടുണ്ട്. കൂടാതെ, വിഭാവനം ചെയ്തിട്ടുള്ള സമാധാനപരമായ പരിവർത്തനം എങ്ങിനെയാണ് പിന്തിരിപ്പന്മാർക്കെതിരായ സമരത്തിൽ അടിസ്ഥാനമാക്കിയിട്ടുള്ളതെന്നും. അല്ലാതെ ഭരണാധികാരി വർഗ്ഗങ്ങൾ അധികാരം വെച്ചൊഴിഞ്ഞു പോകുമെന്നൊ, സ്വയം സമാധാനപരമായ പരിവർത്തനം അംഗീകരിക്കുമെന്നോ ഉള്ള പാർലമെൻറിലെ ഭൂരിപക്ഷത്തിൻ്റെ അടിസ്ഥാനത്തിൽമാത്രം സോഷ്യലിസം കൈവരുകയെന്ന പ്രശ്നത്തെ മോസ്കോ പ്രഖ്യാപനം തന്നെ തള്ളിക്കളഞ്ഞിട്ടുണ്ട്. അപ്പോൾപ്പിന്നെ ആർക്കെതിരായാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം വാദപ്രതിവാദം നടത്തുന്നതു്.

അതുകൊണ്ട് യഥാർത്ഥത്തിലുള്ള വിവാദ പ്രശ്നം ഇതാണ്: ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം സമാധാന പരമായ പരിവർത്തനത്തെക്കുറിച്ച് പറയുന്നതു ഒരു അഭിലാഷം എന്ന നിലയ്ക്ക് മാത്രമായിരിക്കണം—അതും ഒരു തന്ത്രമെന്ന നിലക്ക് മാത്രം—എന്നാവശ്യപ്പെടുന്നു. എന്നാൽ മോസ്കോ പ്രസ്താവന കുറെ മുതലാളിത്ത രാജ്യങ്ങളിൽ പ്രായോഗികമായ ഒരു പ്രസ്താവന എന്ന നിലക്കാണതേപ്പററി പറയുന്നതു്. ചൈനീസ് കമ്മ്യൂണിസ്റ്റ് നേതാക്കൾ ഈ കാഴ്ചപ്പാടിന്ന് യാതൊരു പ്രായോഗിക

പ്രാധാന്യവുമില്ലെന്നു പറഞ്ഞു നിഷേധിക്കുന്നു. രണ്ടു നിലപാടുകളും വ്യക്തമായും വ്യത്യസ്തങ്ങളാണ്.

സമാധാനപരമായ പരിവർത്തനത്തിനുള്ള സാദ്ധ്യത; അതായതു് ആഭ്യന്തര യുദ്ധത്തിന്റെ മാർഗ്ഗത്തിൽ കൂടിയല്ലാതെ നിലവിലുള്ള പാർലമെന്റുകളുടെ സ്വഭാവത്തിൽ മാററം വരുത്തിക്കൊണ്ടു് സോഷ്യലിസത്തിലേക്കു് മുന്നേറാനുള്ള സാദ്ധ്യത വർച്ചയെത്തിയ മുതലാളിത്ത രാജ്യങ്ങളിൽ എങ്ങിനെയാണ് ഉളവായിട്ടുള്ളതു്? പുതിയ സാഹചര്യങ്ങളിൽ എങ്ങിനെയാണ് സമൂർത്തമായി ഈ അവസരം വളർന്നു വരുന്നതു്?

രണ്ടു ലോകയുദ്ധങ്ങളുടെ കടുത്ത അനുഭവങ്ങളും, മൂന്നാമതൊന്നിന്റെ ഭീഷണിയും അതിന്റെ വളരെ കൂടുതലായ ഭീകരതയും, യുദ്ധത്തെക്കുറിച്ചു് സാർവ്വത്രികമായ ഭീതിയും വെറുപ്പും ഈ രാജ്യങ്ങളിൽ ഉളവാക്കിയിട്ടുണ്ടു്, ഇന്നു്, അമേരിക്കൻ ഐക്യനാടുകളിലൊ പടിഞ്ഞാറൻജർമ്മനിയിലൊ, ഫ്രാൻസിലൊ. ഇംഗ്ലണ്ടിലൊ'ജപ്പാനിലോ ഇററലിയിലൊമററേതു് സാമ്രാജ്യത്വ രാജ്യങ്ങളിലൊ ആയാലും. ആയുധ നിർമ്മാതാക്കൾ, എണ്ണ, ഉരുക്കു് ഉടമകൾ, കൂററൻ ബാങ്കുടമകൾ തുടങ്ങിയവരാണ് ഏററവും വൃത്തികെട്ട യുദ്ധക്കൊതിയന്മാരും. അതേയവസരത്തിൽ തന്നെ ആ രാജ്യത്തെ സുശക്തരായ കുത്തക മുതലാളിമാരും ആയിട്ടുള്ളതു്. അവർ തന്നെയാണ് പാർലമെന്ററി ജനാധിപത്യത്തിന്റെ കടുത്ത ശത്രുക്കളും. പിന്തിരിപ്പൻ സ്വേച്ഛാധിപത്യ ഭരണത്തിന്റെ പിന്തുണക്കാരും അവർ തീർച്ചയായും ട്രേയ്ഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റെയും, തൊഴിലാളി വർഗ്ഗത്തിന്റെയും ഏററവും വൃത്തികെട്ട ശത്രുക്കളാണ്. ഈ രാജ്യങ്ങളുടെ ബഡ്ജററിൽ പകുതിയിലധികം വകയിരുത്തിയിട്ടുള്ളു് സൈനിക ചിലവുകൾക്കാണ്.

ഈ വസ്തുതകളെല്ലാം കണക്കിലെടുക്കുമ്പോൾ. യുദ്ധത്തിനെതിരായും. സമാധാനത്തിന്നു വേണ്ടിയും നിരായുധീകരണത്തിനും പട്ടാള ബ്ളോക്കുകളിൽനിന്നും പുറത്തു വരാനും, വിദേശ സൈനികത്താവളങ്ങൾ ഇല്ലാതാക്കുന്നതിനും ആററം ആയുധങ്ങളിൽനിന്നു് വിമുക്തമായ മേഖലകൾ സൃഷ്ടിക്കുന്നതിനും മററും വേണ്ടിയുള്ള സമരം സമാന്യ ജനങ്ങളുടെ ജീവിതത്തോതുയർത്തുന്നതിനുള്ള വിഭവങ്ങൾ നേടുന്നതും ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ സംരക്ഷിക്കുകയും, വിപുലീകരിക്കുകയും ചെയ്യുന്നതുമായി നേരിട്ടു് ബന്ധപ്പെട്ടതായി തീരുന്നു. മറേറതു് ബഹുജനപ്രശ്നത്തേക്കാളുമധികം ഇതു്, മുതലാളിത്ത വിഭാഗങ്ങളുടക്കമുള്ള വളരെ വിപുലമായ ജനവിഭാഗങ്ങളെ യോജിപ്പിച്ചണിനിരത്തുന്നു, ബഹുജന പ്രക്ഷോഭങ്ങൾക്കു സംഘടിപ്പിക്കുന്നതിനു മാത്രമല്ല, നിയമ സഭകൾക്കകത്തും. ഏററവും വിപുലമായ കുത്തകവിരുദ്ധ മുന്നണി സൃഷ്ടിക്കാൻ തൊഴിലാളി വർഗ്ഗത്തിനും അതിന്റെ മുന്നണിയായ കമ്മ്യൂണിസ്റ്റ്‌പാർട്ടിക്കും കഴിവുണ്ടാക്കിത്തീർക്കുന്നു,

അതു് സമാധാനത്തിനും ജനാധിപത്യത്തിനും വേണ്ടി നിലകൊള്ളുന്ന എല്ലാ വിഭാഗങ്ങളുടെയും രാഷ്ട്രീയ നേതൃത്വത്തിലേക്കു് ഉയരുന്നതിനു് തൊഴിലാളി വർഗ്ഗത്തെ സഹായിക്കുകയും, അങ്ങിനെ ആഭ്യന്തര യുദ്ധം കൂടാതെ, പാർലമെന്റുകളുടെ പരിവർത്തനത്തിലൂടെ കൂടി സോഷ്യലിസത്തിലേക്കുള്ള മുന്നേററം സാദ്ധ്യമാക്കിത്തീർക്കുകയും ചെയ്യുന്നു.

ഈ സമരം തൊഴിലാളി വർഗ്ഗവും കർഷകരും അവരുടെ പ്രത്യേക വർഗ്ഗാവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന സമരത്തിനു പകരമാണെന്നോ. അതിന്റെ സ്ഥാനമെടുക്കുന്നു എന്നോ ആരും പറയുകയുണ്ടായിട്ടില്ല. സോഷ്യ

ലിസത്തിലേക്കുള്ള സമാധാന പരമായ പരിവർത്തനത്തിനു് അതു് ഉറപ്പു നൽകുന്നുണ്ടെന്നും ആരും പറഞ്ഞിട്ടില്ല. സമാധാനപരമായ പരിവർത്തന സംബന്ധിച്ച ഒഴുക്കൻ മട്ടിലുള്ള പറച്ചിലുകളുടെപിന്നിൽ ഒളിച്ചിരുന്നുകൊണ്ടു് തൊഴിലാളി വർഗ്ഗത്തെ വഞ്ചിക്കുന്നവരാണെന്നു് ചൈനീസ് പാർട്ടി നേതൃത്വത്താൽ അധിക്ഷേപിക്കപ്പെടുന്ന ഫ്രാൻസിലെയും ഇററലിയിലെയും മററും കമ്മ്യൂണിസ്റ്റ് പാർട്ടികളാണു് ഏററവും കരുത്തേറിയ തൊഴിലാളി വർഗ്ഗസമരങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതു്.

അതേയവസരത്തിൽ, സമാധാനത്തിനും, ജനാധിപത്യത്തിനും വേണ്ടിയുള്ള സമരം, സോഷ്യലിസത്തിനു വേണ്ടിയുള്ള സമരവുമായി നേരിട്ടു് ബന്ധപ്പെട്ടിരിക്കുകയും, ആ സമരത്തിൻെറ ഒരവിഭാജ്യഭാഗമായിരിക്കുകയും അങ്ങിനെ സമാധാനപരമായ പരിവർത്തനത്തിനുള്ള സാദ്ധ്യത മുമ്പെന്നത്തെക്കാൾ കൂടുതൽ തെളിഞ്ഞു വരികയും ചെയ്യുന്നുവെന്നതു ഇന്നൊരു വസ്തുതയാണു്.

സമാധാന പരമായ പരിവർത്തനത്തിനുള്ള അവസരങ്ങളെ ഉപയോഗപ്പെടുത്തുന്നതിൻെറ, പാർലമെൻറിനെ ജനഹിതത്തിൻെറ ഉപകരണമാക്കി മാററിത്തീർക്കുന്നതിൻെറ സൂത്രം, പാർലമെൻററി സമ്പ്രദായം പ്രദാനം ചെയ്യുന്ന സ്വാതന്ത്ര്യങ്ങളും, ജനാധിപത്യാവകാശങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിലും പാർലമെൻററി ജനാധിപത്യത്തിൻെറ ആഴവും, വ്യാപ്തിയും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നിരന്തരമായ സമരത്തിലുമാണു്, സ്ഥിതിചെയ്യുന്നതു്.

മുതലാളിത്തം വളർന്നു് സോഷ്യലിസമായിക്കൊള്ളുമെന്നു പറയുന്നതുപോലെയല്ലാതെ, അതിലുപരിയായ യാതൊരു വ്യാമോഹവും പാർലമെൻററി ജനാധിപത്യം ക്രമേണ വളർന്നു ഒരു ജനകീയ സ്റ്റേററു് രൂപം കൊള്ളുമെന്നു് പറയുമ്പോൾ ഉണ്ടാകാൻ പാടില്ലാത്തതാണു്. പാർലമെൻറിനെ ജനഹിതത്തിൻെറ ഒരുപകരണമാക്കി മാററുവാനുള്ള ശ്രമത്തിൽ കുഴപ്പങ്ങളും, വളവുതിരിവുകളും, ഏററുമുട്ടലുകളും, ചിലയവസരങ്ങളിൽ പിന്നോട്ടടികളുമുണ്ടാകും.

മുതലാളിത്ത വ്യവസ്ഥയുടെ ദൂഷ്യങ്ങളെ തുറന്നു കാട്ടാനും, അങ്ങിനെ പാർലമെൻറിലൂടെയല്ലാത്ത ബഹുജനപ്രക്ഷോഭങ്ങൾ അഴിച്ചുവിടുന്നതിനെ സഹായിക്കാനും പ്രയോജനപ്പെടുത്താവുന്ന ഒരു വേദിയെന്ന നിലയ്ക്കാണു് പാർലമെൻറിനെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുകയെന്നാണു് കമ്മ്യൂണിസ്റ്റ്കാരായ നാം മുമ്പു് അഭിപ്രായപ്പെട്ടിരുന്നതു്. ഇപ്പോൾ നാം അവയുടെ വർഗ്ഗപരമായ പങ്കിനെ പരിവർത്തനം വരുത്തുന്നതിനെപ്പററിയാണു് ചിന്തിക്കുന്നതു്. ഇതാണു് സംഗതി.

ഇതിൻെറയർത്ഥം, പ്രഥമമായും ജനാധിപത്യത്തെ വിപുലീകരിക്കാനുള്ള സമരം, രാജ്യത്തിലെ ഏററവും ഉയർന്ന നിയമ നിർമ്മാണ സഭയുടെ കാര്യത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ലെന്നുള്ളതാണു്. അടിമുതൽ മുടിവരെ, തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സ്ഥാപനങ്ങൾ മുതൽ പാർലമെൻറുവരെ ശരിക്കും ആ സമരം നടത്തണം. ഇന്ത്യയിലെ സാഹചര്യങ്ങളിൽ വില്ലേജു പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, ജില്ലാ പരിഷത്തുകൾ, സംസ്ഥാന നിയമസഭകൾ, പാർലമെൻറു് എന്നിവയെ കൂടുതൽ ജനാധിപത്യപരമാക്കാൻ നമുക്കു സമരം ചെയ്യേണ്ടതുണ്ടു്.

ഇതിനു പുറമെ, ഈ സമരം, സംസ്ഥാനത്തിലേയും, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ശമ്പളം, നികുതി സമ്പ്ര

ദായത്തെ ജനാധിപത്യപരമാക്കൽ, പ്രാദേശിക സ്ഥാപനങ്ങൾക്കു് കൂടുതൽ ഗ്രാൻറു് കേന്ദ്രസംസ്ഥാന ഗവണ്മെൻറുകളിൽനിന്നും സമ്പാദിക്കൽ, തുടങ്ങിയ സാമ്പത്തികാവശ്യങ്ങൾക്കു വേണ്ടി മാത്രമാകരുതു്. ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ ശക്തി പരമാവധി കുറയ്ക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്കു് കൂടുതൽ അധികാരങ്ങൾ നേടുന്നതിനുംവേണ്ടി സമരം നടത്തേണ്ടതുണ്ടു്. ആരോഗ്യ സംരക്ഷണം, ആശുപത്രികൾ, വെള്ളം, ശുചീകരണം കൂടുതൽ വിദ്യാഭ്യാസ സൌകര്യങ്ങൾ, മേന്മയേറിയ വിദ്യാഭ്യാസം, ജനകീയ കലകളുടെ പ്രോത്സാഹനവും വളർച്ചയും തുടങ്ങിയ കാര്യങ്ങൾക്കു് വേണ്ടിയും സമരം നടത്തണം.

ജനങ്ങളുടെ പൌരാവകാശങ്ങൾ ഇന്നു് വെറും സദുദ്ദേശപ്രഖ്യാപനങ്ങൾ മാത്രമാണു്. അവയെ നിയമം മൂലം നടപ്പിൽ വരുത്തുന്നതിനുവേണ്ടിയും നാം പോരാടേണ്ടതായിട്ടുണ്ടു്. ഭൂസ്വത്തിനും സ്ഥാപനങ്ങൾ ദേശവൽക്കരിക്കുമ്പോഴും പ്രതിഫലം കൊടുക്കുന്നതു് പരമാവധി കുറക്കാൻ നാം പോരാടണം.

വ്യവസായങ്ങളിൽ പ്രഥമവും, പ്രധാനവുമായി പൊതുമേഖലയിൽ മാനേജ്മെൻറിൽ തൊഴിലാളികൾക്കു് പ്രാതിനിധ്യം ലഭിക്കാൻ വേണ്ടി നാം സമരം ചെയ്യേണ്ടതാണു്. ഭൂപരിഷ്ക്കാരങ്ങൾ സംബന്ധിച്ച നിയമങ്ങൾ യഥാർത്ഥത്തിൽ നടപ്പിലാക്കുമ്പോൾ കർഷകർക്കു് അതിൽ ഫലപ്രദമായ പങ്കുണ്ടായിരിക്കണം, ഇക്കാര്യം, ഇന്നത്തെപ്പോലെ ഉദ്യോഗസ്ഥന്മാരുടെ കൈകളിൽ മാത്രം ഏൽപിക്കരുതു്.

സ്റ്റേററിൻെറ ഘടനയിലുള്ള ഉദ്യോഗസ്ഥ മേധാവിത്വത്തെ അനുക്രമം തകർക്കുകയെന്നതു് ഈ സമരത്തിൻെറ നിർണ്ണായകമായ ഒരു ഭാഗമാണു്. ബൂർഷ്വാസിയുടെ അധികാരം പാർല്യമെൻറിനകത്തു മാത്രം കുടികൊള്ളുന്നതല്ല. സ്റ്റേററിൻെറ ഘടനയിലാകെ വ്യാപിച്ചു കിടക്കുന്നു.

പാർല്യമെൻറിനകത്തു് ഭൂരിപക്ഷം നേടുന്നതിനുതുല്യമാണു് "പാർലമെൻറിനെ പരിവർത്തനം" ചെയ്യുക എന്നു പറയുന്നതു്. ആ ധാരണയെ വികൃതപ്പെടുത്തലാണു് ബഹുജന സമരങ്ങളും, സാമൂഹ്യജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും രാഷ്ട്രീയാധികാരത്തിൻെറ എല്ലാ നിലവാരത്തിലും ജനാധിപത്യത്തിനു വേണ്ടിയുള്ള സമരവും എന്ന ആശയത്തിൽ അവശ്യം ഉൾക്കൊള്ളുന്നു. തൊഴിലാളിവർഗ്ഗവും, കൃഷിക്കാരും അവരുടെ വർഗ്ഗാവശ്യങ്ങൾക്കു വേണ്ടി നടത്തുന്ന സമരങ്ങളും, സമാധാനത്തിനനുകൂലമായും, കൊളോണിയലിസത്തിനെതിരായുമുള്ള ഒരു വിദേശ നയത്തിനു പിന്തുണ നൽകിക്കൊണ്ടും അതിൽനിന്നു് വ്യതിചലിക്കുന്നതിനെതിരായും ഉള്ള ബഹുജനനടപടികളും രാജ്യത്തുനിന്നും വിദേശ കുത്തക മൂലധനത്തെ പുറംതള്ളുന്നതിനും മററും വേണ്ടിയുള്ള ബഹുജനനടപടികളും അതിലുൾപ്പെടുമെന്നു് വിശദീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

അത്തരം ധാരണയില്ലായിരുന്നാൽ, സമാധാനപരമായ പരിവർത്തനത്തിനു വേണ്ടിയുള്ള സമരത്തിൻെറ സത്ത തന്നെ നഷ്ടപ്പെടും.

1958 ഏപ്രിൽ മാസത്തിൽ അമൃതസാറിൽ കൂടിയ പാർട്ടികോൺഗ്രസ്സിൽവച്ചു് അംഗീകരിച്ച ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണഘടനയിൽ ഇപ്രകാരം പറയുന്നു:—

"സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പരിപൂർണ്ണ ജനാധിപത്യവും സോഷ്യലിസവും നേടാനാണു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പരിശ്രമി

ക്കുന്നതു്, കരുത്തേറിയ ഒരു ബഹുജനപ്രസ്ഥാനം വളർത്തിക്കൊണ്ടുവരികയും, പാർലമെൻറിൽ ഭൂരിപക്ഷം നേടുകയും, അതിനെ ബഹുജനപ്രവർത്തനംകൊണ്ടു് ബലപ്പെടുത്തുകയും ചെയ്യുന്നതിൻെറ ഫലമായി, തൊഴിലാളിവർഗ്ഗത്തിനും അതിൻെറ സഖ്യ ശക്തികൾക്കും പിന്തിരിപ്പൻ ശക്തികളുടെ ചെറുത്തുനിൽപിനെ പരാജയപ്പെടുത്താനും സാമ്പത്തിക, സാമൂഹ്യഭരണഘടനയിൽ മൌലികമായ മാററങ്ങൾ വരുത്തുന്നതിനുള്ള ജനങ്ങളുടെ ഇച്ഛാശക്തിയുടെ ഒരുപകരണമായി പാർലമെൻറു് പ്രവർത്തിക്കുമെന്നു് ഉറപ്പുണ്ടാക്കാനും കഴിയുമെന്നാണു് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സുചിന്തിതമായ അഭിപ്രായം. (പേജ് 3)

ഒരു "അഭിലാഷ"മെന്നോ "അടവെ"ന്നോ പറഞ്ഞുകൊണ്ടു് ഇത്തരമൊരു അസന്നിഗ്ദ്ധമായ പ്രസ്താവനയെ തട്ടിമാററാൻ സാദ്ധ്യമല്ല.

സോവിയററു് കമ്മ്യൂണിസ്റ്റ് പാർട്ടിയും മററു കമ്മ്യൂണിസ്റ്റ് പാർട്ടികളും, ദേശീയ വിമോചനത്തിനും, സോഷ്യലിസത്തിനും വേണ്ടിയുള്ള സമരങ്ങളെ എതിർക്കാൻവേണ്ടി അമേരിക്കൻ സാമ്രാജ്യത്വവും, മററു രാജ്യങ്ങളിലെ പിന്തിരിപ്പന്മാരുമായി സഖ്യമുണ്ടാക്കിയിരിക്കുകയാണെന്നുള്ള നിന്ദാകരമായ ആരോപണത്തിനു പുറമെ, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിമർശനത്തിൽ ഉടനീളം പ്രകടമായിട്ടുള്ള വാദഗതി തങ്ങളുമായി വിയോജിക്കുന്ന ഭൂരിപക്ഷം പാർട്ടികളും മോസ്കോ പ്രഖ്യാപനത്തിൻെറ നിലപാടിനെ "സമാധാനപരമായ സഹവർത്തിത്വം" "സമാധാനപരമായ മത്സരം" "സമാധാനപരമായ പരിവർത്തനം" എന്നിവയിൽ ചുരുക്കി നിറുത്തിയിരിക്കുകയാണെന്നാണ്. ഈ വിമർശനം "ഹോങ്കി" യിലും "പീപ്പിൾസ് ഡെയിലി"യിലും നിരവധി സന്ദർഭങ്ങളിൽ ആവർത്തിച്ചിട്ടുണ്ടു്.

സഹോദര പാർട്ടികൾ മോസ്കോ പ്രഖ്യാപനത്തിലെ യഥാർത്ഥവിപ്ളവപരമായ ഉള്ളടക്കത്തെ മുറുകെപിടിക്കുമ്പോൾ അതിന്നൊരു ട്രോട്സ്കിയിസ്റ്റ് വ്യാഖ്യാനം നൽകുന്നതു് ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി നേതൃത്വമാണെന്നു് തെളിയിക്കുവാൻ ഇതുവരെ നടത്തിയ ദീർഘമായ ചർച്ച ധാരാളം മതിയാകും.

## (എച്ച്.) മററു ചില പ്രശ്നങ്ങൾ.

വിമോചനത്തിൻെറ ഗതിക്രമത്തെപ്പററിയും ദേശീയ ജനാധിപത്യം സ്ഥാപിക്കുന്നതിലൂടെ സോഷ്യലിസത്തിലേക്കുള്ള അതിൻെറ പുരോഗതിയെപ്പററിയും മോസ്കോ പ്രസ്താവനയിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നത്തിൽ ചൈനീസ് രേഖകൾ പരിപൂർണ്ണമൌനം അവലംബിക്കുന്നു. അതുകൊണ്ടു് ഈ പ്രശ്നം പിന്നീടു ചർച്ച ചെയ്യാം.

സോവിയററു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപതാം കോൺഗ്രസ്സിൽ സ്റ്റാലിൻെറ വ്യക്തി പ്രാഭവത്തെ അധിക്ഷേപിച്ചതിനെ 1956-ൽ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി നേതാക്കൾ സ്വാഗതം ചെയ്തു.

"തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തിൻെറ ചരിത്രപരമായ അനുഭവങ്ങൾ" എന്ന അവരുടെ ലേഖനത്തിൽ, ചൈനീസ് നേതാക്കന്മാർ 20-ാം പാർട്ടി കോൺഗ്രസ്സിലേതിനേക്കാൾ ഈ വിഷയത്തെ കൂടുതൽ സമഗ്രമായി പരിശോധിക്കുകയുണ്ടായി. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഈ ശ്രമത്തെ അഭിനന്ദിച്ചിട്ടുണ്ടു്.

പക്ഷെ, ചൈനീസ് നേതാക്കന്മാരുടെ നേരത്തെയുള്ള ലേഖനങ്ങളും, പ്രസ്താവനകളുമായി പൊരുത്തപ്പെടുന്ന യാതൊന്നും തന്നെ ജൂൺ 14-ാം

തീയതി ചൈനീസ് പാർട്ടി കേന്ദ്രക്കമ്മററിയുടെ കത്തിലും 1963 സെപ്റ്റംബർ 6-ാംതീയതിയിലെ "ഹോംഗ്കി" "പീപ്പിൾസ് ഡെയിലി" എന്നിവയുടെ മുഖപ്രസംഗങ്ങളിലും കാണുന്നില്ല.

സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാംകോൺഗ്രസ്സിൽ സ്റ്റാലിൻെറ വ്യക്തിപ്രാഭവത്തെ അധിക്ഷേപിച്ചതിനെപററി ഇപ്പോൾ നൽകുന്ന പുതിയ വിലയിരുത്തലിൽ പറയുന്നതു് "തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിനും സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്കും മഹത്തായ സോവിയററ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, മഹത്തായ സോവിയററ് യൂണിയനും, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും അതു് ദുഷ്കീർത്തി വരുത്തിയിരിക്കുന്നു" എന്നാണ്.

സോവിയററ് യൂണിയനിൽ വ്യക്തിപ്രാഭവത്തിനെതിരായി നടക്കുന്ന സമരത്തിൻെറ ഫലങ്ങൾ എന്താണെന്നുള്ളതു് അഭ്യൂഹത്തിൻെറയോ, അരൂപമായ വാദപ്രതിവാദത്തിൻെറയൊ ഒരു പ്രശ്നമല്ലാതായിരിക്കുന്നു, പാർട്ടി പ്രവർത്തനം, സ്റ്റേററിൻെറ പ്രവർത്തനം, സാമ്പത്തികപ്ളാനിങ്ങും അതു നടപ്പാക്കലും, നീതിന്യായക്കോടതികളും നിയമ വ്യവസ്ഥയും, വിദ്യാഭ്യാസവും ശാസ്ത്രീയ ഗവേഷണവും എന്നു തുടങ്ങി സോവിയററ് ജീവിതത്തിൻെറ എല്ലാ തുറകളിലും ജനങ്ങളുടെ മുൻകൈ അഴിച്ചുവിടുന്നതിൽ ആ സമരം മൂലമുണ്ടായ മാററങ്ങൾ ഇന്നു് ലോകമംഗീകരിച്ചിട്ടുള്ള വസ്തുതയാണ്.

പ്രയോഗത്തിൽക്കൂടി അതു ശരിയാണെന്നു് തെളിയിക്കപ്പെട്ട് എട്ടു വർഷങ്ങൾക്കു് ശേഷം, ആ സമരത്തെ ഇന്നു് അധിക്ഷേപിക്കുന്നതു്, സ്റ്റാലിനിസ്റ്റ് രീതികളെയും നയങ്ങളെയും തുടരുകയും പാടിപ്പുകഴ്ത്തുകയും ചെയ്യണമെന്നാവശ്യപ്പെടുന്നതിനു തുല്യമാണ്.

സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 22-ാം കോൺഗ്രസ്സിനെപ്പററി, 1962 ആഗസ്റ്റിൽ ഹൈദ്രാബാദിൽ കൂടിയ നമ്മുടെ പാർട്ടിയുടെ ദേശീയ കൌൺസിൽ അതിൻെറ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതിപ്രകാരമാണ്:—

"കമ്മ്യൂണിസ്റ്റ് ലക്ഷ്യത്തിലേയ്ക്കുള്ള സോവിയററ് സമുദായത്തിന്റെ പ്രയാണത്തിൽ വിലങ്ങു തടികളായിത്തീർന്നിരുന്ന പഴയ കാലത്തെ രീതികളിൽനിന്നും സിദ്ധാന്തങ്ങളിൽനിന്നും പൂർണ്ണമായി വിട്ടുപോരുന്നതിനു വേണ്ടി ഇരുപതാം പാർട്ടി കാൺഗ്രസ്സ് വ്യക്തിപ്രഭാവ സിദ്ധാന്തത്തിനെതിരായി ആരംഭിച്ച സമരം സി. പി. എസ്സ്. യു. നേതൃത്വത്തെ സംബന്ധിച്ചിടത്തോളം അന്യാദൃശമായ ധീരതയും പ്രാധാന്യവുമുള്ള ഒരു നടപടിയായിരുന്നു.

"വ്യക്തി പ്രഭാവ സിദ്ധാന്തത്തിനെതിരായ സമരവും അതിൻെറ എല്ലാ ഭവിഷ്യത്തുകളുടേയും പൂർണ്ണമായ വിനാശവും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ താല്പര്യങ്ങളുമായി പൊരുത്തപ്പെടുന്നവയാണ്" എന്നും അതിൽ പറഞ്ഞിട്ടുണ്ടായിരുന്നു.

സ്റ്റാലിൻ പ്രഭാവത്തിന്നെതിരായ സമരം നടത്തുന്നതോടൊപ്പംതന്നെ "സ്റ്റാലിൻെറ സ്വഭാവത്തിൻെറയും പങ്കിൻെറയും ക്രിയാത്മകവും നിഷേധാത്മകവുമായ വശങ്ങൾ കാണേണ്ടതാവശ്യമാണ്" എന്നും നമ്മുടെ ദേശീയ കൌൺസിലിൻെറ പ്രമേയത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

പ്രമേയം ഇപ്രകാരം തുടർന്നു:—

"സ്റ്റാലിൻെറ വ്യക്തിപ്രഭാവസിദ്ധാന്തത്തിൻെറ ദുഷ്ഫലങ്ങൾ തുറന്നു കാണിക്കുന്നതിനിടയ്ക്കു് സി. പി. എസ്. യു. നേതാക്കന്മാർ ചെയ്യുന്ന

എല്ലാ പ്രസ്താവനകളേയും അംഗീകരിക്കുക എന്നതു് നമ്മെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്തതാണു്."

നമ്മുടെ പാർട്ടിയുടെ നിലപാടു വളരെ വ്യക്തമാണു്. വ്യക്തിപ്രഭാവ സിദ്ധാന്തത്തിനെതിരായി "സമബുദ്ധിയോടെയും വസ്തുനിഷ്ഠമായും" സമരം നടത്താൻ ആഹ്വാനം ചെയ്യുന്ന അവസരത്തിൽത്തന്നെ, വ്യക്തിപ്രഭാവസിദ്ധാന്തത്തെ തുറന്നു കാണിക്കുന്നതിലൂടെയും സോവിയററു് യൂണിയനിലെ സ്റ്റേററിൻെറയും പാർട്ടിയുടേയും പ്രവർത്തനങ്ങളിൽ ലെനിനിസ്റ്റു രീതികൾ പുനഃസ്ഥാപിച്ചതിലൂടെയും സോവിയററു് യൂണിയനും സാർവ്വദേശീയ കമ്മ്യൂണിസ്റ്റു് പ്രസ്ഥാനത്തിനും സി. പി. എസ്. യു. നേതൃത്വം നൽകിയ മഹത്തായ സേവനത്തെയും ആ നേതൃത്വത്തിൻെറ ധൈര്യത്തേയും അതു് അംഗീകരിക്കുന്നു.

വ്യക്തിപ്രഭാവസിദ്ധാന്തത്തിനെതിരായ സമരം സോഷ്യലിസത്തിൻെറയും തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തിൻെറയും മാനനഷ്ടമാണെന്നു അപലപിക്കുന്നതുമായി ഇതിനു യാതൊരു സാധർമ്മ്യവുമില്ല.

# III

# വരട്ടുതത്വവാദപരമായ സാഹസികത്വത്തിനും അവസരവാദത്തിനുമെതിരെ വിപ്ലവപരമായ യാഥാർത്ഥ്യബോധം.

81 പാർട്ടികളുടെ പ്രസ്താവനയിലെ കാഴ്ചപ്പാടു് "ചരിത്രപരമായ ആത്മീയ വാദ"ത്തിലധിഷ്ഠിതമാണെന്നു് ചൈനീസ് നേതാക്കന്മാർ പലപ്പോഴും പറയാറുണ്ടു്. ഭൂരിപക്ഷം സഹോദര പാർട്ടികളും ആത്മനിഷ്ഠമായി, സമരം ഒഴിവാക്കാനും പ്രശ്നങ്ങൾക്കു് സമാധാനപരമായ പരിഹാരം കാണാനും ആഗ്രഹിച്ചുകൊണ്ടു് സാമ്രാജ്യത്വത്തെയും പിന്തിരിപ്പത്തത്തെയും കുറിച്ചു് വ്യാമോഹങ്ങൾ ജനിപ്പിക്കുകയും അവയെ "അഴകുള്ള"താക്കി തീർക്കുകയും ചെയ്തു എന്നാണവരുദ്ദേശിക്കുന്നതു്. സാമ്രാജ്യത്വത്തിൻെറ ആററം ഭീഷണിയിൽ ഭയചകിതരായി ഭയന്നുവിറച്ചോരു എലിയെപ്പോലെ സമരങ്ങളിൽ നിന്നോടിപ്പോവുകയാണെന്നവരെ സഹോദരപാർട്ടികളെ ആക്ഷേപിക്കുന്നിടത്തോളം ഈ വാദഗതി എത്താറുണ്ടു്. വാസ്തവം പറഞ്ഞാൽ സോവിയററു് ജനതയുടേയും പാശ്ചാത്യനാടുകളിലെ തൊഴിലാളി വർഗ്ഗത്തിൻെറയും ജീവിതനിലവാരത്തിലുണ്ടായിട്ടുള്ള അഭിവൃദ്ധിയുടെഫലമാണിതെന്ന ഒരു താത്വിക വ്യാഖ്യാനവും നൽകപ്പെടുന്നുണ്ടു്.

"സോവ്യററു് യൂണിയനിൽ മുതലാളിത്ത ഘടകങ്ങൾ വളരുന്നു എന്ന ട്രോട്സ്കിയിസ്റ്റുകളുടെ പഴയ അപവാദം വീണ്ടും കുത്തിപ്പൊക്കുകയും ചെയ്യുന്നുണ്ടു്. ഇങ്ങിനെ സി. പി. എസ്. യു. വിൻെറയും മററു കമ്മ്യൂണിസ്റ്റു് പാർട്ടികളുടേയും നേതൃത്വങ്ങളുടെ "അധഃപ്പതന"ത്തിൻെറ കാരണവും സ്വഭാവവും പഴയ സോഷ്യൽഡിമോക്രാററിക്കു് പാർട്ടികളുടേതു തന്നെയാണെന്നും സൂചിപ്പിക്കപ്പെടുന്നു. അവയുടെ സ്വഭാവത്തിലും സാമ്യമുണ്ടു്.

* അതുകൊണ്ട് മോസ്കോ പ്രസ്താവനയിലെ സമരതന്ത്രപരവും നയപരവുമായ നിഗമനങ്ങളുടെ വസ്തുനിഷ്ഠമായ അടിത്തറയിലേക്കും അതു യഥാർത്ഥത്തിൽ നടപ്പിൽ വരുത്തിയതിന്റെ പ്രശ്നത്തിലേക്കും നാം ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു.

രണ്ടാം ലോകയുദ്ധത്തിൽ ഫാസിസ്റ്റ് ശക്തികൾക്ക് നേരിട്ട പരാജയം സാമ്രാജ്യത്വ വ്യവസ്ഥയെ ആകെ തന്നെ അതിയായി ദുർബലമാക്കുന്നതിൻ കാരണമായി. ഫാസിസ്റ്റുകളുടെ പരാജയത്തിനു കാരണമായ ഈ യുദ്ധത്തിൽ സോവ്യറ്റു യൂണിയൻ മർമ്മപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ചുരുങ്ങിയ കൊല്ലത്തിനിടയിൽ, ഭൂഗോള ജനസംഖ്യയിൽ മൂന്നിലൊരുഭാഗത്തെ ഉൾക്കൊള്ളുന്നതും അറ്റ്ലാൻറിക് സമുദ്രം മുതൽ പെസഫിക്ക് സമുദ്രം വരെവ്യാപിച്ചു കിടക്കുന്നതുമായ നിരവധി പുതിയ രാജ്യങ്ങളിൽ സോഷ്യലിസം വിജയംവരിച്ചു ഒരു ലോകവിപ്ളവ പ്രക്രിയയെ അതഴിച്ചുവിട്ടു. ഒരു രാജ്യത്ത് ഒതുങ്ങിനിൽക്കുന്നതിൽനിന്ന് സോഷ്യലിസം ഒരു ലോകവ്യവസ്ഥയായി തീർന്നു. അതിനു ചുറ്റുമുണ്ടായിരുന്ന മുതലാളിത്ത വലയം എന്നന്നേയ്ക്കുമായവസാനിച്ചു. ക്യൂബയിൽ ദർശിച്ചതു മാതിരി ലോകയുദ്ധത്തിനുശേഷം വർഷങ്ങൾ പലതായിട്ടും ഇന്നും ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കയാണ്.

സോവ്യറ്റ് യൂണിയൻ കൊല്ലങ്ങളോളം തന്നെ ദുർബലമായി തുടരുമെന്നാണ് സാമ്രാജ്യത്വ ശക്തികൾ പ്രതീക്ഷിച്ചത്. എന്നാൽ അവരുടെ പ്രതീക്ഷയ്ക്കു വിപരീതമായി ഹിറ്റ്ലർ ആക്രമണത്തിന്റെ ഫലമായുണ്ടായ മഹാനാശത്തിൽനിന്ന് അതു് വളരെ വേഗത്തിൽ കരകേറി. ഇന്നു വ്യാവസായിക ഉൽപാദനത്തിൽ അമേരിക്ക കഴിഞ്ഞാൽ സോവ്യറ്റ് യൂണിയനാണു സ്ഥാനം. 1950-51കാലത്ത് സോവിയറ്റ് യൂണിയന്റെ വ്യാവസായികോൽപാദനം അമേരിക്കയുടേതിന്റെ മുപ്പതു ശതമാനത്തിൽ കുറവായിരുന്നു. എന്നാൽ 1961 ആയപ്പോഴെക്കും സോവ്യറ്റു ഉൽപാദനം അമേരിക്കയുടേതിന്റെ അറുപതു ശതമാനത്തിലധികമായി. കഴിഞ്ഞ ഒരു ശതാബ്ദക്കാലത്തെ അമേരിക്കയെക്കാൾ നാലു മടങ്ങു വേഗതയിലുള്ള അതിന്റെ പുരോഗതി 1970-ൽ അമേരിക്കയെ കവച്ചുവക്കാനുള്ള സോവിയറ്റ് ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുമെന്നതിന് ദൃഢീകരണം നൽകുന്നു. വളരെ കുറച്ചു സമയംകൊണ്ട് അമേരിക്കയുടെ അണുവായുധ കുത്തകയെ സോവ്യറ്റ് യൂണിയൻ തകർത്തുകളഞ്ഞു. സയൻസിന്റെയും ടെക്നോളജിയുടേയും ചില മേഖലകളിൽ, ഉദാഹരണത്തിന് അണുശക്തി ശാസ്ത്രം, റോക്കറ്റ്ശാസ്ത്രം, ബാഹ്യാകാശ ഗവേഷണം എന്നിവയെടുക്കാം, ഇപ്പോൾ തന്നെ സോവ്യയറ്റ് യൂണിയൻ അമേരിക്കയേക്കാൾ വളരെ പുരോഗമിച്ചിരിക്കുന്നു. സോവ്യറ്റ് പ്രതിരോധ ശക്തി അജയ്യമാണ്. പ്രതിവർഷം അമേരിക്കയിലേതിന്റെ ഇരട്ടി എഞ്ചിനീയർമാർക്കും, ടെക്നീഷ്യൻമാർക്കും സോവിയറ്റ് യൂണിയൻ പരിശീലനം നൽകുന്നു. അതിന്റെ ധാർമ്മികവും രാഷ്ട്രീയവുമായ ഐക്യം മറ്റെന്നത്തേക്കാളും മഹത്തരമാണിന്ന്.

ആധുനിക ചരിത്രത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെ നിർമ്മാണത്തിലേക്ക് മാർക്സിസം ലെനിനിസത്തിന്റെ പതാകയിൻ കീഴിൽ വിജയശ്രീലാളിതമായി സോവ്യറ്റ് യൂണിയൻ മുന്നേറിക്കൊണ്ടിരിക്കയാണ്, അവിടത്തെ പൌരന്മാരുടെയും ഗവണ്മെന്റിന്റെയും സോവ്യറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ആത്മവിശ്വാസം അത്യുന്നതമാണ്.

മററു സോഷ്യലിസ്റ്റ് രാജ്യങ്ങൾ അവയുടെ തന്നെ ശക്തിയെയും വിഭവങ്ങളെയും ആശ്രയിച്ചുകൊണ്ടും അതോടൊപ്പം സോവ്യററ് യൂണിയൻെറ മഹത്തായ സൌഹൃദ സഹായത്തോടുകൂടിയും മാതൃകാപരമായ പുരോഗതി നേടിക്കൊണ്ടിരിക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തിലെ ഫാസിസ്റ്റ് വിരുദ്ധ ശക്തികളുടെ വിജയം ഏഷ്യയിലും ആഫ്രിക്കയിലും ലാററിനമേരിക്കയിലും ഇതിനു മുൻപുണ്ടായിട്ടില്ലാത്ത വിധമുള്ള ദേശീയ വിമോചന പ്രസ്ഥാനങ്ങളുടെ ഒരു ഒഴുക്കിനെ തന്നെ കെട്ടഴിച്ചുവിട്ടു. ലോകത്തിലെ വിപുലമായ പ്രദേശങ്ങളിൽ ദേശീയ വിമോചന വിപ്ളവങ്ങൾ വിജയിച്ചതിൻെറ ഫലമായി, ഇതിനു മുൻപ് കോളണികളും ആശ്രിത രാജ്യങ്ങളുമായിരുന്ന അൻപതു രാജ്യങ്ങൾ ദേശീയ സ്വാതന്ത്ര്യം നേടി. അക്ഷീണമായി ഈ പ്രക്രിയയും തുടർന്നുകൊണ്ടിരിക്കുന്നു. മോസ്കോ പ്രസ്താവനയിൽ പറയുന്നു. "ചരിത്രപ്രാധാന്യത്തിന്റെ കാര്യത്തിൽ ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ രൂപീകരണത്തോടു മാത്രം രണ്ടാം സ്ഥാനമുള്ള ഒരു സംഭവവികാസമാണിതു്". (പേജ് 26) അതു കാരണം "കോളണി മേധാവിത്വത്തിൻെറ പൂർണ്ണമായ നാശം" ആസന്നമാണുതാനും (പേജ് 26)

സാമ്രാജ്യത്വ ആക്രമണത്തിനും യുദ്ധത്തിനും എതിരായി നിൽക്കുന്ന ലോകത്തിലെ സമാധാനത്തിൻെറ ക്യാമ്പിനു് നിഷ്പക്ഷവും ചേരിചേരാത്തതും കൊളോണിയൽ വിരുദ്ധവുമായ വിദേശനയം കൈക്കൊള്ളുന്നു പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങൾ കൂടുതൽ ശക്തി നൽകിയിട്ടുണ്ടു്.

പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച നിരവധി രാജ്യങ്ങളിലെന്നപോലെ, പുരോഗതി പ്രാപിച്ച മുതലാളിത്ത രാജ്യങ്ങളിലും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻെറയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടേയും വളർച്ചയ്ക്കു് രണ്ടാം ലോകയുദ്ധത്തിലെ ഫാസിസ്റ്റ് വിരുദ്ധ ശക്തികളുടെ വിജയം വലിയ ഉത്തേജനം നൽകി, അംഗസംഖ്യ, പരിചയ സമ്പത്തു്, സമരശേഷി എന്നിവകളിൽ തൊഴിലാളി പ്രസ്ഥാനങ്ങൾക്കും, കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും കരുത്തു വർദ്ധിച്ചു.

ഈ ഘടകങ്ങളും ലോകത്താകെയുള്ള സമാധാനപ്രേമികളായ ജനതയും ചേർന്നുകൊണ്ടു് മനുഷ്യസമുദായ ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ലാത്തതു വിശാലമായ ഒരു ലോകസമാധാന പ്രസ്ഥാനത്തിനു ജന്മം നൽകി.

അതേ സമയം തന്നെ സാമ്രാജ്യത്വത്തിനിടയിലെ വൈരുദ്ധ്യങ്ങൾ മൂർഛിച്ചിരിക്കുന്നു; സാമ്രാജ്യത്വ നാടുകളിലെ നികൃഷ്ടരായ യുദ്ധക്കൊതിയന്മാരായ കത്തക താല്പര്യങ്ങൾ മുൻപെന്നത്തെക്കാളും ഒററപ്പെടുകയും, നിന്ദിക്കപ്പെടുകയും ചെയ്യുന്നു.

ഈ പ്രതിഭാസങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ട രീതിയിൽ സാമാന്യവൽക്കരിച്ചുകൊണ്ടു് മോസ്കോ പ്രസ്താവനയിൽ താഴെ ചേർക്കുംവിധം പറഞ്ഞിരിക്കുന്നു.

"മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ളവത്തിൽനിന്നാരംഭിച്ചു മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിലേക്കുള്ള പരിവർത്തനമാണു് നമ്മുടെ കാലഘട്ടത്തിൻെറ സത്ത. അന്യോന്യം എതൃക്കുന്ന രണ്ടു സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള സമരത്തിൻെറ, സോഷ്യലിസ്റ്റ് വിപ്ളവങ്ങളുടേയും ദേശീയ വിമോചന വിപ്ളവങ്ങളുടേയും, സാമ്രാജ്യത്വത്തിൻെറ തകർച്ചയുടേയും, കോളണി വ്യവസ്ഥയുടെ നാശത്തിൻെറതുമാണു

നമ്മുടെ കാലഘട്ടം. കൂടുതൽ ജനങ്ങൾ സോഷ്യലിസത്തിന്റെ പാതയിലേക്കു് പരിവർത്തനം ചെയ്യപ്പെടുകയും, സോഷ്യലിസവും കമ്മ്യൂണിസവും ലോക വ്യാപകമായി വിജയവൈജയന്തി നാട്ടുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിതു്. (പേജ് 2)

ചൈനീസ് നേതൃത്വം വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതുമാതിരിയുള്ള "ചരിത്രപരമായ ആത്മീയ വാദമല്ല" മറിച്ച് മുകളിൽ പറഞ്ഞതാണ് 81 പാർട്ടികളുടെ പ്രസ്താവനയിലെ പൊതുനയത്തിന്റെ വസ്തുനിഷ്ഠവും യാഥാർത്ഥ്യബോധത്തോടു കൂടിയതുമായ അടിസ്ഥാനം വാസ്തവത്തിൽ, "ചരിത്രപരമായ ആത്മീയ വാദത്തെക്കുറിച്ചുള്ള സംസാരം ലോക വിപ്ലവ ശക്തികളുടെ പുതുതായുള്ള ശക്തിയെ ശരിക്കും വിലകുറച്ചു കാണലാണ്.

സോഷ്യലിസത്തിന്റെ ദേശീയ സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും ജനാധിപത്യത്തിന്റെയും ലോകശക്തികളുടെ ഈ നൂതനമായ ബലം മോസ്കോ പ്രസ്താവനയുടെ ലക്ഷ്യങ്ങളും കാഴ്ചപ്പാടുകളും പ്രായോഗികമായി സാക്ഷാൽക്കരിക്കാവുന്നതാണെന്നതിനു് കാണത്തക്ക തെളിവു നൽകിയിട്ടുണ്ടോ? ആർക്കും കാണാൻ കഴിയും വിധമുള്ള തെളിവിവിടെയുണ്ടു്, വാസ്തവത്തിൽ, പ്രത്യക്ഷത്തിൽ കാണാവുന്ന ഇത്തരം ഫലങ്ങളെ സൂക്ഷ്മമായും അടിസ്ഥാനമാക്കിക്കൊണ്ടാണ് മോസ്കോ പ്രസ്താവനയിലെ തന്ത്രവും, സമര രീതിയും രൂപംകൊണ്ടിട്ടുള്ളതു്.

നമ്മുടെ കേന്ദ്രഎക്സിക്യൂട്ടീവ് കമ്മററിയുടെ 1960 സെപ്തം: 4 മുതൽ 7-ാംതീയതിവരെയുള്ള യോഗമംഗീകരിച്ച "സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു മുമ്പിലെ ചില പ്രശ്നങ്ങളെപ്പററി" എന്ന പേരിലുള്ള പ്രമേയവും, അതേപോലെ തന്നെ 81 പാർട്ടികളുടെ സമ്മേളനത്തിലെ സഖാവു് അജയഘോഷിന്റെ പ്രസംഗവും, രണ്ടു ലോകയുദ്ധങ്ങൾക്കിടയിലും രണ്ടാം ലോകയുദ്ധത്തിനു ശേഷവുമുള്ള ലോകസംഭവവികാസങ്ങളുടെ ഗതിയിലും സ്വഭാവത്തിലുമുള്ള പരസ്പര വ്യത്യാസം വെളിപ്പെടുത്തിക്കൊണ്ടു് ഈ കാര്യം വ്യക്തമാക്കുന്നുണ്ടു്. ഇവ രണ്ടിലും രണ്ടു കാലഘട്ടങ്ങളിലെ രണ്ടു പ്രധാന സ്വഭാവ വിശേഷങ്ങളെക്കുറിച്ചു് ഊന്നി പ്രസ്താവിച്ചിരിക്കുന്നു.

**ഒന്നാമതായി,** ഒന്നാം ലോകയുദ്ധത്തിനു ശേഷം ഏഷ്യയിലേയും ആഫ്രിക്കയിലെയും അധീന ആശ്രിത രാജ്യങ്ങളിലെ എല്ലാ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളും വിവിധ സാമ്രാജ്യ ശക്തികളാൽ അമർച്ച ചെയ്യപ്പെട്ടു. നേരിട്ടു് സാമ്രാജ്യത്വ ഭരണത്തിൻ കീഴിലായിരുന്നില്ലെങ്കിലും തുർക്കിയിൽ മാത്രമാണ് ആ പ്രസ്ഥാനം വിജയിച്ചതു്. എങ്കിലും തുർക്കിയിലെ വിപ്ലവത്തിന്റെ നേട്ടങ്ങൾ ക്ഷണികമായിരുന്നു. ഇതിൽനിന്നു വിപരീതമായി, രണ്ടാം ലോകയുദ്ധത്തിനു ശേഷം ഏതാണ്ടു് എല്ലാ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളും വിജയം കൈവരിക്കുകയാണുണ്ടായതു്. പരോക്ഷ വിദേശ വാഴ്ചയിൻ കീഴിലുള്ള ലാററിനമേരിക്കൻ രാജ്യങ്ങളിലേക്കും ഈ പ്രക്രിയ വളർന്നിരിക്കുന്നു. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾക്കു പരാജയം സംഭവിച്ചതു് വിരളമായിരുന്നു. അങ്ങിനെ സാമ്രാജ്യവാദികൾക്കു് അവരുടെ പിടി നിലനിർത്താൻ കഴിഞ്ഞിട്ടുള്ളതു് അതാതു രാജ്യങ്ങളിലെ പിന്തിരിപ്പന്മാരുടെ സഹായത്തോടെ മാത്രമാണ്. ഉപരിയായി രണ്ടാംലോകയുദ്ധമവസാനിച്ചിട്ടു പതിനെട്ടിലധികം വർഷ

ങ്ങൾ കഴിഞ്ഞിട്ടും, ദേശീയ വിമോചന പ്രസ്ഥാനങ്ങളുടെ വിജയം തുടർന്നുംകൊണ്ടേ ഇരുന്നു, ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

രണ്ടാമതായി ഈ രണ്ടു ലോകയുദ്ധങ്ങൾക്കിടയിൽ, ഇംഗ്ലണ്ടിന്റെയും ഫ്രാൻസിന്റെയും, അമേരിക്കയുടേയും, സഹായത്തോടും പ്രേരണയോടുംകൂടി ജർമ്മനിയും ഇററലിയും ജപ്പാനും ഒന്നിനു പിറകെ ഒന്നായി രാജ്യങ്ങളെ വിജയപൂർവ്വം ആക്രമിച്ചു, മഞ്ചൂറിയ, അബിസീനിയ ആസ്റ്റ്റിയ, സുഡൻററലാന്റ്, അൽബേനിയ, അവസാനമായി ചെക്കോസ്ലാവാക്യ എന്നീ രാജ്യങ്ങളെ ഒന്നിനു പിറകെ ഒന്നായി കീഴടക്കി. ജർമ്മൻ ഫാസിസത്തിന്റെ സഹായത്തോടെ പിന്തിരിപ്പന്മാർ സ്പാനിഷ് ജനാധിപത്യത്തെ നശിപ്പിച്ചു. സോഷ്യലിസത്തിന്റെയും സമാധാനത്തിന്റെയും ശക്തികൾക്ക് ഈ പ്രക്രിയയെ തടഞ്ഞു നിറുത്താൻ കഴിവുണ്ടായിരുന്നില്ല. ഈ സന്ദർഭങ്ങളിൽ ലോകസമാധാനം തകർന്നിട്ടില്ലെങ്കിൽ അതു സംഭവിച്ചതു്, ദേശീയ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ചിലവിലായിരുന്നു; സാമ്രാജ്യത്വത്തിന്റെ കുന്തമുനയായ ഫാസിസത്തിന്റെ പുരോഗതിയുടെ ചിലവിലായിരുന്നു. ഈ മുന്നേററങ്ങളോരോന്നും തന്നെ, രണ്ടാം ലോകയുദ്ധം കെട്ടഴിച്ചു വിടുന്നതിനുള്ള ചവിട്ടു പടികളായിരുന്നു. അവസാനം നാസി ജർമ്മനി അതാരംഭിക്കുകയും ചെയ്തു.

ഇതിൽനിന്നു വിപരീതമായി, രണ്ടാംലോക യുദ്ധത്തിനു ശേഷമുള്ള കാലഘട്ടത്തിൽ, പ്രധാനമായും സോവിയററ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ക്യാമ്പിന്റെയും, അതോടൊപ്പം ദേശീയ സ്വാതന്ത്ര്യ ശക്തികളുടേയും കരുത്തിന്റെ ഫലമായി, കൊറിയ, ഈജിപ്ത്, സിറിയ, ഇറാക്ക്, യെമൻ, സാൻസിബാർ എന്നീ രാജ്യങ്ങൾക്കെതിരായ സാമ്രാജ്യത്വ ആക്രമണമോ, ആക്രമണ ഭീഷണികളോ അട്ടിമറിയോ വിജയകരമായി തിരിച്ചടിക്കപ്പെടുകയോ, തടഞ്ഞു നിറുത്തുകയോ ചെയ്തു. ദക്ഷിണ വിയററ്നാംകാരും അൾജീരിയക്കാരും സോഷ്യലിസ്റ്റായുധങ്ങൾ ഉപയോഗിച്ചുകൊണ്ടു് ശരിക്കുള്ള സാമ്രാജ്യത്വ സൈന്യത്തെ ഘോരയുദ്ധത്തിൽ തോല്പിച്ചു കളഞ്ഞു. ലാവോസിന്റെയും കമ്പോഡിയയുടേയും നിഷ്പക്ഷത സംരക്ഷിക്കപ്പെട്ടു. ഡച്ച് മലേഷ്യൻ സൈനിക സമ്മർദ്ദത്തെ വിജയകരമായി നേരിടാൻ തക്കവണ്ണമുള്ള കരുത്തു് ഇന്തോനേഷ്യക്കുണ്ടായി. തീർച്ചയായും ക്യൂബയുടെതാണ് ഏററവും പ്രാഭവമുള്ള ഉദാഹരണം. സോവ്യററ് സൈനിക ശക്തിയുടെ സഹായത്തോടെ, ലോകത്തിലേക്കുവച്ചേററവും ശക്തിയുള്ള സാമ്രാജ്യത്വ രാഷ്ട്രമായ അമേരിക്കയിൽനിന്നും ക്യൂബ അഭിമാനത്തോടെ വിജയകരമായി അതിന്റെ സ്വാതന്ത്ര്യത്തെ സംരക്ഷിച്ചു. അമേരിക്കനതൃത്തികളിൽനിന്നു് ഒരു കല്ലെറിഞ്ഞാൽ ചെന്നുവീഴുന്നത്ര ദൂരത്തിലാണതാനും അതു കിടക്കുന്നതു്.

മോസ്കോ പ്രസ്താവനയിലെ പ്രധാന വാദത്തെയല്ലെങ്കിൽ മറെറന്തിനെയാണ് ഈ വസ്തുതകൾ തെളിയിക്കുന്നതു്? അതായതു്, ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയും സാമ്രാജ്യത്വത്തിന്നെതിരായി സമരം ചെയ്യുന്ന ശക്തികളുമാണ് ആനുകാലിക ചരിത്രത്തിന്റെ പ്രധാന ഉള്ളടക്കവും ഗതിയും, സ്വഭാവ വിശേഷങ്ങളും നിർണ്ണയിക്കുന്നതു് എന്നു് കൂടുതൽ സമൂർത്തമായി പറഞ്ഞാൽ, ദേശീയ വിമോചനത്തിനായുള്ള സമരത്തിന്റെ കടമകളും സമാധാനമാഗ്രഹിക്കുന്ന രാജ്യങ്ങളുടെ സംരക്ഷണവും, എല്ലാം തന്നെ ഈ പുതിയ യുഗത്തിൽ ഒരേസമയം ഫലപ്രദമായി നടത്താൻ കഴിയുന്നു. സാമ്രാജ്യത്വ ആക്രമണത്തെ തിരിച്ചടിക്കുവാനും, അതായതു് "പ്രതിവിപ്ലവകയററുമതി"യെ പരാജയപ്പെടുത്താനും അതേ സമയത്തു തന്നെ ലോകസമാ

ധാനം പരിരക്ഷിക്കുവാനും ഈ പുതിയ യുഗത്തിൽ സാധിക്കുന്നു. ദേശീയസ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും ത്യജിച്ചുകൊണ്ടല്ല, മറിച്ച് അവയുടെ മുന്നേററത്തോടൊപ്പംതന്നെ, സാമ്രാജ്യത്വത്തെയും പിന്തിരിപ്പത്തത്തെയും പടിപടിയായി തോല്പിച്ചുകൊണ്ടും തള്ളിമാററിക്കൊണ്ടുതന്നെ ഇന്ന് ലോകസമാധാനം സംരക്ഷിക്കുവാൻ കഴിയുന്നതാണ്.

ലോകയുദ്ധം ഝടുതിയിലൊ അല്ലെങ്കിൽ വളരെ പെട്ടെന്നൊ അല്ലാ ഉണ്ടാവുന്നതു് വിജയകരമായ സാമ്രാജ്യത്വ ആക്രമണ പരമ്പരകളുടെ പര്യവസാനമാണ് ലോകയുദ്ധം. അത്തരം ആക്രമണങ്ങളെ തടഞ്ഞു നിറുത്തുകയും പരാജയപ്പെടുത്തുകയും ചെയ്യുന്നതു് ഒരു ലോകയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനെ തടയലാണ്,

സമാധാന പരമായ സഹവർത്തിത്വത്തിന്റെയും, രണ്ടു സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള മത്സരത്തിന്റെയും സാഹചര്യങ്ങളിലാണ് മുകളിൽ പറഞ്ഞ നേട്ടങ്ങളും മുന്നേററവുമുണ്ടായിട്ടുള്ളതെന്ന് മോസ്കോ പ്രസ്താവനയിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതു് ഈ അർത്ഥത്തിലാണ്. പക്ഷെ ചൈനീസുനേതാക്കളുടെ ദൃഷ്ടിയിൽ, ഇത്തരമുള്ളൊരു വാദം മാർക്സിസത്തെ ഉപേക്ഷിക്കലാണ്.

നമ്മുടെ കാലഘട്ടത്തിലെ മറെറാരു പ്രതിഭാസത്തെക്കുറിച്ചുകൂടി. അതും ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി. മോസ്കോ പ്രസ്താവനയിൽ എടുത്തു പറഞ്ഞിരിക്കുന്ന കാര്യവും ചൂണ്ടിക്കാട്ടേണ്ടതുണ്ടു്. അതായതു "കൊളോണിയൽ നാടുകളിലെ ജനങ്ങൾ, അതാതിടങ്ങളിലെ പ്രത്യേക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, രണ്ടു മാഗ്ഗങ്ങളിലൂടെയും അതായതു് സായുധ സമരത്തിലൂടെയും, പട്ടാളേതര മാർഗ്ഗങ്ങളിലൂടെയും സ്വാതന്ത്ര്യം കരസ്ഥമാക്കുന്നു. (പേജ് 27) ഇക്കാര്യത്തെക്കുറിച്ച് നമുക്കു പിന്നീടു് പരിശോധിക്കാം.

സമാധാനമാഗ്രഹിക്കുന്ന രാജ്യങ്ങളുടെ പരമാധികാരത്തെയും അപരിച്ഛിന്നതയേയും സാമ്രാജ്യത്വ ആക്രമണത്തിൽനിന്നു രക്ഷിക്കുകയും അതേസമയംതന്നെ ലോകത്തെ ഒരണുവായുധ യുദ്ധത്തിലേക്കു് തള്ളിവിടുന്നതിൽനിന്ന് സാമ്രാജ്യത്വ ഭ്രാന്തന്മാരെ തടഞ്ഞു നിറുത്തുകയും ചെയ്യുക എന്ന പരസ്പര ബന്ധമുള്ള കടമകൾ വിർവ്വഹിക്കുകയെന്ന പ്രശ്നത്തോടു് ചൈനീസ് നേതൃത്വത്തിന്റെ നിരുത്തരവാദപരമായ നിലപാടു് 1962 ഒക്ടോബറിലെ കരീബിയൻ കുഴപ്പക്കാർക്കു് നഗ്നമായും വെളിപ്പെടുകയുണ്ടായി.

ഈ സംഭവത്തിന്റെ വിശദ വിവരങ്ങൾ എല്ലാവർക്കും ശരിക്കറിവുള്ളതാണ്. ക്യൂബയുടെ മേൽ വൻതോതിലുള്ളൊരു അമേരിക്കൻ സൈനികാക്രമണം അത്യാസന്നമായിരിക്കുന്നുഎന്ന് ക്യൂബൻ ഗവണ്മെന്റിൽനിന്നും വിവരം ലഭിച്ചപ്പോൾ, സോവ്യററ് ഗവണ്മെൻറ് മിസൈലുകളും അണുവായുധങ്ങളും ക്യൂബയിലേക്കയച്ചു, അമേരിക്കയോ അതിന്റെ ഏതെങ്കിലും കൂട്ടാളികളോ ക്യൂബയെ ആക്രമിക്കില്ലെന്ന് 'പ്രസിഡണ്ടു് കെന്നഡിയിൽനിന്നുറപ്പു ലഭിച്ചതിനെത്തുടർന്ന് ഈ ആയുധങ്ങൾ പിൻവലിക്കുകയും ചെയ്തു. ഇതാണുണ്ടായതു്.

ക്യൂബൻ കുഴപ്പത്തിന്റെ പാരമ്യത്തിൽ സംഭവവികാസങ്ങൾ വളരെ ത്വരിതഗതിയിലായിരുന്നു, ഒരാണവായുധ പൊട്ടിത്തെറിയുടെ വക്കോളം ലോകത്തെ അതു് എത്തിക്കുകയും ചെയ്തു. വാസ്തവത്തിൽ, അണുവായുധങ്ങൾ കണ്ടുപിടിച്ചതിനു ശേഷമുള്ള ഏതൊരു സന്ദർഭത്തെക്കാളും ലോകം അന്ന് യുദ്ധത്തിന്റെ വക്കിലെത്തുകയുണ്ടായി. ഈ സാഹചര്യങ്ങളിൽ, അല്പംപോലും താമസമില്ലാതെ മിസൈലുകൾ പിൻ

വലിക്കുവാനുള്ള തീരുമാനമെടുക്കുന്നതിൻെറ ഉത്തരവാദിത്വം സോവ്യററ് യൂണിയനു് ഏൽക്കേണ്ടിവന്നു. ക്യൂബൻ ഗവണ്മെൻറുമായി കൂടിയാലോചിക്കുന്നതുപോലും സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടതു നടന്നില്ല.

എതെങ്കിലും വിഭവങ്ങളുടെ ഭേന്മ ഭക്ഷിക്കുമ്പോഴാണു തെളിയുക. അമേരിക്കനാക്രമണം ഉണ്ടായില്ല, കുഴപ്പം കഴിഞ്ഞിട്ടു് പതിനാറു മാസങ്ങളായിട്ടും ക്യൂബൻ സോഷ്യലിസത്തിൻെറ പതാക ഇന്നും വിജയപൂർവ്വം പുരോഗതിയിലേക്കു മാർച്ചു ചെയ്യുന്നു.

1963 മേയ് 23-ാംതീയതിയിലെ പ്രസ്താവനയിൽ ഡാ: കാസ്ട്രോ തന്നെ ഈ തീരുമാനം ശരിയായിരുന്നു എന്നു സാക്ഷ്യപ്പെടുത്തി. അദ്ദേഹം പറഞ്ഞു:

''സമയം കടന്നുപോവുകയും സംഭവങ്ങളിൽ വെളിച്ചം പരത്തുകയും ചെയ്തിരിക്കുന്നു. ക്യൂബയെ ആക്രമിക്കുന്നതിനുള്ള സാമ്രാജ്യത്വ പദ്ധതികൾ പരാജയപ്പെട്ടു. യുദ്ധം ഒഴിവാക്കുക സാദ്ധ്യമാണെന്നു് തെളിഞ്ഞു.

ഡാ: കാസ്ട്രോ ഇത്രയും കൂടി പറഞ്ഞു. ''കഴിഞ്ഞ മാർച്ചിൽ (1963) സോവിയററു് യൂണിയൻ നൽകിയ സന്ദർഭോചിതവും ശക്തിയേറിയതുമായ താക്കീതു യുദ്ധക്കൊതിയന്മാരുടെ ചൂടുമൂത്ത തലയിൽ ഒരു നനഞ്ഞ പുതപ്പിട്ട ഫലമുണ്ടാക്കി.

ഇത്രയധികം തെളിവുകളുണ്ടായിട്ടും ''മുനിച്ചു്'' ആവർത്തിക്കുന്നതായും, ''ക്യൂബൻ പരമാധികാരത്തെ ത്യജിച്ചുകൊണ്ടു് സമാധാനം വാങ്ങിക്കുന്ന''തായും. ചൈനീസ് നേതൃത്വം സോവ്യററു് യൂണിയനെ കുററപ്പെടുത്തി. ക്യൂബയിൽ മിസൈലുകൾ വച്ചതിനെ ''സാഹസികത''യായും അവയെ പിൻവലിച്ചതിനെ ''കീഴടങ്ങലായും'' അവർ ആക്ഷേപിച്ചു. ഈ ആരോപണങ്ങൾ ഇതേവരെ പിൻവലിച്ചിട്ടില്ല. ക്യൂബയെക്കുറിച്ചു് ക്യൂബക്കാരെക്കാൾ കൂടുതലായാണു് ചൈനാക്കാർ അവകാശവാദങ്ങളുന്നയിക്കുന്നതു്.

വാസ്തവത്തിൽ, മിസൈലുകൾ അയച്ചതും, അവ പിൻവലിച്ചതും ശാന്തമായാലോചിച്ചെടുത്ത നടപടികളായിരുന്നു. സോഷ്യലിസത്തിൻെറ ശക്തികളുടെ ആധിപത്യത്തിലുള്ള വിശ്വാസമായിരുന്നു ആ നടപടികൾക്കാധാരം. ചൈനീസ് വിമർശനത്തിന്നടിസ്ഥാനം ഒന്നാമതായും സോഷ്യലിസ്റ്റു് ശക്തികളെ ചെറുതാക്കി കാണലാണു; ഒരു ലോകയുദ്ധത്തെ ക്ഷണിച്ചു വരുത്തിക്കൊണ്ടു് സാഹസികമായൊരു ചൂതാട്ടത്തിൻെറ മാർഗ്ഗം തുടരുന്നതാണു്; അത്തരം വിമർശനം ഉണ്ടായതിൻെറ രണ്ടാമത്തെ കാരണം, എന്നാലിതു മാത്രമല്ല. നമ്മുടെ പാർട്ടിയുടെ ചെയർമാൻ സഖാവു് ഡാങ്കെ ''കണ്ണാടി''ക്കു മറുപടി പറയുന്ന തൻെറ ലഘുലേഖയിൽ ചൂണ്ടിക്കാണിച്ചതുമാതിരി ക്യൂബൻ കുഴപ്പത്തിൻെറ അതേ സമയമാണു് ഇന്ത്യയെ ആക്രമിക്കാൻ ചൈനീസ് നേതൃത്വം തിരഞ്ഞെടുത്തതു്.

അദ്ദേഹം പറയുന്നു:

ഒരു ചോദ്യമുണ്ടായേക്കാം, കരീബിയൻ കുഴപ്പമുണ്ടാവുകയും ഒരു ലോകയുദ്ധത്തിൻെറ ഭീഷണി നിലനിൽക്കുകയും ചെയ്ത അതേ സമയത്തു ഇന്ത്യാ-ചൈനാ അതൃത്തിയിൽ ഇത്ര വിപുലമായ തോതിലൊരു യുദ്ധമുണ്ടായതെന്തിനാണു്? ഇതു ഒരേ കാലത്തു യാതൊരു ബന്ധവുമില്ലാതെ സംഭവിച്ചതാണോ? (ഗ്രെയിററു് ഡിബേററു് പേജ് 317)

ഇതിനുള്ള മറുപടിയിതാണു്. സമാധാനവും ദേശീയ സ്വാതന്ത്ര്യവും സോഷ്യലിസവുമാഗ്രഹിക്കുന്ന ഓരോരുത്തരും ക്യൂബയെ സഹായി

ക്കുവാൻ വെമ്പൽകൊള്ളുന്ന സമയമായിരുന്നു അതു്. അങ്ങിനെ എന്തെങ്കിലും ചെയ്യുന്നതിൽനിന്നും ചൈനീസ് നേതാക്കന്മാർ ഒഴിഞ്ഞു നിന്നു. ലോകസ്ഥിതി അന്നൊരു പൊട്ടിത്തെറിയോളമെത്തിയിരുന്നു. ആ പൊട്ടിത്തെറിയിലേക്കു് തീപ്പൊരി വിതറിക്കൊണ്ടും തങ്ങളുടെ സങ്കുചിത ദേശീയ താല്പര്യങ്ങൾ സംരക്ഷിക്കാനാണു് ചൈനീസ് നേതാക്കന്മാർ തീരുമാനിച്ചതു്.

ഭാഗിക അണുവായുധക്കരാറിനെ ചൈനീസ് നേതൃത്വം ആക്ഷേപിച്ചരീതിയും ആ ആക്ഷേപത്തിന്റെ ഉള്ളടക്കവും അവരുടെ വൻശക്തിഭ്രാന്തും ദേശീയ അഹന്തയുമാണു് വ്യക്തമാക്കുന്നതു്.

നിരായുധീകരണത്തിനു വേണ്ടിയുള്ള അക്ഷീണമായ സമരത്തിനാണു നേരത്തെ ചൂണ്ടിക്കാട്ടിയ മാതിരി, മോസ്കോ പ്രസ്താവന ആഹ്വാനം ചെയ്യുന്നതു്. ഈ സമരത്തിന്നിടക്കു് പടിപടിയായി പല പ്രശ്നങ്ങളിലും കാണത്തക്ക ഫലങ്ങൾ നേടിയെടുക്കാൻ കഴിയുമെന്നു പ്രസ്താവനയിൽ പറയുന്നുണ്ടു്. ആററംപരീക്ഷണ നിരോധനം അക്കൂട്ടത്തിൽ വ്യക്തമായി എടുത്തു പറഞ്ഞിട്ടുണ്ടു്. "ഇത്തരം കരാറുകൾ പൊതുനിരായുധീകരണത്തിലേക്കുള്ള പാത തെളിയിക്കും" എന്നും പ്രസ്താവനയിൽ പറയുന്നു.

ഭാഗിക അണുവായുധ നിരോധന സഖ്യം തീർച്ചയായും ഇത്തരമൊരു കരാറാണു്. റേഡിയോ പ്രസരങ്ങളുടെ ഫലമായി അന്തരീക്ഷം ഇനിയും മലിനമാകുന്നതിനെ അതു തടയുന്നു. അണുവായുധങ്ങൾ വ്യാപിക്കുന്നതിനെ അതു തടയുകയും അങ്ങിനെ സാമ്രാജ്യത്വ ഭ്രാന്തന്മാരുടെ തെററായ കണക്കുകൂട്ടലുകളുടെ ഫലമായോ യാദൃച്ഛികമായൊ യുദ്ധംപൊട്ടിപ്പുറപ്പെടുക എന്ന അപകടത്തെ അതു കുറക്കുകയും ചെയ്യുന്നു. സാർവ്വദേശീയ സംഘർഷത്തെ അതു കുറക്കുകയും, കൂടുതൽ പ്രയോജനകരമായ കരാറുകളുണ്ടാക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ അപകടം ഇതവസാനിപ്പിക്കുന്നില്ല, അങ്ങിനെ അവകാശപ്പെടുന്നുമില്ല, എന്നാലതു്, ആകെക്കൂടി പ്രയോജനകരമായൊരു മുന്നേററമാണു്. അതേ കാരണംകൊണ്ടു തന്നെ സമാധാനമാഗ്രഹിക്കുന്ന രാജ്യങ്ങളാലും. ലോകത്താകെയുള്ള ജനങ്ങളാലും അതു സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ടു്.

ഈ സന്ധിയെക്കുറിച്ചുള്ള ചൈനീസ് നേതൃത്വത്തിന്റെ വിമർശനമെന്താണു്? അമേരിക്കയും റഷ്യയും തമ്മിൽ സഹകരിക്കുകയും അങ്ങിനെ ലോകത്തുള്ള ജനങ്ങളെയാകെ വഞ്ചിക്കുകയും ചെയ്യു എന്ന ആരോപണം തീർച്ചയായും അവരാവർത്തിച്ചിട്ടുണ്ടു്, എന്നാൽ ഏററവും ചീത്തയായ കാര്യം "അണുവായുധങ്ങൾ തങ്ങളുടെ കുത്തകയാക്കുന്നതിനും ചൈനയെ അവ ലഭിക്കുന്നതിൽ നിന്നൊഴിച്ചു നിർത്താനുമുള്ള ഒരു സോവ്യററ്-അമേരിക്കൻ കൂട്ടു ഗൂഢാലോചന"യെന്ന പേരിലാണു് അവർ കരാറിനെ ആക്ഷേപിക്കുന്നതു എന്നതാണു്. (ഹോങ്ങ്കി, പീപ്പിൾസ് ഡെയിലി 1963 സെപ്റ്റബർ 6, പേജ് 4)

ചൈനയുടെ മേലൊരു സാമ്രാജ്യത്വ ആക്രമണം ഉണ്ടാകുമ്പോൾ, സോവ്യററു് യൂണിയൻ അതിന്റെ മുഴുവൻ ശക്തിയോടുംകൂടെ ചൈനയുടെ പ്രതിരോധത്തിനെത്തുമെന്നു് സോവിയററു് നേതാക്കന്മാർ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ടു്. ചൌ-എൻ-ലായ് അടുത്ത കാലത്തു് അദ്ദേഹത്തിന്റെ ആഫ്രിക്കൻ പര്യടനത്തിനിടയിൽ ഇതു സ്ഥിരീകരിച്ചിട്ടുമുണ്ടു്. അതുകൊണ്ടു് ആററംബോമ്പുകൾ സ്വന്തമായില്ലാത്തതുകൊണ്ടു് അതിന്റെ ചിലവു് ചൈനക്കു് താങ്ങേണ്ടി വരുന്നില്ല. അതേ സമയം ആററം ആയുധങ്ങളുപയോഗിച്ചുള്ള പ്രതിരോധത്തിന്റെ എല്ലാ നേട്ടങ്ങളും ചൈനക്കു ലഭ്യമാവുകയും ചെയ്യുന്നു. ചൈനീസ് മണ്ണിൽ ആററാമിക്കു്

താവളങ്ങളില്ല എന്നതുകൊണ്ട് ചൈനയുടെ മേലൊരു ആററം ആക്രമണത്തിന്റെ അപകടവും കുറയുന്നു.

മറെറാന്ന്. സോവ്യററ് യൂണിയൻ ചൈനയ്ക്ക് ആററം ആയുധങ്ങൾ നൽകുന്നെങ്കിൽ, ഏററവുമധികം യുദ്ധവെറിപൂണ്ട സാമ്രാജ്യത്വശക്തിയായ പടിഞ്ഞാറൻ ജർമ്മനിക്ക് ആററം ആയുധങ്ങൾ നൽകുന്നതിൽനിന്നും അമേരിക്കയെ തടയുന്നതിന്ന് ആർക്കും കഴിയില്ല, എന്നതാണ്.

അപ്പോൾ പിന്നെ എന്തിനാണ് ആററംആയുധങ്ങൾ സ്വന്തമാക്കാനുള്ള "അവകാശ"ത്തിൽ ചൈന നിർബന്ധം പിടിക്കുന്നത്. ചൈനയ്ക്കു തന്നെയും മുഴുവൻ മനുഷ്യസമുദായത്തിനും നാശം ചെയ്യുന്നതാണതിന്റെ ഉപയോഗം. പടിഞ്ഞാറൻ നാടുകളിലെ യുദ്ധമോഹികൾക്കല്ലാതെ ആർക്കും അതു ഗുണം ചെയ്യില്ല.

"വൻശക്തി" പദവിയുടെ ലക്ഷണം കുറിക്കുന്നതിനായി ആററംആയുധങ്ങൾ കൈവശമുണ്ടാകുന്നതാവശ്യമാണെന്ന് ചൈനീസ് നേതാക്കന്മാർ കരുതുന്നു എന്നതല്ലാതെ ഇതിനു മറുപടിയില്ല. സാമ്രാജ്യത്വ യുദ്ധപ്രിയന്മാർ കഴിഞ്ഞ കാലത്തും, ഇപ്പോഴും ദേശീയ മാഹാത്മ്യത്തിന്റെ ലക്ഷണമായി പട്ടാളശക്തിയെ കരുതിയിരുന്നതായറിയാം. "ഫ്രാൻസിന്റെ മാഹാത്മ്യ"ത്തെപ്പററിയുള്ള ഭ്രാന്തിനെ അടിസ്ഥാനമാക്കിയാണ് ആററമിക് ആയുധങ്ങൾ സ്വന്തമായി വേണമെന്ന് ഡിഗാളെയും നിർബന്ധിക്കുന്നത്, അതിൽ അത്ഭുതപ്പെടാനെന്തുള്ളു. അയാളതു തുറന്നു പറഞ്ഞിട്ടുണ്ട്. ചൈനീസ് നേതാക്കൾ അങ്ങിനെ പറഞ്ഞിട്ടില്ല, അതാണ് ഒരേയൊരു വ്യത്യാസം.

"ലോക പ്രശ്നങ്ങളുടെ പരിഹാരത്തിനായിട്ടുള്ള സോവ്യററ്-അമേരിക്കൻ കൂട്ടുകെട്ടി"നെക്കുറിച്ച് പറയുന്നതാണ് അവസാനക്കയ്യ്. അത്തരം കുററപ്പെടുത്തലുകളെക്കുറിച്ച് യാതൊരു വാദവും ആവശ്യമില്ല, അവയെ ആക്ഷേപിക്കുവാൻ മാത്രമേ കഴിയൂ.

അവരുടെ ദേശീയ താൽപര്യങ്ങളുടെ കാര്യത്തിൽ സാമ്രാജ്യവാദികളുമായി കൂടിയാലോചിക്കുന്നതിനും കരാറുകളിലേർപ്പെടാനും ചൈനീസ് നേതാക്കൾക്ക് യാതൊരു വിരോധവുമില്ല. അത്തരം കൂടിയാലോചനകൾക്കിടയിൽ, ഡിഗാളെയും, ആയൂബ്ഖാനെയും പോലുള്ള മുരത്ത സാമ്രാജ്യവാദികൾക്കും പിന്തിരിപ്പന്മാർക്കും നയതന്ത്രപരമായ അഭിനന്ദനങ്ങൾ നൽകാനും അവർക്കു കഴിയുമെന്നു വ്യക്തമായിരിക്കുന്നു. ചൈനയെ അംഗീകരിക്കുന്നതു വഴി ക്രമിന്താങ്ങ് ചൈനയ്ക്കു നൽകിയിട്ടുള്ള അംഗീകാരം പിൻവലിക്കാമെന്നു വാഗ്ദാനമൊന്നും ചൈനീസ് റിപ്പബ്ളിക്കിനു നൽകിയിട്ടില്ലെന്ന് ഫ്രാൻസ് ഔദ്യോഗികമായി പ്രഖ്യാപിക്കുകയുണ്ടായി, "നടപടി ക്രമത്തിന്റെയും മര്യാദയുടേയും പ്രശ്ന"മാണതെന്നാണ് ഇതേക്കുറിച്ച് ചൌ-എൻ-ലായ് തന്നെ വിശദീകരിച്ചത്. രണ്ടു ചൈനകൾ എന്ന അനുവദനീയമല്ലാത്ത സിദ്ധാന്തത്തിന്റെ അംഗീകരണമാണതെന്ന നിലയ്ക്ക് അതിനെ ആക്ഷേപിക്കുകയുണ്ടായില്ല. ചൈനീസ് കമ്മ്യൂ:പാർട്ടി കേന്ദ്രക്കമ്മിററിയുടെ ജൂൺ 14-ാംതിയതിയിലെ കത്തിൽ "ചില രാജ്യസ്നേഹികളായ രാജാക്കന്മാരേയും മാടമ്പികളേയും പ്രഭുക്കന്മാരെയും"ക്കുറിച്ചു പറയുന്നു. നീപ്പാൾ രാജാവ്, ആയൂബ്ഖാർ എന്നിവരെ തീർച്ചയായും അതിൽ സൂചിപ്പിക്കുന്നുണ്ട്.

എന്നാൽ സോവ്യററ് നേതൃത്വവും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളും കൂടിയാലോചനകൾ നടത്തുകയും, കരാറിലേർപ്പെടുകയും സാമ്രാജ്യവാദികളും ബൂർഷ്വാ നേതാക്കന്മാരും തമ്മിൽ താരതമ്യേന വ്യത്യാസം കാണുകയും ചെയ്താൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ

അതിൽപെട്ടെന്നു് അപകടം ദർശിക്കുകയും സാമ്രാജ്യവാദികളെ "നല്ലവരാകുന്നു" അവരെ വിശ്വസിക്കുന്നു, അവരെക്കുറിച്ചു് വ്യാമോഹങ്ങൾ വളർത്തുന്നു, എന്നെല്ലാം വിളിച്ചു പറയാൻ തുടങ്ങുകയും ചെയ്യുന്ന സോവിയററു് നേതൃത്വം നൽകുന്ന സാധുവായ കാരണങ്ങളും വിശദീകരണവും നിരാകരിച്ചുകൊണ്ടാണു് ഇതു ചെയ്യുന്നതു താനും.

മോസ്കോ പ്രസ്താവനയിൽ തന്നെ പറയുന്നു—"ശക്തികൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ആധുനിക യുദ്ധത്തിന്റെ ദാരുണ ഫലങ്ങളെക്കുറിച്ചും സ്വബോധത്തോടെ ചിന്തിക്കുന്ന, വികാസം പ്രാപിച്ച മുതലാളിത്ത നാടുകളിലെ ഒരു വിഭാഗം ബൂർഷ്വാസിയും സമാധാനപരമായ സഹവർത്തിത്വം എന്ന നയത്തെ അനുകൂലിക്കുന്നുണ്ടു്." (പേജ് 20)

എന്നാൽ "ഹംഗ് ചി"യുടെയും, "പീപ്പിൾസ് ഡെയിലി"യുടെയും "പരിശുദ്ധ"മാർക്സിസത്തിനു് അത്തരം "റിവിഷനിസ്റ്റ്" വിലയിരുത്തലുകളുമായി സ്വാഭാവികമായും സന്ധിചെയ്യാനാവില്ല. അവർ നമ്മോടു പറയുന്നു, "വർഗ്ഗങ്ങളുള്ളൊരു സമുദായത്തിൽ വർഗ്ഗങ്ങളെ കവച്ചുവെക്കുന്നതിനു് യാതൊരു കാരണവുമില്ല എന്നതു മാർക്സിസം-ലെനിനിസത്തിന്റെ എബിസിയാണു്. അധ്വാനിക്കുന്ന വർഗ്ഗത്തിനു്, അധ്വാനിക്കുന്ന വർഗ്ഗത്തിന്റേതായ കാരണങ്ങളും, ബൂർഷ്വാസിക്കു് ബൂർഷ്വാസിയുടേതായ കാരണങ്ങളുമുണ്ടു്" (നവമ്പർ 19-ാം തീയതിയിലെ എഡിറേറാറിയലുകൾ പേജ് 10)

ആററം ആയുധങ്ങൾ യുദ്ധത്തിന്റെയോ സാമ്രാജ്യത്വത്തിന്റെയോ സ്വഭാവത്തിനു് മാററം വരുത്തുകയില്ലെന്നവർ പ്രഭാഷണം നടത്തുകയും ചെയ്യുന്നു. ആയുധങ്ങളല്ല, ജനങ്ങളാണു്, യുദ്ധത്തിന്റെ ഗതി നിർണ്ണയിക്കുന്നതെന്നും, യുദ്ധവും സാമ്രാജ്യത്വവും അഭേദ്യമാണെന്നും അവർ നമ്മോടു പറയുന്നു. അതുകൊണ്ടു് ഒരാററം യുദ്ധത്തിൽ ജനങ്ങൾ സാമ്രാജ്യത്വത്തെ നശിപ്പിക്കും. ആററംആയുധങ്ങൾ കാരണമായി യാതൊന്നിലും മാററം സംഭവിച്ചിട്ടില്ല, പുതുതായി വിഷമിക്കാൻ യാതൊന്നുമില്ല താനും.

അതായതു മുൻപുണ്ടായിരുന്ന ആയുധങ്ങളേക്കാൾ വളരെയധികം നാശകാരിയാണു് ആററംആയുധങ്ങളെന്ന ലളിതമായ കാര്യവും, അത്തരം ആയുധങ്ങളിലുള്ള സോവ്യററു് മുൻകയ്യിന്റെ ഫലമായി അവരുടെ തന്നെ നിർമ്മാർജ്ജനത്തെ നേരിടാതെ ഒരു യുദ്ധമഴിച്ചുവിടാൻ കഴിയില്ലെന്നു് സമ്രാജ്യവാദികൾക്കു തന്നെ ബോദ്ധ്യമായിരിക്കുന്നു എന്നതും യാതൊരു പ്രാധാന്യവുമില്ലാത്തതും തള്ളിക്കളയാവുന്നതുമാണു്.

എന്നാൽ സാമ്രാജ്യവാദികൾക്കു തന്നെ ഇക്കാര്യത്തിൽ എന്താണു പറയാനുള്ളതു്? 1963 ജൂൺ 10-ാം തിയതി പ്രസിഡണ്ടു് കെന്നഡി വാഷിംഗ്ടൺ യൂണിവേഴ്സിററിയിൽ ചെയ്ത ബിരുദദാന പ്രസംഗം ഇതേക്കുറിച്ചു വ്യക്തമാക്കുന്നതാണു്. ഭൂമുഖത്തുള്ള ഏററവും കരുത്തുററ സാമ്രാജ്യത്വ ശക്തിയുടെ വക്താവായിരുന്നു അദ്ദേഹം. "ആക്രമണത്തിന്റെയും യുദ്ധത്തിന്റെയും ഏററവും പ്രധാനപ്പെട്ട ശക്തി"യായാണു് മോസ്കോ പ്രസ്താവന അമേരിക്കയെ വിവരിച്ചിട്ടുള്ളതു്. ആ പ്രസംഗത്തിന്റെ ഭാഗങ്ങൾ ഉദ്ധരിക്കാവുന്നതാണു്.

കെന്നഡിയുടെ മൌലികമായ അഭിപ്രായങ്ങളാകട്ടെ ഏതു സാമ്രാജ്യത്വ വാദിയുടേതുപോലുള്ളവയാണു്. അദ്ദേഹം പറയുന്നു: "അമേരിക്കാക്കാരെന്ന നിലയിൽ നാം കമ്മ്യൂണിസത്തെ വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സത്തയുടെയും നിഷേധമാണെന്ന നിലയിൽ അങ്ങേയററം വെറുക്കുകയാണു്." കമ്മ്യൂണിസത്തോടുള്ള അദ്ദേഹത്തിന്റെ സമീപനം മാറി.

യെന്നും അതുകാരണം യുദ്ധം. സമാധാനം എന്നീ പ്രശ്നങ്ങളോടും അദ്ദേഹത്തിന്റെ സമീപനം മാറിയെന്നും ഉള്ള വ്യാമോഹം നാം വെച്ചുപുലർത്തേണ്ടതില്ല.

എന്നാൽ അതേ അവസരത്തിൽ അദ്ദേഹം പറയുന്നതു നോക്കുക:—"യുദ്ധത്തിന്റെ പുതിയ രൂപത്തെക്കുറിച്ചോർത്തിട്ടാണ ഞാൻ സമാധാനത്തിനു വേണ്ടി വാദിക്കുന്നത്. ഒരൊററ ന്യൂക്ലിയർ ആയുധം രണ്ടാം ലോകമഹായുദ്ധത്തിൽ സഖ്യകക്ഷികളെല്ലാം ചേർന്നുപയോഗിച്ച വിസ്ഫോടനശക്തിയെക്കാൾ പതിന്മടങ്ങു ശക്തവും ഭയങ്കരവുമാണെന്നിരിക്കെ, അതു വമിക്കുന്ന മാരകങ്ങളായ വിഷവായു കാററിലും, വെള്ളത്തിലും, ഭൂമിയിലും, വിത്തുകളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും. ജനിക്കാത്ത ഭാവി തലമുറകൾ വരെയും വ്യാപിക്കുമെന്നുമിരിക്കെ, ഇന്നു ഒരു യുദ്ധത്തെപ്പററി പറയുന്നതു നിരർത്ഥകമാണ്."

"വിവേചനാ ശക്തി ഉപയോഗിക്കുന്ന ഒരു മനുഷ്യന്റെ ആവശ്യകവും വിവേചനാപൂർവ്വവുമായ ലക്ഷ്യമായിട്ടാണ് ഞാൻ സമാധാനത്തെ കണക്കാക്കുന്നത്," അദ്ദേഹം തുടർന്നു: നാം കെട്ടിപ്പടുത്തതെല്ലാം, നാം എന്തിനുവേണ്ടി പ്രവർത്തിക്കുന്നുവോ അവയെല്ലാം തന്നെ. ആദ്യത്തെ 24 മണിക്കൂറുകളിൽ നശിച്ചു പോകുന്നതാണ്." അദ്ദേഹം തുടർന്നു.

റഷ്യൻ സാമൂഹ്യവ്യവസ്ഥ തിന്മയേറിയതാണ് എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം തുടർന്നു;

എന്നാലും, ശാസ്ത്രത്തിന്റെയും സ്പേസിന്റെയും സാമ്പത്തികവും വ്യാവസായികവുമായ വളർച്ചയുടെയും, സംസ്കാരത്തിന്റെയും രംഗങ്ങളിലും സോവിയററ് ജനതയ്ക്കുണ്ടായിട്ടുള്ള പലേ നേട്ടങ്ങൾക്കായും അവരുടെ ധീരമായ മററു പ്രവർത്തനങ്ങൾക്കായും നമുക്കു അവരെ അഭിനന്ദിക്കാവുന്നതാണ്. നമ്മുടെ രണ്ടു രാജ്യങ്ങളിലെ ജനതകൾക്കു പൊതുവായുള്ള സ്വഭാവ വിശേഷങ്ങളിൽ ഏററവും പ്രകടവും ശക്തവുമായതു നാം ഇരുപേരും യുദ്ധത്തെ അങ്ങേയററം പരിപൂർണ്ണമായും വെറുക്കുന്നു എന്നുള്ളതാണ് യുദ്ധങ്ങളുടെ ചരിത്രം എടുത്തു നോക്കിയാൽ സോവിയററു യൂണിയനെപ്പോലെ ഒരു രാജ്യവും നാശനഷ്ടങ്ങൾ അനുഭവിച്ചിട്ടില്ല. വിരോധാഭാസം നിറഞ്ഞതാണെങ്കിലും വാസ്തവമെന്താണ്? ഇന്നു ഒരു വമ്പിച്ച യുദ്ധം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ-അതെങ്ങിനെയെങ്കിലുമാകട്ടെ-ഏററവും വൻശക്തികളായ നമ്മുടെ ഇരു രാജ്യങ്ങളുമാണ് ഈ യുദ്ധത്തിന്റെ പ്രധാന ലക്ഷ്യങ്ങളായിത്തീരുക, ഏററവും വലിയ നഷ്ടം ഈ രാജ്യങ്ങളാണ് അനുഭവിക്കേണ്ടി വരിക."

നാം നമ്മുടെ ഹൃദയാന്തർഭാഗത്തേയ്ക്കു നോക്കുകയും, വ്യക്തികളെന്ന നിലയിലും ഒരു രാഷ്ട്രമെന്ന നിലയിലും സോവ്യററു യൂണിയനോടുള്ള നമ്മുടെ സമീപനത്തെ പുനഃപരിശോധിക്കുകയും ചെയ്യണമെന്നു് പ്രസിഡണ്ടു കെന്നഡി തന്റെ ശ്രോതാക്കളോടു ഉൽബോധനം ചെയ്തു. കാരണം അവരുടെ നമ്മോടുള്ള സമീപനംപോലെതന്നെ നമ്മുടെ സമീപനവും പരമപ്രധാനമാണ് എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു.

"എന്നാൽ അമേരിക്കയും സോവിയററു യൂണിയനും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളെല്ലാം ദൂരീകരിക്കാവുന്നതാണോ?" അദ്ദേഹം മറുപടി പറഞ്ഞു.

"നമ്മുടെ വ്യത്യാസങ്ങളെ ഇന്ന ദൂരീകരിക്കാനാവുകയില്ലെങ്കിൽ നമുക്ക് ലോകത്തിൽ വ്യത്യസ്ത സമീപനങ്ങൾ തുടർന്ന പോകാൻ അനുവദിക്കാമല്ലോ. അതിനുള്ള സംരക്ഷണം നൽകാമല്ലോ...സമാധാനപരമായ മത്സരത്തിന്ന ഞങ്ങൾ തയ്യാറാണ്."

നിരായുധീകരണം സംബന്ധിച്ചുള്ള തന്റെ ഉറപ്പുകളെ സോവ്യററു യൂണിയൻ പാലിക്കുമോ എന്ന ചോദ്യത്തിന്ന കെന്നഡി ഇങ്ങനെ പറഞ്ഞു,

"ഇതു സംബന്ധിച്ചുള്ള ഒത്തുതീർപ്പുകൾ നമ്മുടെ താല്പര്യങ്ങൾക്ക് എത്രകണ്ട് ആവശ്യമാണോ അത്രതന്നെ സോവ്യററു യൂണിയന്റെ താല്പര്യങ്ങൾക്കും ആവശ്യമാണ്. അക്കാരണംകൊണ്ടു തന്നെ സന്ധിയുടെ ഒത്തുതീർപ്പു വ്യവസ്ഥകളെ സോവ്യററ് യൂണിയൻ അംഗീകരിച്ചു പാലിക്കുമെന്നാണു തീർച്ചയാണ്."

ഈ അഭിപ്രായ പ്രകടനങ്ങളെയും ആശയങ്ങളെയും എപ്പോഴും സാമ്രാജ്യത്വം പ്രാവർത്തികമായി പാലിക്കുമെന്ന ആരും പറയുന്നമില്ല, പ്രതീക്ഷിക്കുന്നമില്ല. എന്നാൽ അവയെല്ലാം വഞ്ചനയാണെന്നും കള്ളത്തരമാണെന്നും പറയുന്നതുശരിയല്ല. എന്തുകൊണ്ടെന്നാൽ പ്രസിഡണ്ട് കെന്നഡി ഈ ആശയങ്ങൾ പ്രകടിപ്പിച്ചതു തന്നെ അദ്ദേഹത്തിന്ന മറെറാരു പോംവഴി ഉണ്ടായിരുന്നില്ലെന്നതു കൊണ്ടാണ്, സാമ്രാജ്യത്വ വാദികൾ, സാമ്രാജ്യത്വ വാദികൾ തന്നെയാണ്. എന്നാൽ അവരുടെ നയങ്ങൾ അവർ വളരെ ഗാഢമായും കാര്യമായുംആലോചിച്ച നിർണ്ണയിക്കുന്ന അവരുടെ സ്വാർത്ഥതാല്പര്യങ്ങളുമായി അല്പമെങ്കിലും പൊരുത്തപ്പെട്ടിരിക്കുന്നതാണ്.

യഥാർത്ഥത്തിൽ ലെനിൻ തന്നെ ഇത്തരത്തിലുള്ള ഒരു സംഭവവികാസമുണ്ടായേക്കാമെന്ന കണ്ടിരുന്നു. "മാനവ സമുദായത്തിന്റെ നിലനില്പിന്റെ സാഹചര്യങ്ങളെത്തന്നെ നശിപ്പിക്കുന്ന ഒരു വിപത്ത്, യുദ്ധം കൊണ്ടുണ്ടായേക്കാവുന്ന ഒരു കാലഘട്ടം വരുമെന്ന" ലെനിൻ പറഞ്ഞിരുന്നു. (1963-കമ്മ്യൂണിസ്റ്റ് No 14) ഇത്തരത്തിലുള്ള ഒരു സംഭവ വികാസത്തെ സാമ്രാജ്യത്വ ശക്തികൾക്ക് കണക്കിലെടുക്കേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

എന്നാൽ ഈ വാദങ്ങളൊക്കെ ചൈനീസ് നേതാക്കന്മാരെ സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനമാണ്; അവരെ സംബന്ധിച്ചേടത്തോളം ഒരു "ബൂർഷ്വാ വിദവചന ശക്തിയുണ്ട്; പ്രോളിലേററിയൻ വിവേചനശക്തിയുണ്ട്"-ഇവ രണ്ടും യോജിച്ചു പോവാനാവില്ല. അതിന്ന ശ്രമിക്കുകയെന്നതു സാമ്രാജ്യത്വത്തെ ശക്തിപ്പെടുത്തലാണ് "ചരിത്രപരമായി അതു Idealism" ആണ്.

വിവിധ സാമൂഹ്യ വ്യവസ്ഥിതികളുള്ള രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിന്റെ അർത്ഥം, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കും ദേശീയ സ്വാതന്ത്ര്യത്തിന്നും വേണ്ടി പൊരുതുന്ന ജനതയെ സർവ്വവിധേന സഹായിക്കുന്നതിനെയും, അതുപോലെ തന്നെ സമാധാന വാഞ്ഛയുള്ള സ്വതന്ത്ര രാഷ്ട്രങ്ങളെ സാമ്രാജ്യത്വം ആക്രമിച്ചാൽ സഹായിക്കുന്നതിനെയും തടസ്ഥപ്പെടുത്തുന്നില്ലെന്ന മാത്രമല്ല, ആ ജനതയ്ക്കും രാജ്യങ്ങൾക്കും അത്തരത്തിലുള്ള സഹായം എത്തിച്ചു കൊടുക്കുവാൻ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെ ബാദ്ധ്യസ്ഥരാക്കുന്നു.

എന്നാൽ കൊളോണിയൽ വിമോചന സമരത്തിന്റെ ഏററവും ശക്തിയേറിയ വക്താവാണ് തങ്ങളെന്നഭിമാനിക്കുന്ന ചൈനീസ് നേതാക്ക

ന്മാർ ഇതംഗീകരിക്കുന്നില്ല. സമാധാനം. സമാധാനപരമായ സഹവർത്തിത്വം എന്നീ പേരുകളും പറഞ്ഞു് സോവ്യററു് നേതൃത്വവും മുതലാത്ത രാജ്യങ്ങളിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളും യഥാർത്ഥത്തിൽ "പുത്തൻ കൊളോണിയലിസത്തിൻെറ" പ്രവാചകരായിത്തീരുകയാണു് എന്നു് ചൈനീസ് നേതൃത്വം ആക്ഷേപിക്കുകയാണു്. "അടിമ രാജ്യങ്ങൾ അടിമത്തത്തിന്നു് എതിരായി നടത്തുന്ന സമരങ്ങളെ സോവ്യററു യൂണിയനും ഈ പാർട്ടികളും പുഛത്തോടെ നിസ്സാരമായിത്തള്ളുന്നു എന്നുള്ളതാണു് ചൈനയുടെ ഏററവും ശക്തിയായ ആരോപണം. വിസ്തവത്തിൽ ഇവർ കുത്തക മുതലാളിത്തത്തിൻെറ താല്പര്യങ്ങളെ രക്ഷിക്കുകയും. സാമ്രാജ്യത്വത്തിൻെറ ആവശ്യങ്ങൾ നിറവേററുകയും ഈ പ്രദേശങ്ങളിൽ സാമ്രാജ്യത്വവാഴ്ചയെ ന്യായീകരിക്കുവാൻ ഒരു പുത്തൻ സിദ്ധാന്തം കണ്ടുപിടിക്കുകയും ചെയ്യുന്നു" (ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മിററിയുടെ കത്ത്—പേജ് 12-13)

ഘാന, അൾജീരിയാ, ബർമ്മാ എന്നീ രാജ്യങ്ങളിലെ നാലു പത്രപ്രവർത്തകന്മാരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ സഖാവ് ക്രൂഷ്ചോവ് തന്നെ ഈ ആരോപണങ്ങൾക്കു് ഏററവും ശക്തിയായും വ്യക്തമായും ഉള്ള മറുപടി പറഞ്ഞിട്ടുണ്ടു്. സഖാക്കൾ ഈ ചോദ്യോത്തരങ്ങൾ വായിക്കുന്നതു നന്നായിരിക്കും. അതിലുള്ള പ്രസക്ത ഭാഗങ്ങൾ ചുവടെ കൊടുക്കുന്നു.

ചോദ്യം:—സമാധാനപരമായ സഹവർത്തിത്വവും ദേശീയ വിമോചന സമരങ്ങളും തമ്മിൽ ഒരു വൈരുദ്ധ്യമില്ലേ?

മറുപടി:—ദേശീയ വിമോചന പ്രസ്ഥാനങ്ങളുടെ അനുഭവ പാഠങ്ങൾ തന്നെ ഈ ചോദ്യത്തിനു ശരിയായ മറുപടി തന്നുകഴിഞ്ഞിട്ടുണ്ടെന്നു ഞാൻ കരുതുന്നു. യുദ്ധാനന്തരമുള്ള കാലഘട്ടത്തിലാണു്, വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളുള്ള രാജ്യങ്ങൾക്കിടയിലും സമാധാനപരമായ സഹവർത്തിത്വം നിലനിന്നുപോന്ന ഒരു കാലഘട്ടമാണിതു്—ദേശീയ സ്വാതന്ത്ര്യത്തിനുള്ള സമരത്തിൽ ജനങ്ങൾ ഏററവും വമ്പിച്ച വിജയങ്ങൾ കരസ്ഥമാക്കിയിട്ടുള്ളതെന്നതു് ഒരു വാസ്തവമാണു്; അപ്പോഴാണു് ലോകത്തിലെ കൊളോണിയൽ വ്യവസ്ഥ തകർന്നതും, സ്വാതന്ത്ര്യത്തിന്നുവേണ്ടി ഉയർന്നെഴുന്നേററ ജനങ്ങൾക്കെതിരായി തങ്ങളുടെ സായുധ ശക്തിയെ വലിച്ചെറിയുന്നതിൽ നിന്നു സാമ്രാജ്യത്വത്തെ ഫലപ്രദമായി സോഷ്യലിസ്റ്റ് രാഷ്ട്ര സമുച്ചയത്തിൻെറ സംഘടിത ശക്തി തടസ്സപ്പെടുത്തിയതു്.

ഇവിടെ സാമ്രാജ്യത്വ വാഴ്ചക്കെതിരായി ഒരു മുന്നണി പടയാളിയായ ഡാക്ടർ ക്വാമേ ന്ക്രൂമാ പറഞ്ഞതു് ഞാൻ ഉദ്ധരിക്കുകയാണു്. സോവ്യററു യൂണിയനുണ്ടായിരുന്നില്ലെങ്കിൽ ആഫ്രിക്കയിൽ കൊളോണിയൽ വാഴ്ചക്കെതിരായ വിമോചന പ്രസ്ഥാനത്തിന്നു ഏററവും ക്രൂരവും രാക്ഷസീയവുമായ പ്രത്യാക്രമണം നേരിടേണ്ടിവരുമായിരുന്നു.

സമാധാന പരമായ സഹവർത്തിത്വത്തിൻെറ സാഹചര്യങ്ങളിൽ ഏകദേശം അമ്പതോളം സ്വതന്ത്ര രാഷ്ട്രങ്ങൾ ഭൂഗോള പടത്തിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു. പടിഞ്ഞാറൻ ഭാഗത്തു് ദേശീയ വിമോചനത്തിൻെറ സമരാഗ്നി ആളികത്തുകയും അവിടെ ക്യൂബൻ വിപ്ളവം വിജയിക്കുകയും ചെയ്തു'

മാർക്സിസത്തിൻെറ കാഴ്ചപ്പാടിൽനിന്നു ഇതൊന്നും അപ്രതീക്ഷിതമല്ല; ഭൌതികാധിഷ്ഠിതമായ നിയമങ്ങൾക്കനുസൃതമാണു് ഈ പ്രക്രിയകൾ. വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകൾ ഉള്ള രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വമാകട്ടെ, ലെനിനിസ്റ്റ് രീതിയിൽ മന

സ്സിലാക്കപ്പെടുകയാണെങ്കിൽ, സാമ്രാജ്യത്വവുമായുള്ള ഒത്തുതീർപ്പോ, വിപ്ലവസമരങ്ങളെ തളർത്തലോ, ദേശീയ വിമോചന സമരത്തെ ക്ഷീണിപ്പിക്കലോ അല്ല. വ്യത്യസ്ത രാഷ്ട്രീയ സമൂഹ വ്യവസ്ഥിതികളുള്ള രാഷ്ട്രങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തെ സ്പർശിക്കുന്ന ഒരു തത്വമാണിതു്. യുദ്ധങ്ങൾ കൂടാതെ, അഭ്യന്തരമായ ഇടപെടലുകളൊന്നുമില്ലാതെ, സാധാരണ രീതിയിലുള്ള സാമ്പത്തികവും തന്ത്രപരവും മറ്റുമായ ബന്ധങ്ങൾ നിലനിർത്തിക്കൊണ്ടു രാഷ്ട്രങ്ങൾ തുടർന്നു പോകുന്ന ഒരു സ്ഥിതിയെയാണ് ഇതു് വിഭാവന ചെയ്യുന്നതു്. ഇതിൻെറ അർത്ഥം വ്യത്യസ്ത സമൂഹ വ്യവസ്ഥകളുള്ള രാഷ്ട്രങ്ങൾ തമ്മിലുള്ള സമരം ഇല്ലാതാവുന്നില്ല എന്നതു് വളരെ വ്യക്തമാണ്. പ്രത്യുത, മുതലാളിത്തത്തിൻെറ ഭാഷയിൽ പറകയാണെങ്കിൽ ഈ രാജ്യങ്ങൾ തമ്മിൽ സാമ്പത്തികമായ മത്സരവും സമരവും. സാമ്പത്തിക കാര്യങ്ങളിൽ ഒന്നിനെ മറ്റൊന്നു കിടപിടിക്കാനുള്ള സംരംഭവും. രാഷ്ട്രീയവും താത്വികവുമായ രംഗങ്ങളിൽ സമരവും—ഇവയാണ് സമാധാനപരമായ സഹവർത്തിത്വത്തിൻെറ അവിഭാജ്യ ഘടകങ്ങളായിട്ടുള്ളതു്. സാമ്രാജ്യത്വ ശക്തികൾ യുദ്ധം ആരംഭിക്കുവാനോ കോളണിവാഴ്ച ശക്തിപ്പെടുത്താനോ എടുക്കുന്ന കുത്തിത്തിരിപ്പുകൾക്കെതിരായി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും സമാധാനത്തിനും പുരോഗതിയ്ക്കും വേണ്ടി നിലകൊള്ളുന്ന ശക്തികളും സുശക്തമായി നീങ്ങുമെന്നും ഉള്ളതു് ഇതിൽ അന്തർഭവിച്ചിരിക്കുന്നു.

സമാധാനം നിലനിർത്തിക്കൊണ്ടുള്ള സാഹചര്യങ്ങളിൽത്തന്നെ, സമാധാനപരമായി സഹവർത്തിക്കുന്ന രാഷ്ട്രങ്ങൾ അഭ്യന്തര കാര്യങ്ങളിൽ ഇടപെടാതെ തന്നെ, ഈ സമരം വളരുന്നു എന്നു ഞാൻ ആവർത്തിച്ചു പറയാൻ ആഗ്രഹിക്കുന്നു.

ദേശീയമായ അടിമത്തവും കോളണിവാഴ്ചയും ഉള്ള കാലത്തോളം ദേശീയ വിമോചന സമരം തുടർന്നു നടക്കുമെന്നു നമുക്കറിയാമല്ലോ. ആ സമരത്തിനു നമ്മുടെ സർവ്വവിധേനയുള്ള പിന്തുണയുണ്ടു്. ഇന്നു നിലവിലുള്ള സാമൂഹ്യ വ്യവസ്ഥ തുടർന്നു പോകട്ടെയെന്നോ, സാമ്രാജ്യത്വവുമായി ഒരു ഒത്തുതീർപ്പെന്നോ, സമാധാന ഉടമ്പടിയെന്നോ, ദേശീയവും സാമൂഹ്യവുമായ വിമോചന പ്രസ്ഥാനങ്ങളുടെ വിപ്ലവപരമായ പ്രക്രിയകളിൽനിന്നുള്ള "സംരക്ഷണത്തിനുള്ള ഉപാധിയെന്നോ" കരുതിക്കൊണ്ടല്ലാ ഒരു മാർക്സിസ്റ്റ് ലെനിനിസ്റ്റും സമാധാനപരമായ സഹവർത്തിത്വമെന്ന തത്വത്തെ കാണുന്നതും കണക്കാക്കുന്നതും. സാമ്രാജ്യത്വം മർദ്ദിത ജനതയും തമ്മിലുള്ള ബന്ധങ്ങൾക്കു് ഈ തത്വം ബാധകമാണെന്നു ആരും പറയുന്നില്ല. സ്വാതന്ത്ര്യത്തിനുള്ള അവരുടെ ന്യായമായ സമരങ്ങൾക്കു് ഈ തത്വം അതുകൊണ്ടു പ്രതിബന്ധമാവുന്നുമില്ല. നേരേ മറിച്ചു തങ്ങളെ അടിമപ്പെടുത്തിവെച്ചിരിക്കുന്ന ശക്തികൾക്കെതിരായി സുധീരമായും, വേണമെന്നുണ്ടെങ്കിൽ ആയുധമേന്തിയും ഉള്ള ഒരു സമരംകൊണ്ടല്ലാതെ ഈ ജനതയ്ക്കു് സ്വാതന്ത്ര്യം ലഭിക്കുമെന്നു ഒരു മാർക്സിസ്റ്റും കരുതുന്നില്ല.

അതുകൊണ്ടുതന്നെയാണ്, ചൂഷകരും ചൂഷിതരും, മർദ്ദകരും, മർദ്ദിതരും തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തെ നാം എല്ലായ്പോഴും എതിർത്തുപോന്നിട്ടുള്ളതു്, എതിർക്കുന്നതു്. അതുകൊണ്ടുതന്നെയാണ് നാം എല്ലായ്പോഴും മുതലാളിത്ത രാഷ്ട്രങ്ങളും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും തമ്മിലുള്ള സഹവർത്തിത്വത്തിനുവേണ്ടി നിലകൊള്ളുന്നതു്. അതേ സമയം ദേശീയ വിമോചന സമരത്തിലേർപ്പെട്ടിരിക്കുന്ന ജനതകൾക്കു് സർവ്വവിധേനയുള്ള സഹായവും നാം നൽകുന്നതും.

സാമ്രാജ്യത്വവാഴ്ചക്കെതിരായി ഉയർന്നെഴുന്നേററിരിക്കുന്ന ജനതയെ നിരായുധീകരിക്കുകയാണ് നിരായുധീകരണത്തിന്നുള്ള സമരംകൊണ്ടു ചെയ്യുന്നത് എന്നു വ്യാഖ്യാനിക്കുന്നതും അടിസ്ഥാന രഹിതമാണ്. നിരായുധീകരണംകൊണ്ടുദ്ദേശിക്കുന്നതു ആയുധങ്ങളുടെ പ്രധാന കേന്ദ്രീകരണം കയ്യടക്കിവെച്ചുപോരുന്ന വൻശക്തികളുടെ യുദ്ധസന്നാഹങ്ങളെ നിയന്ത്രിക്കുക എന്നതല്ലേ എന്നു ഞാൻ ചോദിക്കുന്നു. സാമ്രാജ്യത്വ പടക്കോപ്പുകൾ ഇല്ലാതാവുകയാണെങ്കിലും, രാജ്യങ്ങളിൽ വിദേശ കോയ്മകളുടെ മിലിട്ടറി സങ്കേതങ്ങൾ നിക്കപ്പെടുകയാണെങ്കിലും മെച്ചം കിട്ടുന്നതു കോളണികളിലെ ജനതകൾക്ക് പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാഷ്ട്രങ്ങൾക്കുമല്ലേ? അവസാന നിഗമനത്തിൽ നിരായുധീകരണം, പുതുതായി ഉയർന്നുവന്നിട്ടുള്ള സ്വതന്ത്ര രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെയും ഭദ്രതയെയും ആണ് ശക്തിപ്പെടുത്തുക. ആയുധ സജ്ജീകരണങ്ങൾ അധികരിപ്പിക്കാനുള്ള പന്തയം അവസാനിപ്പിക്കുകയാണെങ്കിൽ, സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയുടെ ആവശ്യങ്ങൾക്കു പരിക്കുന്നതിനുള്ള വമ്പിച്ച തുകകൾ ഈ പുത്തൻ രാഷ്ട്രങ്ങളുടെ കയ്യിൽ വന്നുചേരുന്നതാണ്. സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കും ഏഷ്യ, ആഫ്രിക്ക, ലാററിൻഅമേരിക്ക എന്നിവിടങ്ങളിലെ രാഷ്ട്രങ്ങൾക്കു ഇന്നു അവർ നൽകിപ്പോരുന്ന സാമ്പത്തികവും ശാസ്ത്രീയവും സാങ്കേതികവുമായ സഹായം വർദ്ധിപ്പിക്കാനാവുന്നതാണ്. എന്നാൽ സാമ്രാജ്യത്വശക്തികൾ നിരായുധീകരണത്തിനംഗീകാരം കൊടുക്കാതിരിക്കുന്നേടത്തോളം കാലം സ്വതന്ത്ര രാഷ്ട്രങ്ങൾ അവരുടെ ദേശരക്ഷയ്ക്കുള്ള സൈനികശക്തിയെ സജ്ജമാക്കുന്നതു സാദ്ധ്യമായിരിക്കും.

സാർവ്വദേശീയമായി സംഘർഷാവസ്ഥ നിലനിൽക്കുന്നതും, യുദ്ധസന്നാഹങ്ങൾ തുടർന്നുപോകുന്നതും കൊണ്ടു ഈ പുതിയ സ്വതന്ത്ര രാഷ്ട്രങ്ങൾക്ക് അവരുടെ മൌലിക കടമകളിൽനിന്നു ശ്രദ്ധയെ മാററിനിറുത്തേണ്ടിവരുന്നു. യുദ്ധഭ്രാന്ത് ആളിക്കത്തിച്ചുകൊണ്ടും, ശീതസമരംകൊണ്ടും സാമ്രാജ്യത്വ കോയ്മകൾ ഈ സ്വതന്ത്ര രാഷ്ട്രങ്ങളെ തങ്ങളുടെ മിലിട്ടറി വലയങ്ങളിലേക്ക് വലിച്ചിഴയ്ക്കാനും, ഈ രാജ്യങ്ങളിലെ അതൃത്തികൾക്കുള്ളിൽ മിലിട്ടറി സങ്കേതങ്ങൾ സൃഷ്ടിക്കുവാനും, യുദ്ധത്തിനുള്ള തയ്യാറെടുപ്പിൽ ഈ രാജ്യങ്ങളെ പങ്കാളികളാക്കാനുമാണ് ശ്രമിക്കുന്നത്.

മേൽപറഞ്ഞതിൽനിന്നു വ്യക്തമാവുന്നത് എന്തെന്നാൽ സമാധാനപരമായ സഹവർത്തിത്വത്തിനും നിരായുധീകരണത്തിനും വേണ്ടിയുള്ള സമരം ഏഷ്യ, ആഫ്രിക്ക, ലാററിൻ അമേരിക്ക എന്നിവിടങ്ങളിലെ ജനതയെ സംബന്ധിച്ചേടത്തോളം മൌലിക പ്രാധാന്യമുള്ളതാണെന്നാണ്. അണുആയുധ പരീക്ഷണത്തെ സംബന്ധിച്ചുള്ള ഭാഗികമായുള്ള മോസ്കോ കരാർ, ആദ്യത്തേതാണെങ്കിലും വളരെ പ്രധാനപ്പെട്ട ഒരു കാൽവെപ്പാണ്: ഈ സ്വതന്ത്ര രാഷ്ട്രങ്ങളെ സംബന്ധിച്ചേടത്തോളം അവരുടെ താല്പര്യങ്ങൾക്കനുസൃതവും കൂടിയാണ്. ഈ രാജ്യങ്ങളിലെ ഭൂരിപക്ഷവും ഈ കരാറിൽ ഒപ്പുവെക്കുകയും, അവരുടെ രാജ്യതന്ത്രജ്ഞതയെയും, സമാധാനവാഞ്ഛയെയും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വഴിയിൽ കൂടുതൽ പ്രവർത്തനങ്ങൾ ആവശ്യമാണ്. ആഫ്രിക്കയെ ആററമില്ലാ മേഖലയാക്കി പ്രഖ്യാപിക്കുവാനുള്ള ആഫ്രിക്കൻ ജനതയുടെ തീരുമാനത്തെ നാം സ്വാഗതം ചെയ്യുകയാണ്. സഹാറായിൽ ന്യൂക്ലിയർ പരീക്ഷണങ്ങൾ തുടരുന്ന ഫ്രഞ്ച് സാമ്രാജ്യശക്തികൾക്കെതിരായുള്ള അവരുടെ സമരത്തിന്നു നാം സർവ്വപിന്തുണയും നൽകുന്നു സാർവ്വദേശീയമായ സംഘർഷാവസ്ഥ കുറയ്ക്കുന്നതിനും, സമാധാന ശക്തികളെ ഊർജ്ജസ്വലമാക്കുന്നതിനുമുള്ള എല്ലാസംരംഭങ്ങൾക്കും നാം വിജയം നേരുന്നു. അവയെ അനുമോദിക്കുന്നു."

ചോദ്യം:—"കൊളോണിയൽ കോയ്മകൾക്കെതിരായി ജനതയുടെ സമരങ്ങൾ സമാധാനപരമായും സായുധപരമായും നടത്തുക എന്ന പ്രശ്നത്തെപ്പററി അങ്ങയുടെ സമീപനം വ്യക്തമാക്കാമോ?

ഉത്തരം:—"ഞങ്ങളുടെ പാർട്ടി പലവുരു ഈ പ്രശ്നത്തിൽ ഞങ്ങളുടെ അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ അത് ആവർത്തിക്കാൻ തയ്യാറുമാണ്. ആദ്യമായി, എല്ലാ രാജ്യങ്ങൾക്കും ജനങ്ങൾക്കും ബാധകമാകുന്ന ഒരൊററ മൗലികസാർവ്വത്രികമായി ഇല്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതു സമരരൂപമാണ് ഉപയുക്തമെന്നുള്ളതു് ഓരോ രാജ്യത്തിലുമുള്ള വസ്തുനിഷ്ഠമായ സാഹചര്യങ്ങളനുസരിച്ചിരിക്കും. പ്രധാനമായും സാമ്രാജ്യത്വ ശക്തിയും. അതിന്റെ കൂട്ടുകാരും എത്രകണ്ടു ശക്തമായി ആ രാജ്യത്തു് ഉറച്ചിരിക്കയാണെന്ന കാര്യത്തെയും ആശ്രയിച്ചിരിക്കും. സാമ്രാജ്യത്വത്തിന്നെതിരായുള്ള സമരത്തിൽ ചില രാജ്യങ്ങൾ സായുധസമരം കൊണ്ടാണ് വിജയം കൈവരിച്ചിട്ടുള്ളതെന്നു നമുക്കറിയാം. അവരുടെ ഈ സമരങ്ങൾ പരിപാവനങ്ങളായ ധർമ്മയുദ്ധങ്ങളായിരുന്നു. അവയ്ക്കു് നാം പിന്തുണ നൽകി. അത്തരം ധർമ്മസമരങ്ങൾക്കു് എല്ലായ്പോഴും പിന്തുണ നൽകുകയും ചെയ്യും. മററു ചില രാജ്യങ്ങൾ സമാധാനപരമായ മാർഗ്ഗങ്ങൾ വഴിയാണ് സ്വാതന്ത്ര്യം സമ്പാദിച്ചതു്. ദേശീയ വിമോചനത്തിലേയ്ക്കു് നയിക്കുന്നതിനു ഈ രണ്ടു സമരരൂപങ്ങളും ന്യായവും ശരിയുമാണെന്നാണ് ഞങ്ങൾ കരുതുന്നതു്.

ഉദാഹരണത്തിനു് ഗിനിക്കു് ഒരു സായുധ സമരം കൂടാതെ സാമ്രാജ്യത്വ കോയ്മയെ വലിച്ചെറിയാൻ സാധിച്ചു. വളരെ കൊല്ലങ്ങളായി ഗിനിയിലെ ജനത നടത്തിവന്ന സ്വാതന്ത്ര്യസമരം കോളനി വാഴ്ചയുടെ അടിത്തറയിളക്കുകയും. അവരുടെ മേൽ ഫ്രഞ്ച്കോയ്മ വെച്ചുകെട്ടാനുദ്ദേശിച്ചു 'ഫ്രഞ്ച് കമ്മ്യൂണിററി" എന്ന തത്വത്തെ നിരാകരിച്ചുകൊണ്ടു സായുധകലാപം കൂടാതെ തന്നെ സ്വാതന്ത്ര്യം സമ്പാദിക്കുവാനുള്ള സാഹചര്യമുളവാക്കുകയും ചെയ്തു. മററു സ്വതന്ത്ര രാഷ്ട്രങ്ങളുടെ സഹായത്തോടുകൂടി ഗിനിയിലെ ജനത തങ്ങളുടേതായ സ്വാതന്ത്ര്യത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതു്.

ആൾജീരിയയിൽ മറെറാരു വിധത്തിലാണ് സംഗതികൾ മുമ്പോട്ടു പോയതു്.

വളരെ കൊല്ലക്കാലം നീണ്ടുനിന്ന ചോരചിന്തിയ സായുധ സമരം വഴി ആൾജീരിയൻ ജനത ഫ്രഞ്ച് സാമ്രാജ്യശക്തികളെ തുരത്തി. അവരുടെ ധീരോദാത്തതയും ത്യാഗവും എല്ലാ സ്വതന്ത്ര ജനതകളുടേയും അഭിമാനത്തിന്നും ആദരവിന്നും അവരെ പാത്രമാക്കി. അവർക്കു് സോവിയററു് ജനതയുടെ സഹായവും സഹാനുഭൂതിയും എല്ലായ്പോഴും ഉണ്ടായിരുന്നു. ആ സഹായം വെറും വാക്കിനുള്ള ആത്മീയ സഹായം മാത്രവുമായിരുന്നില്ല. സോവ്യററു യൂണിയൻ ആൾജീരിയായിൽ ദേശാഭിമാനികൾക്കു് പ്രതിഫലമെന്യേ എത്രയോ ആയുധങ്ങൾ എത്തിച്ചുകൊടുത്തു. നാം ഇൻഡോനേഷ്യ, യെമൻ തുടങ്ങിയ രാജ്യങ്ങൾക്കും അവരുടെ സായുധസമരങ്ങൾക്കും സഹായം എത്തിച്ചു കൊടുത്തു.

സാമ്രാജ്യത്വ ശക്തികളുടെ ആക്രമണങ്ങളെ സുശക്തമായി ചെറുത്തുകൊണ്ടു ഒരു തിരിച്ചടി കൊടുക്കേണ്ട സന്ദർഭത്തിൽ ഈജിപ്തിലെ ജനതയെ സർവ്വകഴിവുകളുപയോഗിച്ചു സഹായിച്ചതു് നാമാണ്. പുതുതായി ഉയർന്നുവന്ന സ്വതന്ത്ര രാഷ്ട്രങ്ങളുടെ ദേശരക്ഷാശക്തിയെ വർദ്ധിപ്പിക്കാനും, അവർ സമ്പാദിച്ച സ്വാതന്ത്ര്യത്തെ സാമ്രാജ്യശക്തികളുടെ പ്രത്യാക്രമണങ്ങളിൽനിന്നു സംരക്ഷിക്കാനുമുള്ള പട്ടാളങ്ങളെ പരിശീലിപ്പിച്ചെടുക്കാനും

സോവ്യററ് യൂണിയനും ഇതര സോഷ്യലിസ്റ്റ് രാജ്യങ്ങളും ഈ രാജ്യങ്ങളെ സഹായിച്ചു വരികയാണ്. ലെനിന്റെ അടിസ്ഥാന തത്വത്തിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റുകളായ നാം ഉറച്ചു നില്ക്കുന്നു—ജനങ്ങൾ സ്വമേധയാ, ആയുധം എടുത്തു പൊരുതുകയോ, അവരുടെതന്നെതായ രക്തം ചിന്തുകയോ ചെയ്യുകയില്ല.

സാമ്രാജ്യത്വ കോയ്മകൾ ഉപയോഗിക്കുന്ന സായുധ ശക്തിയാണ് അവരെ അതിന്നു നിർബന്ധിക്കുന്നതു്. അങ്ങിനെ ഒരു ജനത സായുധസമരത്തിൽ ഉയർന്നെഴുന്നേൽക്കുകയാണെങ്കിൽ അവർക്കു് സർവ്വവിധേനയുള്ള സഹായമെത്തിക്കുകയെന്നതു് സാർവ്വദേശീയ വാദികളായ ഓരോരുത്തരുടേയും കടമയാണ്. ദേശീയ സ്വാതന്ത്ര്യത്തിന്നുവേണ്ടി സായുധ സമരങ്ങളിലേർപ്പെടുന്ന പ്രശ്നത്തെപ്പററി നമ്മുടെ അഭിപ്രായം ഇതാണ്.

അതേ സമയം സ്വതന്ത്ര രാഷ്ട്രങ്ങളായി ഉയർന്നു കഴിഞ്ഞിട്ടുള്ള ഏഷ്യ, ആഫ്രിക്ക, ലാററിൻ അമേരിക്ക എന്നിവിടങ്ങളിലെ രാജ്യങ്ങളിലെ ജനതകളുടെ പ്രധാന കടമയെന്തെന്നുവെച്ചാൽ, ചില സാമ്രാജ്യത്വ ശക്തികളുടെ ആക്രമണത്തിൽനിന്നു തങ്ങളെ രക്ഷിക്കുക മാത്രമല്ല, നേരെമറിച്ചു സാമ്പത്തിക സ്വാതന്ത്ര്യം കരസ്ഥമാക്കിക്കൊണ്ടു സമ്പദ്ഘടനയെ ശക്തിപ്പെടുത്തുക, സാമാന്യ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക ജനാധിപത്യം വളർത്തിയെടുക്കുക എന്നിവ കൂടിയാണ്. ഈ രാജ്യങ്ങളുടെ ദേശീയ പുനർജ്ജന്മത്തിന്റെയും പുന:സംവിധാനത്തിന്റെയും പ്രശ്നങ്ങളെയും പടക്കളത്തിൽവെച്ചു തീർക്കാമെന്നു ആരും കരുതുകയില്ലല്ലോ? ദേശീയ സ്വാതന്ത്ര്യംസമ്പാദിച്ച ഈ രാജ്യങ്ങൾ നേടിയെടുക്കേണ്ട പ്രധാന കാര്യങ്ങൾ അവരുടെ സാമ്പത്തിക സാമൂഹ്യ ഘടനയെ പുന:സംവിധാനം ചെയ്യുക, വിദേശ ചൂഷകരുടെ മേധാവിത്വം അവസാനിപ്പിക്കുക, വിദേശ മേധാവികൾക്കും സഖ്യശക്തികളായി നിലകൊള്ളുന്ന അഭ്യന്തര പിന്തിരിപ്പൻ ശക്തികളുടെ രാഷ്ട്രീയ സ്വാധീന ശക്തി നശിപ്പിക്കുക ഇവയാണ്. നിശ്ചയമായും സാമ്രാജ്യത്വ വിരുദ്ധ സ്വഭാവത്തോടുകൂടിയ ഈ സമരത്തിന്റെ കേന്ദ്രം—കാതലായ ഭാഗം—ദേശീയ വിമോചനത്തെ പരിപൂർണ്ണമാക്കിക്കൊണ്ടുള്ള ജന്മിത്വവിരുദ്ധ ജനാധിപത്യ വിപ്ലവമാണ്. (പേജ് 11—15)

## ദേശീയ വിമോചനവും ദേശീയ ജനാധിപത്യവും

രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷം ഇന്ത്യയിൽ നടന്ന സംഭവവികാസങ്ങളെ മനസ്സിലാക്കുന്നതിലും നമ്മുടെ ഭാവിയിലേക്കുള്ള പാത വെട്ടിത്തെളിയിക്കുന്നതിലും മോസ്കോ പ്രഖ്യാപനത്തിൽ ദേശീയ വിമോചനപ്രസ്ഥാനത്തെയും ദേശീയ ജനാധിപത്യത്തെയും സ്പർശിക്കുന്ന ഭാഗങ്ങൾ വളരെ പ്രാധാന്യമേറിയതും സഹായകവുമാണ്.

മുതലാളിത്ത വ്യവസ്ഥയെക്കാൾ പതിന്മടങ്ങു ശക്തമായിക്കൊണ്ടിരുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ വളർന്നു വരുന്ന മേന്മയുടേയും ഇവ രണ്ടും സമാധാനപരമായി സഹവർത്തിച്ചുകൊണ്ടു തന്നെ തീവ്രമായ മത്സരം നടന്നുകൊണ്ടിരിക്കുന്നതിന്റെയും പത്തൻ സാഹചര്യങ്ങളിൽ വിപ്ളവപരമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന ദേശീയ വിമോചന പ്രസ്ഥാനം കൊളോണിയൽ വ്യവസ്ഥയെ തകർത്തുകൊണ്ടു ദേശീയ സ്വാതന്ത്ര്യം എങ്ങിനെ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു എന്നതിന്റെ വസ്തുനിഷ്ഠമായ ഒരു പ്രതിപാദനമാണ് ഈ രേഖയിലുള്ളതു്. ഈ പ്രസ്ഥാനം സോഷ്യലി

സത്തിലേക്ക് ദേശീയ ജനാധിപത്യത്തിലൂടെയും മുതലാളിത്തേതര മാർഗ്ഗത്തിലൂടെയും എങ്ങിനെ മുന്നേറുന്നു എന്നുള്ളതിനുള്ള സമരത്തിൻെറയും യുദ്ധത്തിൻെറയും തന്ത്രങ്ങളും അടവുകളും ഈ രേഖയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

രണ്ടു സംഗതികൾ ആദ്യമായിത്തന്നെ വ്യക്തമാക്കേണ്ടതുണ്ട്, കാരണം ചൈനീസ് നേതാക്കന്മാരുടെ ലേഖനത്തിൽ അവ വീണ്ടും വീണ്ടും പൊക്കിയെഴുതപ്പെടുന്നുണ്ട്.

ഒന്നാമതായി കൊളോണിയൽ വ്യവസ്ഥ തകർന്നതു തന്നെ മർദ്ദിതരാഷ്ട്രങ്ങളുടെ ജനതകളുടെ ശക്തിയേറിയ ആക്രമണങ്ങളുടെ ഫലമായിട്ടാണ്. ഈ മർദ്ദിത രാഷ്ട്രങ്ങളിലെ ജനങ്ങളുടെ വീരോചിതവും ധീരോദാത്തവുമായ സമരങ്ങൾ കൊണ്ടുതന്നെയാണ് ദേശീയ സ്വാതന്ത്ര്യം അവർ കരസ്ഥമാക്കേണ്ടിയിരുന്നതു്. അതു് അവർ കരസ്ഥമാക്കിയതും, വിട്ടുവീഴ്ചയില്ലാത്ത സമരങ്ങൾ മുഖേന തന്നെയാണ്. ഇവർ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽനിന്നു സാമൂഹ്യവും സാമ്പത്തികവും ആയ വിമോചനവും പുരോഗതിയും നേടേണ്ടിയിരിക്കുന്നതു്. സാമ്രാജ്യത്വ ശക്തികളോ, ഈ നാട്ടുകളിലുള്ള പ്രതിലോമശക്തികളോ സ്വേച്ഛയാ ഈ രാജ്യങ്ങളിലെ ജനതകൾക്ക് സ്വാതന്ത്ര്യം അനുവദിച്ചുതരുമെന്നോ, അവരുടെ ശ്രേയസ്സിന്നും വികാസത്തിന്നും സമ്മതം നൽകുമെന്നോ ഒരിക്കലും വിചാരിക്കാവുന്നതല്ല.

ലോകത്തിലുള്ള സോഷ്യലിസത്തിൻേറതായ ശക്തികൾ ദേശീയ വിമോചനത്തിന്നുവേണ്ടി കോളണികളിലും അടിമ രാജ്യങ്ങളിലുമുള്ള ജനങ്ങൾ നടത്തുന്ന സമരത്തെ നിർണ്ണായകമായി സഹായിച്ചിരുന്നു എന്നതു ശരിയായിരിക്കെ, ദേശീയ വിമോചന പ്രസ്ഥാനങ്ങൾ, സാമ്രാജ്യത്വത്തിൻെറ അടിത്തറ തകർക്കുക കാരണം, സോഷ്യലിസ്റ്റ് ശക്തികളെയും സോഷ്യലിസ്റ്റ് രാജ്യങ്ങളെയും വളർച്ചയെത്തിയ മുതലാളിത്ത രാഷ്ട്രങ്ങളിലെ തൊഴിലാളി വർഗ്ഗപ്രസ്ഥാനങ്ങളെയും ഒട്ടേറെ സഹായിച്ചിട്ടുണ്ട് എന്നുള്ളതു നിസ്തർക്കമാണ്. സമാധാനപരമായ സഹവർത്തിത്വം, സമാധാനപരമായ പരസ്പര മത്സരം ഇവയ്ക്കു വേണ്ടിയുള്ള സമരം ദേശീയ സ്വാതന്ത്ര്യത്തിന്നുള്ള സമരങ്ങൾക്കു അനുകൂല സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ, ദേശീയ വിമോചന സമരങ്ങളുടെ വിജയം സമാധാന ലക്ഷ്യത്തിനുവേണ്ടിയുള്ള സംരംഭങ്ങൾക്ക് ഒരു വമ്പിച്ച സംഭാവന നൽകിയിട്ടുണ്ടെന്നു വേണം പറയാൻ. ഇവ രണ്ടും പരസ്പര വിരുദ്ധങ്ങളാണെന്നോ, മർദ്ദിത രാഷ്ട്രങ്ങളുടെ വിപ്ലവ സമരങ്ങൾക്കു പകരമായി സമാധാന പരമായ മത്സരങ്ങളെ കണക്കാക്കാമെന്നോ കരുതാവുന്നതല്ല,

ഇത്രയും കാര്യങ്ങൾ വ്യക്തമായി എടുത്തു പറഞ്ഞു കഴിഞ്ഞാൽ മിച്ചമായി പൊന്തിനിൽക്കുന്ന വാസ്തവമെന്താണ്? രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷം കൊളോണിയൽ വ്യവസ്ഥയുടെ തകർച്ചയും ദേശീയ വിമോചനങ്ങളുടെ മുന്നേററവും, ഇവയിൽനിന്നു ഉയർന്നെഴുന്നേററിട്ടുള്ള സ്വതന്ത്ര രാഷ്ട്രങ്ങളുടെ വൈവിധ്യം, സാമൂഹ്യവും സാമ്പത്തികവുമായ പുനരുത്ഥാനത്തിൻെറ പാതയിൽ അവയുടെ തള്ളിക്കയററം, ഈ രാജ്യങ്ങളിലോരോന്നിലും വന്നുചേർന്നിട്ടുള്ള വർഗ്ഗങ്ങളുടെ വിവിധങ്ങളായ ചേരിതിരിവുകളും കൂട്ടുകെട്ടുകളും—ഇവയൊക്കെ തന്നെ രണ്ടാം ലോകമഹായുദ്ധത്തിന്നു മുമ്പുണ്ടാവാത്തതും ആരും പ്രതീക്ഷിക്കാത്തതുമായ പുതിയ സവിശേഷതകളോടു കൂടിയ വികാസത്തിൻെറയും ഉന്നമനത്തിൻെറയും പാതകളാണ് വെട്ടിത്തുറന്നിട്ടുള്ളതു് എന്ന യാഥാർത്ഥ്യമാണ് സർവ്വപ്രധാനമായി പൊന്തിവരുന്നതു്.

ഇതു് ഏററവും സങ്കീർണ്ണവും വിഷമം പിടിച്ചതുമായ ഒരു പ്രശ്നമാണ്, ഇതെപ്പററി ലളിതവും, ഒററ നോട്ടത്തിൽ പറയാവുന്നതുമായ

നിഗമനങ്ങൾ ഒഴിവാക്കേണ്ടതാണ്, ഈ രാജ്യങ്ങളുടെ വളർച്ചയുടെ വഴിയും വേഗതയും വ്യത്യസ്തങ്ങളാണ്. ഈ സ്വതന്ത്ര രാഷ്ട്രങ്ങളുടെ സമ്പ്രദായങ്ങളും രൂപവും സ്വഭാവവും വ്യത്യസ്തങ്ങളാണ്: അവയിൽ ഓരോന്നിൽ വരുന്ന മാററങ്ങളും പ്രത്യേകതയോടുകൂടിയവയാണ്. ഓരോ രാജ്യത്തിൻെറയും സവിശേഷതകളെ സമൂർത്തമായി പരിശോധിച്ചു മനസ്സിലാക്കുന്ന കടമയിൽനിന്നു ആ രാജ്യത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ഒഴിഞ്ഞുമാറാവുന്നതല്ല. ആ കടമയ്ക്കു പകരം ലളിതമായ ഒരു മുദ്രാവാക്യത്തെയോ, ഒരു മന്ത്രത്തെയോ പിൻപററാവുന്നതുമല്ല. ഈ പുതിയ പ്രക്രിയകളെയും പ്രതിഭാസങ്ങളെയും മനസ്സിലാക്കിയേ മതിയാവൂ. അവയെ കിണ്ണടച്ചോ, "ശുദ്ധ"മാർക്സിസത്തിൻെറ പേർ പറഞ്ഞോ തിരുത്തൽ വാദത്തിന്റെ ഇമ്പാച്ചി കാണിച്ചോ ഇല്ലാതാക്കാനാവുന്നതല്ല.

81 കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഈ പ്രശ്നത്തെപ്പററി എത്തിയിട്ടുള്ള നിഗമനങ്ങൾ പെട്ടെന്നു തിരക്കിട്ടു എടുത്തവയായിരുന്നില്ല. വളരെ കൊല്ലങ്ങളായി ക്ലേശപൂർണ്ണവും ക്ഷമയോടെ നടത്തിയതുമായ പരിശോധനയ്ക്കും അദ്ധ്യയനത്തിനും ശേഷം ചെന്നെത്തിയവയാണിവ. ഈ സമ്മേളനത്തിൽത്തന്നെ, പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച ഈ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ തന്നെ 81 പാർട്ടികളുടെ പ്രഖ്യാപനത്തിലടങ്ങിയ നിഗമനങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ നേരിട്ടുള്ള സജീവമായ പങ്ക് വഹിക്കുകയും ചെയ്തു.

ചില അംശങ്ങളിൽ ഈ പ്രശ്നം സോവ്യററ് കമ്മ്യൂണിസ്റ്റ്പാട്ടിയുടെ ഇരുപതാം കോൺഗ്രസ്സിൻെറ നിഗമനങ്ങളുമായി ബന്ധപ്പെട്ടവയാണ്. മോസ്കോ സമ്മേളനത്തിലും ഇവയെപററിയുള്ള പരിശോധനയും ചർച്ചയും അവസാനിച്ചില്ല വേൾഡ് മാർക്സിസ്റ്റ് റവ്യൂവിൻെറ ലക്കങ്ങളിൽ ഓരോ രാജ്യത്തിലും ഉള്ള വളർച്ചയുടെ അനുഭവപാഠങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. സി. പി. എസ്സ്. യു. വിൻെറ 22-ാം കോൺഗ്രസ്സും ഇതേപ്പററി സ്പർശിക്കുന്നുണ്ട്.

നമ്മുടെ പാർട്ടിയിൽത്തന്നെ 1956-ൽ പാലക്കാട്ടു കോൺഗ്രസ്സിനെ അഭിസംബോധന ചെയ്തുകൊണ്ടു സ: അജയ്ഘോഷ് സി. പി. എസ്സ്, യു. വിൻെറ ഇരുപതാം കോൺഗ്രസ്സിനെപ്പററി ഇങ്ങിനെ പ്രതിപാദിക്കുകയുണ്ടായി.

"സോഷ്യലിസത്തിൻെറ വളർന്നുവരുന്ന ശക്തിയാകട്ടെ, കൊളോണിയൽ വ്യവസ്ഥയുടെ തകർച്ചയെ സഹായിക്കുകയാണ്. ഇന്നത്തെ ലോകരാഷ്ട്രീയത്തിൽ അതു് വലിയ ഒരു ഘടകമാണ്, കൊളോണിയൽ വ്യവസ്ഥ അനിവാര്യമായ തകർച്ചയിൽചെന്നവസാനിക്കുമെന്നു മാർക്സിസം ലെനിനിസം പ്രവചിച്ചിട്ടുണ്ട്. എന്നാൽ അന്നു പ്രവചിച്ച അതേ പാതയിൽക്കൂടിയുള്ള വിധത്തിലല്ല ഈ തകർച്ച വിവിധ രാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നതു്. ഇതു നാം വ്യക്തമായി മനസ്സിലാക്കണം. തൊഴിലാളി വഗ്ഗത്തിൻെറ നേതൃത്വത്തിൽ ജനസാമാന്യം അധികാരം പിടിച്ചെടുക്കുകയും സാമ്രാജ്യത്വ ഭരണകൂടത്തെ വിപ്ളവംമൂലം തൂത്തുവാരിയെറിഞ്ഞുകൊണ്ടു തൊഴിലാളി വഗ്ഗത്തിൻെറയും കൃഷിക്കാരുടെയും ജനാധിപത്യപരമായി സാർവ്വാധിപത്യം സ്ഥാപിക്കുകയും ചെയ്യുന്ന ഒരു വഴിയിൽക്കൂടി മാത്രമാണ് ഈ മാററം ഉണ്ടാവുക എന്നു നാം വിചാരിച്ചിരുന്നു. ചൈന. വിയററ്നാം എന്നിവിടങ്ങളിൽ ഇങ്ങിനെയാണ് സംഭവിച്ചതു്:—ആ രാജ്യങ്ങളിലുടലെടുത്ത ഭരണകൂടങ്ങളുടെ നിറത്തിലും;തരത്തിലും വ്യത്യസ്തതകളുണ്ടായെങ്കിലും ഈ മാററം ഇങ്ങിനെയാണു നടന്നതു്. എന്നാൽ ഇന്നാ

കട്ടെ കൊളോണിയൽ വ്യവസ്ഥയുടെ തകർച്ച ഇതിൽനിന്നു വ്യത്യസ്തമായ വിധത്തിലാണു നടന്നുകൊണ്ടിരിക്കുന്നതു്. അതായതു് ഈ തകർച്ചയിൽ സോഷ്യലിസ്റ്റ് ലോകത്തിൻെറ ശക്തിക്ക് പ്രധാനമായ ഒരു പങ്ക് വഹിച്ചിട്ടുണ്ടു്. (ടൈപ്പ് ചെയ്ത സമ്മേളന റിപ്പോർട്ടു്—പേജ് 34-35)

"സാമ്രാജ്യ ശക്തികൾക്ക് അടിച്ചമർത്താൻ സാധിക്കാത്ത ഇന്ത്യൻ ബഹുജന പ്രസ്ഥാനത്തിൻെറ കരുത്തിനെപ്പററി' അദ്ദേഹം പ്രസ്താവിച്ചു. തുടർന്നുകൊണ്ടു അദ്ദേഹം ഇങ്ങിനെ അഭിപ്രായപ്പെട്ടു.

"ഇന്ത്യയിലും പല കോളണികളിലും വന്നുചേർന്നിരിക്കുന്ന പുതിയ പ്രതിഭാസത്തെ നാം കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ രണ്ടാം ലോകമഹായുദ്ധത്തിൻെറ അവസാനത്തിൽ രാഷ്ട്രീയാധികാരം ബൂർഷ്വാസിയുടെ കയ്യിലേക്ക് കൈമാററം ചെയ്യപ്പെട്ടു. ബർമ്മ, സിലോൺ മുതലായ രാജ്യങ്ങളിലും ഇതു സംഭവിച്ചു. ഈ രാജ്യങ്ങളിലെ ബഹുജനപ്രസ്ഥാനങ്ങളുടെ നേതൃത്വം ബൂർഷ്വാസിയുടെ കയ്യിൽത്തന്നെയായിരുന്നു."

തുടർന്നു "സാമ്രാജ്യത്വ ശക്തികളാകട്ടെ ദേശീയ ബൂർഷ്വാസിയുമായി ഒരു ഒത്തുതീർപ്പിൽ എത്താമെന്നും അതുവഴി തങ്ങളുടെ ഭരണത്തിന്റെ പിടി അപ്പടി നിലനിർത്താമെന്നും കരുതി. സാമ്രാജ്യ ശക്തികളുടെ ഈ ആഗ്രഹങ്ങൾ നിറവേറിയിട്ടുണ്ടോ? ഒരുത്തിവരെ—അതായതു് ഈ രാജ്യങ്ങളിലെല്ലാം അവരുടെ സാമ്പത്തിക വ്യവസ്ഥ ശക്തമായിത്തന്നെ തുടർന്നുവരുന്നുണ്ടെന്ന അർത്ഥത്തിൽ ഇതു് ശരിയാണ്. അവരുടെ രാഷ്ട്രീയവും പട്ടാളപരവും ആയ തന്ത്രബന്ധങ്ങൾ തുടർന്നു നിലനിർത്താമെന്നും സാമ്രാജ്യത്വപരമായ ആഗ്രഹങ്ങൾ നിറവേററാൻ അവർ നടത്തുന്ന യുദ്ധങ്ങൾക്ക് ഈ രാജ്യങ്ങളിലെ ജനങ്ങളെയും സമ്പത്തും മുമ്പെന്നപോലെ ഉപയോഗപ്പെടുത്താമെന്നും അവർ ആശിച്ചു. ഇതു് സംഭവിച്ചിട്ടില്ല. ഇന്ത്യ, ബർമ്മ ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിലും ഈയിടെയായി സിലോണിലും എന്താണ് സംഭവിച്ചതെന്നു ഞാൻ പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ" (പേജ്—35)

കൊളോണിയൽ വിമോചന സമരത്തിൻെറ മൂന്നു പുത്തൻ ഘടകങ്ങളെപ്പററി 1956-ൽത്തന്നെ സഖാവു് അജയഘോഷ് പ്രതിപാദിച്ചിട്ടുണ്ടു്. ഇതിൻെറ തായ്‌വേർ, സോഷ്യലിസ്റ്റ് ചേരിയുടെ വളർന്നുവരുന്ന ശക്തിയിലും, സാമ്രാജ്യത്വത്തിൻെറ ആഴംകൂടിക്കൊണ്ടു വരുന്ന കുഴപ്പത്തിലും, കൊളോണിയൽ വിമോചന പ്രസ്ഥാനത്തിൻെറ വേലിയേററത്തിലും ആണു് നിലകൊള്ളുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി,

**ഒന്നാമതായി** ബൂർഷ്വാസിയെ ദേശീയ സ്വാതന്ത്ര്യ സമരത്തിൻെറ നേതൃത്വത്തിൽനിന്നു തള്ളിനീക്കുകയും അതിൽ തൊഴിലാളി വർഗ്ഗത്തിൻെറ നേതൃത്വം സ്ഥാപിക്കുകയും ചെയ്യാതെ ദേശീയ സ്വാതന്ത്ര്യം സമ്പാദിക്കുവാനാകയില്ല എന്നു നാം കരുതിയിരുന്നു: എന്നാൽ ഇന്നത്തെ പുതിയ സാഹചര്യങ്ങളിൽ, ദേശീയ ബൂർഷ്വാസിയുടെ നേതൃത്വത്തിൽ തന്നെ ദേശീയ സ്വാതന്ത്ര്യ സമരങ്ങൾ ദേശീയ സ്വാതന്ത്ര്യം കൈവരിച്ചുകഴിഞ്ഞിട്ടുണ്ടു്.

**രണ്ടാമതായി** നമ്മുടെ പഴയ ധാരണപ്രകാരം, ഇപ്രകാരം സ്വാതന്ത്ര്യം കിട്ടിയാൽത്തന്നെ, സാമ്രാജ്യത്വം അതിൻെറ കയ്യിൽ യഥാർത്ഥമായ അധികാരം കടിഞ്ഞാൺവെച്ചുകൊണ്ടിരിക്കെ, ഈ സ്വാതന്ത്ര്യം നാമമാത്രമായിരിക്കുമെന്നു കരുതവെ, ഇതിന്നു കടകവിരുദ്ധമായിട്ടാണു സംഗതികൾ നടന്നുകൊണ്ടിരിക്കുന്നതു്. ദേശീയ സമ്പദ് വ്യവസ്ഥയിൽ വേരൂന്നി നിൽക്കുന്ന സാമ്രാജ്യത്വ മേഖലകളെ തൂത്തുവാരിയെറിയേണ്ട

കടമ ബാക്കിയായിരിക്കെത്തന്നെ, ഇതുകൊണ്ടു സ്വാതന്ത്ര്യം യഥാർത്ഥമാകാതിരുന്നില്ല.

മൂന്നാമതായി സാമ്രാജ്യത്വ ഭരണത്തിന്നെതിരായി വിപ്ലവപരമായ സമരവും അട്ടിമറിയുംകൊണ്ടു മാത്രമെ ദേശീയ സ്വാതന്ത്ര്യം പിടിച്ചുപററാനാവൂ എന്ന ധാരണയായിരുന്നു നമുക്കുണ്ടായിരുന്നതു്. എന്നാൽ ഇന്നത്തെ പുതിയ സാഹചര്യങ്ങളിൽ പല കോളണികളിലേയും ജനങ്ങൾ (മോസ്കോ പ്രഖ്യാപനത്തിന്റെ ഭാഷയിൽ പറകയാണെങ്കിൽ) "സായുധസമരങ്ങൾ വഴിയും, ആയുധമുപയോഗിക്കാതെയുള്ള മാർഗ്ഗങ്ങൾ വഴിയും ഓരോ രാജ്യത്തെയും പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി" സ്വാതന്ത്ര്യം നേടിയിട്ടുണ്ടു്. നമ്മുടെ രാജ്യംതന്നെ ഇതിനുള്ള ഉൽകൃഷ്ടമായ ഒരു മാതൃകയാണു്.

ഈ മൂന്നു ഘടകങ്ങളെയും കാണാൻ നമുക്കു കഴിയാത്തതുകൊണ്ടാണു 1948-ൽ രണ്ടാംപാർട്ടി കോൺഗ്രസ്സിൽ നാമംഗീകരിച്ച തീസിസ്സിലെ പ്രധാന നിഗമനങ്ങൾ ഉണ്ടായതെന്നു നാം തുറന്നു സമ്മതിച്ചേ തീരൂ. ആ തീസിസ്സ് എന്തു പറഞ്ഞു? "ബ്രിട്ടീഷ് മേധാവിത്വം അവസാനിച്ചിട്ടില്ല; മേധാവിത്വത്തിന്റെ രൂപം മാറിയിരിക്കുന്നുവെന്നു മാത്രം." ഇന്ത്യൻ സ്വാതന്ത്ര്യം 'പൊള്ള''യാണു, യഥാർത്ഥത്തിലുള്ളതല്ല. "ബൂർഷ്വാസിക്കു കിട്ടിയിട്ടുള്ള രാഷ്ട്രാധികാരം സാമ്രാജ്യത്വത്തെ ആശ്രയിച്ചിട്ടുള്ളതാണ്; അതു് ഒരു അടിമ രാഷ്ട്രമാണു്." (പേജ് 39, 40. 49) ബൂർഷ്വാസിയുടെ സ്വതസിദ്ധമായ ചാഞ്ചാട്ടത്തിൽ നിന്നു അവസാനമായുള്ള അടിയറവെക്കലിലേക്കു് ബൂർഷ്വാസി എത്തിക്കഴിഞ്ഞുവെന്നാണു ആ തീസിസ് വിവരിക്കുന്നതു്.

1951-ലെ അഖിലേന്ത്യാ പാർട്ടി കോൺഫറൻസിൽ അംഗീകരിച്ച പാർട്ടിയുടെ പരിപാടിയും ഇതിൽനിന്നു ഒട്ടും വ്യത്യസ്തമല്ല. "വിദേശസാമ്രാജ്യ മേധാവിത്വം അവസാനിച്ചുവെന്നു ഇന്ത്യൻ ജനതയെ വിശ്വസിപ്പിക്കുവാനുള്ള ശ്രമം നടന്നു" വരുന്നുവെന്നും, "ഈ ഗവണ്മെണ്ടു് ബ്രിട്ടീഷ് സാമ്രാജ്യകോയ്മയുടെ ഇഷ്ടത്തിന്നു തുള്ളുന്ന ഒരു സർക്കാറാ"ണെന്നും ഈ ഗവണ്മെൻറാകട്ടെ, "ഭൂവുടമകൾ, നാട്ടുരാജാക്കന്മാർ, വിദേശമൂലധനം (ബ്രിട്ടീഷ്) ഇവയെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണു്" എന്നും മററുമാണു് ഈ പരിപാടിയിൽ എഴുതിയിട്ടുള്ളതു് (പേജ് 1-7)

ജനുവരി 1954-ൽ മധുരയിൽവച്ചു നടന്ന മൂന്നാം പാർട്ടി കോൺഗ്രസ്സിൽവെച്ചു തന്നെ 1951-ലെ പാർട്ടിപരിപാടിയിൽ ഉള്ള ഇന്ത്യയുടെ വിദേശ നയത്തെപ്പററിയുള്ള വിലയിരുത്തലുകൾ ശരിയല്ലെന്ന നിഗമനത്തിൽ നാം എത്തിച്ചേർന്നിരുന്നു. അതേ കോൺഗ്രസ്സിൽ നാം ഇക്കാരണംകൊണ്ടു് "രണ്ടു ചേരികളുടെ ഇടയിൽ നിന്നുകൊണ്ടുള്ള സംശയാസ്പദമായ ഒളിച്ചുകളിയെന്നും" അമേരിക്കൻ സാമ്രാജ്യശക്തിയോടു കൊഞ്ചിക്കുഴയുകയും അതുവഴി സമാധാന വാഞ്ഛയുള്ള രാജ്യങ്ങൾക്കെതിരായി ആക്രമകാരികളുടെ സമരത്തെ സഹായിക്കു"കയുമാണു ഇന്ത്യാ ഗവണ്മെൻറു ചെയ്യുന്നതു എന്നും ഉള്ള ഭാഗങ്ങളെ നാം കോൺഗ്രസ്സിൽവെച്ചു നീക്കിക്കളയുകയുണ്ടായി.

1956-ൽ പാലക്കാട്ടുവെച്ചു നാം ഇന്ത്യാ ഗവർമ്മെണ്ടു സാമ്രാജ്യത്വത്തിന്നടിമപ്പെട്ടതും, സാമ്രാജ്യത്വവുമായി സഖ്യത്തിലേർപ്പെട്ടു കഴിഞ്ഞിരിക്കുന്ന വൻകിട മുതലാളിത്തത്തെയും ഫ്യൂഡൽ ശക്തികളെയും പ്രതിനിധീകരിക്കുന്നതുമായ ഒരു ഗവർമ്മെൻറാണെന്ന നിഗമനത്തെ തിരസ്കരിച്ചു കഴിഞ്ഞിരുന്നു. ബൂർഷ്വാസി നേതൃസ്ഥാനത്തുനിന്നും കൊണ്ടുള്ള ഒരു ബൂർഷ്വാജന്മിത്വഗവർമ്മെന്റാണു് ഇതെന്നാണു് നാം വിശേഷിപ്പിച്ചതു് (രാഷ്ട്രീയ പ്രമേയം)

സാമ്രാജ്യത്വം, ജന്മിത്വം എന്നീ ശക്തികളുമായി ഉള്ള ഗവർമ്മെൻറിൻെറ സന്ധി മനോഭാവത്തെയും അവരുടെ നേരെയുള്ള ചാഞ്ചാട്ടങ്ങളെയും ഈ പ്രമേയം വ്യക്തമായി പ്രതിപാദിച്ചു. അതിൻെറതായ ജനവിരുദ്ധ നയങ്ങളെ വിമർശിക്കുകയും ചെയ്തു. ഇന്ത്യയുടെ അടിസ്ഥാന പ്രശ്നങ്ങളുടെ പരിഹാര മാർഗ്ഗത്തിൽ ഗവർമ്മെൻറിൻെറ നയങ്ങൾക്കുള്ള പരിമിതങ്ങളെ പ്രമേയം തുറന്നു കാട്ടി. സ്ഥിതിഗതികളിൽ ഒരു മാററം വരുത്തുന്ന കാര്യത്തിൽ ബഹുജനസമരങ്ങളുടെ ആവശ്യവും പങ്കും ഊന്നിപ്പറയപ്പെട്ടു.

എന്നാൽ അതേ സമയം പാലക്കാട്ട് പ്രമേയം ഇന്ത്യയെ പുതുതായി സ്വാതന്ത്ര്യം പ്രാപിച്ചതും കൊളോണിയൽ സാമ്രാജ്യത്വവിരുദ്ധവും ചേരിചേരായ്മയിൽ അടിയുറച്ചതുമായ ഒരു നയം തുടരുന്നതും ലോകസമാധാനചേരിയിൽ നിൽക്കുന്നതുമായ ഒരു രാഷ്ട്രമായിട്ടാണ് കാണിച്ചത്,

അതുപോലെത്തന്നെ, ഈ ഗവർമ്മെൻറിൽ സ്വതന്ത്രമായ ഒരു മുതലാളിത്ത സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കാനാവുമെന്നും, കെട്ടിപ്പടുത്തുകൊണ്ടിരിക്കുകയാണെന്നും ഉള്ള വസ്തുത പ്രമേയം അംഗീകരിച്ചു. ഉത്തരത്തിലുള്ള ഒരു സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ പൊതുമേഖലയ്ക്കുള്ള പങ്കും അംഗീകരിക്കപ്പെട്ടിരുന്നു. സോവിയററ് യൂണിയൻ ഇതര സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ നിസ്വാർത്ഥവും നിർല്ലോഭവുമായ സഹായം കൊണ്ടാണ് ഇത് സാദ്ധ്യമാകുന്നതു എന്നും വ്യക്തമായി പ്രഖ്യാപിച്ചിരുന്നു. ഇങ്ങിനെ, പണ്ടത്തെ ഒരു കൊളോണിയൽ രാജ്യത്തിൽ, സ്വതന്ത്രമായ ദേശീയ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുക എന്നത് ഒരു ജനകീയ ജനാധിപത്യ ഗവർമ്മെൻറിനു മാത്രമെ—അതും തൊഴിലാളി വർഗ്ഗത്തിൻെറ നേതൃത്വത്തിലുള്ള ഒരു ഗവർമ്മെൻറിനു മാത്രമെ സാധിക്കുകയുള്ളൂ എന്ന നമ്മുടെ പഴയ നിഗമനങ്ങളിൽ മറെറാന്നും നാം കൈവിട്ടു.

1958-ൽ അമൃത സരസ്സ് സമ്മേളനത്തിൽവെച്ച് “വലതുപക്ഷപിന്തിരിപ്പനും, ദേശീയ വിരുദ്ധവുമായ ശക്തികൾ” സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കെതിരായും പടിഞ്ഞാറൻ രാഷ്ട്രങ്ങൾക്കനുകൂലമായും ജനവിരുദ്ധവുമായും ഉള്ള നയവ്യതിയാനങ്ങൾ, ഗവർമ്മെണ്ടിന്റെ നയങ്ങളിൽ വരുത്തേണമെന്നു തുറന്നാവശ്യപ്പെട്ടുകൊണ്ടു തല ഉയർത്തിയെന്നു നാം എടുത്തുകാട്ടി. ഈ ശക്തികൾ വളരാൻ തന്നെ കാരണം കോൺഗ്രസ്സ് ഗവർമ്മെൻറിൻെറ തന്നെ ജനവിരുദ്ധവും അവ്യക്തവുമായ നയങ്ങൾ ആണെന്നും, ഈ പിന്തിരിപ്പൻ ശക്തികൾ കോൺഗ്രസ്സിനു പുറത്തെന്നപോലെ, കോൺഗ്രസ്സിൻെറ അകത്തും അതിൻെറ പ്രതിനിധികൾ ഉണ്ടെന്നും നാം കണ്ടു. അതേ സമയം ഗവർമ്മെൻറിൻെറ മൊത്തമായ നയങ്ങൾ തമ്മിലും, വലതുപക്ഷ പിന്തിരിപ്പൻ ശക്തികൾ പ്രതിനിധീകരിക്കുന്ന നയങ്ങൾ തമ്മിലുമുള്ള വ്യക്തമായ വ്യത്യാസങ്ങളെയും നാം ഊന്നിപ്പറഞ്ഞു. മുമ്പ് ചൂണ്ടിക്കാണിച്ചപോലെ, അമൃതസരസ്സിൽ, ഇന്ത്യയിൽ സമാധാനപരമായ പരിവർത്തനത്തിൻെറ സാദ്ധ്യതകളുണ്ടെന്ന കാഴ്ചപ്പാടു നാം അംഗീകരിച്ചു.

1961 വിജയവാഡാ കോൺഗ്രസ്സിൽവെച്ച് കോൺഗ്രസ്സ് ഔപചാരികമായി പിന്നീടു അംഗീകരിച്ച പ്രസംഗത്തിൽ അജയഘോഷ് സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയിൽ നടന്ന രാഷ്ട്രീയവും സാമ്പത്തികവുമായ സംഭവ വികാസങ്ങളെ വിലയിരുത്തുകയും, നാം ഇതിനു മുമ്പ് ഈ വികാസങ്ങളെപ്പററി എടുത്ത നിഗമനങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ടു സംസാരിക്കുകയും ചെയ്തു. ആ പ്രസംഗം ഇവിടെ ഉദ്ധരിക്കേണ്ടതാവശ്യമാണ്.

"സാമ്പത്തിക രംഗത്തിൽ കഴിഞ്ഞ മൂന്നുകൊല്ലക്കാലത്തിന്നിടയിൽ പല പ്രധാന സംഭവവികാസങ്ങളും ഉണ്ടായിട്ടുണ്ട്. ഇവയെപ്പററി ദീർഘമായി രാഷ്ട്രീയ പ്രമേയത്തിൽ സ്പർശിച്ചിട്ടുള്ളതുകൊണ്ടു ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ല.

എന്നാലും അതേ സമയം ചില ചോദ്യങ്ങൾ ചോദിക്കേണ്ടതും വ്യക്തമായ മറുപടികൾ തേടേണ്ടതുമുണ്ട്.

ഇവയിൽ ഏററവും പ്രധാനമുള്ള ചോദ്യങ്ങളിൽ ഒന്നിതാണ്.

കഴിഞ്ഞ 13 കൊല്ലങ്ങളെ ഒന്നിച്ചെടുത്തു നോക്കിയാൽ, അതായതു് സ്വാതന്ത്ര്യ സമ്പാദനത്തിന്നു ശേഷം ഒരു വശത്തു സാമ്രാജ്യത്വവും മറുവശത്തു ദേശീയ ബൂർഷ്വാസിയടക്കമുള്ള മുഴവൻ ഇന്ത്യൻ ജനതയും തമ്മിലുള്ള വൈരുദ്ധ്യം മൂർഛിച്ചിട്ടുണ്ടോ കുറഞ്ഞിട്ടുണ്ടോ? തുടർന്നുകൊണ്ടു ഈ വൈരുദ്ധ്യത്തിൻെറ ഫലമായി എന്താണുണ്ടായിട്ടുള്ളതു്.

ഇതു് ഗവേഷണ പ്രാധാന്യം മാത്രമുള്ള ഒരു പ്രശ്നമല്ല നമ്മുടെ പാർട്ടി കൈക്കൊള്ളേണ്ട സമരതന്ത്രവും അടവുകളുമായി സജീവമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണിതു്. പാർട്ടി ആദ്യമായി ഒക്ടോബർ 1951ലും പിന്നീടു മധുര കോൺഗ്രസ്സിൽവെച്ച 1954 ജനവരിയിലും അംഗീകരിച്ച നമ്മുടെ പഴയ പരിപാടിയെ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തന്നെ ഒരു സുപ്രധാന രേഖയായും മാർക്സിസത്തിൻെറ സൃഷ്ട്യാത്മകമായ ഒരു രചനയാണെന്നും വിശേഷിപ്പിച്ചിട്ടുണ്ട്. നമ്മുടെ പാർട്ടിയെ ഏകീകരിച്ച ശക്തിപ്പെടുത്തുന്നതിൽ ഈ രേഖയ്ക്കു് സുപ്രധാനമായ പങ്കുണ്ട്. എന്നാൽ മധുരാ കോൺഗ്രസ്സിന്നു ശേഷം നടന്ന പലേ സംഭവവികാസങ്ങൾ ഈ പരിപാടിയിൽ പലേ വൈകല്യങ്ങളുണ്ടെന്നു നമ്മെ ബോദ്ധ്യപ്പെടുത്തി. നമ്മുടെ കേന്ദ്രക്കമ്മിററി 1955-ൽ അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിൽത്തന്നെ, നാം ഈ പരിപാടിയിലെ ചില പ്രധാന നിഗമനങ്ങളെ കൈവെടിഞ്ഞു. "ബ്രിട്ടീഷ് കോമൺവെൽത്തിൻെറ താളത്തിന്നു് തുങ്ങിനിൽക്കുന്ന ഈ ഗവർമ്മെണ്ടു്," "യുദ്ധസന്നാഹങ്ങൾക്കു വേണ്ടിയുള്ള പദ്ധതികളൊഴിച്ച ബാക്കി എല്ലാ പദ്ധതികളും തകരുകയാണ്," "ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൻേറതായ ഒരു വിദേശ നയമാണ് പ്രധാനമായും ഇന്ത്യാ ഗവമ്മെൻറു പിന്തുടരുന്നതു്" എന്നീ നിഗമനങ്ങൾ ജീവിത യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാത്തവയായി വന്നു. ബന്ദൂങ്ങ് സമ്മേളനം, പഞ്ചശീലം, രണ്ടാം പഞ്ചവത്സര പദ്ധതി—എന്നിവ എങ്ങിനെയുണ്ടായി എന്നു് ഈ പരിപാടിയുടെ കാഴ്ചപ്പാടിൽ വ്യക്തമാവാതായി, അതുകൊണ്ടു് 1955 ജൂണിലും അതായതു് മധുര കഴിഞ്ഞു 18 മാസത്തിനിടയ്ക്കു് പലേ പ്രധാന മാററങ്ങളും അതിലുമധികമായി 1956 ഏപ്രിൽ മാസത്തിൽ പാലക്കാട്ടു വെച്ച് പിന്നീടും മാററങ്ങൾ വരുത്തേണ്ടി വന്നു."

പഴയ പരിപാടിയിൽ പല ശരിയായ വസ്തുതകളുണ്ടായിരുന്നുവെങ്കിലും പുതിയ പരിത സ്ഥിതിയുടെ ചില പ്രധാന ഘടകങ്ങളെ അതു കണക്കിലെടുക്കാത്തതുകൊണ്ടു ഈ മാററങ്ങൾ വരുത്തേണ്ടിവന്നു. അവ താഴെ പറയുന്നവയായിരുന്നു.

(1) ദേശീയ ബൂർഷ്വാസിയും സാമ്രാജ്യത്വവുമായുള്ള വൈരുദ്ധ്യം.

(2) ദേശീയ സ്വാതന്ത്ര്യത്തെയും ദേശീയ സമ്പദ് വ്യവസ്ഥയെയും ശക്തിപ്പെടുത്തുന്നതിൽ ബഹുജനങ്ങളുടെ പങ്ക്.

(3) സോഷ്യലിസം ഒരു ലോക വ്യവസ്ഥയായി ഉയർന്നു ശക്തിപ്പെടുത്തുന്നതു നമ്മുടെ രാജ്യത്തിൻെറ വികാസത്തിൻെറ പ്രശ്നത്തിൽ ചെലുത്താവുന്ന നിർണ്ണായകമായ സ്വാധീനശക്തി.

ഇന്ത്യാ ഗവർമ്മെണ്ടു സാമ്രാജ്യത്വത്തിന്റെ ആഗ്രഹങ്ങൾക്കനുസരിച്ചുവർത്തിക്കുന്ന ഒരു അടിമ ഗവർമ്മെണ്ടു മാത്രമാണെന്നും, അതിന്റെ കീഴിൽ ഒരുതരത്തിലുള്ള പുരോഗതിയും സാദ്ധ്യമല്ലെന്നുമുള്ള ഒരു കാഴ്ചപ്പാടാണ് പഴയ പരിപാടി നമുക്കു തന്നെങ്കിൽ, പാലക്കാട്ട് കോൺഗ്രസ്സ് നമുക്ക് ഒരു പുതിയ വെളിച്ചവും ധാരണയും തന്നു. ദേശീയ ബൂർഷ്വാസിയുടെ ഇരട്ട സ്വഭാവം വ്യക്തമാക്കപ്പെട്ടു. ബൂർഷ്വാസിയുടെ സാമ്രാജ്യത്വവും ഫ്യൂഡലിസവുമായി വിട്ടുവീഴ്ച ചെയ്യുന്ന മനോഭാവത്തെ തരം താഴ്ത്തി കാണിക്കാതെ തന്നെ, സാമ്രാജ്യത്വവും ഫ്യൂഡലിസവും ഒരു വശത്തും, മറുവശത്തു ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ ആവശ്യങ്ങളും തമ്മിൽ വളർന്നു വരുന്ന വൈരുദ്ധ്യങ്ങളേയും ഇന്ത്യാ ഗവർമ്മെണ്ടും സാമ്രാജ്യത്വവുമായി ഇതിന്റെ പ്രതിഫലനമായി വളർന്നു വരുന്ന സംഘട്ടനങ്ങളെയും പാലക്കാട്ട് കോൺഗ്രസ്സ് വ്യക്തമായി കാണുകയുണ്ടായി.

ആ വൈരുദ്ധ്യം ഇല്ലാതായിക്കഴിഞ്ഞുവോ? അതു കുറഞ്ഞിട്ടുണ്ടോ? ഇല്ല. അതു മൂർച്ഛിക്കുകയാണു ചെയ്തിട്ടുള്ളതു്. കൂടാതെ സാമ്രാജ്യത്വവും ദേശീയ ബൂർഷ്വാസിയടക്കമുള്ള നമ്മുടെ ജനതയും തമ്മിൽ വളർന്നുവന്നിട്ടുള്ള ഈ വൈരുദ്ധ്യം കാരണം നമ്മുടെ ദേശീയ സ്വാതന്ത്ര്യം ഇന്നു മുമ്പത്തെക്കാൾ എത്രയോ അധികം ഉറച്ച ഒരു സാമ്പത്തികാടിസ്ഥാനത്തിലാണ് സ്ഥിതിചെയ്യുന്നതു്. തന്ത്രപ്രാധാന്യമുള്ള പല വ്യവസായങ്ങളും ഇന്നു ഉയർന്നു വന്നുകഴിഞ്ഞിട്ടുണ്ടു്. ഈ വ്യവസായങ്ങളുടെ വളർച്ചയിൽ പൊതു മേഖല ഒരു പ്രധാന ഘടകമായി ഉയർന്നുവന്നിട്ടുണ്ടു്.

"എല്ലാ ദേശസ്നേഹികളെയും ഉൽക്കണ്ഠാകുലരാക്കുന്ന പല ദൗർബ്ബല്യങ്ങളും ഉണ്ടെങ്കിലും നമ്മുടെ ദേശീയ സ്വാതന്ത്ര്യത്തിന്റെ സാമ്പത്തികാടിസ്ഥാനം ശക്തിപ്പെട്ടിട്ടുണ്ടെന്നുള്ള വമ്പിച്ച ഒരു യാഥാർത്ഥ്യത്തെ മാച്ചുകളയാവുന്നതല്ല" (പുതിയ പരിതസ്ഥിതിയും നമ്മുടെ കടമകളും പേജ് 13-14)

രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷം നമ്മുടെ പാർട്ടി അനുവർത്തിച്ചു പോന്ന നയത്തിന്റെ ചരിത്രം ഒന്നു തിരിഞ്ഞു നോക്കുവാനുള്ള ഉദ്ദേശ്യത്തോടെയല്ല 1948-നു ശേഷമുള്ള പാർട്ടിയുടെ നിലപാടുകളെ ചുരുക്കത്തിൽ ഇവിടെ പരിശോധിച്ചതു്. ആ കടമ ഈ രേഖയുടെ വരമ്പുകൾക്കതീതമാണെന്നു മാത്രമല്ല ഇവിടെ നമുക്ക് അതു് ആവശ്യവുമല്ല.

നമ്മുടെ അനുഭവത്തിൽനിന്നും, നമ്മുടെ തന്നെ പഠനം വഴിയായും, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പാഠങ്ങൾ വഴിയും നാം പടിപടിയായി, 81 കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സമ്മേളനത്തിലും പ്രഖ്യാപനത്തിലും പിന്നീടു സമഗ്രമായും ശാസ്ത്രീയമായും വ്യക്തമാക്കപ്പെട്ട നിഗമനങ്ങളിലേക്കു നാം നീങ്ങിക്കൊണ്ടിരുന്നുവെന്നു കാണിക്കുവാൻ വേണ്ടി മാത്രമാണ് നാം ഈ ലഘു വിവരണം മേലെ കൊടുത്തതു്. കൂടാതെ മോസ്കോ പ്രഖ്യാപനമാകട്ടെ, ഒരുപടി മുന്നോട്ടു പോയി വളർച്ചയുടേയും മുന്നേററത്തിന്റേയും പാതയുടെ നേരെ വിരൽ ചൂണ്ടുകയും ചെയ്തിട്ടുണ്ടു്.

വിപ്ലവപരമായ ദേശീയ വിമോചന പ്രസ്ഥാനംവഴി സ്വാതന്ത്ര്യം പ്രാപിച്ച പുതിയ രാഷ്ട്രങ്ങളെ വ്യക്തവും വ്യതിസ്തവും ആയ ഗ്രൂപ്പുകളായി തരംതിരിച്ചു നിറുത്തുവാൻ മോസ്കോ പ്രഖ്യാപനം മുതിരുന്നില്ലെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതു്, ഊന്നിപ്പറയേണ്ടിയിരിക്കുന്നു, ഇങ്ങനെ ചെയ്യാത്തതു് യാദൃശ്ചികമായ ഒരു വീഴ്ചയല്ല താനും. അതു് വ്യക്തമായ മുൻ വിധിയോടുകൂടി എടുത്ത ശരിയായ സമീപനമാണ്; കാരണം ചർച്ചയിലിരിക്കുന്ന പ്രശ്നത്തെപ്പററിയുള്ള ശാസ്ത്രീയവും വിപ്ളവപരവുമായ സമീപനത്തെയാണ് അതു പ്രതിനിധീകരിക്കുന്നതു്. ദേശീയ സ്വാ

തന്ത്ര്യസമ്പാദനത്തിൽനിന്ന സോഷ്യലിസത്തിന്റെ പൂമുഖത്തിലേയ്ക്കുള്ള ദേശീയ ജനാധിപത്യ വിപ്ലവ പ്രസ്ഥാനത്തിന്റെ പ്രശ്നമാണല്ലോ അതു്. ദേശീയ സ്വാതന്ത്ര്യ സമ്പാദനത്തിൻ പ്രാവർത്തികമായ വർഗ്ഗശക്തികളുടെ പരസ്പര ബന്ധങ്ങൾ. ദേശീയ സ്വാതന്ത്ര്യത്തിൽനിന്ന സാമൂഹ്യ പുനരുത്ഥാനത്തിലേയ്ക്കുള്ള മുന്നേററത്തിൽ നിറവേററപ്പെടേണ്ട കടമകൾ, ഈ പുത്തൻ രാഷ്ട്രങ്ങൾക്കകത്തു ഈ കടമകൾ നിറവേററുന്ന ശക്തികളുടെ പരസ്പര ബന്ധങ്ങൾ, ദേശീയ സ്വാതന്ത്ര്യത്തിൽനിന്ന സോഷ്യലിസത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പരിവർത്തനത്തിനിടയിൽത്തന്നെ ഈ രാഷ്ട്രങ്ങൾക്കുള്ളിൽത്തന്നെ ഈ ശക്തികൾക്കിടയിലുള്ള പരസ്പര ബന്ധങ്ങളിൽ വരുന്ന ചേരിതിരിവുകളും മാററങ്ങളും—ഈ പ്രശ്നങ്ങളുമായെല്ലാം ബന്ധപ്പെട്ടതാണു് ഈ പരിവർത്തനം.

ഇങ്ങിനെയുള്ള പരിവർത്തനത്തിൽപെട്ടിരിക്കുന്ന രാഷ്ട്രങ്ങളുടെ പരിവർത്തനരൂപങ്ങളെ വ്യക്തമായ ചട്ടക്കൂട്ടിൽ വിഭജിച്ചു നിർത്തുവാനുള്ള ശ്രമം തെററാണു്, അസാധ്യവുമാണു്. വളരെ പൊതുവായും അയവോടുകൂടി മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലും മാത്രമേ നമുക്കു് ഇതെപ്പററി പറയാവൂ. അതിന്റെ സ്വഭാവത്തെ നിർണ്ണായകമായ വിധത്തിൽ സ്വാധീനിക്കുന്ന ഘടകമെന്തെന്നാൽ വിപ്ളവ പ്രസ്ഥാനത്തിന്റെ വേലിയേററത്തിന്റെ കെൽപും, ആഴവും പരപ്പും വേഗതയും മാത്രമാണു്.

ഇതേ കാരണംകൊണ്ടു തന്നെ, ഈ പ്രശ്നവുമായി അവിഭാജ്യമായി ബന്ധപ്പെട്ട മുതലാളിത്തേതര മാർഗ്ഗത്തിന്റെ പ്രശ്നത്തെപ്പററി, അതു വ്യക്തവും സ്ഥിരവുമായ ഒരു സമ്പദ്ഘടനയാണെന്ന വിധത്തിൽ—അതു് അത്തരത്തിലുള്ള ഒന്നല്ലതാനും—ഉള്ള ഒരു പരിശോധനയ്ക്കും മോസ്കോ പ്രഖ്യാപനം മുതിരുന്നില്ല.

ഒരു കൊളോണിയൽ സമ്പദ് വ്യവസ്ഥയുണ്ടു്. മുതലാളിത്ത വ്യവസ്ഥയുണ്ടു്; സോഷ്യലിസ്റ്റു് സമ്പദ്ഘടനയുണ്ടു്. എന്നാൽ മുതലാളിത്തേതര സമ്പദ് വ്യവസ്ഥയെന്നൊന്നില്ല തന്നെ. ദേശീയ സ്വാതന്ത്ര്യ സമ്പാദനത്തിന്ന ശേഷം ദേശീയ സമ്പദ് വ്യവസ്ഥ മുതലാളിത്തത്തിന്റെ നിയമങ്ങൾക്കും വിധികൾക്കും അനുസൃതമായ വിധത്തിൽ വളരുന്നതിനെ തടയുവാനും, ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും ഉപകരണങ്ങളുടെ പൊതുവുടമയെന്ന അന്ത്യലക്ഷ്യത്തെ നോക്കി അവയെ തിരിച്ചുവിടുവാനും ഉതകുന്ന ഇടത്തട്ടിൽ ഉള്ള പല സാമ്പത്തിക നടപടികളുടെ വൈവിധ്യമേറിയ രൂപങ്ങളെയാണു് മുതലാളിത്തേതര മാർഗ്ഗമെന്നുകൊണ്ടു നാം വിവക്ഷിക്കുന്നതു്. ഈ നടപടികളിലും മാർഗ്ഗങ്ങളിലും ഏതു. എപ്പോഴാണു പ്രവർത്തകമാകേണ്ടതെന്നു് നിർണ്ണയിക്കുന്നതു് സ്വാഭാവികമായും ഒരു രാജ്യത്തിലുള്ള ഉൽപാദന ശക്തികളുടെ വളർച്ചയുടെ നിലവാരത്തെയും വിപ്ളവപ്രസ്ഥാനത്തിന്റെ ശക്തിയെയും പരപ്പിനെയും ആശ്രയിച്ചിരിക്കുന്ന.

എല്ലാ സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും ഇത്തരത്തിലുള്ള സാമ്പത്തിക നടപടികളുടെ വർഗ്ഗസ്വഭാവവും, അതിന്റെ ഫലങ്ങളും ഒരേ തരത്തിലുള്ളവയായിരിക്കുകയില്ലെന്ന നാം വ്യക്തമാക്കേണ്ടിയിരിക്കുന്നു. ആ നടപടികളെടുക്കുന്ന ഭരണകൂടത്തിന്റെ വർഗ്ഗസ്വഭാവത്തെ ആശ്രയിച്ചിരിക്കും അതിന്റെ പ്രത്യാഘാതങ്ങൾ. ഉദാഹരണത്തിന്ന, പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച ബൂർഷ്വാ ജനാധിപത്യ ഭരണകൂടത്തോടെയുള്ള ഇന്ത്യയെ സംബന്ധിച്ചാണെങ്കിൽ, ഘന വ്യവസായങ്ങൾ, ബാങ്കിങ്ങ് തുടങ്ങിയവ സ്റ്റേററിന്റെ ഉടമയിലാവുകയെന്നതിന്ന സാമ്രാജ്യത്വവിരുദ്ധവും കുത്തകവിരുദ്ധവുമായ ഒരു സ്വഭാവമുണ്ടെന്നതു നിസ്സർക്കമാണു്. കയററുമതി

ഇറക്കുമതി വ്യാപാരം സ്റ്റേററിൻെറ കയ്യിലാവുകയെന്നതിന്നും ഈ സ്വഭാവം തന്നെയുണ്ടു്. കാരണം, സാമ്രാജ്യത്വ ശക്തികൾ കോളണിരാജ്യങ്ങളെയും പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങളെയും കൊള്ളയടിക്കാറുള്ള ഒരു വലിയ വഴി അതുകൊണ്ടു അടഞ്ഞുപോകുന്നു. കൃഷിക്കാരന്നു ന്യായമായ വിലകൊടുത്തുകൊണ്ടു ഭക്ഷ്യധാന്യങ്ങളുടെ വ്യാപാരം സ്റ്റേററു് എടുത്തു നടത്തുക എന്നതു് ഈ രംഗത്തു് കുത്തക വ്യാപാരം നടത്തുന്ന ശക്തികളെയാണു് ക്ഷീണിപ്പിക്കുക. ഭക്ഷ്യധാന്യങ്ങളുടെ സ്വകാര്യവ്യാപാരം—അതു് ഒരിക്കലും ലാഭകരമായ ഒരു തൊഴിലുമല്ല—ഇന്ത്യൻ കാഷികരംഗത്തെ ചൂഷണം ചെയ്യുന്ന ഏററവും വലിയ ഒരു ഘടകമാണതു്—ഇല്ലായ്മ ചെയ്യുന്നതുകൊണ്ടു കാർഷികോല്പാദനത്തിന്നു വ്യക്തമായ ഒരു പ്രോത്സാഹനമാണു് ഇതുകൊണ്ടുണ്ടാവുക.

ചുരുക്കത്തിൽ പറകയാണെങ്കിൽ ദേശവൽക്കരണത്തിന്നു പുരോഗമനപരമായ ഗുണവിശേഷം ഉണ്ടു്. എന്നാൽ നമ്മുടെ ഇന്നത്തെ സാഹചര്യങ്ങളിൽ അവയെ മുതലാളിത്തേതരമായ നടപടികളാണെന്നു പറയുന്നതു ശരിയായിരിക്കുകയില്ല.

എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായ ചരിത്രപരമായ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ, ഭരണ കൂടത്തിൽ തന്നെ നിർണ്ണായകമല്ലെങ്കിലും വ്യക്തമായ സ്വാധീനം ചെലുത്തുവാൻ തൊഴിലാളി വർഗ്ഗത്തിന്നും അതിൻെറ പ്രധാന സഖ്യശക്തിയായ കൃഷിക്കാർക്കും സാധിക്കത്തക്ക ശക്തമായ ബഹുജനപ്രസ്ഥാനമുണ്ടായിരിക്കെ, ഇത്തരത്തിലുള്ള സാമ്പത്തിക നടപടികൾ സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൻെറ വിടവുകൾ നികത്താനുതകുന്ന വിധത്തിൽ മുതലാളിത്തേതര സ്വഭാവമുള്ളതാകാനിടയുണ്ടു്.

ഒരു ബൂർഷ്വാ ഭരണത്തിന്നടിയിൽ ജന്മികളുടെ കയ്യിൽനിന്നു നിലം കൈപററിക്കൊണ്ടു അവ കൃഷിചെയ്യുന്ന കൃഷിക്കാരന്നു വിതരണം ചെയ്യുകയെന്നതുതന്നെ കാർഷിക രംഗത്തു മുതലാളിത്തത്തിൻെറതായ വളർച്ചയുടെ പാത വെട്ടിത്തുറക്കുകയാണെന്നു ലെനിൻ ഒരിക്കൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. തൊഴിലാളിവർഗ്ഗം നയിക്കുന്ന ഒരു ഗവർമ്മെണ്ടിൻെറ കീഴിൽ ഇതേ നടപടി സോഷ്യലിസ്റ്റു് കാർഷിക ബന്ധങ്ങളിലേക്കു വഴിതെളിയിക്കുമെന്നർത്ഥത്തിൽ സോഷ്യലിസ്റ്റു് നടപടിയായിത്തീരുമല്ലോ.

പുരോഗമന പ്രതിപക്ഷശക്തികൾക്കടക്കം പാർലമെൻറിന്നുതന്നെ സ്റ്റേററ് നേരിട്ടു നടത്തുന്ന വ്യവസായങ്ങളിൽ ഇടപെടാൻ കൂടുതൽ സാദ്ധ്യതകൾ ഉണ്ടായിവരുന്നു എന്നർത്ഥത്തിലും, ഭരണകൂടത്തിലും രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിലും പരിപൂർണ്ണവും യഥാർത്ഥവുമായ ജനകീയ നിയന്ത്രണത്തിന്നുള്ള സമരം വിട്ടുവീഴ്ചയില്ലാതെ തുടർന്നാൽ മാത്രമെ ദേശസാൽക്കരണത്തിൻെറ സാമൂഹ്യ ലക്ഷ്യങ്ങൾ കരസ്ഥമാക്കാവൂ എന്നു സ്വന്തം അനുഭവത്തിൽക്കൂടി ജനങ്ങളെ പഠിപ്പിക്കാൻ ഇതവസരം നൽകുന്നു എന്നർത്ഥത്തിലും ഇന്ത്യയിൽ ഇന്നത്തെ സാഹചര്യങ്ങളിൽ ദേശവൽക്കരണത്തിന്നു കൂടുതൽ പ്രാധാന്യവും പ്രത്യേകതയും ഉണ്ടു്.

രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷമുള്ള കാലഘട്ടത്തിൽ, അതിന്നു മുമ്പു കോളണികളായോ അർദ്ധകോളണികളായോ, അടിമ രാജ്യങ്ങളായോ ഇരുന്ന രാജ്യങ്ങൾ—പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാഷ്ട്രങ്ങൾ—നാലു വ്യത്യസ്ത ഗ്രൂപ്പുകളായി നമുക്കു് കാണാൻ കഴിയും—നാം മുകളിൽ ചൂണ്ടിക്കാണിച്ച വിശദീകരണങ്ങളെ കണക്കിലെടുത്തുകൊണ്ടു വേണം ഇതംഗീകരിക്കുവാൻ. സോഷ്യലിസ്റ്റു് നിർമ്മാണം ആരംഭിച്ചു കഴിഞ്ഞിരിക്കുന്ന ജനകീയ ജനാധിപത്യ രാഷ്ട്രങ്ങളാണു് ആദ്യത്തേതു്. രണ്ടാമതായി സമാധാനം കൊളോണിയൽ വിരുദ്ധമായ നയം—ഇവ പിൻതുടർന്നുകൊണ്ടു

വരുന്ന ബൂർഷ്വാ ജനാധിപത്യ സ്വതന്ത്ര രാഷ്ട്രങ്ങൾ—ഇന്ത്യയെപ്പോലെ ആണ് ഉള്ളതു്. സ്വാതന്ത്ര്യം സമ്പാദിച്ചപ്പോൾ പ്രാകൃത ഗോത്രങ്ങളുടെ നിലവാരത്തിൽ കഴിഞ്ഞുപോന്നിരുന്നവയും ഇപ്പോൾ സ്വതന്ത്രവും കൊളോണിയൽ വിരുദ്ധവുമായ സമാധാന നയം പിൻതുടരുന്നവയുമാം ചില ആഫ്രിക്കൻ രാഷ്ട്രങ്ങളാണ് മൂന്നാമത്തേതു്. സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ ഉള്ളവയും സാമ്രാജ്യത്വ സൈനിക കൂട്ടുകെട്ടിൽ ചേർന്നവയും അതുവഴി അവരുടെ ഇടപാടുകാരണം സ്വാതന്ത്ര്യം മിക്കവാറും നഷ്ടപ്പെട്ടുകഴിഞ്ഞ ചില രാഷ്ഠങ്ങൾ ആണ് നാലാമത്തേതു്.

കൊളോണിയൽ അടിമത്തത്തിന്നെതിരായി സമരം തുടർന്നു നടത്തിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളും, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഏജണ്ടുകളാൽ അമർത്തപ്പെട്ട ചില അർദ്ധ കോളണികളായ തെക്കെ അമേരിക്കൻ രാജ്യങ്ങളും ഉണ്ടു്.

81 പാർട്ടികളുടെ പ്രഖ്യാപനമെടുത്തു വായിച്ചാൽ, ദേശീയ ജനാധിപത്യമെന്ന മുദ്രാവാക്യം ഇതിൽ സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ പാതയിൽ നീങ്ങിത്തുടങ്ങിയ ആദ്യത്തെ രാഷ്ട്രങ്ങളെ ഒഴിച്ചാൽ ബാക്കി എല്ലാ രാഷ്ട്രങ്ങൾക്കും ബാധകമാകുമെന്നുള്ളതു വ്യക്തമാണ്.

ഒരു സ്വതന്ത്രമായ ദേശീയ ജനാധിപത്യമെന്നുവെച്ചാൽ എന്താണെന്നു ആ പ്രഖ്യാപനം വ്യക്തമാക്കുന്നുണ്ടു്.

"തന്റേതായ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തെ കലവറയില്ലാതെ നിലനിർത്തുകയും സാമ്രാജ്യത്വം, അതുമായുള്ള മിലിട്ടറി കൂട്ടുകെട്ടുകൾ, സാമ്രാജ്യത്വ സൈനിക സങ്കേതങ്ങൾ തന്റെ രാജ്യത്തിന്നുള്ളിൽ ഉണ്ടാക്കുക എന്നിവയെ എതിർക്കുകയും, കൊളോണിയലിസത്തിന്റെ പുതിയ രൂപങ്ങളെയും സാമ്രാജ്യത്വ വിദേശ മൂലധനത്തിന്റെ നുഴഞ്ഞുകയററത്തെയും ചെറുക്കുകയും, ഭരണകൂടം സ്വേച്ഛാധിപത്യപരവും ജനവിരുദ്ധവുമാവുന്നതിനെ നിഷേധിക്കുകയും, ഗവർമ്മെണ്ടിന്റെ നയരൂപീകരണം, കാർഷിക പരിഷ്ക്കരണം തുടങ്ങിയ സാമൂഹ്യ ജനാധിപത്യപരിവർത്തനങ്ങൾ ഇവയിലൊക്കെ ജനങ്ങൾക്കു പങ്കുകൊള്ളുവാനും, പ്രസംഗിക്കുക, പത്രം നടത്തുക, യോഗംചേരുക, പ്രകടനങ്ങൾ നടത്തുക. രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സംഘടനകളും രൂപീകരിക്കുക എന്നിവ ഉൾക്കൊള്ളുന്ന വിശാലമായ ജനാധിപത്യപരമായ അധികാരങ്ങൾ ജനങ്ങൾക്കു് ഉത്തരവാദപ്പെടുത്തുന്നതുമായ ഒരു ഭരണകൂടവും വ്യവസ്ഥയും പലേ രാജ്യങ്ങളിൽ ഉണ്ടായിത്തീരുവാൻ അനുകൂലമായ സാർവ്വദേശീയവും ആഭ്യന്തരവുമായ സാഹചര്യങ്ങൾ ഇന്നത്തെ ചരിത്രപരമായ സ്ഥിതി വിശേഷങ്ങളിൽ ഉണ്ടായിട്ടുണ്ടു്. ഈ വ്യവസ്ഥയെയാണ് നാം ദേശീയ ജനാധിപത്യമെന്നു വിശേഷിപ്പിക്കുന്നതു്, സാമൂഹ്യ പുരോഗതി വേഗതയോടെ നേടാനും സമാധാനത്തിന്നു വേണ്ടിയുള്ള ജനകീയ സമരത്തിലും സാമ്രാജ്യത്വശ്ചേരിയുടെ ആക്രമണ പ്രവർത്തനങ്ങളെ എതിർക്കുന്നതിലും കൊളോണിയൽ വാഴ്ചയെ അപ്പാടെ തുടച്ചുനീക്കുന്നതിലും സജീവമായ പങ്കു വഹിക്കുവാനും ദേശീയ ജനാധിപത്യ ഗവർമ്മെണ്ടുകളുടെ സ്ഥാപനവും വളർച്ചയും ഈ രാജ്യങ്ങളെ ഒട്ടേറെ സഹായിക്കുന്നു,

സാമ്രാജ്യത്വ-ജന്മിത്വ വിരുദ്ധമായ ജനാധിപത്യ വിപ്ലവം പരിപൂർണ്ണമാക്കിക്കൊണ്ടുള്ള ദേശീയ ജനാധിപത്യം സ്ഥാപിക്കുവാനും, ജനങ്ങളുടെ ജീവിത നിലവാരത്തിൽ സാരമായ മാററം വരുത്തുവാനും ആണ് കമ്മ്യൂണിസ്റ്റ് പാർട്ടികൾ സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതു്. (പ്രഖ്യാപനം)

സമൂർത്തമായി പറകയാണെങ്കിൽ ദേശീയ ജനാധിപത്യ വ്യവസ്ഥ നിറവേററുന്ന കടമകളെ "ദേശീയ പുനരുത്ഥാനത്തിന്റെ—പുനർജ്ജന്മത്തിന്റെ അടിയന്തിര കടമകൾ" എന്നാണ് വ്യാഖ്യാനിക്കുന്നതു്. പ്രഖ്യാപനത്തിൽ അതു് ഇങ്ങിനെ വിശദീകരിക്കുന്നു.

രാജ്യത്തിലുള്ള ദേശാഭിമാനപരമായ ശക്തികളൊക്കെ ഒററക്കെട്ടായി ഒരു ദേശീയ ജനാധിപത്യ മുന്നണിയുണ്ടാക്കി സാമ്രാജ്യത്വത്തിന്നും ജന്മിത്വത്തിന്റെ അവശിഷ്ടങ്ങൾക്കുമെതിരായി വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തിയില്ലെങ്കിൽ, കൊളോണിയൽ അടിമത്തത്തിൽനിന്നു വിമുക്തരായ ഈ രാജ്യങ്ങളിൽ ദേശീയ പുനർജ്ജന്മത്തിന്റെ അടിയന്തിര കടമകൾ നിറവേററാവുന്നതല്ല. സ്വാതന്ത്ര്യം സമ്പാദിച്ച ഈ രാജ്യങ്ങളിലെ പുരോഗമനശക്തികൾ ഒന്നിച്ചണിനിരക്കുന്നതും ഒന്നിച്ചണിനിരക്കാവുന്നതുമായ ദേശീയ ജനാധിപത്യ കടമകൾ താഴെപ്പറയുന്നവയാണ്:—രാഷ്ട്രീയസ്വാതന്ത്ര്യത്തെ ശക്തിപ്പെടുത്തി സ്ഥായിയാക്കുക, കർഷക ലക്ഷങ്ങളുടെ താൽപ്പര്യങ്ങളെ ലാക്കാക്കിക്കൊണ്ടുള്ള കാർഷിക പരിഷ്ക്കരണങ്ങൾ നടപ്പിലാക്കുക, ജന്മിത്വത്തിന്റെ അവശിഷ്ടങ്ങളെ ദൂരീകരിക്കുക, സാമ്രാജ്യത്വത്തിന്റെ സാമ്പത്തിക മേധാവിത്വത്തെ കടപുഴുതെറിയുക, വിദേശ കുത്തകകളെ നിയന്ത്രിച്ചുകൊണ്ടു അവയെ ദേശീയ സമ്പദ് വ്യവസ്ഥയിൽനിന്നു പുറം തള്ളുക, ദേശീയ വ്യവസായത്തിന്റെ അടിത്തറ പാവുകയും അതിനെ വളർത്തുകയും ചെയ്യുക. ജീവിത നിലവാരമുയർത്തുക, സാമൂഹ്യജീവിതത്തെ ജനാധിപത്യപരമാക്കുക, സ്വതന്ത്രവും സമാധാനാധിഷ്ഠിതവുമായ ഒരു വിദേശ നയം പിന്തുടരുക, സോഷ്യലിസ്റ്റ് രാജ്യങ്ങളായും ഇതര സഖ്യരാഷ്ട്രങ്ങളായും സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ സഹകരണം ശക്തിപ്പെടുത്തുക മുതലായവയാണ് ഈ കടമകൾ.

ദേശീയ വിമോചന സമരത്തിൽ വിട്ടുവീഴ്ചയില്ലാത്ത പങ്ക് വഹിച്ച തൊഴിലാളി വർഗ്ഗമാകട്ടെ, സാമ്രാജ്യത്വ വിരുദ്ധ ദേശീയ ജനാധിപത്യ വിപ്ലവത്തിന്റെ കടമകൾ തുടർച്ചയായും പരിപൂർണ്ണമാക്കുന്നതിലും സാമൂഹ്യ പുരോഗതിയെ തടസ്ഥപ്പെടുത്തുന്ന പിന്തിരിപ്പൻ പ്രവർത്തനങ്ങളെ പരാജയപ്പെടുത്തുന്നതിലും ബദ്ധശ്രദ്ധമാണ്.

ഈ വിവരണങ്ങളിൽനിന്നു ഒരു കാര്യം വ്യക്തമാണ്. സാമ്രാജ്യത്വവിരുദ്ധ ജന്മിത്വ വിരുദ്ധ ദേശീയ ജനാധിപത്യ വിപ്ലവത്തെ ഇടതടവില്ലാതെ മുഴമിക്കുന്നതിനുള്ള ആയുധമാണ് ദേശീയ ജനാധിപത്യം. സോഷ്യലിസത്തിലേയ്ക്കുള്ള മുതലാളിത്തേതരമായ വളർച്ചയുടെ പാതയെ അവ വെട്ടിത്തെളിയിക്കുകയും, അതിലേക്കുള്ള വിടവുകൾ നികത്തുകയും ചെയ്യുന്നു.

സ്വാഭാവികമായും ഇവിടെ ഒരു ചോദ്യം ഉയരുന്നു. എന്തിന്നു ഈ ദേശീയ ജനാധിപത്യം? പണ്ടു നാം വെച്ചിരുന്ന മുദ്രാവാക്യമായ ജനകീയ ജനാധിപത്യമെന്തുകൊണ്ടായിക്കൂടാ?

ആഫ്രിക്കയിലെ പല രാജ്യങ്ങളിലും മുതലാളിത്തപരമായ വളർച്ച തീരെ ഉണ്ടായിട്ടില്ലാത്ത അവിടെ അതുകാരണം തൊഴിലാളിവർഗ്ഗത്തിന്റെ എണ്ണം വരളവും ശക്തി തീരെ ഇല്ലാ എന്നു തന്നെ പറയാവുന്നതും ആണെന്നതുമാണ് ഈ ചോദ്യത്തിന്റെ മറുപടിയുടെ ഒരു ഭാഗം. ജനകീയ ജനാധിപത്യം എന്നു പറയുമ്പോൾ അതിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ അതു തൊഴിലാളിവർഗ്ഗ നേതൃത്വത്തിലായിരിക്കുമെന്നുള്ളതു

കൊണ്ട് ഈ രാജ്യങ്ങളിൽ അതു സാദ്ധ്യവുമല്ലല്ലോ. അവയ്ക്കു ദേശീയജനാധിപത്യ വ്യവസ്ഥയിലൂടെയാണ് സോഷ്യലിസത്തിലേയ്ക്കു മുന്നേറേണ്ടതു്.

എന്നാൽ ഇതു് ചോദ്യത്തിന്റെ ഒരു ഭാഗം മാത്രമാണ്. പുതുതായി സ്വാതന്ത്ര്യം സമ്പാദിച്ചവയും പിന്നോക്ക നിലയിലുള്ളവയും സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നടത്തിക്കൊണ്ടിരിക്കുന്നവയും പ്രാകൃത ഗോത്രങ്ങളുടെ നിലവാരത്തിലുള്ളവയുമായ എല്ലാതരം രാജ്യങ്ങൾക്കും ദേശീയ ജനാധിപത്യം എന്നതു പൊതുവെ ബാധകമാണെന്നാണ് മോസ്കോ പ്രഖ്യാപനം പറയുന്നതു്.

ഇത്തരത്തിലുള്ള രാജ്യങ്ങളിലും ദേശീയ ജനാധിപത്യമെന്ന മുദ്രാവാക്യം ബാധകമാണോ? തീർച്ചയായും ആണ്.

അതിനുള്ള സാഹചര്യങ്ങൾ ഇങ്ങിനെയാണുത്ഭവിക്കുന്നതു്. മുതലാളിത്ത വ്യവസ്ഥയെക്കാൾ എന്തുകൊണ്ടും മെച്ചപ്പെട്ട സ്ഥിതിയിലായിക്കഴിഞ്ഞിരിക്കും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ മേന്മയും, സാമ്രാജ്യത്വത്തിനെ നേരിട്ടിരിക്കുന്ന കഴപ്പത്തിന്റെ പുതിയ ഘട്ടവുമാണ് ഈ പുതിയ ചരിത്ര സാഹചര്യങ്ങളെ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ളതു്. സോഷ്യലിസ്റ്റാശയങ്ങൾ ഇന്ന് എല്ലായിടത്തും മുമ്പത്തെക്കാളുമെത്രയോ മടങ്ങു സ്വാഗതം ചെയ്യപ്പെടുന്നുണ്ടു്. ബൂർഷ്വാ വർഗ്ഗത്തിലുള്ള ദേശാഭിമാനപരമായ ശക്തികൾക്ക് സുശക്തമായി സാമ്രാജ്യത്വ വിരുദ്ധനയങ്ങൾ പിൻതുടരുവാൻ സഹായിക്കുന്ന തരത്തിൽ വിലയേറിയ സഹകരണമാണ് സോഷ്യലിസ്റ്റ് രാജ്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതു്. *

* ഇന്ത്യയിൽ മാത്രം സോവിയറ്റ് യൂണിയൻ തന്നെ 32 വ്യവസായ പദ്ധതികൾ കെട്ടിപ്പടുക്കുന്നതിൽ സഹായിച്ചുകൊണ്ടിരിക്കയാണ്. അവയിൽ ചിലതു മുഴുമിച്ചു കഴിയുകയും ഉൽപാദനം ആരംഭിച്ചു കഴിയുകയും കയും ചെയ്തിരിക്കുന്നു. ഭിലായ് ഉരുക്ക് നിർമ്മാണശാല, റാഞ്ചിയിൽ ഹെവി മെഷീൻ വ്യവസായം, നെയ്‌വേലിയിലെ തെർമൽ പവർപ്ലാന്റ്, ബറൗണിയിലെ എണ്ണ ശുദ്ധീകരണശാല—ഇവയാണ് ചിലവ. ഏഷ്യ, ആഫ്രിക്ക, ലാററിൻ അമേരിക്ക ഇവിടങ്ങളിലെ രാജ്യങ്ങളിലാകട്ടെ സോവ്യറ്റ് യൂണിയൻ 500-ഓളം വ്യവസായ പദ്ധതികളും ഇതര സോഷ്യലിസ്റ്റ് രാജ്യങ്ങൾ 400-ഓളം പദ്ധതികളും കെട്ടിപ്പടുക്കുന്നതിൽ സഹായിച്ചുകൊണ്ടിരിക്കയാണ്. സാമ്രാജ്യത്വ രാഷ്ട്രങ്ങളിൽനിന്നു ലഭിക്കുന്ന "സഹായ"ത്തിൽനിന്നു ഗുണാത്മകമായിത്തന്നെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ സഹായം ഭിന്നമാണ്. അതിൽ ചൂഷണത്തിന്റെ തരിപോലുമില്ലെന്നു മാത്രമല്ല, അവരുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തിന്റെ അടിത്തറയെ ശക്തിപ്പെടുത്തുന്ന തരത്തിൽ അടിസ്ഥാന വ്യവസായങ്ങൾ ഈ രാജ്യങ്ങളിൽ കെട്ടിപ്പടുക്കുന്ന കാര്യത്തിലാണ് ഈ സഹായം കേന്ദ്രീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു തന്നെയാണ് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ഈ രാജ്യങ്ങളിൽ പൊതുമേഖല വികസിപ്പിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതും. സാമ്രാജ്യത്വത്തിന്നു ഈ രാജ്യങ്ങളുടെ സമ്പദ്ഘടനയിൽ ഉള്ള പിടി കുറയ്ക്കുവാനും സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള വളർന്നുവരുന്ന വ്യാപാരം സഹായകമാകുന്നു.

ഈ സാഹചര്യങ്ങളിൽ തൊഴിലാളിവർഗ്ഗം, കർഷകവർഗ്ഗം, ബൂർഷ്വാസിയിലുള്ള ദേശാഭിമാനികളായ വിഭാഗം ഇവയുടെ വിപ്ലവകരമായ സഖ്യംവഴി—ഈ സഖ്യത്തിൽ തൊഴിലാളി വർഗ്ഗത്തിന്നു നേതൃത്വം കരസ്ഥമാക്കാൻ കഴിഞ്ഞില്ലെങ്കിലും, അതിനു വളരെ പ്രധാനമായ ഒരു പങ്ക് വഹിക്കാനാവും—സാമ്രാജ്യത്വജന്മിത്വവിരുദ്ധ ദേശീയ ജനാധിപത്യ വിപ്ലവ

ത്തിന്റെ കടമകളെ മുഴുമിക്കാൻ അവസരം ലഭിക്കുന്നു. ഭരണകൂടത്തിൽ തൊഴിലാളി വർഗ്ഗം ബൂർഷ്വാസിയൊന്നിച്ചു അധികാരത്തിൽ പങ്കാളിയാകുന്നു. തൊഴിലാളിവർഗ്ഗ നേതൃത്വത്തിന്നും മുതലാളിത്തേതര വികസനത്തിനുമുള്ള സമരം. ദേശീയ ജനാധിപത്യ വിപ്ളവത്തിന്റെ പരിപാടിയെ നടപ്പിലാക്കുന്നതിനും മുമ്പോട്ടു കൊണ്ടുപോകുന്നതിനും നടക്കുന്ന സമരങ്ങളുടെ നേതൃത്വ രംഗത്തിലും അതേപോലെ ഭരണകൂടത്തിന്റെ ഉള്ളടക്കത്തിലും അതു തുടർന്നു നടക്കുന്നു. വർഗ്ഗങ്ങളുടെ പരസ്പര ബന്ധങ്ങൾ, ഭരണകൂടത്തിന്റെ രംഗത്തിലും, തുടർച്ചയായി മാറുന്നു, മാറേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു ഭരണകൂടമാണ് ദേശീയ ജനാധിപത്യം.

തൊഴിലാളി വർഗ്ഗത്തിന്നു, കർഷകവർഗ്ഗം, ഇടത്തരവർഗ്ഗം, ബൂർഷ്വാസിയിൽ ഉള്ള സാമ്രാജ്യത്വ ജന്മിത്വ കുത്തക വിരുദ്ധ വിഭാഗങ്ങളുടക്കം ഒന്നിച്ചു ചേർക്കുന്നതിൽ വിജയം കൈവരികയാണെങ്കിൻ, മാത്രമേ അതിനെത്തുടർന്നുണ്ടാവുന്ന വിപ്ളവപരമായ ജനകീയ സമരങ്ങളുടെ പശ്ചാത്തലത്തിൽമാത്രമേ ദേശീയ ജനാധിപത്യം ഉടലെടുക്കുകയുള്ളു. ദേശീയ ബൂർഷ്വാസിയ്ക്കു ആകമൊത്തം ആഴമേറിയ ഒരു കുഴപ്പത്തെ നേരിടേണ്ടി വരികയും, അതിലുള്ള പിന്തിരിപ്പൻ വിഭാഗങ്ങളും പുരോഗമന വിഭാഗങ്ങളും തമ്മിൽ മൂർച്ചയേറിയ സംഘട്ടനമുണ്ടാവുമ്പോഴും ആണ് ദേശീയ ജനാധിപത്യം ഉത്ഭവിക്കുന്നത്. സാമ്പത്തികാവശ്യങ്ങൾക്കും, പൊതുവായ ജനാധിപത്യപരമായ അവകാശങ്ങൾക്കും വേണ്ടി നടക്കുന്ന ബഹുജനസമരങ്ങളാണ് ഈ സംഘർഷം മൂർച്ചിപ്പിക്കാനുള്ള ഏററവും സുശക്തമായ ആയുധം.

ഇന്ത്യയിൽ ഇന്നുള്ളസാഹചര്യങ്ങളിൽ നാം അമൃതസരസ്സിൽവെച്ചംഗീകരിച്ച പാർട്ടിയുടെ ഭരണഘടനയനുസരിച്ച്, മൌലികങ്ങളായ സാമൂഹ്യപരിഷ്ക്കരണങ്ങളെയും ജനാധിപത്യ മാററങ്ങളെയും പ്രാവർത്തികമാക്കുന്ന ജനകീയ ശക്തിയുടെ ഒരു ആയുധമായി നമ്മുടെ പാർലമെണ്ട് ആകുന്നതു് തന്നെ. സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ ആവാമെന്നും, ഈ പരിവർത്തനം സമാധാനപരമാക്കുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടി പരിശ്രമിക്കേണ്ടതാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഈ പരിവർത്തനം സമാധാനപരമാകുവാനുള്ള സാദ്ധ്യതയാകട്ടെ, തൊഴിലാളി വർഗ്ഗത്തിന്നു ബൂർഷ്വാസിയുടെ പുരോഗമന വിഭാഗങ്ങളെയും ചേർത്തുകൊണ്ടു എത്രകണ്ടു വിശാലമായ രീതിയിൽ സാമ്രാജ്യത്വ ജന്മിത്വ കുത്തക വിരുദ്ധ മുന്നണിയെ ശക്തിപ്പെടുത്താനാവുമെന്നുള്ളതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇതും ലോകചരിത്രത്തിലെ പുതിയ യുഗത്തിന്റെ സ്വഭാവവുമായി ബന്ധപ്പെട്ടു കിടക്കുകയാണ്.

എന്നാലും ഈ പരിവർത്തനം—ബൂർഷ്വാ പാർലമെണ്ടറി ജനാധിപത്യത്തിൽനിന്നു ദേശീയ ജനാധിപത്യത്തിലേക്കുള്ള മാററം-സമാധാനപരമായി നടന്നാലും, സമാധാനപാമല്ലാത്ത വിധത്തതിൽ നടന്നാലും ശരി ആ പരിവർത്തനം വിപ്ലവപരമായ ഒരു പരിവർത്തനമാണ്. സാമ്രാജ്യത്വം. ഫ്യൂഡലിസ്ററുകൾ, കുത്തകക്കാർ ഇവർക്കെതിരായി തൊഴിലാളി വർഗ്ഗത്തിന്റെയും. കർഷക വർഗ്ഗത്തിന്റെയും ഇടത്തരക്കാരുടെയും ബൂർഷ്വാസിയിലുള്ള പുരോഗമന വിഭാഗത്തിന്റെയും സംയുക്ത മുന്നണിയുടെ അടിസ്ഥാനത്തിൽ ഉണ്ടാവുന്ന മാററമാണതു്

ഇതിൽ രണ്ടു കാര്യങ്ങൾ അന്തർഭവിച്ചു കിടക്കുന്നുണ്ട്. തൊഴിലാളി വർഗ്ഗത്തിന്നു ദേശാഭിമാനികളായ ബൂർഷ്വാ വിഭാഗത്തിനെ ഒരു സഖ്യശക്തിയായി നേടുവാൻ കഴിയുമോ എന്ന പ്രശ്നവുമായി ബന്ധപ്പെട്ടതാണ് സമാധാനപരമായ പരിവർത്തനത്തിന്റെ സാദ്ധ്യത എന്നാണെങ്കിൽ,

ദേശീയ ജനാധിപത്യം എന്ന മുദ്രാവാക്യം ശരിയാണോ, ബാധകമാണോ എന്ന പ്രശ്നം സമാധാനപരമായ പരിവർത്തന സാദ്ധ്യതയുമായി ബന്ധപ്പെട്ടതല്ല. സാമ്രാജ്യത്വം ഫ്യൂഡൽ കുത്തകകളും കൂട്ടുചേർന്നുകൊണ്ടു സമാധാനപരമായ പരിവർത്തനത്തെ ദുസ്സാധ്യമാക്കിയാൽത്തന്നെ, ഈ കൂട്ടുകെട്ടും ദേശീയ ബൂർഷ്വാസിയും തമ്മിലുള്ള സംഘർഷം വളർന്നേ തീരൂ. വളരുന്നതുമാണ്, അതുകൊണ്ടു ദേശീയ ജനാധിപത്യം എന്ന മുദ്രാവാക്യം നമുക്കു ബാധകമായിത്തന്നെ തീരുന്നു.

രണ്ടാമതായി, ദേശീയ ജനാധിപത്യം ഉടലെടുക്കുന്നതു തന്നെ വിപ്ലവപരമായ ഒരു സമരത്തിലൂടെയാണ്. കമ്മ്യൂണിസ്റ്റുകാരെ ചേർത്തുകൊണ്ടോ, ചേർക്കാതെ തന്നെയോ ഇന്നു നമ്മുടെ രാജ്യത്ത് നിലവിലുള്ള സാഹചര്യങ്ങളിൽനിന്നു വളരെയൊന്നും വിഭിന്നമല്ലാത്ത സാമ്പത്തിക രാഷ്ട്രീയ സ്ഥിതിഗതികളിൽ ഉണ്ടായേക്കാവുന്ന പുരോഗമന സ്വഭാവമുള്ള ഒരു കൂട്ടു ഗവർമ്മെണ്ടുമായി ദേശീയ ജനാധിപത്യ ഗവർമ്മെണ്ടിനെ കൂട്ടിക്കുഴച്ചുകൂടാ. ഇവ രണ്ടും രണ്ടാണ്.

ചില കമ്മ്യൂണിസ്റ്റ് പാർട്ടികളെ ഈ പ്രശ്നം അഭിമുഖികരിച്ചുവെന്നുള്ളതുകൊണ്ടും അതിനെ ചില പാർട്ടികൾക്കു നേരിടേണ്ടിവന്നു തുടങ്ങിയെന്നുള്ളതുകൊണ്ടുമാണ്, മോസ്കോ സമ്മേളനം ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുകയും അതിന്നുള്ള പോംവഴി കണ്ടുപിടിക്കുകയും ചെയ്തത്.

അത്തരത്തിലുള്ള ഒരു സന്ദർഭം ഇന്ത്യയിലുണ്ടാവുമോ? ആർക്കും വ്യക്തമായി പ്രവചിക്കാവുന്നതല്ല. എന്നാൽ അതു ഇവിടെ ഉത്ഭവിക്കുമോ? അത് ഉത്ഭവിക്കുവാൻ എത്രകണ്ടു കൂടുതൽ സാദ്ധ്യതയുണ്ട്? ഇതിന്നു നമ്മുടെ തന്നെ സ്വാതന്ത്ര്യത്തിന്നു ശേഷമുണ്ടായിട്ടുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ നമുക്കു സംഭാവ്യമാണെന്നു മറുപടിപറയാനാവുന്നതാണ്.

പുതുതായി സ്വതന്ത്രരായ മററു രാജ്യങ്ങളിലെ ബൂർഷ്വാസിയെപ്പോലെ, ഇന്ത്യയിലുള്ള ബൂർഷ്വാസിക്കും ഒരു ഇരട്ടസ്വഭാവമുണ്ട്. ഇതു് വ്യക്തമാണ്. എന്നാൽ രാജ്യത്തിന്നകത്തു വളർന്നുവരുന്ന കുത്തകയുടെ ശക്തി, സാമ്പത്തിക വികസനം കാലവിളംബമെന്യേ കരസ്ഥമാക്കുന്നതിന്നും, തൊഴിലില്ലായ്മ, ഭക്ഷണക്ഷാമം, വിലക്കയററം മുതലായ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിന്നും മുതലാളിത്തത്തിന്റേതായ പാതയ്ക്കുള്ള വളർന്നുവരുന്ന പരിമിതികൾ—ഇവയുടെ പശ്ചാത്തലത്തിൽ അടുത്ത കുറെ കൊല്ലങ്ങളായി, ബൂർഷ്വാസിയുടെ ചേരിക്കകത്തെ വൈരുദ്ധ്യങ്ങളും ചേരിതിരിവുകളും വർദ്ധിച്ചു വരികയാണ്, പാശ്ചാത്യരാഷ്ട്രങ്ങൾക്കനുകൂലമായ രാഷ്ട്രീയ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കേണമെന്നും, സ്വകാര്യമേഖലക്ക് സർവ്വതന്ത്ര സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ടതാണെന്നും, ഇന്നു നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുള്ള ഭൂപരിഷ്ക്കരണ നിയമങ്ങളെത്തന്നെ കൂടുതൽ പിന്തിരിപ്പനാക്കി മാററണമെന്നും, ജനകീയ പ്രസ്ഥാനങ്ങളെയും പുരോഗമന ജനാധിപത്യ ശക്തികളെയും സുശക്തമായ മർദ്ദന നടപടികൾ മുഖേന അടിച്ചമർത്തേണ്ടതാണെന്നും ആണ് ബൂർഷ്വാസിയിലെ കുത്തക വിഭാഗവും ജന്മിത്വ ശക്തികളും ഇന്നു ആവശ്യപ്പെട്ടുതുടങ്ങിയിരിക്കുന്നത്.

നേരേമറിച്ചു, മററു ചിലർ, ഇത്തരത്തിലുള്ള പിന്തിരിപ്പൻ സമ്മർദ്ദങ്ങളെ ശക്തിയായി വിമർശിക്കുകയും എതിർക്കുകയും ചെയ്തുകൊണ്ട് പുരോഗമനപരമായ സാമ്പത്തിക നയങ്ങളെ, വെള്ളംചേർത്തു ദുർബ്ബലമാക്കുകയല്ല വേണ്ടതു്. പക്ഷെ അവയെ കൂടുതൽ ഊർജ്ജസ്വലമായി നടത്തുകയാണ് വേണ്ടത് എന്ന് ആവശ്യപ്പെടുകയും ചെയ്തുതുടങ്ങിയിട്ടുണ്ട്. ബാങ്കുകളുടെ ദേശവൽക്കരണം, ഭക്ഷ്യധാന്യങ്ങളിൽ സ്റ്റേററ് ട്രേഡിങ്ങ്, ഭൂപരിഷ്ക്ക-

രണങ്ങളെ ഊർജ്ജസ്വലതയോടെ നടപ്പിൽ വരുത്തുക, പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത, കൊള്ളലാഭം ഇവയ്ക്കെതിരായി നടപടികൾ എടുക്കുക, ഈ പ്രശ്നങ്ങൾ ഇന്നു കൈകാര്യം ചെയ്യുന്നതു് സാധാരണമായി ഇടതുപക്ഷമെന്നു അറിയപ്പെടുന്ന ജനവിഭാഗത്തിൽ നിന്നെത്രയോ വിപുലമായ ഒരു വിഭാഗമാണ്.

1958-ൽ അമൃതസരസ്സിലെ പാർട്ടി സമ്മേളനത്തിൽവെച്ചു നാം ആദ്യമായി കണക്കിലെടുത്ത വലതുപക്ഷ പിന്തിരിപ്പൻ ശക്തികളിൽ ആപത്തിന്റെ അർത്ഥവും ആഴമേറിയ അടിസ്ഥാനവുമാണ് ഇതിൽനിന്നു വ്യക്തമാവുന്നതു്. കോൺഗ്രസ്സിന്റെ അകത്തുള്ള പുരോഗമനവാദികളായ കോൺഗ്രസ്സുകാർ ഒരു വശത്തും, മറുവശത്തു അതിനകത്തു സുശക്തമായി പതിയിരിക്കുന്ന പ്രതിലോമശക്തികളും തമ്മിലുള്ള വളർന്നു വരുന്ന സംഘട്ടനവും, കോൺഗ്രസ്സിന്നകത്തും പുറത്തുമുള്ള പിന്തിരിപ്പൻ ശക്തികൾ തമ്മിലുള്ള കൂട്ടുകെട്ടും അവയുടെ അർത്ഥവും നമുക്കു മനസ്സിലാവുന്നു.

വിജയവാഡാ കോൺഗ്രസ്സംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിലും അവിടെ സഖാവു് അജയഘോഷ് ചെയ്ത പ്രസംഗത്തിലും ഇക്കാര്യങ്ങളും സ്വതന്ത്രാപാർട്ടിയുടെ ഉത്ഭവത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ അർത്ഥവും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. 1962—ലെ പൊതു തിരഞ്ഞെടുപ്പുകൾ ഈ പ്രക്രിയ തുടരുന്നതു വ്യക്തമാക്കി; ഇതിന്റെ ഏററവും ഒടുവിലത്തേതും പ്രാധാന്യമേറിയതുമായ പ്രതിഫലനം നാം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭുവനേശ്വർ സമ്മേളനത്തിൽ കാണുകയുണ്ടായി.

ഈ പ്രക്രിയ എത്രത്തോളം വളർച്ച പ്രാപിക്കുമെന്നതു് ആശ്രയിച്ചിരിക്കുന്നതു്, കമ്മ്യൂണിസ്റ്റ് പാർട്ടി, ട്രേഡ്‌യൂണിയനുകൾ, കിസാൻസഭ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, മഹിളകൾ ഇവരുടെ സംഘടനകൾ, കാൺഗ്രസ്സിന്നകത്തും പുറത്തുമുള്ള ഇടതുപക്ഷ ജനാധിപത്യശക്തികൾ ഇവരുടെ പ്രവർത്തനങ്ങളെയും ഊർജ്ജസ്വലമായ ബഹുജന പ്രസ്ഥാനത്തിന്റെ വളർച്ചയെയുമാണ്. ഈ ശക്തികളെയെല്ലാം കൂട്ടിയിണക്കിക്കൊണ്ടുള്ള വിശാലമായ ദേശീയ ജനാധിപത്യ മുന്നണി ഉണ്ടാക്കുന്നതിനെ ആശ്രയിച്ചിരിക്കും ഇതു്. യാഥാർത്ഥ്യം കാണാൻ ആഗ്രഹിക്കുന്ന കണ്ണുകൾക്കു്, ഇതിന്നു ആവശ്യമായ സ്ഥിതിഗതികൾ, അവസരം ആവശ്യം ഇവയൊക്കെ ഉണ്ടെന്നു കാണുവാൻ കഴിയും. നമ്മുടെ വിജയവാഡാ കോൺഗ്രസ്സ് പ്രമേയം ഇത്തരത്തിലുള്ള ഒരു മുന്നണി ഉണ്ടാക്കാൻ ആഹ്വാനം നൽകി. ആ ലക്ഷ്യം നമുക്കു് ക്രിയാത്മകമായി കൈവരുത്തേണ്ടിയിരിക്കുന്നു.

ഇന്ത്യയെ സംബന്ധിച്ചേടത്തോളം ദേശീയ ജനാധിപത്യം എന്ന മുദ്രാവാക്യവും, ദേശീയ ജനാധിപത്യം കൈവരുത്തുവാൻ ഒരു ദേശീയ ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കേണ്ടതിന്നുള്ള സമരവും ബാധകമാണെന്നു തെളിയിക്കുവാൻ കൂടുതൽ തെളിവുകൾ വേണമെന്നു തോന്നുന്നില്ല.

സി. പി. എസ്സ്. യു. വിന്റെ 22-ാം കോൺഗ്രസ്സിൽ സ: ക്രൂഷ്ചോവ് ഇങ്ങിനെ പ്രസ്താവിച്ചു.

കൊളോണിയൽ അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യം സമ്പാദിച്ച രാജ്യങ്ങൾ വളർച്ചയുടെ ഒരു പുതിയ പതനത്തിലേയ്ക്കു പ്രവേശിച്ചിരിക്കയാണ്. കൊളോണിയൽ ശക്തികളുടെ മർദ്ദനത്തിന്നു വിധേയരായി പൊതുതാൽപര്യങ്ങൾ ഉള്ള എല്ലാ ദേശീയ ശക്തികളെയും രാഷ്ട്രീയസ്വാതന്ത്ര്യത്തിന്നുള്ള സമരം ഏകോപിച്ചു നിർത്തി. ഇപ്പോൾ സാമ്രാജ്യത്വത്തെ വേരോടെ പിഴുതെറിയുവാനും കാർഷിക പരിഷ്ക്കരണങ്ങളടക്കം മററു അടിയന്തിരങ്ങളായ സാമൂഹ്യ പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുവാനുള്ള

സമയം വന്നിരിക്കേ, വർഗ്ഗതാല്പര്യങ്ങളിൽ ഉള്ള വ്യത്യാസങ്ങൾ പുറത്തു കൂടുതൽ വ്യക്തമായി തുടങ്ങിയിരിക്കയാണ്. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും, സാമ്രാജ്യത്വ വിരുദ്ധ ജന്മിത്വ വിരുദ്ധ വിപ്ളവത്തിൻെറ മൌലികങ്ങളായ കടമകൾ പൂർത്തിയാക്കുന്നതിൽ താൽപര്യമുള്ള ബൂർഷ്വാസിയുടെ പ്രധാന വിഭാഗങ്ങളും സ്വാതന്ത്ര്യത്തെ ശക്തിപ്പെടുത്തിക്കൊണ്ടു സാമൂഹ്യ സാമ്പത്തിക പരിഷ്ക്കരണങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ മുന്നോട്ടു നീങ്ങാൻ ആഗ്രഹിക്കുകയാണ്. എന്നാൽ ഈ രാജ്യങ്ങളിലെ ഭരണവർഗ്ഗങ്ങളുടെ ഇടയിൽ രാജ്യത്തിലെ ജനാധിപത്യ പുരോഗമന വിഭാഗങ്ങളുമായി ഒത്തുചേർന്നുകൊണ്ടു മുന്നോട്ടു പോകുന്നതിനെ ഭയപ്പെടുന്ന ശക്തികളും ഉണ്ട്. ജനകീയ സമരങ്ങളുടെ നേട്ടങ്ങളെ സ്വായത്തമാക്കാനും, ദേശീയ വിപ്ളവത്തിൻെറ മുന്നോട്ടുള്ള വികാസത്തെ തടസ്ഥപ്പെടുത്തുവാനും ഈ ശക്തികൾ ആഗ്രഹിക്കുന്നു. ഈ ശക്തികൾ ആഭ്യന്തരമായി ഫ്യൂഡലിസവുമായും, പുറത്തുള്ള സാമ്രാജ്യത്വവുമായും സന്ധിചെയ്യുകയും, സ്വേച്ഛാധിപത്യ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.'' (കമ്മ്യൂണിസത്തിലേക്കുള്ള പാത.)

പ്രശ്നത്തെ ഇതിലും ഭംഗിയായും വ്യക്തമായും അവതരിപ്പിക്കാവുന്നതല്ല.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുണ്ടായിട്ടുള്ള ചരിത്രപരമായ സംഭവവികാസങ്ങളുടെ ഭാഗമായി വന്നിട്ടുള്ള കൊളോണിയൽ വിമോചന സമരങ്ങളുടെ മുന്നേററത്തിൻെറയും പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാഷ്ട്രങ്ങളുടെയും പുത്തൻ പ്രശ്നങ്ങളെപ്പററി ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിനു എന്താണ് പറയാനുള്ളത്?

ജനകീയ ചൈനീസ് റിപ്പബ്ളിക്കിൻെറ ഉത്ഭവത്തിലെത്തിച്ചേർന്ന തങ്ങളുടെ വിപ്ളവപരമായ സമരങ്ങൾക്കിടയിൽ തങ്ങൾക്ക് ഈ പ്രശ്നത്തെപ്പററി നൽകാനുള്ള അനുഭവ പാഠങ്ങളൊഴിച്ചാൽ മററ് യാതൊരു സംഭാവനയും ഇവർക്ക് ഇതിൽ നൽകാനില്ല. രണ്ടു ലോകമഹായുദ്ധങ്ങൾക്കിടയിൽ കൊളോണിയൽ വിമോചനപ്രസ്ഥാനത്തിന്റെ താത്വിക പ്രശ്നങ്ങളെപ്പററിയും അതിനു നേതൃത്വം നൽകുന്നതിനെപ്പററിയും വിലയേറിയ സംഭാവനകൾ പ്രദാനം ചെയ്തത് ചൈനീസ് പാർട്ടി നേതൃത്വമാണെന്നുള്ളത് നിസ്സർക്കമാണ്. തൊഴിലാളി വർഗ്ഗം നയിക്കുന്നതും, ബൂർഷ്വാസിയിലുള്ള ദേശാഭിമാനപരമായ വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതും തൊഴിലാളി കർഷകവർഗ്ഗങ്ങളുടെ സംഘത്തെ അടിസ്ഥാനമാക്കിയുള്ളതുമായ ഒരു വിശാലമായ ഐക്യമുന്നണി അതു് പടുത്തുയർത്തുകയുണ്ടായി. മറെറല്ലാ സമരരൂപങ്ങളും സമർത്ഥമായി കൈകാര്യം ചെയ്യതോടൊപ്പം ചൈനീസ് പാർട്ടി മാതൃകാപരമായ രീതിയിൽ ഉള്ള ഒരു സായുധ സമരവും നടത്തി. ദേശസ്നേഹികളായ ബൂർഷ്വാവിഭാഗമുൾക്കൊള്ളുന്നതും തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ സോഷ്യലിസത്തിലേക്കു വഴി തെളിയിക്കുന്നതുമായ "ന്യൂഡെമോക്രസി'' എന്ന പുതിയ തത്വം സമർത്ഥമായി പ്രാവർത്തികമാക്കിയ ആദ്യത്തെ പാർട്ടിയാണ് ചൈനീസ് പാർട്ടി. അത്തരത്തിലുള്ള ഒരു പുതിയ ജനാധിപത്യം ഈ പാർട്ടി നടപ്പിൽ വരുത്തുകയും ചെയ്തു. ഈ നേട്ടങ്ങൾക്കെല്ലാം സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അർഹിക്കുന്ന പ്രശംസകൾ ചൈനീസ് പാർട്ടിക്കു നൽകിയിട്ടുണ്ട്.

എന്നാൽ ചരിത്രം പുതിയതായി അവതരിപ്പിച്ചിരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗം തൻെറ പഴയ നേട്ടങ്ങളുടേയും അനുഭവങ്ങളുടെയും കഥ "തത്തമ്മേ പൂച്ച പൂച്ച'' എന്നു് ആവർത്തിക്കുന്നതുകൊണ്ടാവില്ലല്ലോ. അതിനെക്കാളും ആപൽക്കരമായിരിക്കുന്നതെന്തെന്നാൽ തൻെറ

അനുഭവത്തിൽനിന്നുമാത്രം ഉണ്ടായ തന്റേതായ അഭിപ്രായങ്ങളെയും സമരതന്ത്രങ്ങളെയും മററു രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയും ബഹുജനപ്രസ്ഥാനത്തിന്റെയും മേൽ അടിച്ചേൽപ്പിക്കുവാൻ ചൈനീസ് പാർട്ടി മുതിരുന്നു വെന്നുള്ളതാണ്.

കൊളോണിയൽ ജനതകൾ ദേശീയ സ്വാതന്ത്ര്യത്തിന്നുവേണ്ടി നടത്തുന്ന സമരം ജനകീയ ജനാധിപത്യത്തിന്നു വേണ്ടിയുള്ളതും തൊഴിലാളി വർഗ്ഗ നേതൃത്വത്തിലുള്ളതും ആയ ഒരു സായുധ സമരം മാത്രമേ ആകാവു എന്ന് ചൈനീസ് പാർട്ടിക്ക് നിർബന്ധമാണ്. എന്നാൽ ഇന്ത്യയടക്കം ഏഷ്യയിലെയും ആഫ്രിക്കയിലെയും പലേ രാജ്യങ്ങളും ബൂർഷ്വാസിയുടെ നേതൃത്വത്തിലും സായുധസമരം കൂടാതെയും ദേശീയ സ്വാതന്ത്ര്യം സമ്പാദിച്ചിരിക്കുന്നുവെന്ന യാഥാർത്ഥ്യത്തിൽനിന്ന് പുതിയ പാഠങ്ങൾ പഠിക്കേണ്ടതും ഈ പ്രശ്നത്തെ കൈകാര്യം ചെയ്യേണ്ടതും ചൈനീസ് നേതാക്കന്മാരെസംബന്ധിച്ചേടത്തോളം അപ്രധാനമാണ്.

എന്നാൽ ഇതെല്ലാററിനേക്കാളും ആശ്ചര്യകരമായിത്തോന്നുന്നത് പുതുതായി സ്വാതന്ത്ര്യം സമ്പാദിച്ച രാജ്യങ്ങളുടെ പ്രശ്നങ്ങൾ അവർ കൈകാര്യം ചെയ്യുമ്പോളാണ്.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും പുതുതായി സ്വാതന്ത്ര്യം സമ്പാദിച്ച രാജ്യങ്ങളും ഒത്തുചേർന്നു ഒരു സമാധാന മേഖല രൂപീകരിച്ചിരിക്കുന്നുവെന്നു മോസ്കോ പ്രഖ്യാപനം ആവർത്തിച്ചാവർത്തിച്ചു ചൂണ്ടിക്കാണിക്കുന്നു. ഈ രാജ്യങ്ങളുടെ സമാധാനപരവും ചേരിചേരാത്തതുമായ നയത്തിന്റെ സാമ്രാജ്യത്വ വിരുദ്ധവും കൊളോണിയലിസ്റ്റ് വിരുദ്ധവുമായ സ്വഭാവത്തെ എടുത്തു പറയുന്ന ആ പ്രഖ്യാപനം തങ്ങളുടെ സ്വതന്ത്രമായ സാമ്പത്തിക വികസനത്തെയും തങ്ങളുടെ സമ്പദ് വ്യവസ്ഥയിൽ സാമ്രാജ്യത്വത്തിന്നുള്ള പിടിയെ അവസാനിപ്പിക്കുന്നതിലും, ഭൂപരിഷ്ക്കരണങ്ങളിലും, അടിസ്ഥാന വ്യവസായങ്ങൾ പ്രധാനമായും ഊന്നിയും കൊണ്ടുള്ള വ്യാവസായികരണത്തിലുമാണ് അവരുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ അടിത്തറ ശക്തിപ്പെടുന്നത് ആശ്രയിച്ചിരിക്കുന്നതെന്നും അതു വ്യക്തമാക്കുന്നുണ്ട്. ഈ കടമ നിറവേററുന്ന കാര്യത്തിൽ സർവ്വവിധ സഹായങ്ങളും ഈ രാജ്യങ്ങൾക്ക് നൽകേണ്ടതാണെന്നു സോഷ്യലിസ്റ്റ് രാജ്യങ്ങളെ ഈ പ്രഖ്യാപനം ആഹ്വാനം ചെയ്യുന്നു.

പുതുതായി സ്വാതന്ത്ര്യം പ്രാപിച്ചരാജ്യങ്ങളുടെ വളർച്ചയുടെ അടുത്ത പതനം ഒരു രാഷ്ട്രീയ സമരമാണ്. അതു സാമ്രാജ്യത്വ വിരുദ്ധമായ ഒരു സമരമാണ്. ഈ രാജ്യങ്ങളിൽ എവിടെയൊക്കെ സാമ്രാജ്യത്വ ശക്തികൾ ഇടപെടുന്നുവോ, സൈനികമായി ഇടപെടുമെന്നു ഭീഷണിപ്പെടുത്തുന്നുവോ, അവിടെയൊക്കെ ആ ഇടപെടലുകളെ സൈനികമായിത്തന്നെ ചെറുക്കേണ്ടതാണ്. ഈ കാര്യത്തിലും സോഷ്യലിസ്റ്റു രാജ്യങ്ങൾ ആവശ്യമായ എല്ലാ സഹായവും നൽകേണ്ടതാണ്-അതുമിക്കവാറും നൽകിക്കൊണ്ടിരിക്കുന്നുമുണ്ട്.

എന്നാൽ ചൈനീസ് പാർട്ടിക്കാകട്ടെ, പുതിയ സമാധാനച്ചേരിയെപ്പററിയോ, സാമ്രാജ്യത്വത്തിന്റെ അടിത്തറ തകർക്കുന്നതിൽ ഈ പുതിയ രാഷ്ട്രങ്ങളുടെ സ്വതന്ത്രമായ സാമ്പത്തിക വികസനത്തിന്നുണ്ടാവുന്ന പങ്കിനെപ്പററിയോ യാതൊന്നും പറയാനില്ല. ഇതൊക്കെ റിവിഷനിസമാണ്. പുത്തൻ കൊളോണിയലിസത്തിന്നു സാക്ഷിപറയലാണ്. പുതിയ രാഷ്ട്രങ്ങൾക്കെതിരായി ഉള്ള സാമ്രാജ്യത്വ ശക്തികളുടെ ഓരോ സൈനിക ഇടപെടലുകളെ സോവ്യററു യൂണിയൻ ധീരമായും ഫലപ്രദമായും നിസ്സങ്കോചമായും എങ്ങിനെ ചെറുത്തുവെന്നതിനെപ്പററി ഒരു നല്ല വാക്ക് കൂടി

ചൈനീസ് നേതാക്കന്മാർക്ക് പറയാനില്ലെന്നു മാത്രമല്ല, ദേശീയ വിമോചനത്തെയും സ്വാതന്ത്ര്യ സമരങ്ങളെയും എതിർക്കുന്നതിൽ സാമ്രാജ്യത്വശക്തികളുമായി സോവിയററ് യൂണിയൻ കൂട്ടുകൂടിയിരിക്കുകയാണെന്നാണ് അവർ കുററപ്പെടുത്തുന്നത്.

യഥാർത്ഥത്തിൽ, സി പി സി നേതൃത്വം സമാധാനപരമായ സഹവർത്തിത്വത്തിനുവേണ്ടിയുള്ള സമരത്തേയും, സാമ്രാജ്യത്വ ആക്രമണത്തിനു വിധേയമായ സ്വാതന്ത്ര്യ പ്രേമികളായ രാജ്യങ്ങളെ സഹായിക്കുകയെന്ന സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ കടമയേയും അന്യോന്യം ബന്ധമില്ലാത്ത സംഗതികളായി കാണിക്കുകയും അതുപോലെ പുത്തായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ സ്വതന്ത്രമായ സാമ്പത്തിക വികസനവും അവയുടെ സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളും വെവ്വേറെ കണക്കാക്കുകയും ചെയ്യുന്നു.

അങ്ങിനെ, അവർ നമ്മോട് പറയുകയാണ്— ''പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾക്ക് അവയുടെ സ്വതന്ത്രമായ സാമ്പത്തിക വികസനം പ്രധാനപ്പെട്ടതാണ്. എന്നാൽ, ഈ കടമ സാമ്രാജ്യത്വ വിരുദ്ധസമരത്തിന്റെയും, പഴയതും പുതിയതുമായ കൊളോണിയലിസത്തിനും അതിന്റെ ദല്ലാളിമാർക്കുമെതിരായ സമരത്തിന്റെയും കടമകളിൽനിന്നും വേർതിരിക്കരുത്.'' (ഹോങ്കി—പീപ്പിൾസ് ഡയിലി. ഒക്ടോബർ 22, 1963, പേജ് 7)

എന്തിനി "എന്നാൽ" പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ സ്വതന്ത്രമായ സാമ്പത്തിക വികസനത്തിന്റെ സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയ പ്രാധാന്യം അംഗീകരിക്കാൻ എന്താണിത്ര വിഷമം?

ഈ നിലപാടിൽനിന്നും മുമ്പോട്ടുപോയി അവർ പിന്നെയും പറയുകയാണ് ''ഈ രംഗങ്ങളിലെല്ലാമുള്ള സമരങ്ങളുടെ എററവും ഉയർന്ന രൂപം രാഷ്ട്രീയ സമരങ്ങളായി പ്രത്യക്ഷപ്പെടുന്നു. അവ സാമ്രാജ്യത്വത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ സായുധമർദ്ദനങ്ങളുടെ ഫലമായി പലപ്പോഴും അനിവാര്യമായും സായുധസമരങ്ങളായി വളരുകയും ചെയ്യുന്നു. (മേൽകൊടുത്ത ലേഖനം പേജ് 7)

ഇതെന്തൊരുതരം ചിന്താക്കുഴപ്പമാണ്? അസ്വതന്ത്രരായ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സായുധ സമരം സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ സായുധ പ്രതിരോധം. പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലെ വിവിധ സമരരൂപങ്ങൾ—ഈ പ്രശ്നങ്ങളെല്ലാം പ്രത്യേകവും വ്യത്യസ്തവുമായ പരിഗണനയർഹിക്കുന്നില്ലേ? അഥവാ ഇവയെല്ലാം കൂട്ടികുഴക്കേണമെന്നു നിർബന്ധമാണോ—ആദ്യത്തെ സാഹചര്യത്തിൽ സാധാരണമായും, രണ്ടാമത്തേതിൽ അനിവാര്യമായും, മൂന്നാമത്തേതിൽ ചിലപ്പോഴും തോക്കിന്റെയും റൈഫിളിന്റെയും ഉപയോഗം സർവ്വസാധാരണമാണെന്ന ഒരേ കാരണംകൊണ്ട് വിദേശാക്രമണത്തിന്നെതിരായും, ആഭ്യന്തരമായി അധികാരം നേടാനുമുള്ള ആയുധങ്ങളുടെ ഉപയോഗത്തിലടങ്ങിയിട്ടുള്ള രാഷ്ട്രീയ പ്രശ്നങ്ങൾ വ്യത്യസ്തങ്ങളും വിഭിന്നങ്ങളും അല്ലെന്നുണ്ടോ?

സി. പി. സി. ക്ക് ഈ പ്രശ്നങ്ങൾ വേർതിരിച്ചു കാണരുതെന്നു നിർബന്ധമാണ്. കാരണം. അവയെ വേർതിരിച്ചു കണ്ടാൽ, സൂര്യനുതാഴെയുള്ള എല്ലാ പ്രശ്നങ്ങളുടെയും പരിഹാരത്തിന്നായി അവക്കുള്ള ഒററ മൂലികാ പ്രയോഗം—''സായുധ വിപ്ളവം''—എന്ന മന്ത്രത്തിന്റെ ഗതിയെന്താവും?

"ദേശീയ ജനാധിപത്യ"മെന്നു കേട്ടാലും സി പി സി നേതാക്കന്മാർക്കു 'ചുകപ്പ്' കണ്ട കാള'മാതിരിയാണ്. ദേശീയ ജനാധിപത്യത്തിന്റെ പ്രശ്നം ഉത്ഭവിക്കുന്നതു തന്നെ കൊളോണിയലിസത്തിന്റെ തകർച്ചയുടെ ഫലമായുണ്ടായിട്ടുള്ള പുതിയ സ്റ്റേജിന്റെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തിലേക്കും സാമൂഹ്യമോചനത്തിലേക്കും ഉള്ള കൊളോണിയൽ ജനതയുടെ മുന്നേററത്തിന്റെയും സങ്കീർണ്ണതയിൽ നിന്നുമാണ്. ഈ പ്രശ്നങ്ങൾ ഉന്നയിക്കുന്നതും, പുതിയ മുന്നേററത്തിന്റെ പാതകളിൽ ഉള്ള വൈവിദ്ധ്യങ്ങളേയും, തിരിച്ചിലുകളേയും മറിച്ചിലുകളേയും കണക്കിലെടുക്കുന്നതും, സ്റ്റേററുകളുടെ പുതിയ രൂപത്തിലുള്ള ആന്തരാള ഘട്ടങ്ങളെപ്പററി ചർച്ചചെയ്യുന്നതുമെല്ലാം, റിവിഷനിസത്തിനുള്ള ഒരു മറയും. കൊളോണിയൽ വിമോചന പ്രസ്ഥാനത്തിന്റെ ഒററിക്കൊടുക്കലായും മാത്രമേ സി. പി. സി. നേതാക്കന്മാർക്കു കാണുവാൻ കഴിയുന്നുള്ളു.

അതുകൊണ്ടാണ്, അവരുടെ എല്ലാ ലേഖനങ്ങളിലും, ഒരു വേദവാക്യമെന്നപോലെ, തൊഴിലാളികളും. കൃഷിക്കാരും ദേശീയ ബൂർഷ്വാസിയുമടങ്ങുന്നതും തൊഴിലാളിവർഗ്ഗത്താൽ നയിക്കപ്പെടുന്നതുമായ ജനകീയ മുന്നണിയെപ്പററിയും, സായുധ വിപ്ളവത്തിൽക്കൂടി സാമ്രാജ്യത്വത്തിനെ അട്ടിമറിക്കുന്നതിനെപ്പററിയും, കൊളോണിയൽ ജനതക്കും മർദ്ദിത രാഷ്ട്രങ്ങൾക്കും (ദേശീയ സ്വാതന്ത്ര്യത്തിലേക്കും സോഷ്യലിസത്തിലേക്കും) ഉള്ള ഒരേ ഒരു പാത 'ജനകീയ ജനാധിപത്യം' സ്ഥാപിക്കയാണെന്നതിനെപ്പററിയുമുള്ള പഴയ ഫോർമ്മുലയെ പിടിച്ചാണയിടുന്നതു്. (പേജ് 44)

# ഇന്ത്യയും ഇന്ത്യാ–ചൈന അതിർത്തി തർക്കവും

ഇന്ത്യയെപ്പററിയും, ഇന്ത്യയിലെ സ്ഥിതിയെപ്പററിയും ചൈനീസ് നേതാക്കന്മാരുടെ കണക്കു കൂട്ടലുകൾ അവർ തന്നെ അവ വിശ്വസിക്കുന്നുണ്ടോ എന്ന സംശയം ഉളവാക്കത്തക്കവിധം അത്ര തലതിരിഞ്ഞതും അബദ്ധപൂർണ്ണവുമാണ്. സങ്കുചിതമായ ഒരു വീക്ഷണവും നിലപാടും വളർത്തിക്കൊണ്ടുവരികയും, ഇന്ത്യയുടെ നേർക്കു അക്രമപരമായ ഒരു നയം സ്വീകരിക്കുകയും ചെയ്യുതിന്റെ ശേഷം, അതിന്നൊരു കാരണം കണ്ടുപിടിക്കാനുള്ള വെമ്പലിൽ നിന്നാവണം ഈ അത്ഭുതകരമായ ധാരണയുളവായിട്ടുള്ളതെന്നു വേണം വിചാരിക്കാൻ.

ഈ നിഗമനം ശരിയാണെന്നു തെളിയിക്കാൻ ആദ്യകാലങ്ങളിലെ ചൈനയുടെ തന്നെ, ഇന്ത്യയുടെ നേർക്കുള്ള നയങ്ങളും വിലയിരുത്തലുകളും പരിശോധിച്ചാൽ മതിയാകും. ഇന്ത്യ സ്വതന്ത്രവും സമാധാന പ്രേമിയും ആണെന്ന വസ്തുതയുടെ വ്യക്തമായ അംഗീകാരത്തിന്റെ അടിസ്ഥാനത്തിലാണ് 1954-ലെ നെഹ്റു-ചൌ 'പഞ്ചശീല' പ്രഖ്യാപനം തന്നെ. അതിനെത്തുടർന്നുണ്ടായ. ചരിത്രപ്രധാനമായ ബാന്ദുങ്ങ് കോൺഫ്രൻസിലാണ്, സാമ്രാജ്യത്വത്തിന്നും കൊളോണിയലിസത്തിന്നും എതിരായതും സമാധാനത്തിന്റെ അടിസ്ഥാനത്തിലുള്ളതും ആയ ആഫ്രോ-ഏഷ്യൻ ഐക്യം ഊട്ടിഉണ്ടാക്കുന്നതിൽ ചൈനയും ഇന്ത്യയും സഹകരിച്ചതു്.

1954-ൽ ഇന്ത്യ അതിന്നു ബ്രിട്ടീഷ് ഭരണാധികാരികളിൽനിന്നു നിയമപരമായി കിട്ടിയ തിബത്തിന്മേലുണ്ടായിരുന്ന അധികാരാവകാശങ്ങൾ വിട്ടുകൊടുത്തു. ചൈന തിബത്ത് പ്രശ്നം കൈകാര്യം ചെയ്യു രീതിയിൽ

ഇന്ത്യ അതിന്റെ പ്രതിഷേധം പ്രകടിപ്പിച്ചുവെങ്കിലും, ഈ പ്രശ്നം യൂനോവിൽ വെക്കുവാൻ ഇന്ത്യയിലെ പിന്തിരിപ്പൻ പാർട്ടികൾ ഉന്നയിച്ച ആവശ്യം നിരസിക്കുകയാണുണ്ടായതു്. ഇതു് സംബന്ധിച്ച 'പീപ്പിൾസ് ഡെയിലി' അതിന്റെ 1956 മേയ് 6-ാംതീയതിയിലെ പതിപ്പിൽ ഇങ്ങനെ എഴുതുകയുണ്ടായി.

“അന്താ രാഷ്ട്രീയ രംഗത്തു്, പ്രധാന മന്ത്രിയുടെ നേതൃത്വത്തിലുള്ള ഇന്ത്യാ ഗവർമ്മെണ്ടു പൊതുവെ ഇന്ത്യൻജനങ്ങളുടെ ആശയാഭിലാഷങ്ങളെ പ്രതിനിധീകരിക്കുകയും യുദ്ധത്തേയും കൊളോണിയലിസത്തേയും എതിർക്കുന്നതിലും സമാധാനം കാത്തുരക്ഷിക്കുന്നതിലും ചൈനയുമായും സോവിയററു യൂണിയനുമായും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുമായും സൌഹാർദ്ദപരമായ ബന്ധം പുലർത്തുന്നതിലും പ്രശംസാർഹമായ പങ്കുവഹിക്കുകയും ചെയ്യുന്നു.”(പേജ് 286 ദി ഗ്രേററ് ഡിബേററ്)

1959—നും 1962—നും ഇടക്കു് നെഹ്റു ഗവർമ്മെണ്ടിന്റെ നയങ്ങളിൽ ഒരു വമ്പിച്ച വ്യതിയാനം വന്നതായി യുക്തിബോധമുള്ള ഒരാളും വാദിക്കുകയില്ല. എന്നാൽ അങ്ങിനെ സംഭവിച്ചതായി നാം വിശ്വസിക്കണമെന്നാണ് 1962 ഒക്ടോബർ 27-ാംതീയതിയിലെ പീപ്പിൾസ് ഡയിലി ലേഖനം നമ്മോടാവശ്യപ്പെടുന്നതു്. അതു് മാത്രമല്ല, കൂടുതലും കാരണം 1959 മേയിൽ പീപ്പിൾസ് ഡയിലിയിലൂടെ തന്നെ ഇന്ത്യയെപ്പററിയുള്ള വിലയിരുത്തൽ അതു് കണക്കിലെടുക്കുന്നതേയില്ല, സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പു നെഹ്റുവിന്റെ ആശയങ്ങളും അഭിപ്രായങ്ങളും തിരഞ്ഞെടുത്തുകൊണ്ടാണു് അതു് ഇന്ത്യയെപ്പററിയുള്ള പുതിയ വിലയിരുത്തൽ നടത്തുന്നതു്, സ്വാതന്ത്ര്യത്തിനു മുമ്പുതന്നെയുള്ള നെഹ്റുവിന്റെ ലക്ഷ്യങ്ങളുടെയും ദുരാഗ്രഹങ്ങളുടെയും തുടർച്ച മാത്രമാണു് ഇന്ത്യയുടെ സാമ്രാജ്യത്വപരവും വികസനപരവും പിന്തിരിപ്പനുമായ നയങ്ങളെന്നു പീപ്പിൾസ് ഡയിലി കണ്ടുപിടിക്കുന്നു.

1962 ഒക്ടോബർ 27-ാംതീയതി പീപ്പിൾസ്ഡെയിലിലേഖനം തുടക്കത്തിൽ നമ്മോടു പറയുന്നതിങ്ങനെയാണു്.

“ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിനു ശേഷം നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ഭരണാധികാര കേന്ദ്രങ്ങൾ ബ്രിട്ടീഷു ഭരണാധികാരികളിൽനിന്നും ഔപതൃകമായി കിട്ടിയ ലക്ഷ്യങ്ങളെ കാത്തുസൂക്ഷിക്കുവാൻ പണിപ്പെട്ടിട്ടുണ്ടു്.”

ഒരു ചോദ്യം ചോദിക്കട്ടെ—ഇതായിരുന്നോ പഞ്ചശീല പ്രഖ്യാപനത്തിൽ ഒപ്പിട്ടിരുന്നപ്പോഴും ബാന്ദുങ്ങു് കോൺഫ്രൻസിൽ സഹകരിച്ചിരുന്നപ്പോഴും ചൈനയുടെ അഭിപ്രായം? അങ്ങിനെയായിരുന്നെങ്കിൽ, മേൽകൊടുത്ത 1959 മേ 6-ലെ പീപ്പിൾസ് ഡയിലി ലേഖനം എങ്ങിനെ അതിനു വിരുദ്ധമായ ഒരഭിപ്രായം പ്രകടിപ്പിക്കാനിടയായി?

‘കൂടാതെ ബ്രിട്ടീഷ് കൊളോണി മേധാവികൾ ഇന്ത്യയിലെ വങ്കിട ബൂർഷ്വാസിക്കും വങ്കിടനില പ്രഭുക്കന്മാർക്കുമായി ഭരണം കൈമാറിയതു് അവരുടേതായി (കോളോണി മേധാവികളുടെ) അടിസ്ഥാന സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന അടിസ്ഥാനത്തിലായിരുന്നു. നമ്മുടെ ..ണ്ടാം പാർട്ടി കോൺഗ്രസ്സ് തിസിസ്സിലെ “പൊള്ളയായ സ്വാതന്ത്ര്യം”, “ഉപഗ്രഹ രാഷ്ട്രം” എന്നീ ധാരണകളുടെ പ്രതിഫലനം!

എങ്കിലും, “ഇന്ത്യൻ വങ്കിട ബൂർഷ്വാസിയുടെയും വങ്കിടനില പ്രഭുക്കന്മാരുടെയും വർഗ്ഗസ്വഭാവവും സാമ്പത്തിക സ്ഥിതിയും നെഹ്റു ഗവർമ്മെ

ണ്ടിന്റെ സാമ്രാജ്യത്വ വിധേയത്വത്തേയും സാമ്രാജ്യത്വ സേവന തല്പരതയേയും കൂടുതൽ കൂടുതൽ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.''

“റിവിഷനിസ്റ്റുകൾക്കു ഒരു കണ്ണാടി” ഈ സ്വഭാവചിത്രീകരണത്തെ ഒരു പടി മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. നെഹ്റുവിനെ ‘വങ്കിട ബൂർഷ്വാ ഭൂപ്രഭുക്കളുടെ പ്രതിനിധിയായും’ നെഹ്റുഗവർമ്മെണ്ട് “ദേശീയ സ്വാതന്ത്ര്യം സാമ്രാജ്യത്വത്തിന്നു അടിയറവെച്ചിരിക്കുന്നതാ”യും, ഇന്ത്യാ ഗവർമ്മെണ്ട് വങ്കിട ബൂർഷ്വാ ഭൂപ്രഭുക്കളുടെ ഒരു സർവ്വാധിപത്യസ്റ്റേററായും” വിശേഷിപ്പിച്ചിരിക്കുന്നു. (മിറർ പേജ് 2, 5, 8)

ഇന്ത്യയിലെ ‘പൊതുമേഖല’ (Public Sechr) യെപ്പററി 1962 ഒക്ടോബർ 27-ാംതീയതിയിലെ പീപ്പിൾസ് ഡയിലിക്കു പറയാനുള്ളതു് ഇതാണ്.

“വങ്കിട ബൂർഷ്വാ-ഭൂപ്രഭുക്കന്മാരുടെ മേധാവിത്വത്തിലും വിദേശീയ കുത്തകയുടെ ആശ്രിതത്വത്തിലും നെഹ്റു ഗവർമ്മെണ്ട് ഇന്ത്യയിൽ സ്റ്റേററ് മാനേജ്മെൻറിലുള്ള കുറെ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ഇവ സ്റ്റേററു കുത്തക മുതലാളിത്ത സ്ഥാപനങ്ങൾ മാത്രമാണ്. ഈ സ്ഥാപനങ്ങൾ വങ്കിട മുതലാളിമാരുടേയും ഭൂപ്രഭുക്കന്മാരുടേയും വിദേശീയ കുത്തകക്കാരുടെയും താല്പര്യം മാത്രം നോക്കുവാനാണ്, യഥാർത്ഥത്തിലിവ ഇന്ത്യൻ ബ്യൂറോ ക്രേററിക്കു് കുത്തക സ്ഥാപനങ്ങൾ മാത്രമാണ്.”

നമ്മുടെ പാർട്ടി മെമ്പറന്മാരെ സംബന്ധിച്ചേടത്തോളം ഈ സ്വഭാവ ചിത്രീകരണങ്ങളും, വിലയിരുത്തലുകളുമെല്ലാം നിഷേധം അർഹിക്കുന്നില്ല. കാരണം ഇവയെല്ലാം എത്രയോ മുമ്പേ നമ്മുടെ പാലക്കാട്ട് കോൺഗ്രസ്സിൽ തന്നെ വിവാദിക്കപ്പെടുകയും തീരുമാനിക്കപ്പെടുകയുംചെയ്തിട്ടുള്ളവയാണ്. എന്നാൽ, അതിന്നുശേഷം നയങ്ങളിൽ ഉണ്ടായിട്ടുള്ള മാററങ്ങളും തിരുത്തലുകളും ഈ വിലയിരുത്തലുകളെ നീതീകരിക്കുന്നില്ലേ എന്ന വാദം ഉന്നയിക്കപ്പെട്ടേക്കാം. അതുകൊണ്ട് 1961-ലെ വിജയവാഡാ പ്രമേയത്തിന്റെ വിലയിരുത്തൽഎന്തായിരുന്നുവെന്നൊന്നു പരിശോധിക്കാം.

വിജയവാഡാ പ്രമേയം പറയുന്നു.

സാമ്രാജ്യത്വത്തിന്റെയും ചില കുത്തക കേന്ദ്രങ്ങളുടെയും എല്ലാ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ടു പൊതുമേഖല വളർന്നിരിക്കുന്നു. (പേജ് 3)

ഘന വ്യവസായം കെട്ടിപ്പടുക്കുകയും പൊതുമേഖല വികസിപ്പിക്കുകയുമെന്ന നമ്മുടെ രാജ്യത്തിന്റെ നയം, ഉപേക്ഷിക്കുവാനുള്ള സാമ്രാജ്യത്വത്തിന്റെയും അതിന്റെ സ്നേഹിതന്മാരുടെയും എല്ലാ സമ്മർദ്ദങ്ങളേയും ഇന്ത്യാ ഗവർമ്മെണ്ട് വിജയപൂർവ്വം എതിർത്തിട്ടുണ്ട്” (പേജ് 6)

വിദേശീയവും ആഭ്യന്തരവുമായ കുത്തക മുതലാളിത്വത്തിന്നു ചെയ്ത പല വിട്ടുവീഴ്ചകളേയും അവയുമായി ചെയ്ത സന്ധികളേയും മേൽ കൈവെച്ചു കാണിക്കുന്നതിൽ പ്രമേയം അറച്ചുനിന്നിട്ടില്ല. ഇവ “ആപൽക്കരമായ വികാസങ്ങളെന്നു” പ്രമേയം പ്രസ്താവിക്കുന്നു,

അതേ സമയം, പ്രമേയം ഇങ്ങിനെ താക്കീതു ചെയ്യുന്നുണ്ട്,

“ഇതിൽ നിന്നെല്ലാം ഇന്ത്യാ ഗവർമ്മെണ്ട് സാമ്രാജ്യത്വത്തിന്നു പടിപടിയായി കീഴടങ്ങുന്നുവെന്നോ സ്വാതന്ത്ര്യം പണയപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നോ ഉള്ള ഒരു നിഗമനത്തിലെത്തുന്നതു് തെററായിരിക്കും. വിദേശീയ മൂലധനത്തിലുള്ള വർദ്ധനവിന്റെ വലിയൊരു ഭാഗം ഇന്ത്യയിൽനിന്നു നേടിയിട്ടുള്ള ലാഭം. രണ്ടാമത്തും മൂലധനമായിറക്കിയതിൽ.

നിന്നുമാണ്. കൂടാതെ ഇന്ത്യൻ മൂലധനം കൂടുതൽ വലിയ നിരക്കിൽ വർദ്ധിച്ചിട്ടുമുണ്ട്. പൊതുമേഖല നമ്മുടെ സമ്പദ് വ്യവസ്ഥയുടെ പ്രധാനപ്പെട്ട ഒരു ഘടകമായിത്തീർന്നിരിക്കുകയും ചെയ്യുന്നു. (പേജുകൾ 7, 8)

പുറമേ, ഇരുമ്പ്, ഉരുക്ക്, യന്ത്രനിർമ്മാണം, കൽക്കരി, എണ്ണ മുതലായ തന്ത്രപ്രാധാന്യമുള്ള വ്യവസായങ്ങളുൾപ്പെടുന്ന സ്റ്റേററ് മേഖലയുടെ വളർച്ച അടുത്ത കാലഘട്ടത്തിലെ ഏററവും സ്വാഗതാർഹമായ വികാസമാണ്. (പേജ് 8)

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലേയും രാഷ്ട്രീയത്തിലേയും എല്ലാ നിഷേധാത്മകവശങ്ങളേയും എടുത്ത് കൂട്ടിയിണക്കി ഒട്ടാകെയുള്ള യാഥാർത്ഥ്യത്തിന്റെ തല തിരിഞ്ഞതും അതിശയോക്തിപരവുമായ ഒരു ചിത്രമായി അവയെ പ്രദർശിപ്പിക്കുകയും ചെയ്യുകയെന്ന ഒരു വഴിയാണ് ചൈനീസ് നേതൃത്വത്തിന്റേതു്.

"കണ്ണാടി"ക്കുള്ള മറുപടിയായി സ; ഡാങ്കേ എഴുതിയ "റിവിഷനിസവുമല്ല ഡോഗ്മേററിസവുമല്ല ഞങ്ങളുടെ വഴികാട്ടി" എന്ന ലഘുലേഖയിൽ ഈ ടെക്ക്നിക്കിനെ മുഴുവനും അതിൽനിന്നും എത്തിച്ചേർന്ന അത്ഭുതകരമായ നിഗമനങ്ങളേയും വ്യക്തമായി തുറന്നു കാട്ടിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:—

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക്, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇമ്മാതിരി നിഗമനങ്ങളോടു മാത്രമല്ല, അവരുടെ പ്രസ്താവനകളിലടങ്ങിയിട്ടുള്ള വസ്തുതകളോടും ഗൌരവമായി വിയോജിപ്പാണുള്ളതു്.

ഓരോ വസ്തുതയും പ്രത്യേകം നോക്കിയാൽ ശരിയാണ്. പക്ഷേ അവ ഓരോന്നും അപൂർണ്ണമാണ്. അതുകൊണ്ടുതന്നെ, ഇതു് മൊത്തമായ വസ്തുതയുടെ തെററായ ഒരു ചിത്രമാണ് വരച്ചുകാട്ടുന്നതു്. വസ്തുതകളെ അപൂർണ്ണമായി പ്രസ്താവിക്കുക, ഒരു പ്രതിഭാസത്തിനെ ഭാഗികമായി മാത്രം നോക്കിക്കാണുക, ഇതു് തീർച്ചയായും ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സമ്പ്രദായമല്ല തന്നെ. "വൈരുദ്ധ്യങ്ങ"ളെ അവയുടെ എല്ലാ വശങ്ങളിലൂടെയും പഠിക്കുവാൻ നമ്മെ പഠിപ്പിച്ച അനുഭവജ്ഞന്മാരായ ചൈനീസ് നേതാക്കന്മാരോട് ഇതു് പറയേണ്ട ആവശ്യമുണ്ടോ?

വിദേശീയ മൂലധനം ഇരട്ടിക്കുകയും അമേരിക്കൻ മൂലധനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ടോ? ഉണ്ട്. പക്ഷേ വേറെ ചിലതുകൂടി ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായിട്ടുണ്ട്.

(a) ആംഗ്ലോ-അമേരിക്കൻ അഥവാ സാമ്രാജ്യത്വ മൂലധനത്തോടു കൂടതന്നെ, ഇന്ത്യ, കടമായും സഹായമായും സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. സോഷ്യലിസ്ററ് രാജ്യങ്ങളിൽനിന്നുമുള്ള സഹായം തന്ത്രപ്രാധാന്യമുള്ള വ്യവസായങ്ങളെ കെട്ടിപ്പടുക്കുവാൻ ഉപകരിക്കുകയും സാമ്രാജ്യത്വത്തിന്മേലുള്ള സാമ്പത്തിക വിധേയത്വം കുറക്കുവാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്, ഇന്ത്യയുടെ സ്വാതന്ത്ര്യം ശക്തിപ്പെട്ടിട്ടുണ്ട്—ആംഗ്ലോ അമേരിക്കൻ മൂലധനം സ്വാതന്ത്ര്യത്തിന്നുള്ള ഒരു വിപത്തല്ലാ എന്നു ഇതിന്നർത്ഥമില്ല.

(b) ഇന്ത്യയിലേയും സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നിന്നുള്ളതും ആയ ആകെമൊത്തം മൂലധനം അമേരിക്കൻ മൂലധനത്തേക്കാൾ വർദ്ധിച്ചിട്ടുണ്ട്. ഈ വസ്തുത ഒരു പുതിയതായി സ്വാതന്ത്ര്യം നേടിയ, ചേരിചേരാനയം സ്വീകരിച്ചിട്ടുള്ള രാജ്യത്തിനെ സംബന്ധിച്ചിടത്തോളം വമ്പിച്ച പ്രാധാന്യമുള്ളതാണ്.

(c) സ്വകാര്യ മൂലധനത്തിൻെറ മേഖലയോടൊപ്പം, ഇന്ത്യയിൽ സ്റ്റേററ് മേഖലയിലുള്ള മൂലധനവും വർദ്ധിച്ചിട്ടുണ്ട്. ഇതു് സ്റ്റേററ് മുതലാളിത്ത സ്വഭാവമുള്ളതാണ്. എന്നാൽ ഒരു അവികസിത സമ്പദ് വ്യവസ്ഥയിൽ ഈ സ്റ്റേററ് മേഖലക്ക്, ജനാധിപത്യപരമായ സമ്മർദ്ദത്തിന്റെ ഫലമായി, പുരോഗമനപരമായ ഒരു പങ്ക വഹിക്കുവാൻ കഴിയും.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ വ്യാവസായിക വികസനത്തിന്റെ ഈ മൂന്ന പ്രധാനപ്പെട്ട വസ്തുതകൾ ചൈനീസ് പഠനത്തിൽ കാണുകയില്ല. അവർ സ്റ്റേററ് മേഖലയെപ്പററി പറയുന്നുണ്ട്. പക്ഷേ അതിനെ കത്തകകളുടെ താല്പര്യം സംരക്ഷിക്കുന്ന വെറും ബ്യൂറോക്രാററിക്ക് കത്തക മൂലധനമായിട്ടധിക്ഷേപിക്കുകയാണ്.

സാമ്രാജ്യത്വം നിരസത്തോടെ വീക്ഷിക്കുന്ന ഇന്ത്യൻ വ്യവസായത്തിൻെറ പുതിയ ടെക്കനോളജിയുടെ അടിത്തറയേയും പിന്തിരിപ്പന്മാർ ഭയപ്പെടുന്ന പുതിയ തൊഴിലാളി വർഗ്ഗത്തെയും ബുദ്ധിജീവികളേയും ചൈനീസുകാർ വരച്ച ചിത്രത്തിൽ നാം കാണുന്നതേ ഇല്ല.

പ്രശ്നം പരിഹൃതമായിട്ടില്ല—കൃഷിക്കാരൻ അസ്വസ്ഥനാണ്. എന്നാൽ ഫ്യൂഡലിസം പഴയ മട്ടിൽ ഉറച്ച നിൽക്കുന്നില്ല, ഒരു വലിയ അതിർത്തിവരെ അതു് നിയന്ത്രിക്കപ്പെട്ടിരിക്കുന്നു—നശിക്കപ്പെട്ടിട്ടില്ലെങ്കിലും ഭൂപരിഷ്ക്കരണം കൂടുതൽ മുമ്പോട്ടു കൊണ്ടുപോകേണ്ടതത്യാവശ്യമാണ്—അതു് അസാദ്ധ്യവുമാണ്.

വലതുപക്ഷ പിന്തിരിപ്പത്വത്തിൻെറ ഉയർച്ചയും വളർച്ചയും ഉണ്ടായിട്ടുകൂടി, സ്വത്തിൻെറ കേന്ദ്രീകരണത്തിന്നെതിരായും ജനങ്ങളുടെ സ്വാതന്ത്ര്യാവകാശങ്ങൾക്കു വേണ്ടിയും ഉള്ള സമരങ്ങൾ ശക്തിപ്പെട്ടിട്ടുണ്ട്. 1957—ൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഒരു ഗവർമ്മെണ്ടുണ്ടായതു് ചൂണ്ടിക്കാണിക്കുന്നതിതാണ്.

ഗവണ്മെൻറ് പണിമുടക്ക് സമരങ്ങളെ അടിച്ചമർത്തുന്നുണ്ട്. എന്നാൽ തൊഴിലാളികൾ വിജയങ്ങൾ നേടുകയും ആവശ്യങ്ങൾ പിടിച്ചുവാങ്ങുകയും ചെയ്യുന്നുണ്ട്. രാജ്യരക്ഷാ നിയമത്തിൻെറയും അടിയന്തിരാവസ്ഥയുടെയും കാലത്തിൽ കൂടി വേജ്ബോർഡുകളും, ശമ്പളവർദ്ധനവുകളും പ്രഖ്യാപിക്കപ്പെടുകയും, തൊഴിലുടമകൾക്ക് തൊഴിലാളികളുടെ ആവശ്യങ്ങളേയും സ്ട്രൈക്കുകളേയും നേരിടേണ്ടി വരികയും "വങ്കിട ബൂർഷ്വാ—ഭൂപ്രഭുത്വ സർവ്വാധിപത്യം", പാർലമെൻററി സമ്പ്രദായവും, പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയുള്ള തിരഞ്ഞെടുപ്പോടു കൂടിയ ബൂർഷ്വാ ഡെമോക്രസിയും ഉപേക്ഷിച്ചിട്ടില്ല. ഈ വസ്തുതയും ചൈനീസ് ചിത്രത്തിലില്ല.

എല്ലാത്തിനും പുറമേ, ഇന്ത്യയിൽ മറെറല്ലാ ജനാധിപത്യശക്തികളോടുമൊന്നിച്ച കമ്മ്യൂണിസ്റ്റ്പാർട്ടിയും പ്രവർത്തിക്കുന്നുണ്ട്, അതു് കോൺഗ്രസ്സ് (ഭരണാധികാര) പാർട്ടിയുടെ പ്രധാന പ്രതിപക്ഷവുമാണ്.

ഗവർമ്മെണ്ടിൻെറ വിദേശനയം അടിസ്ഥാന പരമായി സമാധാനത്തിൻെറയും, ചേരിചേരായ്മയുടെയും, കൊളോണി വിരുദ്ധത്വത്തിൻെറയുമാണ്. അതേ സമയം, പിന്തിരിപ്പൻ സമ്മർദ്ദമുണ്ടാകുമ്പോൾ അതു ആടിക്കളിക്കുകയും, ബലഹീനമാവുകയും ചെയ്യുന്നുണ്ട്.

"ഇന്ത്യ ഭരിക്കുന്ന ക്ലിക്കിൻെറ വിദേശനയം അടുത്തകൊല്ലങ്ങളിലായി വർദ്ധമാനമായ തോതിൽ വാഷിംഗ്ടൻെറ തുറന്ന ആനുകൂല്യവും പ്രശംസയും നേടിയിട്ടുണ്ട്." എന്ന ചൈനീസ് നേതൃത്വം ഡിസംബർ 7, 1961ന എഴുതിയിരിക്കുന്നു. അതെഴുതിയ ഉടനെ, ഡിസംബർ 18-ാംതീയതി ഇന്ത്യൻ സൈന്യം ഗോവയിലേക്ക് മാർച്ചചെയ്യുകയും 400 കൊല്ലത്തെ

പോർച്ചുഗീസ് ഭരണത്തിൽനിന്നു ഗോവയെ മോചിപ്പിക്കുകയും ചെയ്തു. വാഷിങ്ങ്ടണും ലണ്ടനും നെഹ്റുവിനോട് വാളെടുത്തു. യുനോ ഇടപെടണമെന്നാവശ്യപ്പെട്ടു. പക്ഷേ സോവിയറ്റ് യൂണിയന്റെ "വീറ്റോ" അവരെ നിലക്കുനിർത്തി. ഇതിനെപ്പററിയൊന്നും ഒരക്ഷരം ചൈനീസ് ചിത്രത്തിൽ കാണുന്നില്ല. (പേജ് 290—292)

ഇന്ത്യൻ യാഥാർത്ഥ്യങ്ങളെപ്പററിയുള്ള ചൈനീസ് നേതൃത്വത്തിന്റെ തെററായ ധാരണകളുടെ ഫലങ്ങൾ ഏററവും വ്യക്തമായി പ്രതിഫലിച്ചിട്ടുള്ളതു് അവർ ഇന്ത്യയിൽ വലതുപക്ഷ പിന്തിരിപ്പൻ ശക്തികളെ കാണുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു വെന്നതിലാണ്. വാസ്തവത്തിൽ അവർ, വലതുപക്ഷ പിന്തിരിപ്പൻ ശക്തികളുടെ നേട്ടങ്ങളേയും, നെഹ്റുവിനും അദ്ദേഹത്തിന്റെ നയങ്ങൾക്കും എതിരായുള്ള എതിർപ്പുകളേയും, അവ ഗവർമ്മെണ്ടിനെതിരായുള്ള വിപ്ളവപ്രസ്ഥാനത്തിന്റെ വിജയങ്ങളെന്നപോലെ സ്വാഗതം ചെയ്യുകയാണ്.

നെഹ്റുവിനേയും, ഇന്ത്യാ ഗവർമ്മെണ്ടിനെയും തന്നെ ആംഗ്ലോ—അമേരിക്കൻ സാമ്രാജ്യത്വത്തിന്റേയും കടുത്ത പിന്തിരിപ്പത്വത്തിന്റേയും ഏജൻറുകളും ചൈനയുടെ നേർക്കുള്ള, ആക്രമണാസക്തവും, പ്രകോപനപരവും വികസനമോഹപരവുമായ നയത്തിന്റെ വക്താക്കളും ആയി ചിത്രീകരിച്ചുകൊണ്ടുള്ള ചൈനീസ് ലേഖനങ്ങൾ ഒരിക്കലെങ്കിലും സ്വതന്ത്രാപാർട്ടിയേയോ, ജനസംഘത്തിനെയൊ, പി, എസ്. പി. യിലെ വലതുപക്ഷത്തിനേയോ കണക്കിലെടുത്തിട്ടില്ല, ഇന്ത്യൻ നേഷണൽ കോൺഗ്രസ്സിനകത്തുള്ള വലതുപക്ഷവും പുരോഗമന വിഭാഗങ്ങളും തമ്മിൽ ഒരു വ്യത്യാസവും ദർശിച്ചിട്ടില്ല. ഈ പാർട്ടികളും, ആളുകളും ഏതു വർഗ്ഗങ്ങളെ പ്രതിനിധീകരിക്കുന്നുവെന്നതു് ചൈനീസ് നേതൃത്വത്തിന്ന് ഒരിക്കലും ഒരു പ്രശ്നമേ ആയിരുന്നിട്ടില്ല, അവരുടെ മുദ്രാവാക്യങ്ങളേയും നയങ്ങളേയും നേരെ അവർ തികച്ചും കണ്ണടക്കുകയാണ്. ഇന്ത്യാ-ചൈനാ പ്രശ്നത്തിന്റെ കാര്യത്തിൽതന്നെ ഈ പാർട്ടികളും മററും പ്രകോപനപരവും സാഹസികവുമായ നടപടികൾക്ക് ആവശ്യപ്പെടുന്നുവെന്നതും ഇന്ത്യാ ഗവർമ്മെണ്ട് അവ സ്വീകരിച്ചിട്ടില്ലെന്നതും ഉള്ള യാഥാർത്ഥ്യം മുമ്പിൽ വെച്ചുകൊണ്ടുതന്നെയാണവരിതു ചെയ്യുന്നതു്.

കഴിഞ്ഞ പാർലിമെൻറ് തിരഞ്ഞെടുപ്പുകാലത്തു് ഡാൽമിയജയിൻ ഗോയങ്കപത്ര ഗ്രൂപ്പുകളുടെ പിൻതുണയോടെ കൂടി, പി. എസ്. പി, ജനസംഘം സ്വതന്ത്ര കൂട്ടുകെട്ട് കൃഷ്ണമേനവനെ "ഇന്ത്യയുടെയല്ല ചൈനയുടെ പ്രതിരോധമന്ത്രി"യായി മുദ്രയടിക്കുകയുണ്ടായി. എന്നിട്ടുപോലും ചൈനീസ് വിരുദ്ധ പ്രചരണത്തിന്നുള്ള പിന്തിരിപ്പൻ കൂട്ടുകെട്ടിന്റെ പ്രതിനിധിയായ കൃപലാനിയെ ചൈനാക്കാർ ആക്ഷേപിക്കുകയുണ്ടായില്ല, യുദ്ധമോഹിയായൊരു വികസന വാദിയെന്ന് കൃഷ്ണമേനവനെ അവരാക്ഷേപിച്ചു. ചൈനക്കെതിരായി സാഹസികമായൊരു എതിർ ആക്രമണത്തിനും അതിർത്തി തർക്കത്തിൽ പൂർണ്ണമായുള്ള ആംഗ്ലോ-അമേരിക്കൻ സൈനികളിടപെടലിനും വേണ്ടി ആക്രോശിച്ചിരുന്ന അതേ വിഭാഗങ്ങളുടെ തന്നെ സമ്മർദ്ദഫലമായി പ്രതിരോധമന്ത്രിസ്ഥാനത്തുനിന്നും പിന്നീട് കൃഷ്ണമേനവനു രാജിവെക്കേണ്ടി വന്നപ്പോൾ കേവലമായൊരു ഖേദപ്രകടനംപോലുമവർ നടത്തിയില്ല.

കൊളമ്പോ നിർദ്ദേശങ്ങൾ ആദ്യമായി സമർപ്പിച്ചപ്പോൾ വലതുപക്ഷ പിന്തിരിപ്പത്വം അതിനെ എതൃത്തു. അവ കാലഹരണപ്പെട്ടതായി പ്രഖ്യാപിക്കണമെന്ന് അവർ തുടർച്ചയായി വാദിക്കുകയും ചെയ്തു.

ദയാജിച്ച വെടിനിറുത്തൽ നടപ്പിലാക്കാനും അങ്ങിനെ സമാധാനപരമായി കൂടിയാലോചന വഴിയായി അതിർത്തിതർക്ക പരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ തുറക്കാനുള്ള. ഇന്ത്യയുടെ അഭിമാനത്തിനനുഗുണമായ ഏതൊരു പുതിയ മുൻകയ്യിനേയും അവർ എതിർക്കുന്നു. ആയുധശക്തികൊണ്ടല്ലാതെയുള്ള ഏതൊരു പ്രശ്നപരിഹാര മാർഗ്ഗത്തെയും അവർ നിരാകരിക്കുന്നു. ഹിമാലയത്തിനപ്പുറത്തു കിഴക്ക് ബ്രഹ്മപുത്ര ഒഴുകുന്നിടംവരെ ഇന്ത്യൻ അതിർത്തിയെ നീക്കിക്കൊണ്ടു പോകുന്നതിന് ലോഹ്യ ആവശ്യപ്പെടുന്നു.

ഇന്ത്യയിലെ ഈ എല്ലാ സംഭവവികാസങ്ങളുടെയും, സ്ഥിതിഗതികളെ സംബന്ധിച്ചുള്ള യാഥാർത്ഥ്യങ്ങളുടെയും നേരെ ചൈനീസ് നേതൃത്വം കണ്ണടക്കുന്നു.

ഇന്ത്യയിൽ പിന്തിരിപ്പത്തിന് ഒരു വിജയം ലഭിക്കുകയോ അവർക്കെന്തെങ്കിലും നേട്ടമുണ്ടാവുകയോ ചെയ്യുമ്പോൾ ചൈനീസ് നേതൃത്വത്തിൻെറ നാവനങ്ങാൻ തുടങ്ങും. ആ വിജയങ്ങളുടെ പ്രശംസയിൽ അവർ വാചാലരാകുന്നു.

ഇടക്കാല പാർലമെൻറ് തിരഞ്ഞെടുപ്പുകളിൽ മസാനിക്കും കൃപലാനിക്കുമുണ്ടായ വിജയങ്ങളെ, ഗവർമ്മെണ്ടിൻെറ ജനവിരുദ്ധ നയങ്ങൾക്കു ജനകീയ ശക്തികളിൽനിന്നു നേരിട്ട പരാജയമായിട്ടു അവർ അംഗീകരിക്കുന്ന വിധത്തിലാണ് പെക്കിങ്ങ് റേഡിയോ പരാമർശിച്ചതു്. ജനകീയ അസംതൃപ്തിയെ പിന്തിരിപ്പന്മാർ അപകടകരമായ മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിട്ടതായല്ല അവരതിനെ കണ്ടതു്.

1962 ഒക്ടോബർ—നവംബർ മാസങ്ങളിൽ ഇന്ത്യ-ചൈനാ കുഴപ്പം അതിൻെറ മൂർദ്ധന്യദശയിലെത്തിയിരുന്നപ്പോഴത്തെ ഇന്ത്യയിലെ സ്ഥിതി ഓരോരുത്തരും ഓർമ്മിക്കുന്നുണ്ടാകും. ഒരു ഭാഗത്തു്, വളരെ വിപുലമായ പൊതുവായ ഒരൈക്യത്തോടെ ജനങ്ങൾ നാടിൻെറ പ്രതിരോധത്തിന്നായി നെഹ്റുവിൻെറയും ഗവണ്മെൻറിൻെറയും പിന്നിൽ അണിനിരക്കുകയായിരുന്നു. മറുവശത്തു് കമ്മൂണിസ്റ്റ് രാജ്യവുമായുള്ള ഇന്ത്യയുടെ തർക്കത്തിൽ നിന്ന് മുതലെടുത്തുകൊണ്ടു്, ഇന്ത്യൻ കമ്മൂണിസ്റ്റ് പാർട്ടിയേയും ഇന്ത്യയിലെ ടേഡ്‌യൂണിയൻ പ്രസ്ഥാനത്തെയും, മററു പുരോഗമന പ്രസ്ഥാനങ്ങളെയും ആക്രമിക്കാനും നശിപ്പിക്കാനും അവർക്കെതിരായി ജനങ്ങൾക്കിടയിലൊരുതരം ഉന്മാദം ജനിപ്പിക്കാനും, രാജ്യത്തിൻെറ പ്രധാനമന്ത്രി പദത്തിൽനിന്നും നെഹ്റുവിനെ മാററാനും വേണ്ടി അവരുടെ കഴിവിൻെറ പരമാവധി ശ്രമിക്കുകയായിരുന്നു. ഇന്ത്യയിലെ പിന്തിരിപ്പത്തത്തിൻെറ ഏററവും വൃത്തികെട്ട പാശ്ചാത്യാനുകൂലവിഭാഗം· കമ്മൂണിസ്റ്റുകാരെ തെരുവുകളിൽവെച്ചുതന്നെ അപായപ്പെടുത്താനും, സൈനികോദ്യോഗസ്ഥന്മാരെയും വലതുപക്ഷ രാഷ്ട്രീയ പ്രവർത്തകരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഗവർമ്മെണ്ടു സ്ഥാപിക്കാനും ആവശ്യപ്പെടുന്നതിന്ന് ബഹുജന റാലികളെ പ്രേരിപ്പിക്കാൻവരെ ജനറൽകരിയപ്പക്കും, ജനസംഘ സ്വതന്ത്രക്കാർക്കും മററുള്ളവർക്കും ധൈര്യമുണ്ടായി. 1962 നവമ്പർ അവസാനത്തിൽ, വിജയത്തിൻെറ ഒരിഞ്ച് അടുത്തുവരെ എത്തി അവർ·

ഈ സാഹചര്യത്തിൽ 1962 ഒക്ടോബർ 27-ാംതീയതിയിലെ പീപ്പിൾസ് ഡെയിലിയിലെ ലേഖനം ഇന്ത്യൻ സാഹചര്യങ്ങളെ എപ്രകാരമാണ് കണ്ടതു്, ഇന്ത്യൻ ജനങ്ങൾ എന്തു ചെയ്യണമെന്നാണതാവശ്യപ്പെട്ടതു്? അവരുടെ അതേ വാക്കുകൾ തന്നെയാണു താഴെ ചേർക്കുന്നതു്.

ഇന്ത്യൻ ഭരണാധികാരി വർഗ്ഗത്തിൻെറ പിന്തിരിപ്പൻ പ്രചരണത്തിന്ന് ഇന്ത്യയിലെ വളരെയധികം പുരോഗമനവാദികളേയും, രാഷ്ട്രീയ

ബോധമുള്ള തൊഴിലാളികളേയും കൃഷിക്കാരെയും, ബുദ്ധിജീവികളേയും യോഗ്യമാനസരായവരേയും കബളിപ്പിക്കുന്നതിന്ന കഴിഞ്ഞിട്ടില്ല. ഭരണാധികാരി വർഗ്ഗത്തിൻെറ ആക്രമണങ്ങൾക്കു ഇവർ കീഴടങ്ങുകയും ചെയ്തിട്ടില്ല. ഇന്ത്യൻ ജനതയുടെ താല്പര്യത്തിന്നായി, വളരെയധികം ബുദ്ധിമുട്ട നിറഞ്ഞ സാഹചര്യങ്ങളിൽ ക്ലേശലെന്യേ അവർ സമരം ചെയ്യുന്നു. മഹത്തായ ഇന്ത്യാ രാജ്യത്തിൻെറയും ജനങ്ങളുടെയും താൽപര്യങ്ങളെ അവരാണ് യഥാർത്ഥത്തിൽ പ്രതിനിധാനം ചെയ്യുന്നതെന്ന് ചരിത്രം തെളിയിക്കും.

ചിയാങ്ങ് കൈഷേക്കിൻെറ ക്രമിന്താങ്ങ് ഗവർമ്മെണ്ട് സോവിയററ് യൂണിയനെ ആക്രമിച്ചപ്പോൾ 1927-ലുണ്ടായൊരനുഭവം ചൈനീസ് ചരിത്രത്തിൽനിന്നുദ്ധരിച്ചുകൊണ്ട്, അന്ന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി ചിയാങ്ങ് കൈഷേക്കിനെ എതിർത്തമാതിരി നെഹ്റുവിനെ എതിർക്കുവാൻ പ്രസ്തുത ലേഖനം ഇന്ത്യൻ ജനതയെ ഉപദേശിക്കുന്നു.

കൊള്ളാം, 1962 ഒക്ടോബർ-നവമ്പർ മാസങ്ങളിൽ ഗവർമ്മെണ്ടിനെതിരായി ഇന്ത്യയിൽ സംഘടിപ്പിച്ച ഏക "സമരം" കരിയപ്പയും മസാനിയും ചേർന്ന് നേതൃത്വം നൽകിയതായതുകൊണ്ട്. ആ സമയത്തെ ഇന്ത്യൻ പിന്തിരിപ്പത്തത്തിൻെറയും ചൈനീസ് നേതൃത്വത്തിൻെറയും ലക്ഷ്യം ഒന്നുതന്നെയായിരുന്നു. അതായതു നെഹ്റു ഗവർമ്മെൻറിനെ അധികാരഭ്രഷ്ടമാക്കുക. ചൈനീസ് യുക്തിയനുസരിച്ച് ആ സമരം ഇന്ത്യൻ ജനത വിപ്ളവകരമായി അധികാരം പിടിച്ചെടുക്കുന്നിടത്തോളം വരെ എത്തുമായിരുന്നു സാമാന്യബുദ്ധിയുള്ള എല്ലാവരുടെയും അഭിപ്രായത്തിൽ അവർ ഇന്ത്യയിലാകട്ടെ, വിദേശത്താകട്ടെ, അതിൻെറ ഫലം ആംഗ്ലോ-അമേരിക്കൻ ശക്തികളുടെയും അവരുടെ കിങ്കരന്മാരുടെ ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത വിജയമാകുമായിരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടി നയിക്കുന്നതോ, അതല്ലെങ്കിൽ പാർട്ടി പ്രധാനപ്പെട്ട പങ്കു വഹിക്കുന്നതോ ആയ ജനകീയ സമരങ്ങളെ ചൈനീസ് പത്രങ്ങളും റേഡിയോയും പൂർണ്ണമായും അവഗണിക്കുന്നു എന്നവസ്തുത ഈ വൈപരീത്യത്തെ കൂടുതൽ വ്യക്തമാക്കുന്നു. "ഇന്ത്യയിലെ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറയും ഇന്ത്യൻ ജനതയുടെയും വിപ്ലവലക്ഷ്യത്തെ വഞ്ചിക്കുന്നതായി" കണ്ണാടി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ കുററപ്പെടുത്തുന്നു. (പേജ് 1) എന്നാൽ 1963 സെപ്റ്റംബർ 13-ാംതീയതിയിലെ ഡൽഹിയിലെ ഗ്രെയിററ് മാർച്ചിനെക്കുറിച്ചോ പാർട്ടിയും ട്രേഡ് യൂണിയനുകളും കിസാൻ സഭയും സംഘടിപ്പിച്ച കണക്കില്ലാത്ത തൊഴിലാളി കർഷക സമരങ്ങളെക്കുറിച്ചോ പിപ്പിൾസ് ഡയിലിക്കോ ഹോങ്കിക്കോ ഒരക്ഷരവും ഉരിയാടാനില്ല. കേരളത്തിലെ കർഷക സമരങ്ങളെക്കുറിച്ചു ദരിടത്തും പരാമർശിച്ചിട്ടേയില്ല. ഇതിനെല്ലാം മകടംചാർത്തിക്കൊണ്ട് നാം സർവ്വപ്രധാനമായ പങ്കുവഹിച്ച 1963 ഓഗസ്റ്റ് 20-ാംതീയതിയിലെ ബോംബെ ബന്ത് നടപടിയെ നാം വഞ്ചിച്ചതായും അവർ പഴി ചാരിയിരിക്കുന്നു.

അന്ധമായ ഇടതുപക്ഷവാദവും അങ്ങേയററത്തെ വലതുപക്ഷചിന്താഗതിയും ഒരേ തോണിയിൽ തന്നെയാണു നിൽക്കുന്നതു എന്നതു എല്ലാ പുരോഗമന പ്രസ്ഥാനങ്ങളുടെയും പഴയതും അംഗീകൃതവുമായ അനുഭവമാണ്. അന്ധമായ ഇടതുപക്ഷ ആശയഗതി, തീർച്ചയായും ഇതു കാണാൻ വിസമ്മതിക്കുകയും ചെയ്യുന്നു.

ഇതേക്കുറിച്ചെല്ലാം ചൈനീസ് നേതൃത്വത്തോട് ചില ചോദ്യങ്ങൾ ഉന്നയിക്കട്ടെ.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യൻ ജനതയെ വഞ്ചിക്കുകയും അവരെ നെഹ്റുവിനു വിൽക്കുകയും, നെഹ്റു ഇന്ത്യയെ അമേരിക്കയ്ക്കു വിൽക്കുകയും ചെയ്തു എങ്കിൽ, ഇന്ത്യാ-ചൈനാ കുഴപ്പത്തിന്റെ സമയത്ത് അവരുടെ പാർട്ടിആഫീസ് കത്തിച്ചും അവരുടെ സമ്മേളനങ്ങൾ പൊളിച്ചും തെരുവുകളിൽവച്ചവരെ ശാരീരികമായി മർദ്ദിച്ചും അതിലെ അംഗങ്ങളെ ജയിലിലടച്ചും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായ ആക്രമണത്തിനു് ഇന്ത്യാ ഗവർമ്മെണ്ടിനകത്തും പുറത്തുമുള്ള അതേ പഴക്കം ചെന്ന പാശ്ചാത്യാനുകൂലികൾ തന്നെ നേതൃത്വം നൽകിയതു് എങ്ങിനെയാണ് എന്തുകൊണ്ടാണ്.

നെഹ്റുവും കൃഷ്ണമേനവനും അമേരിക്കൻ ഏജൻറന്മാരായിരുന്നെങ്കിൽ, എന്തുകൊണ്ടു് ചൈനീസ് വിരോധികൾ കൃഷ്ണമേനവനെ സ്ഥാനഭ്രഷ്ടനാക്കുകയും നെഹ്റുവിനെ പുറത്താക്കാൻ ആകാശവും ഭൂമിയുമിളക്കുകയും ചെയ്തു.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ പൊതുമേഖല ഉദ്യോഗസ്ഥമേധാവിത്വ മൂലധനത്തെ പ്രതിനിധാനം ചെയ്യുകയും സാമ്രാജ്യത്വത്തിനു കീഴ്പ്പെട്ട വൻ ബിസിനസ്സും ഭൂവുടമകളുമതിലാധിപത്യം വഹിക്കുകയും ചെയ്യുന്നുവെങ്കിൽ എന്തുകൊണ്ടാണ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ ഫെഡറേഷനും മസാനിമാരും ഗായത്രി ദേവികളും അതിന്നെതിരായി ഓരിയിടുകയും അവ വേണ്ടെന്നുവക്കണമെന്നാവശ്യപ്പെടുകയുംചെയ്യുന്നതു്.

ഇന്ത്യൽ പൊതുമേഖലയുമായി സ്നേഹത്തിലാണ് വിദേശ മൂലധനമെങ്കിൽ പിന്നെ എന്തിനാണ് വിദേശ എണ്ണ കുത്തകകളും അവരുടെ ഇന്ത്യൻ കൂട്ടാളികളും ചേർന്ന് എണ്ണ വകുപ്പുമന്ത്രി സ്ഥാനത്തുനിന്ന് മാളവ്യയെ തള്ളി പുറത്താക്കിയതു്.

ഇന്ത്യയിൽ പ്രവർത്തിക്കുന്ന സാമ്പത്തിക രാഷ്ട്രീയ ശക്തികളെക്കുറിച്ചുള്ള ചൈനീസ് വിശകലനത്തിനു് ഈ ചോദ്യങ്ങൾക്കും ഇതുപോലുള്ള മററു ചോദ്യങ്ങൾക്കും മറുപടി പറയാൻ കഴിയില്ല.

ഒരാൾ ദേശീയ ബൂർഷ്വാസിയെ അതിന്റെ എല്ലാ ചാഞ്ചാട്ടങ്ങളോടും സന്ധിമനസ്ഥിതിയോടും, സാമ്രാജ്യത്വത്തിനും കുത്തകകൾക്കും ഫ്യൂഡൽ പിന്തിരിപ്പത്തത്തിനും അനുകൂലമായ ജനവിരുദ്ധ നയങ്ങളോടും തുല്യമായി പരിഗണിക്കുമ്പോൾ യഥാർത്ഥ ജീവിതത്തിന്റെ ഈ ചോദ്യങ്ങൾക്കു് മറുപടി പറയാൻ കഴിയാതെ വരുന്നു. ഇത്തരമൊരു സാത്മീകരണത്തെ സംബന്ധിച്ചിടത്തോളം ഏററവും ചീത്തയായ കാര്യം എന്താണെന്നുവച്ചാൽ, അതു് സാമ്രാജ്യത്വത്തിനും പിന്തിരിപ്പത്തത്തിനും എതിരായി എല്ലാ പുരോഗമന ജനാധിപത്യ ദേശീയ ശക്തികളെയും യോജിപ്പിക്കുന്നതിനു പകരം, പുരോഗതിക്കെതിരായി അറിഞ്ഞോ അറിയാതെയോ സാമ്രാജ്യത്വത്തെയും പിന്തിരിപ്പത്തത്തെയും സഹായിക്കുവാൻ ഒരാളെ ബാദ്ധ്യസ്ഥനാക്കുന്നു. വിപ്ലവ വചനങ്ങൾ എത്രതന്നെ ഉരുവിടുന്നതിനും ഇത്തരമൊരു വിധിയിൽനിന്നുമൊരാളെ രക്ഷിക്കാൻ കഴിയില്ല.

നിശ്ചയമായും ഇക്കാരണത്താൽ നെഹ്റുവിനെയും ഇന്ത്യാഗവർമ്മെൻറിനെയും ആവശ്യമുള്ള സമയത്തു വിമർശിക്കുവാൻ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി സംശയിച്ചിട്ടില്ലെങ്കിലും ഇന്ത്യാ-ചൈനാ പ്രശ്നത്തിന്റെ കാര്യത്തിൽ സാമ്രാജ്യത്വത്തിന്നും പിന്തിരിപ്പത്തത്തിനും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിന്റെയും ജനങ്ങളെ ഉപദ്രവിക്കുന്നതിന്റേതുമായ അതിന്റെ മററു നയങ്ങളെക്കുറിച്ച് എന്താണു പറയാനുള്ളതു്. ഗവ

ണ്മെൻറിൻെറ ജനവിരുദ്ധ നയങ്ങൾക്കെതിരായുള്ള ജനകീയ സമരങ്ങളെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഉറച്ചു നിന്ന് നയിച്ചിട്ടുണ്ടെങ്കിലും, ഇന്ത്യാ ചൈന അതിർത്തി തർക്കം നെഹ്റുവിൻെറ, ചൈനയുടെ നേക്കുള്ള വികസന നയത്തിൻെറ ഫലമായിട്ടാണുണ്ടായിട്ടുള്ളതെന്ന ചൈനീസ് തീസിസ് സ്വീകരിക്കാൻ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിയില്ല, "അമേരിക്കൻ സാമ്രാജ്യത്വത്തെ പ്രീണിപ്പിച്ച് കൂട്ടതലമേരിക്കൻ ഡോളർ നേടാനായി" നെഹ്റു അതിർത്തി തർക്കം കുത്തിപ്പൊക്കിയുണ്ടാക്കി എന്നതു ഞങ്ങൾക്കു സ്വീകരിക്കാൻ കഴിയില്ല, നെഹ്റു ഗവണ്മെൻറിൻെറ വിദേശനയം—പ്രത്യേകിച്ചും ചൈനയുടെ നേരെയുള്ള അതിൻെറ നയം നിർണ്ണയിന്നത് അമേരിക്കൻ സഹായമാണെന്ന്" ഞങ്ങൾ ക്കംഗീകരിക്കാൻ കഴിയില്ല. യുക്തിവാദത്തിൽ ഇതിന്ന പറയുന്നതു വാദിച്ചു വാദിച്ച് അസംബന്ധങ്ങൾ പുലമ്പുക എന്നാണ്.

1960 സെപ്തംബർ 7-ാംതീയതി നമ്മുടെ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മററി അംഗീകരിച്ച "സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുമുമ്പിലുള്ള ചില പ്രശ്നങ്ങൾ" എന്ന പ്രമേയം, "സമാധാന മേഖല നിർമ്മിക്കുന്നതിൽ ഇന്ത്യാ റിപ്പബ്ളിക്കു നൽകിയ പരിഗണനനീയമായ സംഭാവനകൾ" സൂചിപ്പിക്കുകയും, പാർട്ടിയുടെ പാലക്കാട്ട്. അമൃതസർ കോൺഗ്രസ്സുകളിൽ ഇന്ത്യയുടെ വിദേശ നയത്തെക്കുറിച്ചു നടത്തിയ ഗുണാത്മകമായ വിലയിരുത്തലുകളെ പരാമർശിക്കുകയും ചെയ്തശേഷം, ഇന്ത്യൻ വിദേശ നയത്തെക്കുറിച്ച് "അതു് സ്വതന്ത്രമായൊരു വിദേശനയമാണ്, സമാധാനത്തിനനുകൂലവും കോളണി മേധാവിത്വത്തെ എതിർക്കുന്നതും സാമ്രാജ്യത്വവിരുദ്ധവുമായ ഒരു നയമാണതു്" എന്ന് ആവർത്തിച്ചു പ്രഖ്യാപിക്കുന്നു:

ഇതിലുമുപരിയായി, അതേ പ്രമേയം തന്നെ. "ഈ അടിസ്ഥാനപരമായ വിലയിരുത്തലായിരിക്കണം ഇന്ത്യയുടെനേരെയുള്ള എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും സമീപനത്തെ നിർണ്ണയിക്കേണ്ടതു" എന്ന് ഉറപ്പിച്ചു പറഞ്ഞശേഷം ഈവിധമല്ല ചൈനീസ് നേതാക്കന്മാർ പ്രശ്നത്തെ സമീപിച്ചതെന്ന അസന്നിഗ്ദ്ധമായി പറഞ്ഞിരിക്കുന്നു. ഇന്ത്യൻ സ്ഥിതിഗതികളെക്കുറിച്ച് അടിസ്ഥാന പരമായി തെററായ ഒരു വിലയിരുത്തൽ അവർ നടത്തിയിരിക്കുന്നു.

വാസ്തവത്തിൽ കുറേക്കൂടി മുന്നോട്ടു പോയിക്കൊണ്ട് ഇന്ത്യയുടെ നേരെയുള്ള ചൈനീസ് നയത്തിന്റെ ദൂഷ്യഫലങ്ങളെന്തെല്ലാമാണ് പ്രസ്തുത പ്രമേയം എണ്ണിയെണ്ണി പറയുന്നു. രണ്ടു കൊല്ലത്തിന്നു ശേഷം ഇന്ത്യയുടെ മേലുള്ള ചൈനയുടെ വമ്പിച്ച ആക്രമണത്തിന്നു വളരെമുമ്പ്, 1960-ൽതന്നെ ഈ ദൂഷ്യഫലങ്ങൾ പ്രകടമായിക്കഴിഞ്ഞിരുന്നു.

എന്തെല്ലാമാണീ ഫലങ്ങൾ? പ്രമേയത്തിൽനിന്നും ഞങ്ങളുദ്ധരിക്കുന്നു·

(1) ചൈനയുടെ നേരെയുണ്ടായിരുന്ന സൌഹൃദ പൂർണ്ണമായ ബഹുജനവികാരത്തെ നശിപ്പിക്കുകയും അതിൻെറ സ്ഥാനത്ത് ജനങ്ങളിൽ വലിയൊരു വിഭാഗത്തിൻെറ ഇടയിൽ സംശയത്തിൻെറയും വിരോധത്തിൻെറതുമായ വികാരത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു.

(2) ബഹുജനശ്രദ്ധയെ തിരിച്ചു വിടുന്നതിന്നും, ജനങ്ങളുടെ സമരങ്ങളെ പൊളിക്കാനും അവരുടെ മനസ്സിനെ കുഴക്കാനുമുള്ള ഒരായുധം ഭരണാധികാരികൾക്ക് അതു നൽകി.

(3) ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് ജനാധിപത്യപ്രസ്ഥാനങ്ങൾക്കൊരു പ്രഹരമായിരുന്നു അതു്.

(4) ഗവണ്മെൻറിനകത്തെ വലതുപക്ഷവിഭാഗങ്ങളെ കൂടുതൽ ശക്തരാക്കുന്നതിനും മധ്യവർത്തികളെ ധൈര്യഹീനരാക്കാനും അതു കാരണമായി,

(5) എല്ലാ രംഗങ്ങളിലും അങ്ങേയററത്തെ വലതുപക്ഷക്കാരെ അതു ശക്തിപ്പെടുത്തി,

1960-ലെ 81 പാർട്ടികളുടെ കോൺഫ്രൻസിലെ തൻെറ പ്രസംഗത്തിൽ ഇന്ത്യാ ചൈന അതിർത്തി തർക്കത്തെക്കുറിച്ചു സഖാവ് അജയഘോഷിനു് ദീർഘമായി സംസാരിക്കേണ്ടിവന്നു. ആ പ്രസംഗത്തിൽ തർക്കത്തെക്കുറിച്ചു് അദ്ദേഹം വിശദമായി പ്രതിപാദിച്ചു. വളരെയധികം നിയന്ത്രണം പാലിച്ചിരുന്നതും, വാസ്തവത്തിൽ, വളരെ സൌമ്യമായ പദപ്രയോഗത്തോടുകൂടിയതും അനുനയിപ്പിക്കും വിധമുള്ളതുമായിരുന്നു ആ പ്രസംഗം. 1959-ൽ ടിബററിലുണ്ടായ സംഭവവികാസങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ ഭാഗത്തുനിന്നുണ്ടായ തെററുകളെ ചൂണ്ടിക്കാണിക്കുന്നതിനു് അദ്ദേഹം സംശയിച്ചതുമില്ല. ഇന്ത്യൻ പിന്തിരിപ്പത്തിൻെറ കടിലോദ്ദേശങ്ങൾക്കു് അദ്ദേഹം ഊന്നൽ കൊടുക്കുകയും ചെയ്തു അതേ സമയം തന്നെ 1960-ലെ നമ്മുടെ കേന്ദ്രഎക്സിക്യൂട്ടീവ് കമ്മിററിയുടെ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ, ഇന്ത്യൻ സ്ഥിതിഗതികളെക്കുറിച്ചുള്ള ചൈനീസ് "കാഴ്ചപ്പാടു്" അടിസ്ഥാനപരമായി തെററാണെന്നും അതിർത്തി പ്രശ്നത്തിൻെറ കാര്യത്തിലുള്ള അവരുടെ നയവും, നടപടികളും ഒരു സോഷ്യലിസ്റ്റ് രാജ്യം കൈക്കൊള്ളേണ്ടവിധമുള്ളതല്ലെന്നും അദ്ദേഹം വ്യക്തമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. കത്തുകൾ വഴിയായും നേരിട്ടും അവരുടെ തെററുകളെക്കുറിച്ചു് ചൈനീസ് നേതൃത്വത്തോടു് എത്രയധികം പ്രാവശ്യം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വിശദീകരിച്ചിട്ടുണ്ടെന്ന കാര്യം തുടർന്നദ്ദേഹം വ്യക്തമാക്കി. എന്നാൽ അവരതിന്നു ചെവികൊടുക്കുകയുണ്ടായില്ല. ലോക കമ്മ്യൂണിസ്റ്റ് സമ്മേളന വേദിയിൽനിന്നുകൊണ്ടു് ഇന്ത്യയെ സംബന്ധിച്ചുള്ള അവരുടെ ധാരണകളിലും നയത്തിലും മാററം വരുത്താൻ അവസാനമായി അദ്ദേഹം ചൈനീസ് നേതൃത്വത്തോടു് അഭ്യർത്ഥിച്ചു.

"ഇന്ത്യ ചൈനയുടെ നേരെ വികസന മോഹത്തോടുകൂടിയൊരു നയം കൈക്കൊള്ളുന്നു' എന്ന ചൈനീസ് സിദ്ധാന്തം തെററെന്നു് വ്യക്തമാക്കുന്നതിന്നും കണക്കില്ലാത്തത്ര സന്ദർഭങ്ങളിൽ അവരുടെ സിദ്ധാന്തത്തിന്നെതിരായ വസ്തുതകളും വാദഗതികളും അവരുടെ മുൻപിൽ നിരത്തിയിട്ടും എത്ര പിടിവാശിയോടെയാണ് ചൈനീസ് നേതാക്കൾ അവരുടെ സിദ്ധാന്തത്തിൽ പിടിച്ചുനിൽക്കുന്നതെന്നു് വെളിപ്പെടുത്താനും ഇതെല്ലാം ആവർത്തിക്കേണ്ടിയിരിക്കുന്നു.

അതുകൊണ്ടാണ് 1962 സെപ്റ്റമ്പറിലും നവമ്പറിനുമിടയിൽ ഇന്ത്യയുടെ മേലൊരു വമ്പിച്ച സൈനികാക്രമണം നടത്തുന്നതിൽ പര്യവസാനിച്ച ഒരു നയത്തെക്കുറിച്ചും, ചൈനയുടെ തുറന്ന ആക്രമണത്തിന്നെതിരായി മാതൃഭൂമിയെ സംരക്ഷിക്കുന്നതിനുവേണ്ടി യോജിക്കാനായി എല്ലാ ജനങ്ങളോടുമാഹ്വാനം ചെയ്യുന്ന പ്രമേയം നമ്മുടെ ദേശീയ കൌൺസിൽ അംഗീകരിച്ചതിനെക്കുറിച്ചും, മനസ്സിലാക്കാൻ മററു കാരണങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നതു 1962 നവംബർ 2-ാംതീയതിയിലെ പ്രമേയത്തിൻെറ ആദ്യഭാഗത്തു ഇങ്ങനെ പറയുന്നു:

ഇന്നത്തെ ദേശീയ അടിയന്തിരാവസ്ഥയുടെ ഗുരുതരമായ കാലഘട്ടത്തിൽ ഡൽഹിയിൽ സമ്മേളിക്കുന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയ കൌൺസിൽ, ചൈനീസ് ആക്രമണത്തിന്നെതിരായി മാതൃഭൂമി

യുടെ പ്രതിരോധത്തിനായി ഐക്യം കെട്ടിപ്പടുക്കാൻ ഇന്ത്യൻ ജനതയുടെ എല്ലാ വിഭാഗങ്ങളോടുമഭ്യർത്ഥിക്കുന്നു. നാടിന്റെ പ്രതിരോധത്തിന്നായി ദേശീയ ഐക്യം കെട്ടിപ്പടുക്കുന്നതിനു് പ്രധാനമന്ത്രി പുറപ്പെടുവിച്ചിരിക്കുന്ന ഉത്തേജപൂർണ്ണമായ ആഹ്വാനത്തിനു പിറകിലണിനിരന്നിരിക്കുന്ന എല്ലാ രാജ്യസ്നേഹികളായ ജനങ്ങളുടെയും കൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി ചേരുന്നു.

അവരുടെ അതിർത്തികളുടെ നേരെയുള്ള ചൈനീസ് നേതാക്കന്മാരുടെ സമീപനം മുഴുവൻ തന്നെയും അടിസ്ഥാനപരമായും തെററായതും മൂഢമായ ദേശാഭിമാന പ്രചോദിതവുമാണെന്നു് സന്ദേഹലേശമെന്യെ പറയേണ്ടിയിരിക്കുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങൾ അയൽ രാജ്യങ്ങളുമായുള്ള അതിർത്തി പ്രശ്നങ്ങളുടെ കാര്യത്തിൽ കൈക്കൊള്ളേണ്ടുന്ന സമീപനം താത്വികമായും പ്രായോഗികമായും എന്തായിരിക്കണമെന്നതിനെക്കുറിച്ചുള്ള ഏററവും വ്യക്തമായ വിശദീകരണം ലെനിൻ നൽകിയിട്ടുണ്ട്. എസ്റ്റോണിയയുമായുള്ള റഷ്യൻ സമാധാന സന്ധിയുടെ വിശദീകരണത്തിലാണു് അദ്ദേഹമിതു ചെയ്തിട്ടുള്ളതു്. വാസ്തവത്തിൽ, റഷ്യയോടു ചേർന്നുകിടക്കുന്നതും റഷ്യൻ ഭാഷ സംസാരിക്കുന്നതുമായൊരു പ്രദേശം ഈ കരാറുവഴിയായി എസ്റ്റോണിയക്കു നൽകപ്പെട്ടു എന്ന കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. അന്നത്തെ എസ്റ്റോണിയൻ ഗവണ്മെൻറാണെങ്കിലോ, അതൊരു സൈനിക—ഫാസിസ്റ്റ്—ഏകാധിപത്യമായിരുന്നു; റഷ്യയോടു പരസ്യമായി തന്നെ ശത്രുതയിലാണതുവർത്തിച്ചിരുന്നതു താനും. പ്രസ്തുത സന്ധിയെക്കുറിച്ചുള്ള വിശദീകരണത്തിൽ ലെനിൻ എഴുതി,

> സമാധാന സന്ധിയിലെ നിബന്ധനകൾ അതിർത്തിപരമായ വിട്ടുവീഴ്ചകൾ പലതും ചെയ്യാൻ നമ്മെ ബാദ്ധ്യസ്ഥരാക്കുന്നു. ദേശങ്ങളുടെ സ്വയം നിർണ്ണയാവകാശതത്വം വിട്ടുവീഴ്ചയില്ലാതെ പാലിക്കുന്നതിനോടു് ഇതു പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല. അതിർത്തികളുടെ പ്രശ്നത്തിനു് നമ്മെ സംബന്ധിച്ചിടത്തോളം രണ്ടാമത്തെ പ്രാധാന്യം മാത്രമേയുള്ളു എന്നു് അതു തെളിയിക്കുന്നു. സമാധാനപരമായ ബന്ധങ്ങളുടേയും, ഓരോ നാടിന്റെയും വികാസത്തെയും അവിടത്തെ ജീവിതസാഹചര്യങ്ങളെയും വീക്ഷിക്കുന്നതിലുള്ള നമ്മുടെ കഴിവിന്റെയും പ്രശ്നം വെറുമൊരു താത്വിക പ്രശ്നം മാത്രമല്ല. നമ്മോടു ശത്രുതയിൽ വർത്തിക്കുന്ന നാടുകളുടെ വിശ്വാസം നേടുന്നതിൽ നാം വിജയം വരിച്ചതിന്റെ കൂടി കാര്യമാണു് പ്രസ്തുത സമാധാന സന്ധി എന്നു് അതു തെളിയിക്കുന്നു. (സമാധാനത്തെക്കുറിച്ചുള്ള റിപ്പോർട്ട് പേജ് 118)

ഇന്ത്യാ-ചൈനാ അതിർത്തി സംഘട്ടനം ചൈനീസ് നേതാക്കളുടെ ദൃഷ്ടിയിൽ നെഹ്റു ഗവർമ്മെണ്ടിന്റെ "ശത്രു" മനോഭാവത്തിൽ നിന്നുണ്ടായിട്ടുള്ളതായാലും ശരി അതല്ലെങ്കിൽ "സ്വയം നിർണ്ണയാവകാശസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലുള്ള അവരുടെ ചരിത്രപരമായ അവകാശ"മായാലും ശരി, അതുമല്ലെങ്കിൽ ഒരു പക്ഷെ ഇന്ത്യൻ ജനതയുടെ വിപ്ളവത്തെ "ഉത്തേജിപ്പി"ക്കാൻ അവരാഗ്രഹിച്ചിട്ടായാലും ശരി, ഇതിലോരോ ഉദ്ദേശത്തിന്റെ പേരിലായാലും എല്ലാ ഉദ്ദേശങ്ങളുടേയുമടിസ്ഥാനത്തിലായാലും അവരുടെ അതിർത്തി നയം തെററാണെന്നതിനു് ഏററവും വ്യക്തമായ വിധി ഇവിടെ ലഭിക്കുന്നു. ഇന്ത്യയുമായുള്ള അഭിപ്രായ വ്യത്യാസങ്ങൾ സായുധമായ ഏററുമുട്ടലോളം എത്തിച്ചതിനു് യാതൊരു പരിഹാരവുമില്ല. ലെനിന്റെ അഭിപ്രായമനുസരിച്ചു് പരമപ്രധാനമായി പരിഗണി

ക്കേണ്ടതു് ഇന്ത്യയുടെ "വിശ്വാസമാർജ്ജിക്കുന്നതിനായി" ഇന്ത്യയുമായി "സമാധാനപരമായ ബന്ധങ്ങൾ" പരിരക്ഷിക്കുന്നതിലായിരുന്നു. അയൽരാജ്യം "ശത്രുത"യിലായാൽ പോലും ഇത്തരമൊരു നയമാണ് ലെനിൻ ആവശ്യപ്പെട്ടതു. ഇന്ത്യയുടെ കാര്യത്തിലാണെങ്കിൽ, സമാധാനമാഗ്രഹിക്കുന്ന ഒരു സുഹൃദ്‌രാജ്യവുമായായിരുന്നു ചൈന ഇടപെട്ടിരുന്നതു്. ചൈനയുമായുള്ള ഏതൊരു രാജ്യത്തിന്റെ സൌഹൃദത്തിന്റെ അഭാവത്തിൽ ആഫ്രോ—ഏഷ്യൻ ഐക്യവും സൌഹൃദവും നിലംപതിക്കുമോ, ആ രാജ്യവുമായിട്ടായിരുന്നു ചൈന ഇടപഴകിയിരുന്നതു്.

ആധുനിക ശാസ്ത്രവും സാങ്കേതിക വിദ്യയും ഉഗ്രമായ വളർച്ചയിലെത്തിയിരിക്കുകയാണിന്നു്: ഗതാഗതത്തിന്റെ വേഗതയിലും വലിയ പുരോഗതിയാണുണ്ടായിട്ടുള്ളതു്. വിവിധ രാജ്യങ്ങളിലെ സാമ്രാജ്യവാദികളും പിന്തിരിപ്പന്മാരും അവരുടെ ശീതയുദ്ധനയങ്ങൾക്കനുസൃതമായി, എല്ലായ്പ്പോഴും കലങ്ങിയ വെള്ളത്തിൽനിന്നു് മീൻ പിടിക്കാൻ ശ്രമിക്കുന്നു. ലോകം അതിന്റെ വലിപ്പത്തിൽ ഒന്നു ചുരുങ്ങുകയും പ്രാദേശീയമായ അതൃത്തിസംഘട്ടനങ്ങൾ ഒരു ലോകയുദ്ധ പൊട്ടിത്തെറിയായി പടരുന്നതിന്റെ അപകടം വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ അതൃത്തി സംഘട്ടനങ്ങളുടെ പൊട്ടിത്തെറി സ്വഭാവം നിരവധി മടങ്ങു് വർദ്ധിച്ചിരിക്കുന്നു. ഭൂപരവും അതൃത്തി സംബന്ധവുമായ സംഘട്ടനങ്ങൾ ഒരു ലോകപ്രശ്നമായിരിക്കുന്നു. ഇയ്യ പ്രശ്നങ്ങളുടെ ന്യായമായ പരിഹാരത്തിന്നു്, അവയുടെ സാമൂഹ്യ വ്യവസ്ഥകൾ എന്തുതന്നെയുമാകട്ടെ, ലോകത്തുള്ള എല്ലാ രാജ്യങ്ങളും ചില തത്വങ്ങളും പ്രവർത്തന രീതികളും സ്വീകരിക്കുക എന്നതു ഏററവും അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നു. ഈ തത്വങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടു് സമാധാനപരമായ കൂടിയാലോചനകൾ വഴിയായി തർക്കങ്ങൾക്കു പരിഹാരം കാണുന്നില്ലെങ്കിൽ ഈ തർക്കങ്ങൾ ഒരു വൻയുദ്ധത്തിന്റെ ഭീഷണി ഉയർത്തുകയായിരിക്കും ചെയ്യുന്നതു്.

ഈ സ്ഥിതിഗതികൾ മനസ്സിൽ വച്ചുകൊണ്ടു് സോവ്യററു് പ്രധാനമന്ത്രി എന്ന നിലക്കു് സഖാവു് ക്രൂഷ്ചോവു് 1963 ഡിസംബർ 31-ാം തീയതി എല്ലാ രാഷ്ട്രതലവന്മാർക്കും ഒരു സന്ദേശമയക്കുകയുണ്ടായി. ഭൂപരവും അതൃത്തി സംബന്ധവുമായ തർക്കങ്ങൾ പരിഹരിക്കുന്നതിനു് ബലംപ്രയോഗിക്കുന്നതിനെ എല്ലാ ഗവർമ്മെണ്ടുകളും ആക്ഷേപിക്കുന്നതിനുള്ളൊരു സാർവ്വദേശീയ സഖ്യത്തിലൊപ്പുവെക്കാനുള്ള നിർദ്ദേശവും പ്രസ്തുത സന്ദേശത്തിലുൾപ്പെടുത്തിയിരുന്നു. അണുയുഗത്തിൽ അതൃത്തി സംബന്ധവും ഭൂപരവുമായ തർക്കങ്ങൾ പരിഹരിക്കുന്നതിനായി സമാധാനത്തിന്റെയും സമാധാനപരമായ സഹവർത്തിത്വത്തിന്റേതുമായ ലെനിന്റെ നയം നടപ്പിലാക്കുന്നതിന്റെ മാതൃകയാണ് പ്രസ്തുത സന്ദേശം.

സന്ദേശം അതിന്റെ തുടക്കത്തിൽ തന്നെ, ദേശീയ വിമോചനസമരങ്ങളെയും, അതൃത്തി സംബന്ധവും ഭൂപരവുമായ തർക്കങ്ങളെയും വ്യക്തമായും വേർതിരിച്ചു കാട്ടുന്നു. സാമ്രാജ്യവാദികൾക്കു് അവർ ഭരിക്കുന്ന നാട്ടുകളിൽനിന്നു് ഒഴിഞ്ഞുപോകേണ്ടിവരുമെന്നു് അതിൽ പറയുന്നു. അവരങ്ങിനെ ഒഴിഞ്ഞു പൊകുന്നില്ലെങ്കിൽ അവിടങ്ങളിലെ ജനങ്ങൾക്കു് അവരുടെ സ്വാതന്ത്ര്യത്തിനായി അവർ തീരുമാനിക്കുന്ന പ്രകാരം സമാധാനപരമായൊ അല്ലാതെയൊ, സമരം ചെയ്യുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്. ഗോവാ, തെയ്‌വാൻ തുടങ്ങിയുള്ള പ്രശ്നങ്ങളെ ദേശീയ വിമോചനത്തിന്റെ ഭാഗമാണ് കണക്കാക്കുന്നതു, ഭൂപരമായ തർക്കങ്ങൾ എന്ന നിലയ്ക്കല്ല അവയെ ഉൾപ്പെടുത്തിയിട്ടുള്ളതു്.

ഭൂപരവും അതൃത്തിസംബന്ധവുമായ തർക്കങ്ങൾ മാത്രം, മറെറന്തിനെക്കാളും കൂടുതലായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അപകടകര,

മായ സംഘർഷങ്ങൾക്കു കാരണമാകുമെന്ന് സന്ദേശത്തിൽ പറയുന്നു. തർക്കങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുള്ള ഗവർമ്മെണ്ടുകൾ മാത്രമല്ല, ലോകശക്തികളും ഈ സംഘർഷങ്ങളിൽ പങ്കാളികളാകുന്നു.

ഇതിലുപരിയായി, ഭൂപരവും അതൃത്തി സംബന്ധവുമായ അവകാശവാദങ്ങൾ ന്യായീകരിക്കാനായി ചരിത്രം, നരവംശശാസ്ത്രം, രക്തബന്ധങ്ങൾ, മതം എന്നിവയുമായി ബന്ധപ്പെട്ട വാദങ്ങളും പരിഗണനകളും മുന്നോട്ടുവയ്ക്കുന്നു. ഇതു വികാരങ്ങളെ ആളിക്കത്തിക്കുകയും പരസ്പരശത്രുത രൂക്ഷതരമാക്കുകയും ചെയ്യുന്നു. ഇത്തരം അവകാശ വാദങ്ങളെ സംബന്ധിച്ചിടത്തോളം ആരാണു ശരി ആരുടെ ഭാഗത്താണു തെററ്, ആരുടെ നിലപാടാണു ന്യായീകരിക്കാവുന്നത്, ആരുടേത് അല്ല, എന്നു തീരുമാനിക്കുക വളരെ ബുദ്ധിമുട്ടാണ്. എന്തുകൊണ്ടെന്നാൽ നിലവിലുള്ള അതൃത്തികൾ രൂപംകൊണ്ടിട്ടുള്ളതു നിരവധിഘടകങ്ങളുടെ സ്വാധീനത്തോടെയാണ്. തർക്കത്തിലേർപ്പെട്ടിരിക്കുന്ന ഗവർമ്മെണ്ടുകൾ ഹാജരാക്കുന്ന തെളിവുകളുടെയും എതിർ തെളിവുകളുടെയും സങ്കീർണ്ണതയിൽനിന്നും ശരിയേതെന്നു കണ്ടുപിടിക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.

പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അതൃത്തി തർക്കങ്ങൾ പ്രത്യേകിച്ചും ദോഷകരമാണ്. നൂററാണ്ടുകളോളമായി നിലനിന്നിരുന്ന കൊളോണിയൽ ചൂഷണത്തിന്റെ ഫലമായി പരമദാരിദ്ര്യത്തിലാണ്ടുപോയവയാണീ നാടുകൾ. അവയുടെ ഏററവുമടിയന്തിരമായ ആവശ്യം വ്യവസായങ്ങൾ സ്ഥാപിക്കുകയും കാർഷികരംഗത്ത് പുരോഗതി കൈവരിക്കുകയും ജനങ്ങളുടെ ജീവിതനിലവാരമുയർത്തുകയുമാണ്. തർക്കങ്ങളുടെ ഫലമായി ഇതിനെല്ലാമാവശ്യമായ ദേശീയ സമ്പത്ത് പ്രതിരോധാവശ്യങ്ങളിലേക്കു തിരിച്ചുവിടേണ്ടിവരുന്നു.

സഖാവ് ക്രൂഷ്ചേവ് തുടർന്നിങ്ങിനെ പറയുന്നു. "നിലവിലുള്ള ഗവർമ്മെണ്ടുകൾ തമ്മിലുള്ള ഭൂപരമായ തർക്കങ്ങളെ, ഒത്തുതീർപ്പിലെത്തിയിട്ടില്ലാത്ത അതൃത്തി പ്രശ്നങ്ങളോ, സായുധശക്തി ഉപയോഗിക്കുന്നതിനെ ന്യായീകരിക്കുന്ന ഒരു സ്ഥിതി നമ്മുടെ കാലഘട്ടത്തിൽ ഉണ്ടായിക്കൂടാ എന്ന കാര്യം പൂർണ്ണമായും വ്യക്തമാക്കുന്നതിന്ന് ഏതു വാക്കാണുപയോഗിക്കേണ്ടതെന്ന് എനിക്കു വാസ്തവത്തിലറിഞ്ഞുകൂടാ. അരുത്, ഒരിക്കലുമതനുവദിച്ചുകൂടാ, സംഗതികൾ ആ വിധം രൂപം കൊള്ളുന്നതിന്റെ സാദ്ധ്യതകളെ ഒഴിവാക്കാനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യേണ്ടതുണ്ട്."

"ചില രാജ്യങ്ങൾക്കു അവരുടെ അവകാശവാദങ്ങളെ ന്യായീകരിക്കാനുള്ള കാരണങ്ങളുണ്ടെന്ന" കാര്യം സഖാവ് ക്രൂഷ്ചേവ് നിരാകരിക്കുന്നില്ല. എന്നാൽ തർക്കത്തിലേർപ്പെടുന്ന ഗവർമ്മെണ്ടുകൾ "ഒരൊത്തുതീർപ്പിലെത്തുന്നതിനുവേണ്ടി സ്ഥിതിഗതികൾ ശരിക്കും പരിശോധിക്കേണ്ടതുണ്ടെന്നു" അദ്ദേഹം ഊന്നിപ്പറയുന്നു. "ഭൂപരമായ തർക്കങ്ങൾ സമാധാനമാർഗ്ഗങ്ങളിലൂടെ പരിഹരിക്കുന്നതിനുള്ള സാദ്ധ്യത അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ടെന്നു" അദ്ദേഹം പറയുന്നു.

അതിർത്തി തർക്കങ്ങളിൽ ബലപ്രയോഗം നടത്തുന്നതിനെ സാർവ്വദേശീയമായി തന്നെ അവസാനിപ്പിക്കുക എന്ന പ്രശ്നത്തെ പ്രായോഗികതയോടെ സമീപിക്കാനും പരിഹാരം കാണാനും കഴിയുന്നൊരു സ്ഥിതി വിശേഷം ഇന്നുണ്ട്."

ഭൂപരവും അതൃത്തി സംബന്ധിച്ചുമുള്ള തർക്കങ്ങളുടെ സമാധാനപരമായ പരിഹാരത്തിന്ന് വിപുലമായ നടപടി ക്രമങ്ങൾ അദ്ദേഹം നിർദ്ദേശിക്കുന്നു. ഉദാഹരണത്തിനു, നേരിട്ടുള്ള കൂടിയാലോചന, മൂന്നാമതൊരു കക്ഷിയുടെ നല്ല ബന്ധങ്ങളെ ഉപയോഗപ്പെടുത്തുക, സാർവ്വദേശീയ സംഘട

നകളുടെ സഹായം, തുടങ്ങിയ മാറ്റങ്ങളെ എടുക്കാം. "ഇന്നത്തെ നിലയിൽ ഐക്യരാഷ്ട്ര സഭയെ ഒരു മാതൃകാ ഉപകരണമെന്ന നിലക്ക് കണക്കാക്കുവാൻ എനിക്കു കഴിയില്ലെങ്കിലും, വസ്തുനിഷ്ഠമായൊരു സമീപനം അതു കൈക്കൊള്ളുന്നു എങ്കിൽ" ഇക്കാര്യത്തിൽ സംഭാവന നൽകുവാൻ ഐക്യരാഷ്ട്ര സഭക്കു കഴിയുന്നതാണ്.

ലോകത്തെ എല്ലാ ഗവർമ്മെണ്ടുകളും സ്വീകരിക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളാണ് കരാറിൽ തുടർന്നു പറയുന്നതും അവ താഴെ ചേർക്കുന്നവയാണ്.

"ഒന്നാമതായി, നിലവിലുള്ള അതൃത്തികൾ മാററുന്നതിനായി ബലം പ്രയോഗിക്കുകയില്ല എന്ന പാവനമായൊരു തീരുമാനം കരാറിലൊപ്പുവച്ചിട്ടുള്ള എല്ലാ ശക്തികളും കൈക്കൊള്ളുക;

രണ്ടാമതായി, രാഷ്ട്രീയമോ, സാമ്പത്തികമോ, തന്ത്രപരമോ, അതൃത്തിസംബന്ധമോ അതല്ലെങ്കിൽ മററുവിധത്തിലൊ ഉള്ള പരിഗണനകൾ വച്ചുകൊണ്ട്, ഒരു രാജ്യത്തിൻെറ ഭൂപ്രദേശം താൽക്കാലികമായി പോലും മററു രാജ്യങ്ങളുടെ ആക്രമണത്തിനൊ, കയ്യേററത്തിനൊ പട്ടാളാധിപത്യത്തിനൊ, അതല്ലെങ്കിൽ മറെറതെങ്കിലും വിധത്തിലുള്ള, നേരിട്ടുള്ളതോ അല്ലാത്തതോ ആയ ബലപ്രയോഗത്തിനൊ ശരവ്യമാകരുത് എന്ന് അംഗീകരിക്കുക.

മൂന്നാമതായി, സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥകളിലുള്ള വ്യത്യാസങ്ങളോ അതല്ലെങ്കിൽ നയതന്ത്രബന്ധങ്ങളെ അംഗീകരിക്കാതിരിക്കുന്നതോ അതിൽനിന്നും ഒഴിഞ്ഞു നിൽക്കുന്നതോ, മറെറതെങ്കിലും കാരണങ്ങളൊ ഒരു രാജ്യത്തിൻെറ അതൃത്തിപരമായ അപരിച്ഛിന്നതയെ മറെറാരു രാജ്യം ലംഘിക്കുന്നതിനെ ന്യായീകരിക്കുകയില്ല എന്ന ഉറച്ച പ്രഖ്യാപനം:

നാലാമതായി, കൂടിയാലോചനകൾ, മാദ്ധ്യസ്ഥത, അനുരഞ്ജന നടപടികൾ എന്നിവയിലൂടെയും ഐക്യരാഷ്ട്ര ചാർട്ടറിനനുയോജ്യമായതും തർക്കത്തിലേർപ്പെട്ടിരിക്കുന്നവർ നിശ്ചയിക്കുന്നതുമായ മററു സമാധാനപരമായ മാർഗ്ഗങ്ങൾ വഴിയായും ഭൂപരമായ എല്ലാ തർക്കങ്ങൾക്കും സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ മാത്രം പരിഹാരം കാണുന്നതിനുള്ള തീരുമാനം."

രാഷ്ട്രങ്ങൾ തമ്മിലുണ്ടാകുന്ന ഭൂവിഭാഗപരവും അതൃത്തിപരവുമായ തർക്കങ്ങൾ പരിഹരിക്കുന്നതിനു കൂടുതൽ ബുദ്ധിപൂർവ്വകവും സമാലോചിതവും നീതിപൂർവ്വകവുമായ മറെറാരു നിർദ്ദേശത്തെപ്പററി ആർക്കെങ്കിലും ചിന്തിക്കുവാൻ കഴിയുമോ? സമാധാനത്തെയും സമാധാനപരമായ സഹവർത്തിത്വത്തെയും കുറിച്ചുള്ള ലെനിൻെറ ആശയങ്ങളിൽനിന്നു ഈ സന്ദേശം അണുമാത്രമെങ്കിലും വ്യതിചലിക്കുന്നുണ്ടോ? എന്നിട്ടും ചൈനീസ് നേതാക്കന്മാർ ഈ സന്ദേശത്തെയും അതിലുൾക്കൊള്ളുന്ന ഒത്തുതീർപ്പു നിർദ്ദേശത്തെയും നിരാകരിച്ചിരിക്കുന്നു.

എന്നാൽ, ഇക്കാര്യത്തിലും ചൈന, പഴയ ചക്രവർത്തിമാർ വെട്ടിപ്പിടിച്ച ഭൂവിഭാഗങ്ങളെല്ലാം തങ്ങളുടേതാണെന്നും അവർ ചെയ്യുന്നതെല്ലാം ശരിയാണെന്നുള്ള ഭാവത്തിൽ. അവകാശപ്പെടുന്നു; ഈ പിടിച്ചടക്കലുകൾ സ്വയം നിർണ്ണയാവകാശത്തിൻേറതായ ജനാധിപത്യ തത്വത്തിൽ അധിഷ്ഠിതമാണെന്നാണവരുടെ ഭാവം. പക്ഷെ, തങ്ങളുടെ അയൽ രാഷ്ട്രങ്ങളുടെ അവകാശ വാദങ്ങളെ സാമ്രാജ്യത്വപരമായ വികസനത്തിൻെറ തുടർച്ചയാണെന്നു പറഞ്ഞുകൊണ്ടു അവർ ശക്തിയായെതിർക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വം ജനാധിപത്യപരമോ, സമാധാനപരമോ ആയിരുന്നില്ലെന്നു തീർച്ചയാണ്. പക്ഷെ, മദ്ധ്യകാല ചക്രവർത്തി

മാരും സ്വയം നിർണ്ണയാവകാശത്തോടൊ, ജനാധിപത്യത്തോടൊ, സമാധാനത്തോടൊ കൂറുള്ളവരായിരുന്നുവോ?

അതിർത്തി തർക്കങ്ങൾ സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിലെങ്കിലും ഉയർത്തിക്കൊണ്ടു വരുന്നതു് മുഴുത്ത തെററും അനാവശ്യവുമാണെന്നായിരുന്നു വ്യക്തമായും ധരിക്കപ്പെട്ടിരുന്നതു്. എല്ലാവരും സോഷ്യലിസ്റ്റ് ഭരണത്തിൻ കീഴിലായിരിക്കെ, പ്രശ്നം ഭാവി തലമുറയ്ക്കു വിട്ടുകൊടുക്കാവുന്നതാണു്; അന്നു് മനുഷ്യവർഗ്ഗത്തിന്റെ ആഴത്തിൽ വേരോടിയ സാഹോദര്യബോധത്തിന്റെ പശ്ചാത്തലത്തിൽ, അതിർത്തി പ്രശ്നങ്ങൾക്കു് ഇപ്പോഴുള്ള പ്രാധാന്യം നഷ്ടപ്പെടുകയും തർക്കത്തിന്റെയൊ, വെറുപ്പിന്റെയൊ ലാഞ്ഛനപോലുമില്ലാതെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യുന്നതുമാണു്, ചൈനീസ് നേതാക്കന്മാർ ഇതുപോലും അംഗീകരിക്കുന്നില്ല, അവർ സോവ്യററ് ഭൂവിഭാഗങ്ങളെപ്പററിയും സാരമായ അവകാശവാദങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്,

ബർമ്മാ, നേപ്പാൾ, അഫ്ഘാനിസ്ഥാൻ എന്നീ രാജ്യങ്ങളുമായി അതിർത്തിത്തർക്കം കൂടിയാലോചനകളിലൂടെ തങ്ങൾ പരിഹരിച്ചതായി ചൈനീസ് നേതാക്കൾ വളരെയേറെ ഘോഷിക്കുന്നുണ്ടു്. കാശ്മീരിൽ ആക്രമിച്ചധീനമാക്കപ്പെട്ട ഭാഗത്തിന്റെ കാര്യത്തിൽ പാക്കിസ്ഥാനുമായി നിയമവിരുദ്ധമായ ഒരതിർത്തിക്കരാർ ചൈനീസ് നേതാക്കൾ ഉണ്ടാക്കി· ഇന്ത്യയുടെ മക്കട മുഷ്ടിക്കും ചൈനയുടെ അനുരഞ്ജന പരമായ നിലപാടിനും ഉദാഹരണമായിട്ടാണു് അവരിതു് പറയുന്നതു്.

ഇരുലോകങ്ങളെക്കൊണ്ടും മെച്ചമുണ്ടാക്കാനുള്ള മറെറാരു സംരംഭം മാത്രമാണിതു്, ഇന്ത്യ അതിർത്തി പ്രശ്നം സമാധാനപരമായി പരിഹരിക്കാത്തതു് അമേരിക്കയുടെ ആജ്ഞാനുവർത്തിയായതുകൊണ്ടാണെന്നു ഒരു ഭാഗത്തു് വാദിക്കുന്നു. അങ്ങിനെയാണെങ്കിൽ, പാക്കിസ്ഥാനിലും നേപ്പാളിലും അമേരിക്കൻ സ്വാധീനശക്തി കുറവാണോ? അതോ, അധികമാണോ? അവരുമായി ഒരു ഒത്തുതീർപ്പ്. അപ്പോൾ, എങ്ങിനെ സാദ്ധ്യമായി? ഇതിന്നുവേണ്ടി ന്യായം മാററിപറയരുതു്.

ചൈന സൌഹാർദ്ദത്തിന്റെയും വിട്ടുവീഴ്ചയുടേതുമായ മനോഭാവമാണു് കൈക്കൊള്ളുന്നതു് എന്ന അവകാശവാദത്തെ തകർക്കുന്ന മറെറാരു തെളിവുകൂടി ഇതാ: ചീനാ—നേപ്പാൾ അതിർത്തി മാക്മഹൻ രേഖയുടെ അടിസ്ഥാനത്തിലാണുള്ളതു്. ഹിമാലയത്തിലെ ഏററവും ഉയർന്ന കൊടുമുടികൾകൊണ്ടു രൂപംകൊണ്ട ജലശേഖരതടങ്ങളെ ആസ്പദമാക്കി അതിർത്തി നിശ്ചയിക്കുക എന്ന തത്വമാണിതു്. ബർമ്മയുമായി അതിർത്തി നിശ്ചയിക്കുന്നതിലും ഇതേ തത്വങ്ങളാണു് ചൈന അംഗീകരിച്ചിട്ടുള്ളതു്. എന്നാൽ ബർമ്മക്കും നേപ്പാളിന്നും മദ്ധ്യേയുള്ള 'നീഫാ'യിൽ ഈ തത്വം സാമ്രാജ്യത്വപരമായ വ കസനത്തിന്റെ പ്രകടരൂപമായിത്തീരുന്നതെങ്ങിനെയാണു്?

ചൈനീസ് അതിർത്തി സംരക്ഷണ ഗാർഡുകൾ (നിശ്ചയമായും, ശരിക്കുള്ള പട്ടാളമല്ല) ആസ്സാമിൽനിന്നു കല്ലെറിഞ്ഞാൽ കൊള്ളത്തക്ക ദൂരത്തു് സ്ഥിതിചെയ്യുന്ന അടിവാരക്കുന്നുകളിൽ എത്തിച്ചേർന്നതു (വെറും ആത്മരക്ഷയ്ക്കു വേണ്ടി മാത്രമാണേ; ഒരു തരത്തിലും ആക്രമണത്തിനല്ല) എങ്ങിനെയെന്ന സമീപകാല ചരിത്രത്തിലേക്കു കടക്കുന്നതു അനാവശ്യമാണു്.

കൊളൊമ്പോ നിർദ്ദേശങ്ങളെപ്പററി ചൈനനടത്തിക്കൊണ്ടിരിക്കുന്ന കസർത്തുകളെയും ഇവിടെ പരാമർശിക്കേണ്ടതിന്റെ ആവശ്യമില്ല. ഈ നിർദ്ദേശങ്ങൾ, ചൈനയെ, ഇന്ത്യയെ അല്ല, ഈ രണ്ടു രാജ്യങ്ങളോടും

സൗഹാർദ്ദമുള്ള, സമാധാനത്തിൻെറയും ആഫ്രോ-ഏഷ്യൻ സൗഹാർദ്ദത്തിൻേറയും പേരിൽ ഇക്കാര്യത്തിൽ സമാധാനപരമായ ഒത്തുതീർപ്പു ആഗ്രഹിക്കുന്ന, രാജ്യങ്ങളാണ് ഉന്നയിച്ചതു് എന്നതു തന്നെയാണ്, അവയിലെ കാതലായ കാര്യം.

ചൈനീസ് നേതാക്കന്മാരുടെ അസാധാരണ യുക്തിയനുസരിച്ചു, കൊളൊമ്പൊ നിർദ്ദേശങ്ങൾ തങ്ങളംഗീകരിക്കുക എന്നു പറഞ്ഞാൽ അടിച്ചേല്പിക്കപ്പെടുന്ന മദ്ധ്യസ്ഥം സ്വീകരിക്കലാണ്; ചൈനയുടെ പരമാധികാരവും സ്വാഭിമാനവും തങ്ങളെ അതിന്നു അനുവദിക്കുന്നില്ല എന്നാണവർ പറയുന്നതു്. എന്നാൽ ഒരു യോജിച്ച യുദ്ധവിരാമ രേഖക്കുവേണ്ടിയുള്ള ചൈനീസു നിർദ്ദേശങ്ങൾ ഇന്ത്യ അംഗീകരിക്കണമെന്നു് പറയുന്നതിൽ ഇന്ത്യയുടെ മേൽ നിർദ്ദേശങ്ങൾ അടിച്ചേല്പിക്കുന്ന പ്രശ്നം പൊന്തിവരുന്നില്ല; കാരണം അവ ഇന്ത്യയുമായി നിരുപാധികമായ കൂടിയാലോചന നടത്തുന്നതിന്നും സമാധാനപരമായ ഒത്തുതീർപ്പുണ്ടാക്കുന്നതിന്നുമുള്ള ചൈനയുടെ സന്നദ്ധതയ്ക്കുള്ള നിഷേധിക്കാനാവാത്ത തെളിവുകളാണ്!

ഈ സ്ഥിതിഗതിയിൽ, ഇന്ത്യാ—ചൈനാ അതിർത്തി "സംഘട്ടനം അനാവശ്യവും മായത്തരവുമാണെന്നു സോവ്യററ്യൂണിയൻ പറഞ്ഞാൽ ആ രാജ്യം ചൈനയെ എതിർക്കുവാൻവേണ്ടി അമേരിക്കൻ സാമ്രാജ്യമേധാവികളുടെയും അവരുടെ "ഏജൻറായ" നെഹ്റുവിൻെറയും ഭാഗത്തു ചേർന്നിരിക്കയാണെന്നു പീപ്പിൾസ് ഡെയിലിയും ഹോങ്കി യും കുററപ്പെടുത്തും. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി കൂടിയാലോചനവഴി ഒത്തുതീർപ്പുണ്ടാക്കുവാനുള്ള സാദ്ധ്യത തുറക്കാൻവേണ്ടി കൊളൊമ്പൊ നിർദ്ദേശങ്ങൾക്കു പിന്തുണ നൽകിക്കൊണ്ടു തന്നെ ദേശരക്ഷക്കും പിന്തുണ പ്രഖ്യാപിച്ചാൽ, അതു "ഇന്ത്യൻ ജനതയെ ഒററികൊടുത്തുകൊണ്ടു ദേശീയാധിപത്യ മോഹത്തിൻെറയും വർഗ്ഗവഞ്ചനയുടെയും മാർഗ്ഗത്തിൽ യാത്ര തുടങ്ങിയിട്ടുള്ള 'ഡാങ്കെ ക്ലിക്ക്'" ആയിത്തീരും.

1962 ഒക്ടോബർ—നവമ്പർ കാലത്തു ഇന്ത്യയുടെ നേരെ ചൈന ആക്രമണം വൻതോതിൽ സംഘടിപ്പിക്കുന്നതിന്നു വളരെ മുമ്പുതന്നെ ചൈനീസ് പാർട്ടി നേതൃത്വം അതിർത്തി സംഘട്ടനത്തിൻെറ പ്രശ്നങ്ങളെ സംബന്ധിച്ച ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ പരസ്യമായി അധിക്ഷേപിക്കാൻ തുടങ്ങിയിരുന്നു. എന്നാൽ, 1962 നവംബർ 1-ാംതീയതിത്തെ ദേശീയ കൌൺസിൽ പ്രമേയം ഈ അധിക്ഷേപത്തെ കൂടുതൽ രൂക്ഷമാക്കിത്തീർത്തു. അതിന്നു ശേഷം ഞങ്ങളുടെ നേരെയുള്ള ആക്രമണം മുഴവൻ ശക്തിയോടു കൂടിയതും ഉഗ്രവും ആയിത്തീർന്നു. പാർട്ടിയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുവാൻ അവർ തുനിഞ്ഞു. ഇപ്പോൾ അതു നമ്മുടെ പാർട്ടിയിൽ പിളർപ്പുണ്ടാക്കുവാൻ പരസ്യമായി ആഹ്വാനം ചെയ്യുന്നേടത്തു എത്തിച്ചേരുകയും ചെയ്തു.

എന്തിനാണു നമ്മുടെ പാർട്ടിയുടെ നേരെ ഈ ആക്രമണമെല്ലാം? നമ്മുടെ രാജ്യത്തെ ചൈന ആക്രമിച്ചപ്പോൾ, നാം ദേശരക്ഷക്കു വ്യക്തമായ പിന്തുണ നൽകുകയും ദേശരക്ഷയ്ക്കുവേണ്ടി പ്രധാനമന്ത്രിയുടെ പിന്നിൽ അണിനിരക്കുവാൻ ഈ രാജ്യത്തെ ജനങ്ങളോടു ആഹ്വാനം ചെയ്യുകയും ചെയ്തു എന്ന കാരണം കൊണ്ടു്. നിലവിലുണ്ടായിരുന്ന പരിതസ്ഥിതിയിൽ നാം അങ്ങിനെ ആഹ്വാനം ചെയ്തതു ശരിയായിരുന്നു എന്നു മാത്രമല്ല ആയിരം തവണ ശരിയുമായിരുന്നു.

അതേ അവസരത്തിൽ, നവമ്പർ ഒന്നിൻെറ പ്രമേയം രാജ്യരക്ഷയെ കുറിച്ചു മാത്രമാണ് പറഞ്ഞതെന്നും അതിൻെറ ഉള്ളടക്കവും പദപ്രയോഗവും ദേശീയാധിപത്യമോഹം കലർന്നതാണെന്നും വരുത്തിത്തീർക്കുന്നതു

നമ്മുടെ പാർട്ടിയുടെ നേരെ കാണിക്കുന്ന കടുത്ത അനീതിയായിരിക്കുമെന്നു മാത്രമല്ല, ആ പ്രമേയത്തെത്തന്നെ വളച്ചൊടിക്കുകയും കൂടിയാണ്.

പല ചൈനീസ് പട്ടാള ഡിവിഷനുകൾ തന്നെ നീഫയിലും ലഡാക്കിലും അവരുടെ മുഴുവൻ ശക്തിയുമുപയോഗിച്ച് യുദ്ധം ചെയ്യുകയും നമ്മുടെ പൊതുയോഗങ്ങൾ കലക്കപ്പെടുകയും രാജ്യത്തിൻെറ പല ഭാഗങ്ങളിലും നമ്മുടെ ഓഫീസുകൾ ആക്രമിക്കപ്പെടുകയും ചെയ്തിരുന്ന, ഒരു അഗ്നിപരീക്ഷണത്തെ നാം നേരിടുകയായിരുന്ന സന്ദർഭത്തിൽ, ഇന്ത്യാ-ചൈനാ കുഴപ്പം അതിന്റെ ഏററവുംമൂർച്ഛിച്ചരൂപത്തിലായിരുന്ന ആ സന്ദർഭത്തിൽപോലും നമ്മുടെ നവമ്പർ ഒന്നാം തീയതിയിലത്തെ പ്രമേയം, ഇന്ത്യാ—ചൈനാ സംഘട്ടനത്തെ സാമ്രാജ്യമേധാവികളും ഇന്ത്യൻ പ്രതിലോമകാരികളും അവരുടെ ഹീനമായ ഉദ്ദേശങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യുന്നതിനെതിരായി വ്യക്തമായ താക്കീത് നൽകുകയുണ്ടായി. ആ സ്ഥിതിഗതിയിൽ പോലും, രാജ്യത്തിൻെറ സൈനികമായ രക്ഷയ്ക്ക് അസന്നിഗ്ദ്ധമായ പിന്തുണ നൽകുന്ന അവസരത്തിൽ തന്നെ, നമ്മുടെ നവമ്പർ ഒന്നിൻെറ പ്രമേയം അതിർത്തിത്തർക്കം സമാധാനപരമായ കൂടിയാലോചനയിൽക്കൂടി ഒത്തുതീർക്കുന്നതിന്നു ഇന്ത്യയെ സഹായിക്കുന്നതിന്ന് ദേശീയവും സാർവ്വദേശീയവുമായ എല്ലാ ശക്തികളെയും, സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും സമാധാനകാംക്ഷികളും സാമ്രാജ്യവിരോധികളും ആയ ആഫ്രോ—ഏഷ്യൻ രാജ്യങ്ങളുടെയും ശക്തികളേയും അണിനിരത്തണമെന്നു ആഹ്വാനം ചെയ്യുകയുണ്ടായി.

നവമ്പർ 1—ൻെറ പ്രമേയം ഇങ്ങിനെ പറയുന്നു: "ചൈനീസാക്രമണം ഉണ്ടാക്കിയ സ്ഥിതിവിശേഷം, ഇന്ത്യയെക്കൊണ്ടു അതിൻെറ ചേരിചേരാ നയം ഉപേക്ഷിക്കുവാനും യുദ്ധഭ്രാന്ത് ആളിക്കത്തിക്കുവാനും ഇന്ത്യയെ സാമ്രാജ്യത്വ പാളയത്തിലേക്കു വലിച്ചിഴക്കുവാനും പിന്തിരിപ്പൻ ശക്തികൾ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്." കൂടാതെ, ഈ ഉദ്ദേശം വച്ചുകൊണ്ട്, ഗവർമ്മെണ്ടും പ്രധാനമന്ത്രിയും "പ്രീണിപ്പിക്കൽ നടത്തുക"യാണെന്നും "ആടിക്കളിക്കുകയാണെ"ന്നും അവർ കുററപ്പെടുത്തുന്നുണ്ടെന്നും "വിദേശ നയം ആകെ മാററുവാൻ ആവശ്യപ്പെടുന്നു"ണ്ടെന്നും അതിൽ പറഞ്ഞിരുന്നു. അതിന്നും പുറമെ, "വിലക്കയററം, പൂഴ്ത്തിവെപ്പ് മുതലായവയിൽനിന്നു ലാഭമെടുക്കാൻ ശ്രമിക്കുന്ന ദേശീയവിരുദ്ധ നിക്ഷിപ്ത താല്പര്യക്കാർക്കെതിരായി പ്രധാനമന്ത്രി പുറപ്പെടുവിച്ച അഭ്യർത്ഥനയിലടങ്ങിയിട്ടുള്ള താക്കീതിലേക്കു ദേശീയ കൌൺസിൽ എല്ലാവരുടെയും ശ്രദ്ധ ക്ഷണിക്കുന്നു, കേന്ദ്രത്തിലെയും സ്റ്റേററുകളിലെയും ഗവർമ്മെണ്ടുകൾ നിക്ഷിപ്ത താല്പര്യക്കാർക്കെതിരായി കർശനമായ നടപടികളെടുക്കുമെന്നും നിയമസഭകളിൽ അവതരിപ്പിച്ചിട്ടുള്ള ജനവിരുദ്ധ നടപടികൾ ഉപേക്ഷിക്കപ്പെടുമെന്നും കൌൺസിൽ പ്രതീക്ഷിക്കുന്നു."

ചൈനീസ് സൈന്യങ്ങളെ 1962 സെപ്തംബർ 8-ാംതിയതിയിലത്തെ സ്ഥാനങ്ങളിലേക്കു പിൻവലിക്കുക എന്ന അടിസ്ഥാനത്തിൽ (ആ അവസരത്തിൽ കൊളമ്പോ നിർദ്ദേശങ്ങൾ വന്നിരുന്നില്ല) കൂടിയാലോചന പുനരാരംഭിക്കാമെന്ന ഇന്ത്യാ ഗവർമ്മെണ്ടിൻെറ നിർദ്ദേശത്തെ പിൻതാങ്ങിക്കൊണ്ടു പ്രമേയം ഇങ്ങിനെ പറയുന്നു:

ഇന്നത്തെ സംഘട്ടനം അവസാനിപ്പിക്കുവാനും കൂടിയാലോചനകൾക്കുള്ള വഴി തുറക്കുവാനും സുഹൃദ് ഗവർമ്മെണ്ടുകളും രാജ്യങ്ങളും നടത്തുന്ന ശ്രമങ്ങളെ നാഷണൽ കൌൺസിൽ ആദരിക്കുന്നു. അവരോടും ലോകത്തിൻെറ നാനാഭാഗത്തുമുള്ള എല്ലാ പുരോഗമന വാദികളും സമാധാനപ്രേമികളും ആയ ശക്തികളോടും.........കൂടിയാലോചനയുടേതായ ഒരു അന്ത

രിക്ഷം സൃഷ്ടിക്കുവാൻ സാധിക്കത്തക്കവണ്ണം സംഘട്ടനങ്ങൾ അവസാനിപ്പിക്കുന്നതിലേക്കായി തങ്ങളുടെ മുഴുവൻ കഴിവും വിനിയോഗിക്കാൻ നേഷണൽ കൗൺസിൽ അഭ്യർത്ഥിക്കുന്നു.

പ്രമേയത്തിലെ പ്രായോഗിക നിർദ്ദേശങ്ങളിൽ ജനങ്ങളോടു ദേശരക്ഷ ശക്തിപ്പെടുത്തുവാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. ഏഴു മുദ്രാവാക്യങ്ങൾ അതിൽ ഉന്നയിച്ചിട്ടുള്ളതിൽ താഴെകൊടുക്കുന്ന നാലു് എണ്ണവും പ്രാധാന്യമുള്ളവയായിരുന്നു.

വിലക്കയററത്തിന്നും കരിഞ്ചന്തക്കും ലാഭക്കൊതിക്കും തൊഴിലെടുക്കുന്ന ജനങ്ങളേയും രാഷ്ട്രത്തേയും പ്രതികൂലമായി ബാധിക്കുന്ന മററു സാമൂഹ്യ ദ്രോഹ പ്രവർത്തനങ്ങൾക്കും എതിരായി പൊതുജനാഭിപ്രായം സംഘടിപ്പിക്കുക;

ഇപ്പോഴത്തെ കുഴപ്പങ്ങളിൽനിന്നും സങ്കുചിതമായ രാഷ്ട്രീയ മുതലെടുപ്പു നടത്തുവാൻ ശ്രമിക്കുന്ന ഗ്രൂപ്പുകൾക്കും കക്ഷികൾക്കും എതിരായി അക്ഷീണമായി സമരം ചെയ്യുക.

ഇന്ത്യയെ അതിൻെറ ചേരിചേരായ്മയുടേയും സമാധാനത്തിൻേറതുമായ വിദേശനയങ്ങളുപേക്ഷിക്കുവാനും അതുവഴി സാമ്രാജ്യത്വചേരിയുടെ കരുണയ്ക്കു വിധേയമാക്കുവാനും സുദീർഘവും പൂർണ്ണവുമായ ഒരു യുദ്ധത്തിലേക്കു രാജ്യത്തെ വലിച്ചിഴയ്ക്കുവാനും ഉള്ള ശ്രമങ്ങളെ എതിർക്കുക.

ഇന്ത്യയുടെ അന്തസ്സിന്നും അഭിമാനത്തിന്നും ചേർന്ന വിധം സമാധാനപരമായ ഒരു ഒത്തുതീർപ്പിന്നുവേണ്ടി ഇന്ത്യാഗവർമ്മെണ്ടു എടുക്കുന്ന എല്ലാ നടപടികളേയും സഹായിക്കുക.

മൊത്തത്തിൽ എടുത്താൽ, നവമ്പർ ഒന്നു് പ്രമേയത്തിൻെറ ഉള്ളടക്കം ഇത്തരത്തിലുള്ളതായിരുന്നു. ഇതു ദേശീയാധിപത്യ മോഹവും ആംഗ്ലോ—അമേരിക്കൻ സാമ്രാജ്യത്വവുമായി കൂട്ടുചേരലും ആണെങ്കിൽ, ദേശാഭിമാനം എന്നു എന്തിനെയാണു വിളിക്കുന്നതു്? അതു ചൈനീസു് സായുധസേനയുമായി തുറന്ന സംഘട്ടനത്തിലേക്കു നമ്മെ എത്തിച്ചുവെങ്കിൽ, അതിന്നു ചൈനീസ് നേതാക്കന്മാർ മാത്രമാണ് ഉത്തരവാദികൾ! തൊഴിലാളി വർഗ്ഗത്തിൻെറ സാർവ്വദേശീയ ബോധത്തെ വലിച്ചു കീറുക, സമാധാനപരമായ സഹവർത്തിത്വത്തിൻെറയും ആഫ്രോ—ഏഷ്യൻ ഐക്യത്തിൻെറയും തത്വങ്ങളെ പിച്ചിച്ചീന്തുക, ഇന്ത്യയെ ആംഗ്ലോ—അമേരിക്കൻ സാമ്രാജ്യത്വത്തിൻെറയും ആഭ്യന്തരമായ പിന്തിരിപ്പൻ ശക്തികളുടെയും കൈകളിലേയ്ക്കു തള്ളിനീക്കാൻ ആവുന്നതെല്ലാം ചെയ്യുക· എന്നിട്ടു തിരിഞ്ഞുനിന്നു, സ്വന്തം രാജ്യത്തെ സംരക്ഷിക്കുവാൻ തുനിഞ്ഞു എന്ന "തെററിന്നു" ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ദേശീയാധിപത്യമോഹത്തിൻെറയും തൊഴിലാളി വർഗ്ഗ സാർവ്വദേശീയ ബോധവഞ്ചനയുടേയും പേരിൽ കുററപ്പെടുത്തുക—ഏററവും അത്ഭുതകരമായ കാര്യം തന്നെയാണിതു്.

1962 ഡിസംബർ മുതൽക്കു തന്നെ നമ്മുടെ നാഷണൽ കൗൺസിലും കേന്ദ്രഎക്സിക്യൂട്ടീവ് കമ്മിററിയും ക്രമേണയായി, സായുധ രാജ്യരക്ഷയുടേതായ പ്രശ്നത്തിൽനിന്നു്, കൊളൊമ്പോ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിലുള്ള കൂടിയാലോചനകളിലേക്കും ആംഗ്ലോ—അമേരിക്കൻ കുത്തിത്തിരിപ്പുകളെ തൊലിയുരിച്ചു കാണിക്കുന്നതിലേക്കും രാജ്യരക്ഷയുടെ പേരിൽ സാധാരണ ജനങ്ങളുടെ മേൽ സാമ്പത്തിക ഭാരം കെട്ടിവയ്ക്കുന്നതിനെ എതിർക്കുന്നതിലേക്കും കൂടുതൽ ഊന്നുകൊടുക്കാൻ തുടങ്ങിയിരുന്നു എന്നതു് എല്ലാ

വക്കം അറിയാം. 1963—ലും 1964—ലും ഈ മാററം കൂടുതൽ കൂടുതൽ പ്രകടമാവുകയും അതു പ്രചരണത്തിലും പ്രക്ഷോഭണത്തിലും ഒതുങ്ങി നിൽക്കാതെ, ജനങ്ങളുടെ പ്രത്യക്ഷ സമരങ്ങളുടെ മേഖലയിലേയ്ക്കുതന്നെ കടക്കുകയും ചെയ്തു. 1962 നവമ്പർ മുതലുള്ള പാർട്ടിയുടെ നയം, അതിൻെറ സമഗ്രമായ പൂർണ്ണരൂപത്തിൽ, ഇത്തരത്തിലുള്ളതായിരുന്നു.

# VI

# പ്രധാന വൈരുദ്ധ്യവും "ഇടനില മേഖല"യും

ആധുനിക സമുദായത്തിലെ പ്രധാന വൈരുദ്ധ്യത്തെയും ചൈനാക്കാർ ആധുനിക ലോകത്തിലെ "ഇടനില മേഖല"യെന്നു വിളിക്കുന്നതു സംബന്ധിച്ച് ചൈനീസ് നേതൃത്വം ഉന്നയിക്കുന്നസിദ്ധാന്തങ്ങൾ, 1848-ൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചതു മുതൽ മാർക്സിസത്തിൻെറ ചരിത്രത്തിന്നു അജ്ഞാതമാണ്,

മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരെഴുതിയ ഒന്നിലും തന്നെ ഈ സിദ്ധാന്തങ്ങൾക്ക് ന്യായീകരണം കാണാൻ കഴിയുകയില്ല. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ഒരു രേഖയും ഈ സിദ്ധാന്തങ്ങൾ മുന്നോട്ടു കൊണ്ടുവരുന്നില്ല. ഇടതുപക്ഷ വിഭാഗീയമായാലും വലതുപക്ഷ പരിഷ്ക്കരണവാദപരമായാലും മാർക്സിസം ലെനിനിസത്തിൽനിന്ന് വ്യതിചലിച്ച ഒരാൾപോലും ഈ സിദ്ധാന്തങ്ങളുന്നയിച്ചിട്ടില്ല.

എന്നാൽ, ഈ സിദ്ധാന്തങ്ങൾ, സി. പി. സി. നേതൃത്വം സാർവ്വദേശീയ ജനാധിപത്യ സംഘടനകളിലും ചൈനീസ് ജനകീയ റിപ്പബ്ളിക്കിൻെറ വിദേശ നയങ്ങളിലും അനുവർത്തിച്ചുകൊണ്ടിരിക്കുന്ന അവസരവാദത്തിൻേറതും ഇടുങ്ങിയ ദേശീയ വാദത്തിൻേറതും ഭിന്നിപ്പിക്കലിൻെറതുമായ നയങ്ങളുടെ സ്വാഭാവികമായ സാമാന്യവൽക്കരണമാണെന്നതിന്നു വളരെയേറെ തെളിവുകളുണ്ട്. അവയ്ക്കുള്ള വിശദീകരണം അതു മാത്രമാണ്............

ഏതായാലും, പ്രായോഗിക തലത്തിലേക്കു വരുന്നതിന്നു മുമ്പ്, ഈ സിദ്ധാന്തങ്ങളുടെ താത്വിക നിലയെന്തെന്ന് നമുക്കു പരിശോധിച്ചു നോക്കാം.

മാർക്സിൻെറ കാലംതൊട്ടിന്നേവരെ, ആധുനിക സമുദായത്തിലെ മുഖ്യവൈരുദ്ധ്യം മുടക്കു മുതലും അദ്ധ്വാനവും തമ്മിലുള്ള വൈരുദ്ധ്യമാണെന്ന് എല്ലാ മാർക്സിസ്റ്റ് അടിസ്ഥാന ഗ്രന്ഥങ്ങളിലും ഊന്നിപ്പറഞ്ഞിട്ടുള്ളതായിക്കാണാം. പക്ഷെ, മർദ്ദിത രാഷ്ട്രങ്ങളും സാമ്രാജ്യത്വവും തമ്മിലും സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്കിടയിലും മററുമുള്ള, ആധുനിക സമുദായത്തിലെ മററു വൈരുദ്ധ്യങ്ങളെ മാർക്സിസ്റ്റ് സാഹിത്യം ഒരിക്കലും അവഗണിച്ചിട്ടില്ല; വാസ്തവത്തിൽ അവയെയെല്ലാം വിശദമായി എടുത്തു വിശദീകരിച്ചിട്ടുണ്ട്. എന്നു മാത്രമല്ല' സോഷ്യലിസം കെട്ടിപ്പടുക്കുന്നതിന്നു വേണ്ടി ഭരണാധികാരം പിടിച്ചെടുക്കുന്നതിലേയ്ക്കുള്ള മുന്നേററത്തിൽ, തൊഴിലാളി വർഗ്ഗം ഈ വൈരുദ്ധ്യങ്ങളെയെല്ലാം എങ്ങിനെ ഉപയോഗപ്പെടുത്തണമെന്ന് 'മാർക്സിസ്റ്റ് ഗ്രന്ഥങ്ങളിൽ ശാസ്ത്രീയമായും സൂക്ഷ്മമായും വിശദീകരിച്ചിട്ടുണ്ട്. മുതലാളിത്ത രാജ്യങ്ങളിലും കൊളോണിയൽ—

അർദ്ധകൊളോണിയൽ രാജ്യങ്ങളിലും, സാമ്രാജ്യത്വ രാജ്യങ്ങളിലും പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലും മററും, ദേശീയ ജനാധിപത്യ വിപ്ലവങ്ങളും സോഷ്യലിസ്റ്റ് വിപ്ലവങ്ങളും നടത്തുന്നതിന്നു വേണ്ടി, തൊഴിലാളിവർഗ്ഗം രൂപീകരിക്കേണ്ട സഖ്യങ്ങൾ, മാർക്സിസം—ലെനിനിസത്തിൻെറ പൈതൃകത്തിലെ ജീവത്തായ ഒരു അവിഭാജ്യഭാഗമാണ്.

എങ്കിലും, ആധുനിക സമുദായത്തിലെ അടിസ്ഥാന വൈരുദ്ധ്യം മുടക്കുമുതലും അദ്ധ്വാനവും തമ്മിലുള്ളതാണെന്ന സർവ്വോപരിയായ വസ്തുത നിലനിൽക്കുന്നു. "എല്ലാ രാജ്യങ്ങളിലെയും തൊഴിലാളികളേ, ഏകോപിയ്ക്കുക!" എന്ന ചരിത്ര പ്രധാനമായ മുദ്രാവാക്യത്തോടു കൂടിയാണ് മാർക്സും എംഗൽസും, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ഉപസംഹരിച്ചതു്. ലോകബൂർഷ്വാസിക്കെതിരായ ലോകതൊഴിലാളിവർഗ്ഗ സമരത്തിന്റെ ഈ കേന്ദ്രബിന്ദുവില്ലാതെ മാർക്സിസം നിരർത്ഥകമാണ്.

റഷ്യൻ വിപ്ളവത്തിൻെറ വിജയത്തോടുകൂടി, സാമ്രാജ്യത്വരാഷ്ട്രങ്ങളും സോവിയററ് യൂണിയനും തമ്മിലുള്ള വൈരുദ്ധ്യത്തിൽ ഈ അടിസ്ഥാന വൈരുദ്ധ്യം അതിൻെറ ഏററവും രൂക്ഷമായ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അന്നു ലെനിൻ എഴുതി.

"ലോക രാഷ്ട്രീയത്തിലെ എല്ലാ സംഭവങ്ങളും അനിവാര്യമായും ഒരൊററ കേന്ദ്രബിന്ദുവിന്നു ചുററുമാണ് വന്നുകൂടുന്നതു്—അതായതു്, സോവ്യററ് റഷ്യൻ റിപ്പബ്ളിക്കിന്നെതിരായി ബൂർഷ്വാസി നടത്തുന്ന സമരത്തിന്നു് ചുററും."

രണ്ടാം ലോകയുദ്ധത്തിന്നു ശേഷമുണ്ടായ സോഷ്യലിസ്റ്റ് വിപ്ലവങ്ങളുടെ മുന്നേററത്തോടുകൂടി, സോഷ്യലിസ്റ്റ് ചേരിയും സാമ്രാജ്യത്വചേരിയും തമ്മിലുള്ള വൈരുദ്ധ്യത്തിലാണ്, രണ്ടു സാമൂഹ്യ വ്യവസ്ഥകൾ തമ്മിലുള്ള സമരത്തിലാണ്, ഈ വൈരുദ്ധ്യം അതിൻെറ ഏററവും നിശിതമായ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതു്. 1957—ലെ മോസ്കോ പ്രഖ്യാപനത്തിൽ പറഞ്ഞപോലെ,

"നമ്മുടെ കാലഘട്ടത്തിൽ ലോകവികാസത്തെ നിർണ്ണയിക്കുന്നതു് കടകവിരുദ്ധമായ രണ്ടു സാമൂഹ്യ വ്യവസ്ഥകൾ തമ്മിലുള്ള മത്സരത്തിൻെറ ഗതിയും ഫലങ്ങളുമാണ്."

ലോക സാമ്രാജ്യത്വ വ്യവസ്ഥയിൽ ഒരു വിടവുണ്ടാക്കിയ റഷ്യൻ വിപ്ളവമാണ് ഏഷ്യയിലും ആഫ്രിക്കയിലും ദേശീയ വിമോചനപ്രസ്ഥാനങ്ങളെ കെട്ടഴിച്ചു വിട്ടതെന്ന കാര്യം, മാർക്സിസ്റ്റുകാർക്കിടയിൽ മാത്രമല്ല, ലോകത്തിലെ നിരവധി രാജ്യങ്ങളിലെ വിപ്ളവകാരികളായ ദേശീയ നേതാക്കന്മാർക്കിടയിൽപ്പോലും, അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്. രണ്ടാം ലോകയുദ്ധത്തിന്നു ശേഷം പല രാജ്യങ്ങളിലും നടന്ന വിജയകരമായ സോഷ്യലിസ്റ്റ് വിപ്ളവങ്ങൾ, ഏഷ്യയിലെയും ആഫ്രിക്കയിലെയും ദേശീയ വിമോചന സമരങ്ങൾക്കു പിന്നെയും കൂടുതൽ ഊക്കും ശക്തിയും നൽകുകയും, 81 പാർട്ടികളുടെ പ്രസ്താവനയിൽ സ്പഷ്ടമായി പറഞ്ഞിട്ടുള്ളതുപോലെ, അവയുടെ വിജയത്തിന്നു "നിർണ്ണായകമായ സംഭാവന" നൽകുകയും ചെയ്തു. അതുമാത്രമല്ല. സാമ്രാജ്യത്വശക്തികളുടെ സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ ആക്രമണങ്ങളിൽനിന്ന് സ്വയം കാത്തുരക്ഷിക്കാൻ പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളെ സഹായിക്കുന്നതു് സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ കരുത്താണ്. സ്വന്തം സാമ്പത്തിക—രാഷ്ട്രീയ സ്വാതന്ത്ര്യം ബലപ്പെടുത്തുന്നതിന്ന് ഈ രാജ്യങ്ങളെ സഹായിച്ചിട്ടുള്ള മുഖ്യശക്തിയും സോവ്യററ് വ്യവസ്ഥയാണ്.

"തീർച്ചയായും വിപ്ലവകരമായ ദേശീയ വിമോചന സമരങ്ങളുടെ പ്രബലമായ മുന്നേററം സാമ്രാജ്യാധിപത്യത്തിന്ന് കരുത്തേറിയ പ്രഹരങ്ങളേല്പിച്ചിട്ടുണ്ട്. അതിനെ ക്ഷീണിപ്പിച്ചിട്ടുണ്ട്. സോഷ്യലിസത്തിന്നു വേണ്ടിയുള്ള സമരത്തിന്ന് അതു വലിയ സഹായം നൽകുകയും ചെയ്തിട്ടുണ്ട്; അതു സമാധാനത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സോഷ്യലിസത്തിന്റെ വിജയത്തിന്നു നിർണ്ണായകമായ സംഭാവനനൽകീട്ടുള്ളതു ദേശീയവിമോചനസമരങ്ങളാണ്. നേരെ മറിച്ചല്ല, എന്നു പറയുന്നത് കുതിരയ്ക്കു മുമ്പിൽ വണ്ടിയെ കെട്ടുന്നതിന്നു തുല്യമായിരിക്കും. വാസ്തവത്തിൽ, ആധുനികസമുദായത്തിലെ ദേശീയ വിമോചനസമരങ്ങളെ ലോകസോഷ്യലിസ്റ്റ്‌വിപ്ലവത്തിന്റെ അഭേദ്യമായിട്ടാണ്, നേരെ മറിച്ചല്ല, മാർക്സിസ്റ്റ്—ലെനിനിസ്റ്റുകാർ കണക്കാക്കുന്നത്.

മാർക്സിസം ലെനിനിസത്തിന്റെ ഹരിഃശ്രീ അറിയുന്ന ഏതൊരാൾക്കും ഇതു സ്വയം വ്യക്തമാണെങ്കിലും. ഈ വസ്തുത ഊന്നിപ്പറയേണ്ടതാവശ്യമായിരിക്കുന്നു. കാരണം, "ദേശീയ വിമോചനത്തെ എതിർക്കാൻ വേണ്ടി സാമ്രാജ്യത്വത്തിന്റെ ഭാഗത്തു ചേർന്നിരിക്കുന്ന" സോവിയററ് നേതാക്കന്മാരിൽനിന്ന് വിരുദ്ധമായി കൊളോണിയൽ വിമോചനത്തിന്നു വേണ്ടി സത്യത്തിലും കൂറോടുകൂടിയും വാദിക്കുന്നവർ തങ്ങളാണെന്ന് തെളിയിക്കാനുള്ള വ്യഗ്രതയിൽ, ചൈനീസ് നേതാക്കന്മാർ ഇപ്പോൾ ഒരു പുതിയ സിദ്ധാന്തം മുന്നോട്ടു കൊണ്ടുവന്നിരിക്കുന്നു: മുതലാളിത്തവും സോഷ്യലിസവും തമ്മിലല്ല, സാമ്രാജ്യത്വവും മർദ്ദിത രാഷ്ട്രങ്ങളും തമ്മിലാണ്, ആധുനിക സമുദായത്തിലെ മുഖ്യ വൈരുദ്ധ്യമെന്നാണവരുടെ വാദം.

വളർച്ചയെത്തിയ മുതലാളിത്ത രാജ്യങ്ങളെ അപേക്ഷിച്ച്. കോളനികളിലാണ് സാമ്രാജ്യത്വം കൂടുതൽ ദുർബലമെന്നു പറയാനാണ് ചൈനീസ് നേതാക്കന്മാർ വാദിക്കുന്നതെങ്കിൽ. അതു് തെററാവുകയില്ല, എന്നാൽ, മററു പല കാര്യങ്ങളിലുമെന്നപോലെ. അവർ ശരിയായ ഒരു വസ്തുതയെ മററു പലതുമായി കൂട്ടിക്കുഴയ്ക്കുകയും തീരെ തെററായ നിഗമനങ്ങളിലെത്തുകയും ചെയ്യുന്നു.

ഒന്നാമതു്, 1963 ജൂൺ 14-ാംതീയതിത്തെ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി കേന്ദ്രക്കമ്മിററിയുടെ കത്തിൽ, ആധുനിക സമുദായത്തിലെ നാലു വൈരുദ്ധ്യങ്ങളെപ്പററി പറഞ്ഞിട്ട്, അവയെല്ലാം "അടിസ്ഥാനവൈരുദ്ധ്യ"ങ്ങളാണെന്ന് വിശേഷിപ്പിക്കുന്നു. ഈ നാലു വൈരുദ്ധ്യങ്ങളുടെ കൂട്ടത്തിൽ, സാമ്രാജ്യത്വ രാഷ്ട്രങ്ങൾ തമ്മിലും കുത്തക മുതലാളിത്ത ഗ്രൂപ്പുകൾ തമ്മിലുമുള്ള വൈരുദ്ധ്യങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും, സോഷ്യലിസ്റ്റ് ചേരിയും സാമ്രാജ്യത്വചേരിയും തമ്മിലും, തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള വൈരുദ്ധ്യങ്ങൾക്കു തുല്യമായ മൌലിക സ്വഭാവത്തോടു കൂടിയതാണ് മേൽപറഞ്ഞ രണ്ടു വൈരുദ്ധ്യങ്ങളെന്നു പറയാൻ വയ്യ.

രണ്ടാമതു്, കത്തിൽ പരാമർശിക്കുന്ന നാലു വൈരുദ്ധ്യങ്ങളുടെ കൂട്ടത്തിൽ അടിസ്ഥാനപരമായതേതാണെന്ന് തറപ്പിച്ചു പറയാനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല. അവയെല്ലാം എത്ര പ്രധാനമായാലും, അവയെല്ലാംതന്നെ സാമ്രാജ്യത്വത്തിൽനിന്ന് അഭേദ്യമാണെന്നതു് എത്ര സത്യമായാലും. നാലും ഒരുപോലെ മൌലികമാകാൻ സാദ്ധ്യമല്ലല്ലോ. സമകാലീന ലോകത്തിൽനിന്ന് അഭേദ്യമാണ് ഒരു വൈരുദ്ധ്യമെന്നു പറയുന്നതും സമകാലീന ലോകത്തിലെ അടിസ്ഥാന വൈരുദ്ധ്യമാണ് അതെന്നു പറയുന്നതും ഒരേ കാര്യമല്ല.

മൂന്നാമതു്, "സാർവ്വദേശീയ തൊഴിലാളി വർഗ്ഗത്തിന്റെ ലക്ഷ്യമാകെത്തന്നെ ആശ്രയിച്ചിരിക്കുന്നതു് ഇപ്രദേശങ്ങളിലെ ജനതകളുടെ (അതായതു് മർദ്ദിത രാഷ്ട്രങ്ങളിലെ ജനതകളുടെ) വിപ്ലവകരമായ സമരങ്ങളെയാണു്" എന്നു് ജൂൺ 14—ാംതീയതിത്തെ കത്തിൽ പറഞ്ഞിട്ടുള്ളതു് തികച്ചും ലക്ഷ്യം തെററിയ ഒരു നിഗമനമാണു്.

മർദ്ദിത രാഷ്ട്രങ്ങളുടെ ലക്ഷ്യവും അവരുടെ വിപ്ലവസമരങ്ങളും "ആശ്രയിച്ചിരിക്കുന്നതു്" സാർവ്വദേശീയ തൊഴിലാളി വിപ്ലവത്തേയും സോഷ്യലിസ്റ്റ് വ്യവസ്ഥയേയും ആണെന്നതാണു് വാസ്തവം; നേരെ മറിച്ചല്ല. ഇതേപ്പററി ഏതൊരു കമ്മ്യൂണിസ്റ്റുകാരന്റെ മനസ്സിലും സംശയലേശമുണ്ടാകാൻ വയ്യ. ഒരിക്കലും യാതൊരു സംശയവുമുണ്ടായിട്ടില്ല.

അപ്പോൾ പിന്നെ, കഴിഞ്ഞ നാല്പത്തഞ്ചു കൊല്ലക്കാലത്തെ തങ്ങളുടെ ചരിത്രത്തിൽപോലും അവർ ഒരിക്കലും ഉന്നയിച്ചിട്ടില്ലാത്ത ഒരു സിദ്ധാന്തം ചൈനീസ് നേതാക്കന്മാർ ഇപ്പോൾ കൊണ്ടുവരുന്നതെന്തുകൊണ്ടാണു്? ചൈനീസ് വിപ്ലവ പ്രസ്ഥാനത്തെ അഴിച്ചു വിട്ടതു് റഷ്യൻ വിപ്ലവത്തിന്റെ കതിനാവെടികളായിരുന്ന എന്നും പ്രാഥമികമായും സോവിയററു യൂണിയൻ കാരണമായി രണ്ടാം ലോകമഹായുദ്ധത്തിൽ ഫാഷിസ്റ്റ് ശക്തികൾ പരാജയപ്പെട്ടിരുന്നില്ലെങ്കിൽ, 1948-ൽ ചൈനീസ് വിപ്ലവം വിജയിക്കുമായിരുന്നില്ലെന്നും മാവോസേ തുങ്ങ് തന്നെ പറഞ്ഞതു് ആളുകൾ മറന്നിട്ടില്ല. കഴിഞ്ഞ കാലത്തു് അവർ തന്നെ അസന്നിഗ്ദ്ധമായി പ്രസ്താവിച്ച കാര്യങ്ങൾ ചൈനീസ് നേതാക്കന്മാർ ഇപ്പോൾ മറക്കാൻ തീരുമാനിച്ചതെന്തുകൊണ്ടാണു്?

ആഫ്രോ ഏഷ്യയിലേയും ലാററിനമേരിക്കയിലേയും ജനങ്ങൾക്കു് കേൾക്കാൻ വേണ്ടി, രാപ്പകൽ ഇടതടവില്ലാതെ പീക്കിങ്ങ് റേഡിയോ ഘോരഘോരം നടത്തുന്ന പ്രക്ഷേപണങ്ങളിൽ ഈ ചോദ്യത്തിനുത്തരം കാണാൻ കഴിയും. മർദ്ദിത ജനതകളുടേയും രാഷ്ട്രങ്ങളുടേയും താല്പര്യസംരക്ഷകൻ ചൈനയാണെന്നും സോവ്യററു യൂണിയനും ഫ്രാൻസ്, ഇററലി, അമേരിക്ക തുടങ്ങിയ മുതലാളിത്ത രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളും അവരെ സാമ്രാജ്യാധിപതികൾക്കു് ഒററിക്കൊടുത്തിരിക്കുന്നു എന്നുമാണു് ഈ പ്രക്ഷേപണങ്ങളുടെ തോരാത്ത പല്ലവി.

സാർവ്വദേശീയ ജനാധിപത്യ സംഘടനകളിൽ ചൈനീസ് പ്രതിനിധികൾ എടുക്കുന്ന നിലപാടിലും ഈ ചോദ്യത്തിനുള്ള മറുപടി കാണാം. ലോകതൊഴിലാളി ഫെഡറേഷനിലും ലോക സമാധാന കൌൺസിലിലും ആഫ്രോ ഏഷ്യൻ സമ്മേളനത്തിലും സാർവ്വദേശീയ മഹിളാ സംഘടനയിലുമെല്ലാം സോവ്യററു് യൂണിയനും യൂറോപ്പിലേയും അമേരിക്കയിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും എതിരായി ആഫ്രോ ഏഷ്യൻ ജനതകളുടെ ജാതീയമായ വികാരങ്ങളെ ആളിക്കത്തിക്കാനാണു് ചൈനീസ് നേതാക്കന്മാർ എല്ലാ വിധത്തിലും ശ്രമിക്കുന്നതു്.

വെള്ളക്കാർക്കു് കറുത്ത വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുകയില്ലെന്നു് അനൌപചാരിക സംഭാഷണങ്ങളിൽ അവർ തുറന്നുപറയാറുണ്ടു്. സോവിയററു യൂണിയനിലും പാശ്ചാത്യ യൂറോപ്യൻ മുതലാളിത്ത രാജ്യങ്ങളിലും തൊഴിലാളി വർഗ്ഗത്തിന്റെ ജീവിതനിലവാരം ഉയന്നിട്ടുള്ളതുകൊണ്ടു്, ഈ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകാർക്കു് കോളോണിയൽ വിമോചനത്തിനോടുള്ള ആവേശം നഷ്ടപ്പെട്ടിരിക്കുന്നുവെന്നും അവർ അഭിപ്രായപ്പെടുന്നു. കൊളോണിയൽ മർദ്ദിത ജനതകളുടെ വിമോചനത്തെയും സ്വാതന്ത്ര്യത്തെയും ബലികഴിച്ചുകൊണ്ടു് സമാധാനം വിലക്കുവാ

ങ്ങാൻ സോവിയററ് യൂണിയൻ ആഗ്രഹിക്കുന്നു എന്ന് അവർ കുററപ്പെടുത്തുന്നു. ലോക സമാധാന കൌൺസിലിലെ സോവിയററ് പ്രതിനിധികൾ കൊളോണിയൽ വിമോചന പ്രസ്ഥാനത്തെ ശവങ്ങളുടെ ഒരു പ്രസ്ഥാനമെന്ന് ആക്ഷേപിച്ചതായി അവർ ആരോപണം നടത്തുന്നു, എല്ലാ ആഫ്രോ ഏഷ്യൻ സംഘടനകളിൽനിന്നും സോവ്യററ് സൗഹാർദ്ദപ്രതിനിധികളെ ഒഴിച്ചു നിർത്തണമെന്ന ഒരാവശ്യവും അവർ കൊണ്ടുവന്നിട്ടുണ്ട്. കാരണം, സോവിയററുകാർ ഏഷ്യക്കാരല്ലത്രേ. ഇത്തരമൊരാവശ്യം ജാതിയുടെ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്നതാണെന്നു മാത്രമല്ല, ഭൂമിശാസ്ത്രപരമായിപ്പോലും ന്യായീകരിക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ സോവിയററ് യൂണിയൻെറ ഭൂരിഭാഗവും ഏഷ്യയിലാണ്. നിയമേന, സോവിയററ് പ്രതിനിധികളുടെ കൂട്ടത്തിൽ ഏഷ്യക്കാരും യൂറോപ്പുകാരുമായ ആളുകളുണ്ടായിരിക്കും.

പക്ഷേ, ചൈനാക്കാരുടെ നിലപാടിൻെറ തകരാറ് ഇതു മാത്രമല്ല. ഇത്തരം വികാരങ്ങൾ കത്തിയിളക്കുന്നതുകൊണ്ട് ചൈനീസ് നേതാക്കന്മാർ കൊളോണിയൽ വിമോചനത്തിനുവേണ്ടി അചഞ്ചലമായി അങ്ങേയററം പോരാടിയിട്ടുള്ള യൂറോപ്പിലെ കമ്മ്യൂണിസ്റ്റുകാരെയും ജനാധിപത്യവാദികളെയും ദുഷിക്കുന്നു എന്നു മാത്രമല്ല, കോളണികളിലേയും പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലേയും ജനതകൾക്ക് അവരുടെ ഏററവും ശക്തന്മാരും കൂറുള്ളവരുമായ ബന്ധുക്കളെ ഇല്ലാതാക്കാൻ ശ്രമിക്കുക കൂടിയാണ് ചൈനീസ് നേതാക്കന്മാർ ചെയ്യുന്നത്. മർദ്ദിത രാഷ്ട്രങ്ങളോട് ചെയ്യാവുന്ന ഏററവും വലിയ ദ്രോഹമാണിത്.

മർദ്ദിത രാഷ്ട്രങ്ങളിലെ ജനതകളെ സോവിയററ് യൂണിയനും യൂറോപ്യൻ തൊഴിലാളിവർഗ്ഗത്തിനും എതിരാക്കി തീർക്കാനും അങ്ങിനെ അവർക്കിടയിൽ ഒരു വിടവുണ്ടാക്കാനുമുള്ള ചൈനീസ് നേതാക്കന്മാരുടെ ഇത്തരം ശ്രമങ്ങൾ വിജയിച്ചിട്ടില്ല. അതിനു കാരണം തികച്ചും വ്യത്യസ്ഥമാണ്. വാസ്തവത്തിൽ ഇത്തരം ശ്രമങ്ങളുടെ ഫലമായി, യാതൊരുത്തരുടെ താല്പര്യസംരക്ഷകരാണ് തങ്ങളെന്ന് ചൈനീസ് നേതാക്കന്മാർ അവകാശപ്പെടുവോ അതേ ജനതകളിൽനിന്നുതന്നെ അവർ അധികമധികം സ്വയം ഒററപ്പെടുകയാണ് ചെയ്യുന്നത്. ദേശീയ വിമോചന സമരങ്ങൾക്കും പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾക്കും സോവിയററ് യൂണിയൻ നൽകിയിട്ടുള്ള അനശ്വരമായ സേവനം ജനങ്ങൾക്ക് മറക്കാൻ സാദ്ധ്യമല്ല. ബ്രിട്ടനിലേയും ഫ്രാൻസിലേയും പോർച്ചുഗീസിലേയും അമേരിക്കയിലേയും മററും തൊഴിലാളി വർഗ്ഗം തങ്ങളുടെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ആഹ്വാനമനുസരിച്ച് "സ്വന്തം ബൂർഷ്വാസിയുടെ" കോളണികളിലെ ജനങ്ങളുടെ സമരത്തിന്ന് പിന്തുണ നൽകിക്കൊണ്ട് നടത്തിയ ധീരോദാത്തമായ പോരാട്ടങ്ങളെ ഈ രാജ്യങ്ങളുടെ മുമ്പത്തേയും ഇപ്പോഴത്തേയും കോളണികളിലെ ജനങ്ങൾക്ക് ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. സ്വന്തം ചോര ചിന്തിക്കൊണ്ടുപോലും സൗഹാർദ്ദപരമായ പിന്തുണ നൽകിയ അനേക വർഷങ്ങളിലെ മേന്മയേറിയ ഈ ചരിത്രത്തെ, ചൈനീസ് നേതൃത്വത്തിൻെറ സങ്കുചിതവും ദേശീയ മേധാവിത്വപരവുമായ പ്രകോപനങ്ങൾക്ക് മാച്ചുകളയാൻ സാദ്ധ്യമല്ല.

മുഖ്യവൈരുദ്ധ്യത്തെപ്പററി ഇത്രയും പറഞ്ഞാൽ മതി. "ഇടനില മേഖല" എന്ന് പറയപ്പെടുന്നതിൻെറ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സ്വന്തം സ്വാർത്ഥപരവും മൂക്കിന്നപ്പുറത്തേയ്ക്ക് കാണാത്തതുമായ നയങ്ങൾക്കൊപ്പിച്ച് യാതൊരു തത്വദീക്ഷയുമില്ലാതെ അവസരവാദപരമായ

സിദ്ധാന്തങ്ങൾ കെട്ടിച്ചമച്ചുണ്ടാക്കാൻ ചൈനീസ് നേതാക്കന്മാർക്കുള്ള സാമർത്ഥ്യത്തിന്റെ പാരമ്യത്തെയാണ് അതു കുറിക്കുന്നതു്.

എന്താണ് ഈ "ഇടനില മേഖലാ" സിദ്ധാന്തം? ഒരുഭാഗത്തു അമേരിക്കനൈക്യനാടുകളും മറുഭാഗത്തു് സോഷ്യലിസ്റ്റ് രാജ്യങ്ങളും ഒഴികെയുള്ള ലോകത്തിലെ എല്ലാ രാജ്യങ്ങളുമെന്നാണ് ഇടനിലമേഖലയുടെ അർത്ഥമെന്ന് 1963 ജൂൺ 14-ാംതീയതിത്തെ ചൈനീസ് പാർട്ടിയുടെ കത്തിൽ പറയുന്നു. ആക്രമണത്തിന്റേയും യുദ്ധത്തിന്റേയും മുഖ്യശക്തിയും ലോക പിന്തിരിപ്പന്മാരുടെ നെടുംകോട്ടയും കൊളോണിയലിസത്തിന്റെ പ്രധാന താങ്ങും മററുമാണ് അമേരിക്കനൈക്യനാടുകളെന്ന് ആ കത്തു് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ആർക്കും ഒരിക്കലും അഭിപ്രായ വ്യത്യാസമില്ല. സ്വന്തം സഖ്യശക്തികളെ ഉൾപ്പെടെ, ലോകത്തിലെ എല്ലാ രാജ്യങ്ങളേയും ജനതകളേയും അടിമപ്പെടുത്താനും അടക്കിഭരിക്കാനുമാണ് "അമേരിക്കൻ കുത്തക മൂലധനം ശ്രമിക്കുന്നതെന്നും" ഇതിന്റെ ഫലമായി അമേരിക്കൻ സാമ്രാജ്യവാദികൾ ലോകത്തിലെ മുഴുവൻ ജനങ്ങൾക്കും എതിരായിത്തീരുകയും അവരാൽ വലയം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും ആ കത്തിൽ തുടർന്നു പറയുന്നു. അതുകൊണ്ടു്, "സാർവ്വദേശീയ തൊഴിലാളി വർഗ്ഗം ഏകോപിപ്പിക്കാൻ കഴിയുന്ന എല്ലാ ശക്തികളുമായും യോജിക്കുകയും ശത്രുവിന്റെ ചേരിയിലെ ആഭ്യന്തര വൈരുദ്ധ്യങ്ങളെ ഉപയോഗപ്പെടുത്തുകയും അമേരിക്കൻ സാമ്രാജ്യവാദികൾക്കും അവരുടെ പിണിയാളുകൾക്കുമെതിരായി ഏററവും വിശാലമായ ഐക്യമുന്നണി ഉണ്ടാക്കുകയും ചെയ്യണ"മെന്നതാണ് നിഗമനം. ഇടനിലമേഖലയുടെ സിദ്ധാന്തത്തെ അവർ വിശദീകരിക്കുന്നതിങ്ങനെയാണ്.

അമേരിക്കൻ സാമ്രാജ്യത്വത്തിന്നെതിരായി ഏററവും വിശാലമായ ഐക്യമുന്നണി രൂപീകരിക്കാനുള്ള സാർവ്വദേശീയ തൊഴിലാളി വർഗ്ഗത്തിന്റെ സമരതന്ത്രത്തെ ഇത്തരത്തിൽ പ്രതിപാദിക്കുന്നതിന്റെ അർത്ഥം സ്വയം സ്പഷ്ടമാണ്. ഇടനില മേഖലയിലെ രാജ്യങ്ങൾക്കിടയിൽ ഗുണാത്മകമായ യാതൊരു വ്യത്യാസവും കാണേണ്ടതില്ലെന്നാണ് അതിന്റർത്ഥം. ആ രാജ്യങ്ങളുടെ കൂട്ടത്തിൽ പടിഞ്ഞാറൻ ജർമ്മനിയെപ്പോലെ ഏററവും യുദ്ധഭ്രാന്തന്മാരും പ്രതികാരമോഹികളുമായ സാമ്രാജ്യത്വ ശക്തികളുണ്ടു്; ബെൽജിയത്തിനെയും പോർച്ചുഗലിനെയും പോലെ മർക്കടമുഷ്ടിയോടുകൂടിയും ഏററവും ക്രൂരമായും കോളണികൾ അടക്കിവാഴുന്ന സാമ്രാജ്യരാഷ്ട്രങ്ങളുണ്ടു്; ദക്ഷിണാഫ്രിക്കയേയും, ദക്ഷിണ റൊഡേഷ്യയും പോലെ വർണ്ണവിദ്വേഷം കൊടികുത്തിവാഴുന്ന രാജ്യങ്ങളുണ്ടു്; ആക്രമണകാരിയായ സാമ്രാജ്യത്വ നാറേറാ ബ്ളോക്കുണ്ടു്; പാകിസ്ഥാനേയും തായ്‌ലൻറിനേയും പോലെ സിയാറേറായിലെ ഏഷ്യൻ മെമ്പറന്മാരുണ്ടു്. കൂടാതെ പുതുതായി സ്വാതന്ത്ര്യം നേടിയ ഏഷ്യയിലേയും ആഫ്രിക്കയിലേയും സമാധാന പ്രേമികളായ രാജ്യങ്ങളുമുണ്ടു്. ഇവയെയെല്ലാം ഇടനില മേഖലയിൽ ഒന്നിച്ചു് കൂട്ടിച്ചേർത്തിരിക്കുകയാണ്.

ഈ രാജ്യങ്ങളെയെല്ലാം ഒരേ തരത്തിൽ കണക്കാക്കാൻ വയ്യെന്ന തടസ്ഥവാദത്തിന്നു് മറുപടിയെന്നോണം, "ശത്രുവിന്റെ ചേരിയിലെ വൈരുദ്ധ്യങ്ങളെ" പ്പററിയും "അമേരിക്കൻ സാമ്രാജ്യവാദികളുടെ പിണിയാളുകളെ"പ്പററിയും പറയുന്നുണ്ടു്.

എന്നാൽ ഇത്തരം വിശേഷണങ്ങൾകൊണ്ടു് ഈ സിദ്ധാന്തത്തിന്റെ തകരാറുകളെ ഇല്ലാതാക്കാൻ കഴിയുകയില്ല. സാമൂഹ്യ വ്യവസ്ഥകളുടെ വീക്ഷണത്തിൽനിന്നു നോക്കുമ്പോൾ മുതലാളിത്ത വ്യവസ്ഥയിൽപ്പെട്ട രാജ്യ

ങ്ങളും സോഷ്യലിസ്റ്റ് വ്യവസ്ഥയിൽപ്പെട്ട രാജ്യങ്ങളും എന്ന് ലോകം രണ്ടായി വിഭജിക്കപ്പെട്ടിരിക്കുകയാണെന്നും; ഇന്നത്തെ കാതലായ പ്രശ്നത്തിൻെറ, അതായത് യുദ്ധത്തിൻെറയും സമാധാനത്തിൻെറയും, വീക്ഷണത്തിൽനിന്നു നോക്കുമ്പോൾ, സമാധാനത്തിൻെറ ചേരിയും ആക്രമണത്തിൻെറയും യുദ്ധത്തിൻെറയും ചേരിയുമായി ലോകം വിഭജിക്കപ്പെട്ടിരിക്കുന്നു എന്നും മോസ്കോ പ്രസ്താവന സ്പഷ്ടമായും നമ്മോടു പറയുന്നു. സമാധാന ചേരിയിലെ രാജ്യങ്ങളും സാമ്രാജ്യത്വ സൈനിക കൂട്ടുകെട്ടുകളിൽപ്പെട്ട രാജ്യങ്ങളും തമ്മിലുള്ള മർമ്മപ്രധാനമായ വ്യത്യാസത്തെ നിശ്ശേഷം മാച്ചുകളയുകയാണ് ഇടനില മേഖലാ സിദ്ധാന്തം ചെയ്യുന്നത്.

അങ്ങിനെ ഈ സിദ്ധാന്തം പടിഞ്ഞാറൻ ജർമ്മനിയുടേയും ഫ്രാൻസിൻേറയും ഇംഗ്ലണ്ടിൻെറയും മററും സ്വതന്ത്രമായ യുദ്ധഭീഷണികളെ വളരെയേറെ കുറച്ചു കാണുകയും സോഷ്യലിസ്റ്റ് ചേരിക്കെതിരായി പ്രത്യേകിച്ചുമുള്ള യുദ്ധവിപത്തിനെ ലഘൂകരിക്കുകയും അമേരിക്ക ഒഴികെയുള്ള നാറേറാ ശക്തികൾ അമേരിക്കയുടെ നിസ്സഹായതരും ഇഷ്ടമില്ലാത്തവരുമായ ഇരകളാണെന്ന നിലക്ക് ചിത്രീകരിക്കുകയും ചെയ്യുന്നു. മറേറ അററത്താണെങ്കിൽ പുതുതായി സ്വാതന്ത്ര്യം നേടിയ ആഫ്രോ ഏഷ്യൻ രാജ്യങ്ങളും ആററാമിക് യുദ്ധത്തിൻെറ സർവ്വസംഹാരകമായ സ്വഭാവത്തെപ്പററിയുള്ള ഭയംകൊണ്ട് ചേരിചേരായ്മയുടേയും സമാധാനത്തിൻെറയും ഒരു വിദേശ നയത്തിലേക്ക് അധികമധികം നീങ്ങിക്കൊണ്ടിരിക്കുന്ന മററു രാജ്യങ്ങളും സമാധാന ലക്ഷ്യത്തിന്ന് നൽകിയിട്ടുള്ളതും നൽകിക്കൊണ്ടിരിക്കുന്നതുമായ വിലയേറിയ സംഭാവനയെ അത് പൂർണ്ണമായും നിഷേധിക്കുന്നു.

ഈ രണ്ടു വീഴ്ചകളും തീരെ അനുവദനീയമല്ല. ആധുനികലോകത്തിൽ ഇന്ത്യയേയും ഐക്യഅറബി റിപ്പബ്ളിക്കിനേയും ഇൻഡോനേഷ്യയേയും തുർക്കിയേയും ജർമ്മനിയേയും ഫ്രാൻസിനേയും ഇംഗ്ലണ്ടിനേയും മററും ഒരേ തരത്തിൽ കണക്കാക്കുന്നത്, മോസ്കോ പ്രസ്താവനയിലെ മർമ്മപ്രധാനമായ ഒരു സമരതന്ത്രത്തെ—അതായത് ആക്രമണത്തിൻെറയും യുദ്ധത്തിൻെറയും ചേരിക്കെതിരായി സമാധാനത്തിന്റെ ചേരിയുടെ ഐക്യത്തെ വിപുലപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള സമരത്തെ—കളഞ്ഞു കുളിക്കുകയാണ്.

അങ്ങിനെ സാമ്രാജ്യത്വാക്രമണയുദ്ധത്തിന്നെതിരായ സമരത്തിൽ ലോകസമാധാന ശക്തികളുടെ ഐക്യത്തെ ഭിന്നിപ്പിക്കുകയെന്നതാണ് ഇടനിലമേഖലാ സിദ്ധാന്തത്തിൻെറ അങ്ങേയററം ഗൌരവമേറിയ അനന്തര ഫലം. സ്വാഭാവികമായും ലോകരാഷ്ട്രീയ കാര്യങ്ങളോടുള്ള തത്വാഭിക്ഷയില്ലാത്ത ഇത്തരമൊരു സമീപനത്തിൽനിന്നുളവാകുന്നത് തനി അവസരവാദമാണ്. കാരണം, 'ഇടനില മേഖലാ' സിദ്ധാന്തത്തിൻെറ പ്രണേതാവായ ചൈനയ്ക്കു് സ്വന്തം സങ്കചിതവും ദേശീയ മേധാവിത്വപരവുമായ ലക്ഷ്യങ്ങളും ദുർമ്മോഹങ്ങളും സാധിക്കുന്നതിന്നു വേണ്ടി ഏതു രാജ്യവുമായും അവസരവാദപരവുമായ എന്തു കൂട്ടുകെട്ടുകളും ഉണ്ടാക്കാൻ സ്വാതന്ത്ര്യമുണ്ടെന്നാണ് ഇതിൻെറ പ്രായോഗികമായ അർത്ഥം.

അല്ലെങ്കിൽ, ഏററവും അപ്രതീക്ഷിതമായ പ്രശ്നങ്ങളിൽ അത്ഭുതകരവും വർദ്ധമാനവുമായ അളവിൽ ചൈനയും പാകിസ്ഥാനും പരസ്പരം പിന്തുണ നൽകാൻ തുടങ്ങിയിട്ടുള്ളതിനെ എങ്ങിനെ വിശദീകരിക്കാൻ കഴിയും? വാസ്തവത്തിൽ, ആ പിന്തുണ ഒരു സഖ്യത്തിൻെറ ഘട്ടംവരെ എത്തിക്കഴിഞ്ഞിരിക്കുന്നു.

പാകിസ്ഥാൻ സിയോറേറാവിലെ, അംഗമാണ്, പ്രകടമായും ഒരു വർഗ്ഗീയ മതരാഷ്ട്രമാണ്. കാഷ്മീർ നിയമപരമായും ജനങ്ങളുടെ വിധിയനുസരിച്ചും ഇന്ത്യയുടെ ഭാഗമാണ്. ഏഷ്യയിലെ പുതുതായി സ്വാതന്ത്ര്യം നേടിയ കൊളോണിയൽ വിരോധികളായ, സ്വാതന്ത്ര്യപ്രേമികളായ രാജ്യങ്ങളുടെ ചേരിയിൽപ്പെട്ടതാണ് ഇൻഡ്യ. ആദ്യത്തെ വസ്തുതയെ ആരും നിഷേധിക്കുന്നില്ല. രണ്ടാമത്തേയും മൂന്നാമത്തേയും വസ്തുതകളെ എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളും അംഗീകരിക്കുന്നുണ്ട്.

എങ്കിലും ഈ വസ്തുതകളുന്നയിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ചൈനീസ് നേതൃത്വത്തിന്റെ വിലയിരുത്തലുകളും നയവും എന്താണ്? അവരുടെ ദൃഷ്ടിയിൽ ഇൻഡ്യ ഒരമേരിക്കൻ ചട്ടകമാണ്. ഇൻഡ്യാ ഗവണ്മെന്റിന്റെ ജനാധിപത്യ വിരുദ്ധവും ജനവിരുദ്ധവുമായ നടപടികളെ കൊട്ടിഘോഷിക്കാനുള്ള ഒരവസരവും അവർ ഉപേക്ഷിക്കാറില്ല. നേരെ മറിച്ച് പാകിസ്ഥാനിലെ ഭരണത്തിന്റെ അങ്ങേയററം സർവ്വാധിപത്യപരവും ജനാധിപത്യ വിരുദ്ധവുമായ സ്വഭാവത്തെപ്പററി ഏററവും വിദൂരമായ സൂചനപോലും കാണുകയില്ല. പാകിസ്ഥാനിലെ ഭരണകൂടത്തിന്റെ ദുഷിച്ച വർഗ്ഗീയ സ്വഭാവവും പാകിസ്ഥാനിലെ ഭരണാധികാരികളും പത്രങ്ങളും നടത്തുന്ന വർഗ്ഗീയ വിദ്വേഷ പ്രചാരവേലയും കൂട്ടക്കൊലയും പരിപൂർണ്ണമായും അവഗണിക്കപ്പെടുന്നു. പാകിസ്ഥാൻ നിയമവിരുദ്ധമായി കയ്യടക്കി വച്ചിട്ടുള്ള കാശ്മീർപ്രദേശത്തെ സംബന്ധിച്ചിടത്തോളം ആ രാജ്യവുമായി അതിർത്തിക്കരാറുകളുണ്ടാക്കുന്നു. കാശ്മീരിൽ ഹിതപരിശോധന നടത്തണമെന്ന പാകിസ്ഥാന്റെ ആവശ്യത്തെ സ്വയം നിർണ്ണയാവകാശത്തിന്റെ പേരിൽ അനുകൂലിക്കുന്നു. ഇവയെല്ലാം മകുടംചാർത്തിക്കൊണ്ട്, പാകിസ്ഥാൻ സിയാറേറാവിൽ അംഗമായിട്ടുള്ളതിനെപ്പോലും ഒരു ആത്മരക്ഷാ നടപടി എന്ന നിലക്ക് (ആർക്കെതിരായിട്ടാണാവോ?) ന്യായീകരിക്കുന്നു.

പകരം, ചൈനയ്ക്കെതിരായ ആക്രമണകാരിയാണ് ഇന്ത്യയെന്ന് പാകിസ്ഥാൻ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയുമായി ഒരു സായുധസംഘട്ടനം വേണ്ടിവന്നാൽ, പാകിസ്ഥാന്റെ വമ്പിച്ച ഏഷ്യൻ അയൽ രാജ്യം അതിന്റെ സഹായത്തിനെത്തുമെന്ന് പാകിസ്ഥാൻ വിദേശകാര്യമന്ത്രിയായ മിസ്റ്റർ ഭൂട്ടോ നിയമസഭയിൽ പ്രഖ്യാപിച്ചു.

ഇന്ത്യയുടെ നേർക്കുള്ള തങ്ങളുടെ പൊതുശത്രുത്വം കാരണമാണ് ചൈനയും പാകിസ്ഥാനും പരസ്പരം അടുത്ത് വന്നിട്ടുള്ളതെന്നല്ലാതെ മറെറന്താണ് ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത്? ഇത്തരമൊരുനയത്തെ ന്യായീകരിക്കുന്ന ഒരൊററ വാചകംപോലും മോസ്കോ പ്രസ്താവനയിലുണ്ടോ? സമാധാനപ്രേമിയും കൊളോണിയൽ വിരോധിയുമായ ഒരു രാജ്യത്തിന്നെതിരായി സാമ്രാജ്യത്വ സൈനിക ബ്ലോക്കിൽപ്പെട്ട ഒരു രാജ്യവുമായി സ്വയം കൂട്ടുചേരാൻ ഒരു സോഷ്യലിസ്റ്റ് രാജ്യത്തിന്ന് കഴിയുമോ? ഇങ്ങനെ ഒരു ചോദ്യം ചോദിക്കുന്നതു തന്നെ അസംബന്ധമാണ്.

അതുകൊണ്ടാണ് സ്വന്തം സങ്കുചിതമായ ദേശീയ താല്പര്യത്തിന്നുവേണ്ടി ആർക്കുമെതിരായി ആരുമായും കൂട്ടുചേരാൻ ലൈസൻസ് തരുന്ന 'ഇടനില മേഖലാ' സിദ്ധാന്തം കൊണ്ടുവന്നിട്ടുള്ളത്.

ചൈനയുടെ നയങ്ങളെന്തുതന്നെയായാലും, ഫ്രാൻസിലെ ഡിഗോൾ ഗവണ്മെന്റ് ചൈനയെ അംഗീകരിച്ചിട്ടുള്ളതിനെ ലോകത്തെങ്ങുമുള്ള കമ്യൂണിസ്റ്റുകാരും ജനാധിപത്യവാദികളും സ്വാഗതം ചെയ്തിട്ടുണ്ട്. പക്ഷേ 'ഇടനില മേഖല'യിലെ മറെറാരു രാജ്യവും ചൈനയും തമ്മിൽ ഉണ്ടായിട്ടുള്ള ഈ പുത്തൻ പ്രേമത്തിന്റെ പിന്നിൽ, ഭാഗികമായ അണുപരീക്ഷണ

നിരോധനക്കരാറിനോടു് ഇരു രാജ്യങ്ങൾക്കുമുള്ള, വെറും മഹാശക്തി പദവി വിമോഹത്തെ അടിസ്ഥാനപ്പെടുത്തിയ പൊതുവിരോധം ആർക്കും കാണാതിരിക്കാൻ കഴിയുകയില്ല.

നടുനില മേഖലാ സിദ്ധാന്തത്തിൻെറ പ്രായോഗിക പ്രവർത്തനം ഇത്തരത്തിലാണു്.

# VII

# ഉപസംഹാരം

ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാർ മുന്നോട്ടുവച്ചിട്ടുള്ള താത്വിക പ്രമേയങ്ങളുടെയും അവരുടെ പ്രായോഗിക പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ അവരുടെ നയത്തെ മൊത്തത്തിൽ പരിശോധിക്കുന്ന സമയത്തു്, 1957—ലെ മോസ്കോ പ്രഖ്യാപനത്തിൻെറയും 1960—ലെ മോസ്കോ പ്രസ്താവനയുടേയും ഒരു പരിപൂർണ്ണ നിഷേധമാണതെന്നു് സ്പഷ്ടമാണു്. എന്നു മാത്രമല്ല, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ്—തൊഴിലാളിവർഗ്ഗപ്രസ്ഥാനങ്ങളേയും ലോകജനാധിപത്യ സംഘടനകളേയും സോഷ്യലിസ്റ്റ് ചേരികളുടെ ഐക്യത്തേയും സോഷ്യലിസ്റ്റ് രാജ്യങ്ങളും, പുതുതായി സ്വാതന്ത്ര്യം നേടിയ സമാധാന പ്രേമികളായ രാജ്യങ്ങളും തമ്മിലുള്ള ഐക്യത്തേയും ആഫ്രോ ഏഷ്യൻ രാജ്യങ്ങളുടെ ഐക്യത്തേയും കൊളോണിയൽ വിമോചന പ്രസ്ഥാനവും സാർവ്വദേശീയ തൊഴിലാളിവർഗ്ഗ പ്രസ്ഥാനവും തമ്മിലുള്ള ഐക്യത്തേയും ആദ്യവസാനം പൊളിക്കുന്ന ഒരു നയവുമാണതു്.

മുതലാളിത്ത വ്യവസ്ഥയുടെ മേൽ സോഷ്യലിസ്റ്റ് വ്യവസ്ഥക്കുള്ള വർദ്ധമാനമായ മേന്മയെപ്പററി ചൈനീസ് നേതാക്കന്മാർ അവസാനമില്ലാതെ പ്രസംഗിക്കുന്നുണ്ടു്. വാസ്തവം പറഞ്ഞാൽ അവർ ഒന്നുകിൽ അതു കാണുന്നില്ല, അല്ലെങ്കിൽ അതിനെ നിഷേധിക്കുന്നു. സോഷ്യലിസത്തിൻെറയും ദേശീയ വിമോചനത്തിൻെറയും സമാധാനത്തിൻെറയും ജനാധിപത്യത്തിൻെറയും ശക്തികളുടെ ബലത്തെ അവർ കുറച്ചു കാണുന്നു.

കാരണം, സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ മേന്മയെ കാണുന്നു എന്നു പറയുന്നതിൻെറ കാതൽ കിടക്കുന്നതു് സാമ്രാജ്യാധിപത്യത്തിൻെറ കുഴപ്പത്തിലെ പുതിയ ഘട്ടത്തെ കാണുകയും സമ്രാജ്യാധിപത്യത്തെ ദുർബലമാക്കുകയും തകർക്കുകയും അവസാനം പരാജയപ്പെടുത്തുകയും ചെയ്യുന്നതിന്നു വേണ്ടി ഈ കുഴപ്പത്തിൻെറ പുതിയ സ്വഭാവ വിശേഷങ്ങളെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിലാണു്. ലോകസമാധാനം കാത്തുരക്ഷിക്കുന്നതിലുള്ള പുതിയ അവസരങ്ങളെ കാണുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിലാണു് അതു കിടക്കുന്നതു്. അതുപോലെതന്നെ ദേശീയ വിമോചനത്തിന്നും പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തെ ശക്തിപ്പെടുത്തുന്നതിന്നും വേണ്ടിയുള്ള സമരത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിലും ലോകത്തിലെങ്ങും ജനാധിപത്യത്തിന്നും സോഷ്യലിസത്തിന്നും വേണ്ടിയുള്ള സമരത്തിന്നാഴം കൂട്ടുന്നതിലുമാണു് അതു കിടക്കുന്നതു്. സമാധാനത്തിലേക്കും ജനാധിപത്യത്തിലേക്കും ദേശീയ സ്വാതന്ത്ര്യത്തിലേക്കും സോഷ്യലിസത്തിലേക്കുമുള്ള അതിൻെറ

പുരോഗതിയിൽ തൊഴിലാളിവർഗ്ഗത്തിന്നു് ഇന്നു് നേടാൻ കഴിയുന്ന പുതിയ സഖ്യശക്തികളുമായി ഐക്യം ഊട്ടിയുണ്ടാക്കുന്നതിലാണു് അതു കിടക്കുന്നതു്.

ഈ പുതിയ അവസരങ്ങളുടെ അർത്ഥം സാമ്രാജ്യത്വത്തിന്റെ സ്വഭാവം മാറിയെന്ന നിലപാടു് അംഗീകരിക്കലല്ല; സാമ്രാജ്യത്വം യുദ്ധത്തിലേക്കും ആക്രമണത്തിലേക്കും വലിച്ചിഴക്കാൻ ശ്രമിക്കുന്നില്ലെന്നു് വാദിക്കലല്ല. തൊഴിലാളി വർഗ്ഗത്തിന്റെയും കൃഷിക്കാരുടെയും സമുദായത്തിലെ മററു ജനാധിപത്യ വിഭാഗങ്ങളുടെയും ഐക്യത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് കൂടുതൽ വിപുലമായ ജനാധിപത്യസമരങ്ങളും വർഗ്ഗസമരങ്ങളും തീവ്രമായി നടത്താതെ സാമ്രാജ്യത്വത്തെയും പിന്തിരിപ്പൻ ശക്തികളെയും പരാജയപ്പെടുത്താൻ കഴിയുമെന്ന നിലപാടെടുക്കലല്ല. അങ്ങിനെ ഒരിടത്തും വാദിച്ചിട്ടില്ല. എല്ലാ സാഹചര്യങ്ങളിലും ഈ പുതിയ മാറ്റങ്ങൾ വിജയകരമായ ഫലങ്ങളുളവാക്കണമെന്നു് ഒരിടത്തും ഉറപ്പിച്ചു പറഞ്ഞിട്ടില്ല. യുദ്ധം ഉണ്ടാവുകയാണെങ്കിൽ, സോഷ്യലിസത്തിലേക്കുള്ള സമാധാനപാമായ പരിവർത്തനം സാദ്ധ്യമല്ലാതായിത്തീരുകയാണെങ്കിൽ, സോഷ്യലിസ്റ്റ് രാജ്യങ്ങളും കമ്മ്യൂണിസ്റ്റ് പാർട്ടികളും അതിനെ നേരിടാൻ ജാഗ്രതയായിരിക്കുകയും സമാധാനപരമല്ലാത്ത മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സ്വയം ഒരുങ്ങുകയും വേണം.

ഇതെല്ലാം ശരിയാണു്, പക്ഷേ, മോസ്കോ പ്രസ്താവനയിലെ ഓരോ പേജിലും ഓരോ വാചകത്തിലും ആദ്യവസാനം എടുത്തുന്നിപ്പറഞ്ഞിട്ടുള്ളതു് നാമിന്നു കടന്നുപോകുന്ന പുതിയ കാലഘട്ടത്തിൽ പുതുതായിട്ടുള്ളതെന്താണെന്നാണു്; കമ്മ്യൂണിസ്റ്റുകാരും ജനാധിപത്യ വാദികളും സമാധാന പ്രേമികളായ എല്ലാ നല്ല മനുഷ്യരും മനുഷ്യസമുദായത്തിന്റെ ചിരകാല സ്വപ്നമായ സമാധാനത്തിന്നും സമത്വത്തിനും സാഹോദര്യത്തിനും സ്വാതന്ത്ര്യത്തിനും ചോരയും മാംസവും കൊടുക്കുന്നതിന്നുവേണ്ടി എങ്ങിനെ പ്രവർത്തിക്കണമെന്നതാണു്. മർമ്മപ്രനാനമായ ഈ വസ്തുതയെ ആർക്കും നിഷേധിക്കാനാവില്ല.

അതുകൊണ്ടാണു്, ആക്രമണ യുദ്ധങ്ങളെയും എതിർ വിപ്ലവ കയററുമതിയെയും പരാജയപ്പെടുത്തുന്നതോടൊപ്പം ഒരു ലോകയുദ്ധം അഴിച്ചുവിടുന്നതിൽനിന്നു് സാമ്രാജ്യത്വത്തെ തടയാനുള്ള സാദ്ധ്യത; അഭ്യന്തരയുദ്ധം കൂടാതെ സോഷ്യലിസത്തിലേക്കുള്ള സമാധാന പരമായ പരിവർത്തനത്തിന്റെ സാദ്ധ്യത; അടിമരാജ്യങ്ങൾക്കു് അസൈനികമായ മാറ്റങ്ങളിലൂടെ ദേശീയ സ്വാതന്ത്ര്യം നേടാനുള്ള സാദ്ധ്യത—ഇവയെല്ലാമുളവായിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണു് പുതുതായി വിമോചനം നേടിയ രാജ്യങ്ങൾക്കു് സാമ്പത്തികവും രാഷ്ടീയവുമായ സ്വാതന്ത്ര്യത്തെ ശക്തിപ്പെടുത്താനും ദേശീയ ജനാധിപത്യത്തിലൂടെയും മുതലാളിത്തേതരമാർഗ്ഗത്തിലൂടെയും സോഷ്യലിസത്തിലേക്കു് മുന്നേറാനും പുതിയ അവസരങ്ങൾ ആവിർഭവിച്ചിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണു്, സോഷ്യലിസ്റ്റ്—മുതലാളിത്ത വ്യവസ്ഥകളിൽപെട്ട രാജ്യങ്ങൾക്കിടയിൽ സമാധാനപരമായ സഹവർത്തിത്വത്തിനും സമാധാനപരമായ മത്സരത്തിന്നും പുതിയ ലോക പ്രാധാന്യം ഉണ്ടായിട്ടുള്ളതും.

ഇതെല്ലാം തിരുത്തിയെഴുതൽ വാദവും വർഗ്ഗസഹകരണവും കീഴടങ്ങൽ വാദവും ലോകസോഷ്യലിസത്തിന്നും ദേശീയവിമോചനത്തിന്നുമെതിരായി സാമ്രാജ്യത്വവും പിന്തിരിപ്പന്മാരുമായി കൂട്ടുചേരലുമായിട്ടാണു് ചൈനീസ് നേതാക്കന്മാർ കാണുന്നതു്. അങ്ങിനെ യുദ്ധത്തിലൂടെയും സായുധസമരത്തിലൂടെയും ആഭ്യന്തരയുദ്ധത്തിലൂടെയുമല്ലാതെ ലോകവിപ്ലവം വിജയിക്കുന്നതിന്നുള്ള യാതൊരു സാദ്ധ്യതയും അവർ കാണുന്നില്ല. ഉച്ചത്തിലും ഉഗ്രമായും വിപ്ലവത്തെപ്പററി പ്രസംഗിക്കുന്നുണ്ടെങ്കിലും, യഥാ

ത്ഥത്തിൽ നൈരാശ്യം നിറഞ്ഞ പരാജയ വാദത്തിൻേറയും സാഹസികത്വത്തിൻേറയും സർവ്വനാശത്തിൻേറയും മാർഗ്ഗമാണിതു്.

ചൈനീസ് കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ സോവ്യററുനേതൃത്വത്തിൻേറയും സഹോദരപാർട്ടികളുടെയും മേൽ എത്ര ശകാരവർഷം ചൊരിഞ്ഞാലും, സഹോദരപാർട്ടികൾ എന്തെങ്കിലുമൊരു വൈതരധ്യത്തെ കുറച്ചു കാണുന്നു എന്നു് എത്രതന്നെ ആക്ഷേപിക്കുകയും കുററപ്പെടുത്തുകയും ചെയ്താലും, അതൊന്നും വിലപ്പോവുകയില്ല. തങ്ങളുടെ സ്വന്തം വരട്ടുതത്വവാദത്തേയും തങ്ങളുടെധാരണയിലും നയങ്ങളിലുമുള്ള ട്രോട്സ്കിയിസ്റ്റു ചായ്‌വിനെയും മൂടിവയ്ക്കാനുള്ള ഒരു ആവരണം മാത്രമാണിതു്.

വരട്ടുതത്വ വാദം ദേശീയമായ അഹന്തയിലേക്കും അവസരവാദത്തിലേക്കും നയിക്കുന്നു; അവയാകട്ടെ വരട്ടുതത്വവാദപരമായ അന്ധതക്കു് ആഴം കൂട്ടുകയും ചെയ്യുന്നു. ചൈനീസ് പാർട്ടിനേതാക്കന്മാരുടെ പല സിദ്ധാന്തങ്ങളും പ്രവൃത്തികളും ദേശീയമായ അഹന്തയുടെയും അവസരവാദത്തിൻേറയും പ്രകടരൂപങ്ങളാണു്; വരട്ടുതത്വവാദം തന്നെയും അതിനുള്ള ഒരു മുഖംമൂടിയും ഒഴിവുകഴിവുമാണു്. ചൈനീസ് നേതാക്കന്മാരുടെ ഉദ്ദേശം സാധിക്കുന്നതിനുവേണ്ടി, സാമ്രാജ്യത്വത്തോടും പിന്തിരിപ്പന്മാരോടും അവർക്കുണ്ടെന്നു പറയുന്ന വിരോധത്തെ വിഴുങ്ങാനും സങ്കുചിതദേശീയവാദപരവും മഹച്ഛക്തി മേധാവിത്വപരവുമായ—പഴയ ബിസ്മാർക്കിന്റെ നയങ്ങളെ ഓർമ്മിപ്പിക്കുന്ന—നയങ്ങൾ കണ്ണിൽ ചോരയില്ലാതെ അനുസരിക്കാനും അവർ തയ്യാറാണു്.

ഇന്നത്തെ തർക്കത്തിൻേറയും സംഘട്ടനത്തിൻേറയും സാരാംശത്തെ ചുരുക്കം വാക്കുകളിൽ സംഗ്രഹിച്ചു പറയാൻ കഴിയും.

സാധാരണ ജനങ്ങൾക്കു് ഏററവും കുറച്ചു് കഷ്ടപ്പാടും ത്യാഗങ്ങളും സഹിക്കേണ്ടിവരുന്ന തരത്തിൽ സമാധാനത്തിലേക്കും സോഷ്യലിസത്തിലേക്കും ദേശീയ സ്വാതന്ത്ര്യത്തിലേക്കും ജനാധിപത്യത്തിലേക്കും മാനവസമുദായത്തെ മുന്നോട്ടു കൊണ്ടുപോകാൻ പുതിയ കാലഘട്ടം നൽകുന്ന അവസരങ്ങളേയും കാഴ്ചപ്പാടുകളേയും എല്ലാ വിധത്തിലും ഉപയോഗപ്പെടുത്തുന്നതിന്നു് മോസ്കോ പ്രസ്താവനയും സഹോദര പാർട്ടികളും ആഗ്രഹിക്കുന്നു. തൊഴിലാളിവർഗ്ഗം അതിൻേറ ദേശാഭിമാനപരമായ ദൌത്യം നിറവേററുന്നതിൽ സാദ്ധ്യമായ എല്ലാ സഖ്യകക്ഷികളേയും നേടിയെടുക്കണമെന്നു് അവർ ആഗ്രഹിക്കുന്നു. ലോകകമ്മ്യൂണിസത്തിൻേറയും ജനാധിപത്യത്തിൻേറയും ദേശീയ സ്വാതന്ത്ര്യത്തിൻേറയും സമാധാനത്തിൻേറയും എല്ലാ ശക്തികളെയും—അവ എത്രതന്നെ ചെറുതും ആടിക്കളിക്കുന്നതുമായാലും—മനുഷ്യ സമുദായത്തിൻേറ പാവന ലക്ഷ്യം നേടുന്നതിന്നുവേണ്ടി ഏകോപിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നു.

നേരെ മറിച്ചു്, സർവ്വനാശകരമായ ഒരു ലോകമഹായുദ്ധത്തിന്റേയും മുതലാളിത്ത രാജ്യങ്ങളിൽ ആഭ്യന്തരയുദ്ധത്തിൻേറയും അടിമ രാജ്യങ്ങളിൽ സായുധസമരത്തിൻേറയും കാഴ്ചപ്പാടല്ലാതെ മററൊന്നും തന്നെ ചൈനീസ് പാർട്ടി നേതൃത്വത്തിന്നു് മനുഷ്യ സമുദായത്തിൻേറ മുമ്പിൽവയ്ക്കാനില്ല. ആത്മഹത്യാപരമായ ഈ ലക്ഷ്യം നേടുന്നതിന്നുവേണ്ടി, ലോകത്തിലെ എല്ലാ സോഷ്യലിസ്റ്റ്—പുരോഗമനശക്തികളുടെയും ഐക്യത്തെ പൊളിക്കാൻ അവർ ഒരുങ്ങിപ്പുറപ്പെട്ടിരിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിന്നുവേണ്ടി, അവസര വാദത്തിൻേറയും ദേശീയ മേധാവിത്വത്തിൻേറയും പാതാളത്തിലേക്കിറങ്ങാൻപോലും അവർ മടിക്കുന്നില്ല.

ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻേറയും ഭൂലോകത്തിൻേറ ഏതൊരു ഭാഗത്തുമുള്ള സമാധാനവും സ്വാതന്ത്ര്യവും ജനാധിപത്യവും കാംക്ഷിക്കുന്ന എല്ലാവരുടേയും മുമ്പിൽ ചൈനീസ് നേതൃത്വം ഉയർത്തിയിട്ടുള്ള വെല്ലുവിളിയുടെ സാരാംശം ഇതാണു്.

# VIII

# ഐക്യത്തിലേയ്ക്കുള്ള പാത

ഞങ്ങൾ ഈ റിപ്പോർട്ടിൽ കാര്യങ്ങൾ വളരെ തുറന്നു പറഞ്ഞിട്ടുണ്ട്. 81 പാർട്ടികളുടെ പ്രസ്താവനയെപ്പററി മൊത്തത്തിലും അതിന്റെ വിവിധ ഭാഗങ്ങളെപ്പററിയും ഞങ്ങളുടെ ധാരണ വളരെ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്, പ്രായോഗികരാഷ്ട്രീയത്തിന്റെ മേഖലയിൽ അതിന്റെ അർത്ഥം എന്താണെന്നും എന്തായിരിക്കണമെന്നും ഞങ്ങൾ വിവരിച്ചിട്ടുണ്ട്. മോസ്കോ പ്രസ്താവനയിൽ ആവിഷ്ക്കരിച്ചിട്ടുള്ള ശരിയായ ധാരണയും നയങ്ങളുമായി ചൈനീസ് പാർട്ടിനേതൃത്വത്തിന്റെ ധാരണയും പ്രവർത്തനവും എതെല്ലാം കാര്യങ്ങളിൽ വ്യത്യസ്തവും വിരുദ്ധവുമാണെന്നും ഞങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

ഇത്തരത്തിൽ യാതൊരു കലവറയും കൂടാതെ പ്രശ്നങ്ങൾ തുറന്ന് പ്രതിപാദിക്കേണ്ടിവന്നതു് എന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതാവശ്യമാണ്.

എന്നാൽ അതിന്നു മുൻപ്, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഈ തർക്കം എങ്ങിനെ ഉത്ഭവിച്ചു എന്നും അതു് പരസ്യമാക്കിയതിന്ന് ആരാണുത്തരവാദി എന്നും തർക്കത്തിലേക്ക് ഇത്രയധികം കാലുഷ്യവും തീക്ഷ്ണതയും കൊണ്ടുവന്നതാരാണെന്നും വിശദീകരിക്കുന്നതു് നന്നായിരിക്കും.

1963 ജൂലായ് 16-ാംതീയതി സോവ്യററ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മിററി എഴുതിയ തുറന്ന കത്തിൽ ഇതു സംബന്ധിച്ച വസ്തുതകൾ ചുരുക്കത്തിലും വസ്തുനിഷ്ഠമായും പ്രതിപാദിച്ചിട്ടുണ്ട്. ആ ഭാഗങ്ങൾ ഞങ്ങൾ താഴെ ഉദ്ധരിക്കുന്നു. നമ്മുടെ പാർട്ടിയെ സംബന്ധിച്ചേടത്തോളമാണെങ്കിൽ, ചൈനീസ് പാർട്ടി നേതൃത്വത്തെ നമ്മുടെ അഭിപ്രായങ്ങൾ അറിയിക്കാനുള്ള എല്ലാ വഴികളും അടയുകയും ഇന്ത്യൻ ജനങ്ങളോട് നമുക്കുള്ള പ്രാഥമികമായ ബാദ്ധ്യത ഉപേക്ഷിക്കാതെ മൗനം ദീക്ഷിക്കാൻ സാദ്ധ്യമല്ലാത്ത ഒരു ഘട്ടത്തിലേക്കു ഇന്ത്യാ-ചൈനാ അതിർത്തിത്തർക്കം വളരുകയും ചെയ്തതിന്നു ശേഷമാണു നാം പരസ്യമായി കാര്യങ്ങൾ പ്രസ്താവിച്ചതു്.

സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററി 1963 ജൂലായ് 14-ാനു എഴുതിയ തുറന്ന കത്തിൽ ഇങ്ങിനെ പറയുന്നു:

"1960 ഏപ്രിൽ മാസത്തിൽ "ലെനിനിസം നീണാൾ വാഴട്ടെ" എന്ന പേരിലുള്ള ലേഖനങ്ങളുടെ ഒരു സമാഹാരത്തിന്റെ പ്രസിദ്ധീകരണം വഴി ചൈനീസ് സഖാക്കൾ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി അവർക്കുള്ള അഭിപ്രായ വ്യത്യാസങ്ങൾ പരസ്യമായി പുറത്തുകൊണ്ടുവന്നു.......ചൈനീസ് പാർട്ടി നേതാക്കന്മാർ എല്ലാ സഹോദരപാർട്ടികളുടെമേലും അവരുടെ അഭിപ്രായങ്ങൾ അടിച്ചേല്പിക്കാൻ തുടങ്ങി—1960 ജൂൺ മാസത്തിൽ പീക്കിങ്ങിൽവച്ച് ലോകട്രേഡ് യൂണിയൻ കൌൺസിലിന്റെ ജനറൽ കൌൺസിൽ യോഗം നടന്ന സമയത്തു്. അപ്പോൾ പീക്കിങ്ങിലുണ്ടായിരുന്ന പല സഹോദരപാർട്ടികളുടെയും പ്രതിനിധികളുടെ ഒരു യോഗം, ആ പാർട്ടികളുടെ നേതൃത്വത്തിന്റെ അറിവു കൂടാതെ ചൈനീസ് സഖാക്കൾ വിളിച്ചുകൂട്ടി. ആ യോഗത്തിൽവച്ച് സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും മററ് മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടികളുടെയും നിലപാടിനെയും 1957—ലെ മോസ്കോ സമ്മേളനമംഗീകരിച്ച പ്രഖ്യാപനത്തെയും അവർ പരസ്യമായി വിമർശിക്കാൻ ആരംഭിക്കുകയും ചെയ്തു. മാത്രമല്ല, ചൈനീസ് നേതാക്കൾ സോവ്യററ് കമ്മ്യൂണിസ്റ്റ് പാർട്ടിയും മററു സഹോദര പാർട്ടികളുമായി അവർക്കുള്ള അഭിപ്രായ വ്യത്യാസങ്ങൾ

ഒരു കക്ഷിരഹിത സംഘടനയുടെ പരസ്യവേദിയിലേക്കു് കൊണ്ടുവന്നു.

"ചൈനീസ്പാർട്ടി നേതൃത്വത്തിന്റെ ഇത്തരം നടപടികൾ സഹോദര പാർട്ടികൾക്കിടയിൽ കാര്യമായ ഉൽക്കണ്ഠ ഉളവാക്കി. അക്കാര്യം പരിഗണിച്ചുകൊണ്ടു്, 1960—ൽ ബുക്കാറസ്റ്റിൽവച്ചു കൂടിയ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ യോഗത്തിൽവച്ചു് ഈ അഭിപ്രായ വ്യത്യാസങ്ങളെപ്പററി ചൈനീസ് പാർട്ടി നേതാക്കന്മാരുമായി ചർച്ച ചെയ്യാനുള്ള ഒരു ശ്രമം നടന്നു. 50 കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടികളുടെ പ്രതിനിധികൾ ചൈനീസ് നേതാക്കന്മാരുടെ അഭിപ്രായങ്ങളേയും പ്രവൃത്തികളേയും സൗഹാർദ്ദപരമായ വിമർശനത്തിന്നു് വിധേയമാക്കി; മോസ്കോ പ്രഖ്യാപനത്തിന്റെ തത്വങ്ങൾക്കനുസരിച്ചു് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ഐക്യവും സഹകരണവും പുലർത്തുക എന്ന പാതയിലേക്കു് തിരിച്ചുവരാൻ അവർ ചൈനീസ് സഖാക്കളെ ഉൽബോധിപ്പിച്ചു......... 1960 നവംബർ മാസത്തിൽ നടന്ന 81 കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടികളുടെ പ്രതിനിധി സമ്മേളനത്തിൽ ചൈനീസ്പാർട്ടി നേതൃത്വത്തിന്റെ തെററായ അഭിപ്രായങ്ങളെയും ധാരണകളെയും സഹോദരപാർട്ടികളിൽ കേവല ഭൂരിപക്ഷം തള്ളിക്കളഞ്ഞു. ഈ സമ്മേളനത്തിലും ചൈനീസ് പ്രതിനിധി സംഘം അതിന്റെ സ്വന്തം അഭിപ്രായങ്ങൾ മർക്കടമുഷ്ടിയോടുകൂടി മുറുകെ പിടിക്കുകയുണ്ടായി. തങ്ങൾ നിശ്ശേഷം ഒററപ്പെടുമെന്ന ആപത്തുയർന്നപ്പോൾ മാത്രമാണു് അവർ പ്രസ്താവനയിൽ ഒപ്പുവച്ചതു്......

"1962 ഫെബ്രുവരി 22-ാംതീയതിയും മേയ് 31-ാംതീയതിയും സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മററി എഴുതിയ കത്തുകളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഐക്യത്തെ ബലഹീനമാക്കുന്നതുകൊണ്ടു് നമ്മുടെ പൊതുലക്ഷ്യത്തിന്നു് നേരിടാനിടയുള്ള ആപൽക്കരമായ ഭവിഷ്യത്തുകളിലേക്കു് ചൈനീസ് പാർട്ടികേന്ദ്രക്കമ്മററിയുടെ ശ്രദ്ധയെ ക്ഷണിക്കുകയുണ്ടായി. സോവിയററ്—ചീനാ ബന്ധങ്ങളിൽ ഉളവായിട്ടുള്ള വിഷമതകളെ സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ സാമ്രാജ്യമേധാവികൾക്കു് അവസരംകൊടുക്കാതിരിക്കുന്നതിനുവേണ്ട നടപടികളെടുക്കണമെന്നു് ഞങ്ങൾ അന്നു് ചൈനീസ് സഖാക്കളോടു നിർദ്ദേശിച്ചു. ആഭ്യന്തര രാഷ്ട്രീയ വിവരങ്ങൾ പരസ്പരം കൈമാറുക, ലോക ജനാധിപത്യസംഘടനകളിലും മററു് രംഗങ്ങളിലും സഹോദര പാർട്ടികളെടുക്കുന്ന നിലപാടുകളെ ഏകോപിക്കുക മുതലായ കാര്യങ്ങളിൽ കൂടുതൽ ഫലപ്രദമായ നടപടികളെടുക്കണമെന്നും സോവ്യററു പാർട്ടി കേന്ദ്രക്കമ്മററി നിർദ്ദേശിക്കുകയുണ്ടായി

"എങ്കിലും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ചൈനീസ് ജനകീയ റിപ്പബ്ളിക്കുമായി ബന്ധങ്ങൾ എല്ലാത്തരത്തിലും മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ കത്തുകൾക്കും മററു പ്രായോഗികനടപടികൾക്കും പീക്കിങ്ങിൽനിന്നു് യാതൊരു പ്രതികരണവുമുണ്ടായില്ല.........

"സഹോദര പാർട്ടികളുമായുള്ള ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾക്കു് ആഴം കൂട്ടുന്നതോടൊപ്പം, ചൈനീസ് പാർട്ടി നേതാക്കന്മാർ ഗവണ്മെൻറുകൾ തമ്മിലുള്ള ബന്ധങ്ങളിലേക്കും അവയെ കൊണ്ടുവരാൻ തുടങ്ങി. ചൈനീസ് ജനകീയ റിപ്പബ്ളിക്കും സോവ്യററ് യൂണിയനും മററു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും തമ്മിലുള്ള സാമ്പത്തിക-വ്യപാര ബന്ധങ്ങളെ അവർ വെട്ടിച്ചുരുക്കാൻ തുടങ്ങി. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സോവ്യററു യൂണിയനും ചൈനയും തമ്മിലുള്ള വ്യാപാരത്തിന്റെ അളവു് 67 ശതമാനത്തോളം കുറയ്ക്കാൻ ചൈനീസ് ഗവണ്മെൻറു് മുൻകൈ എടുത്തു. വ്യാവസായിക യന്ത്രോപകരണങ്ങളുടെ ഇറക്കുമതി നാലിലൊന്നായി ചുരുക്കി. ഈ കുറവു വരുത്തുന്നതിന്നു മുൻകൈ എടുത്തതു് ചൈനീസ് നേതാക്കന്മാരാണു്. അവർ ഇത്തരമൊരു മാർഗ്ഗം സ്വീകരിച്ചതിൽ നാം

ഖേദിക്കുന്നു. സോവ്യറ്റ് ചൈനാ ബന്ധങ്ങളും സഹകരണവും വികസിപ്പിച്ചുകൊണ്ടിരിക്കേണ്ടതു് ആവശ്യമാണെന്നാണ് നാം എല്ലായ്പ്പോഴും വിശ്വസിച്ചിട്ടുള്ളതു്; ഇപ്പോഴും വിശ്വസിക്കുന്നതു്......

"ആരുടെ കുററംകൊണ്ടാണ് ഈ ബന്ധങ്ങൾ ചുരുക്കാനിടയായതെന്ന് ചൈനീസ് നേതാക്കന്മാർ സ്വന്തം ജനങ്ങളോട് സത്യസന്ധമായി പറയുകയുണ്ടായില്ല. സോവ്യററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭ്യന്തരവും വൈദേശികവുമായ നയങ്ങളെ കരിതേച്ചു കാണിക്കാനും സോവ്യററ് വിരുദ്ധ മനോഭാവം കത്തിയിളക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള വിപുലമായ പ്രചാരവേല ചൈനയിലെ കമ്മ്യൂണിസ്റ്റ്കാർക്കിടയിലും ബഹുജനങ്ങൾക്കിടയിൽ പോലും ആരംഭിക്കപ്പെട്ടു......

"1961—ൻെറ അവസാനം തൊട്ട് ചൈനീസ് പ്രതിനിധികൾ ലോകജനാധിപത്യ സംഘടനകളിലും അവരുടെ തെററായ അഭിപ്രായങ്ങൾ പരസ്യമായി അടിച്ചേല്പിക്കാൻ തുടങ്ങി. 1961 ഡിസംബറിൽ കൂടിയ ലോകസമാധാന കൌൺസിലിൻെറ സ്റ്റോക്ക്ഹോംയോഗത്തിൽ ചൈനീസ് പ്രതിനിധി സംഘം സമാധാനത്തിനും നിരായുധീകരണത്തിനും വേണ്ടിയുള്ള ലോകകോൺഗ്രസ്സ് വിളിച്ചു കൂട്ടുന്നതിനെ എതിർത്തു. 1962-ൽ ലോകട്രേഡ്‌യൂണിയൻ ഫെഡറേഷൻെറയും ലോക സമാധാന പ്രസ്ഥാനത്തിൻെറയും ആഫ്രോ—ഏഷ്യൻസൌഹാർദ്ദ പ്രസ്ഥാനത്തിന്റേയും ലോകയുവജന ഫെഡറേഷൻെറയും സാർവ്വദേശീയമഹിളാസംഘടനയുടേയും മററു പല സംഘടനകളുടെയും പ്രവർത്തനം ചൈനീസ് പ്രതിനിധികളുടെ ഭിന്നിപ്പിക്കൽ നടപടികൾ മൂലം തകരാറിലാക്കപ്പെട്ടു. മോഷിയിൽ ചേർന്ന ആഫ്രോ ഏഷ്യൻ സൌഹാർദ്ദ സമ്മേളനത്തിൽ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ആഫ്രോ ഏഷ്യൻ സൗഹാർദ്ദക്കമ്മിററികളുടെ പ്രതിനിധികൾ പങ്കെടുത്തതിനെ അവർ എതിർത്തു. വെള്ളക്കാർക്കിവിടെ യാതൊരു കാര്യവുമില്ലെന്നാണ് ചൈനീസ് പ്രതിനിധിസംഘം നേതാവു് സോവ്യററ പ്രതിനിധികളോട് പറഞ്ഞതു്! ജക്കാർത്തയിൽ കൂടിയ പത്രപ്രവർത്തകരുടെ സമ്മേളനത്തിൽ സോവ്യററ് പത്രപ്രവർത്തകർ പൂർണ്ണ പ്രതിനിധികളായി പങ്കെടുക്കുന്നതിനെ തടയാൻ ചൈനീസ് പ്രതിനിധികൾ സോവ്യററ് യൂണിയൻ ഒരു ഏഷ്യൻ രാജ്യമല്ലെന്ന ന്യായത്തിന്മേൽ ശ്രമിക്കുകയുണ്ടായി.

"അടുത്തു കൂടിയ ലോകമഹിളാ സമ്മേളനത്തിലെ ബഹുഭൂരിപക്ഷം പ്രതിനിധികളും ഭിന്നിപ്പിക്കൽ നടപടികളിലേർപ്പെട്ടുന്നവരും തെററായ രാഷ്ട്രീയ നയം അനുസരിക്കുന്നവരുമാണെന്ന് ചൈനീസ്സഖാക്കൾ കുററപ്പെടുത്തി. ഇതു് അസാധാരണവും അത്ഭുതകരവുമായിരിക്കുന്നു. ആ സമ്മേളനത്തിൽ 110രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തിരുന്നു. എല്ലാ ഭൂഖണ്ഡങ്ങളിലെയും മഹിളകളോടുള്ള അഭ്യർത്ഥനയെപ്പററി സമ്മേളനത്തിൽ വോട്ടെടുപ്പു നടന്നപ്പോൾ ചൈന, അൽബേനിയ എന്നീ രണ്ടു രാജ്യങ്ങളുടെ പ്രതിനിധികൾ മാത്രം എതിർത്തു വോട്ടുചെയ്തു. ബഹുലക്ഷം അംഗങ്ങളുള്ള സ്വാതന്ത്ര്യപ്രേമികളായ മഹിളകളുടെ സൈന്യമാകെത്തന്നെ അണിതെററിപ്പോവുകയും രണ്ടു പേർ മാത്രം അണിതെററാതെയും ശരിയായും മുന്നോട്ടു പോവുകയും ചെയ്യുന്നതായി തോന്നുന്നു!"

1964 ഫെബ്രുവരി 14-ാംതീയതി സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മററി യോഗത്തിൽ സഖാവ് സുസ്ലോവ് സമർപ്പിച്ച റിപ്പോർട്ടിൽ ദുഃഖകരമായ ഈ ചരിത്രത്തിലെ തുടർന്നുള്ള സംഭവങ്ങൾ വിവരിക്കുന്നുണ്ട്. അതിൽ പറയുന്നു:

"പരസ്യമായ ഈ വാദപ്രതിവാദം അവസാനിപ്പിക്കണമെന്ന് മററു് മാർക്സിസ്റ്റ് ലെനിസ്റ്റ് പാർട്ടികളെപ്പോലെ ചൈനീസ് പാർട്ടി നേതൃത്വത്തോട് നമ്മളും വീണ്ടും വീണ്ടും നിർദ്ദേശിക്കുകയുണ്ടായി. 1963

ഒക്ടോബർ 25, നവമ്പർ 7 എന്നീ തീയതികളിൽ സഖാവ് ക്രൂഷ്ചേവ് ചെയ്ത പ്രസംഗങ്ങളിൽ ഇക്കാര്യം പ്രത്യേകിച്ചും എടുത്തുപറഞ്ഞിരിക്കുന്നു. അഭിപ്രായ വ്യത്യാസങ്ങൾ തീർക്കുന്നതിന്നും സോവ്യറ്റ് യൂണിയനും ജനകീയ ചൈനയും തമ്മിലുള്ള ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവുമായ സഹകരണം ശക്തിപ്പെടുത്തുന്നതിന്നും സമൂർത്തമായ പല നിർദ്ദേശങ്ങളും അടങ്ങുന്ന ഒരു കത്ത് 1963 നവമ്പർ അവസാനത്തിൽ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മറ്റി ചൈനീസ് പാർട്ടിക്കയക്കുകയുണ്ടായി. പരസ്യമായ വാദപ്രതിവാദം നിർത്തണമെന്ന് ആ കത്തിൽ സോവിയറ്റ് പാർട്ടി വീണ്ടും നിർദ്ദേശിച്ചു. ആ നിർദ്ദേശമനുസരിച്ച് കഴിഞ്ഞ ചില മാസങ്ങളിൽ സോവിയറ്റ് പത്രങ്ങൾ വിവാദപരമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായില്ലെന്ന കാര്യം നിങ്ങൾക്കറിയാമല്ലോ.

"എന്നാൽ ഈ നടപടികളുടെ നേർക്ക് ചൈനീസ് നേതാക്കന്മാരുടെ പ്രതികരണമെന്തായിരുന്നു? ദേശീയവാദപരമായ അഹന്തകൊണ്ട് കണ്ണുകാണാതായ അവർ സഹോദരപാർട്ടികളുടെ അഭിപ്രായത്തെയും അഭ്യർത്ഥനയെയും തൃണവൽഗണിച്ചു. അവർ നമ്മുടെ മുൻകൈയ്യിനെ തിരസ്ക്കരിക്കുകയും മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടികൾ കൂട്ടായാവിഷ്ക്കരിച്ച പൊതുനയത്തിന്നെതിരായി പരസ്യമായ രാഷ്ട്രീയസമരത്തിന്റെ പാത സ്വീകരിക്കുകയും ചെയ്തു."

ഈ സംഭവ വികാസങ്ങളെല്ലാം കൂടിയാണ് ഇന്നത്തെ തർക്കത്തെപ്പററി നമ്മുടെ അഭിപ്രായങ്ങൾ പൂർണ്ണമായും കലവറ കൂടാതെയും പ്രതിപാദിക്കുന്നതിലേക്ക് നമ്മളെ എത്തിച്ചത്.

അതേ സമയം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയെയോ അതിന്റെ നേതൃത്വത്തെയോ വേദനിപ്പിക്കണമെന്നോ അപമാനിക്കണമെന്നോ ഉള്ള യാതൊരു ഉദ്ദേശവും നമുക്കില്ല. ചൈനീസ് പാർട്ടി നേതാക്കന്മാരുടെ ഇന്നത്തെ നയങ്ങൾ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്ന് വമ്പിച്ച ദ്രോഹം ചെയ്യുന്നവയെന്നാണ് നമ്മുടെ അഭിപ്രായമെങ്കിലും, ചൈനീസ് പാർട്ടിയുടെയോ അതിന്റെ നേതാക്കന്മാരുടെയോ മേന്മയേറിയ നേട്ടങ്ങളെ നമുക്കു മറക്കാൻ കഴിയില്ല. അടുത്ത കാലത്ത് ചൈനീസ് പാർട്ടി നേതാക്കന്മാരുടെ നിലപാടുകൾ എത്രതന്നെ തെററാണെങ്കിലും, ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഭിന്നിപ്പ് സാമ്രാജ്യാധിപത്യത്തിന്നും പിന്തിരിപ്പന്മാർക്കുമെതിരായ ജനങ്ങളുടെ സമരത്തിന്ന് വലിയ ദോഷം ചെയ്യുന്നുവെന്നും പ്രസ്ഥാനത്തിൽ ഐക്യം പുനഃസ്ഥാപിക്കുന്നതിന്ന് കഴിവുള്ളതെല്ലാം ചെയ്യണമെന്നും നമുക്ക് മറക്കാൻ വയ്യ.

നാം കാര്യങ്ങൾ തുറന്നു പറയുന്നതിന്നുള്ള കാരണങ്ങൾ തികച്ചും വിഭിന്നമാണ്.

ഒന്നാമത്തെ കാരണം: സാർവ്വദേശീയകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഇന്നത്തെ അഭിപ്രായ വ്യത്യാസങ്ങൾ യഥാർത്ഥവും ആഴമേറിയതുമാണ്. വരാൻപോകുന്ന വർഷങ്ങളിൽ മനുഷ്യസമുദായത്തിന്റെ വിധിയെ നിർണ്ണയിക്കാൻ പോകുന്ന പ്രായോഗികപ്രശ്നങ്ങളെ സംബന്ധിക്കുന്നതാണ് അവ. സ്വതന്ത്രമായും കലവറ കൂടാതെയും ചർച്ച നടത്തുന്നതിലൂടെ മാത്രമേ അത്തരം അഭിപ്രായവ്യത്യാസങ്ങൾ തീർക്കാൻ കഴിയുകയുള്ളു. അധിക്ഷേപകരവും അപമാനകരവുമായ ഭാഷ തീർച്ചയായും ഒഴിവാക്കേണ്ടതാണ്, എന്നാൽ മര്യാദയ്ക്കു വേണ്ടിയോ ഇല്ലാത്ത ഐക്യം ഉണ്ടെന്നു കാണിക്കാൻ വേണ്ടിയോ യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നതും ചൈനീസ് നേതാക്കന്മാർ തന്നെ സൃഷ്ടിച്ചിട്ടുള്ള വിടവു നികത്താൻ സഹായിക്കുകയില്ല.

രണ്ടാമത്തെ കാരണം; ഒന്നുകിൽ മര്യാദയ്ക്കുവേണ്ടി ഒന്നും മിണ്ടാതിരിക്കുക; അല്ലെങ്കിൽ പരസ്പരം തെറിപറയുക—ഇതു രണ്ടുമല്ല നമ്മുടെ മുമ്പിൽ

ഇന്നു യഥാർത്ഥമായ പോംവഴി: ഒന്നുകിൽ തെററുതിരുത്തുകയും ഐക്യം പുനഃസ്ഥാപിക്കുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടി ഉള്ള തുറന്നു സ്വതന്ത്രമായ ചർച്ച നടത്തുക; അല്ലെങ്കിൽ ആശയക്കുഴപ്പത്തിലും വെറുപ്പിലും അരാജകത്വത്തിലും ചെന്നുചേരുക—യഥാർത്ഥത്തിൽ നമ്മുടെ മുമ്പിലുള്ള രണ്ടു വഴികൾ ഇവയാണ്. ചൈനയുടെ ദേശീയമായ സ്വാർത്ഥതാല്പര്യവും റഷ്യയുടെ സ്വാർത്ഥതാല്പര്യവും തമ്മിലാണ്, ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവാകേണ്ടതു് മാവോയാണോ ക്രൂഷ്ചോവാണോ എന്ന കാര്യത്തിലാണ്, മുഴുവൻ തർക്കവുമെന്ന നിലക്കു് പല "സിദ്ധാന്ത"ങ്ങളും ബൂർഷ്വാ പത്രങ്ങൾ ഇപ്പോൾ തന്നെ തുടർച്ചയായി പ്രചരിപ്പിക്കുന്നുണ്ടു്. ഇത്തരം നൈരാശ്യ ജനകവും ഭിന്നിപ്പുണ്ടാക്കുന്നതുമായ സിദ്ധാന്തങ്ങൾ കമ്മ്യൂണിസ്റ്റുകാരല്ലാത്തവരുടെ ദൃഷ്ടിയിൽ കമ്മ്യൂണിസത്തിന്റെ അന്തസ്സിനേയും ആകർഷകത്വത്തേയും താഴ്ത്തുന്നു; യഥാർത്ഥ പ്രശ്നങ്ങളെപ്പററി ഉള്ളുതുറന്ന ചർച്ചകൊണ്ടു മാത്രമെ അതു് അവസാനിപ്പിക്കാൻ കഴിയുകയുള്ളു. തെറിപറയലൊ മിണ്ടാതിരിക്കലൊ ഒരു പോംവഴിയല്ല.

1964 ഏപ്രിൽ മാസത്തിൽ പിളർപ്പൻ പ്രവർത്തനങ്ങൾക്കു് പാർട്ടിയിൽനിന്നു സസ്പെൻറു് ചെയ്യപ്പെട്ട നമ്മുടെ നാഷണൽ കൌൺസിൽ മെമ്പറന്മാരിൽ ചിലരുടെ പരസ്യപ്രസ്താവനകളിൽ ഇത്തരമൊരു നിലപാടു് പ്രതിഫലിച്ചു കണ്ടിരുന്നു. സോവ്യററു് പാർട്ടിയും ചൈനീസ് പാർട്ടിയും തമ്മിലുള്ള ഒരു തർക്കമാണ് ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലിന്നു നടക്കുന്നതെന്ന സൂചനയോടുകൂടി അതിലേതെങ്കിലുമൊരു ഭാഗത്തു് തങ്ങൾ ചേരാനുദ്ദേശിക്കുന്നില്ലെന്നാണവർ പ്രസ്താവിച്ചതു്.

മൂന്നാമത്തെ കാരണം: അതുകൊണ്ടു് സിദ്ധാന്തത്തിന്റെ കാര്യത്തിൽ മാത്രമല്ല, യഥാർത്ഥ പ്രശ്നങ്ങളെ സംബന്ധിച്ചേടത്തോളവും, ചൈനീസ് പാർട്ടിയുടെ നയങ്ങളും ലോകത്തിലെങ്ങുമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നയങ്ങളും തമ്മിലാണ് സംഘട്ടനമെന്നു് തെളിയിക്കുകയാണ് ഞങ്ങളുടെ ഉദ്ദേശം. വാസ്തവത്തിൽ, ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ, ചൈനീസ് നേതൃത്വത്തിന്റെ നയങ്ങളും സമാധാനത്തിന്നും ജനാധിപത്യത്തിന്നും ദേശീയസ്വാതന്ത്ര്യത്തിന്നും സോഷ്യലിസത്തിന്നും വേണ്ടിയുള്ള ലോകസമരവും തമ്മിലുള്ള ഒരു സംഘട്ടനമാണിതു്. സോവ്യററു് പാർട്ടിയുടെയോ ചൈനീസ് പാർട്ടിയുടെയോ പിന്നാലെ പോവുകയെന്ന പ്രശ്നമേ ഉദിക്കുന്നില്ല.

നാലാമത്തെ കാരണം: നാഷണൽ കൌൺസിൽ സസ്പെൻറു് ചെയ്ത മെമ്പറന്മാരിൽ മിക്കവരുടെയും വിഭിന്ന നയങ്ങളും പിളർപ്പൻ പ്രവർത്തനങ്ങളും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഇന്നത്തെ തർക്കവുമായി ബന്ധപ്പെട്ടതാണ്. അവരുടെ അഭിപ്രായങ്ങൾ അവരുടെ സ്വന്തമാണോ മററുള്ളവരിൽനിന്നു് കിട്ടിയതാണോ എന്നതു് ഇവിടെ പ്രസക്തമല്ല. അവരുടെ അഭിപ്രായങ്ങളിൽ പലതും ചൈനീസ് പാർട്ടി നേതൃത്വത്തിന്റെ അഭിപ്രായങ്ങളോടു് വളരെ സാദൃശ്യമുള്ളതാണ്; ചൈനീസ് പാർട്ടി നേതാക്കന്മാർ വർദ്ധിച്ച വിദ്വേഷത്തോടുകൂടി നമ്മുടെ പാർട്ടിയെ ആക്രമിക്കാൻ തുടങ്ങിയതോടുകൂടിയാണ് ഇവരുടെ ഭിന്നിപ്പിക്കൽ പ്രവർത്തനങ്ങളും ശക്തിപ്പെട്ടതു്—അതാണ് പ്രസക്തമായ കാര്യം.

ഈ സംഭവ വികാസങ്ങളെയെല്ലാം പരിഗണിക്കുമ്പോൾ, രാഷ്ട്രീയ വിലയിരുത്തലുകളെ സംബന്ധിച്ചായാലും പ്രായോഗിക നയങ്ങളെ സംബന്ധിച്ചായാലും, ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഇന്നത്തെ അഭിപ്രായവ്യത്യാസങ്ങളെപ്പററി തുറന്ന ചർച്ച നടത്തേണ്ടതു് ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാർക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ തീർക്കുന്നതിന്നു തന്നെ ആവശ്യമായിത്തീർന്നിരിക്കുന്നു. ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഒരു ദേശീയ ഘടകമെന്ന നിലക്കു മാത്രമല്ല, നമ്മൾക്കിടയിൽ തന്നെയുള്ള അഭി

പ്രായ വ്യത്യാസങ്ങൾ കാരണമായും ഈ തർക്കത്തിൽ നമുക്ക് അവഗാഢമായ താല്പര്യവും ഉൽക്കണ്ഠയുമുണ്ട്.

ഇവിടെ ഒരു ചോദ്യമുയർന്നുവരുന്നു. ഈ അഭിപ്രായ വ്യത്യാസങ്ങളെപ്പററി തുറന്ന ചർച്ച നടത്തുന്നതിൽ നമ്മുടെ ലക്ഷ്യമെന്താണ്; എന്തൊരു മനോഭാവത്തോടുകൂടിയാണ് നാമതു നടത്താൻ ഉദ്ദേശിക്കുന്നത്? നമ്മുടെ അണികളെ കൂടുതൽ കൂടുതൽ ഭിന്നിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയും അഭിപ്രായ വ്യത്യാസങ്ങളെ ഉറപ്പിക്കുന്ന രീതിയിലും ആണോ നാമതു നടത്തുന്നത്?

ഇതിന്നുള്ള ഉത്തരം ദൃഢമായും അല്ല എന്നാണ്. കൂടുതൽ ഭിന്നിപ്പുണ്ടാക്കുകയല്ല, തക്കത്തിലുള്ള വീക്ഷണഗതികൾക്കിടയിൽ ശാശ്വതമായ ഒരു ഭിത്തി ഉയർത്തുകയല്ല ഉദ്ദേശം. മാർക്സിസ്റ്റ്‌ലെനിനിസ്റ്റ് സിദ്ധാന്തത്തിന്റെയും അതിന്റെ വെളിച്ചത്തിൽ വിപ്ലവ പ്രസ്ഥാനത്തിന്റെ യഥാർത്ഥമായ അനുഭവങ്ങളെ അപഗ്രഥിച്ചു മനസ്സിലാക്കുന്നതിന്റേയും അടിസ്ഥാനത്തിൽ ആശയവ്യക്തതയുണ്ടാക്കുകയും ബോദ്ധ്യപ്പെടുത്തുകയുമാണുദ്ദേശം. അങ്ങിനെ നമ്മുടെ പാർട്ടി അണികളേയും ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും വീണ്ടും ഐക്യപ്പെടുത്തുകയാണുദ്ദേശം.

അതേ സമയം, രാഷ്ട്രീയമായാലും ആശയപരമായാലും സംഘടനാപരമായാലും, ഐക്യം ഊട്ടിയുണ്ടാക്കുന്നതിന് തത്വദീക്ഷയോടുകൂടിയ ഒരു സമീപനം ആവശ്യമാണ്, തർക്കം തെറിപറച്ചിലായധ:പതിച്ചാൽ അങ്ങേയററം ദ്രോഹംചെയ്യുന്നതുപോലെതന്നെ, യഥാർത്ഥപ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറിക്കൊണ്ട് ബാഹ്യമായ മര്യാദ കാണിക്കലിന്മെ അടിസ്ഥാനപ്പെടുത്തിയ ഐക്യവും. വിപ്ലവകരമായ പ്രവർത്തനത്തിന്നുള്ള ഒരു ഉപകരണമെന്ന നിലക്കുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മൌലികസ്വഭാവത്തെ അപകടത്തിലാക്കും. ബഹുജനങ്ങളെ പ്രവർത്തനത്തിലേക്ക് സംഘടിപ്പിക്കുകയും നയിക്കുകയും ചെയ്യാൻ കഴിയാത്ത തരത്തിൽ, പല കക്ഷികളായി പിരിഞ്ഞ ഒരു വാദപ്രതിവാദ സംഘമായി കമ്മ്യൂണിസ്റ്റ്പാർട്ടിയെ മാററുക എന്നതല്ല ഐക്യത്തിന്റെ അർത്ഥം.

ഈയൊരു ലക്ഷ്യത്തോടും മനോഭാവത്തോടും കൂടിയാണ് ഈ റിപ്പോർട്ട് പാർട്ടിയുടെ മുമ്പിൽ സമർപ്പിക്കപ്പെടുന്നത്.

മേല്പറഞ്ഞ ലക്ഷ്യത്തോടുകൂടി പാർട്ടി ഐക്യം പുന:സ്ഥാപിക്കാൻ നമ്മുടെ ദേശീയ കൌൺസിലും കേന്ദ്ര സെക്രട്ടേറിയററും നടത്തുന്ന ശ്രമങ്ങൾ വിവരിക്കേണ്ടതു് ഈ റിപ്പോർട്ടിന്റെ പരിധിയിൽപെട്ട കാര്യമല്ല. ആ വഴിക്ക് എടുത്തിട്ടുള്ളതും എടുത്തുകൊണ്ടിരിക്കുന്നതുമായ നടപടികൾ അപ്പഴപ്പോൾ പാർട്ടിമെമ്പറന്മാരെ അറിയിക്കുന്നുണ്ട്.

ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഐക്യം പുന:സ്ഥാപിക്കാൻ നമ്മുടെ ദേശീയ കൌൺസിൽ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ വിവരിച്ചിട്ടില്ല.

1964 ജൂൺ മാസത്തിൽ ദേശീയകൌൺസിൽ അംഗീകരിച്ചതുൾപ്പടെ ഇതു സംബന്ധിച്ച നമ്മുടെ കൌൺസിലിന്റെ പ്രമേയങ്ങൾ പാർട്ടിപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തത്വദീക്ഷയോടുകൂടി നമുക്ക് അഭിപ്രായവ്യത്യാസങ്ങൾ ചർച്ച ചെയ്യുക; തത്വദീക്ഷയോടുകൂടിത്തന്നെ പാർട്ടി ഐക്യത്തിന്നുവേണ്ടി പരിശ്രമിക്കുക. ഈ കടമ വിഷമമേറിയതാണ്. എങ്കിലും അതു് നിർവ്വഹിക്കേതാണ്, നിർവ്വഹിക്കാൻ കഴിയും. കമ്മ്യൂണിസത്തിന്റെ ശക്തികളുടെ ഐക്യം. സാമ്രാജ്യാധിപത്യത്തിന്നും പിന്തിരിപ്പന്മാർക്കും മുതലാളിത്തത്തിന്നുമെതിരായും സോഷ്യലിസത്തിന്ന വേണ്ടിയുമുള്ള ക്ലേശപൂർണ്ണമായ സമരത്തിൽ ലോകത്തിലെങ്ങുമുള്ള മർദ്ദിതരും അദ്ധ്വാനിക്കുന്നവരുമായ ജനങ്ങളുടെ മൌലികവും അനുപക്ഷണീയവുമായ ആവശ്യമാണ്.

—★—

NAVAYUGAM PRESS, TRIVANDRUM-14.

# ഇതോടൊപ്പം വായിക്കുക

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ
പരിപാടി —20 പൈസ

(ചർച്ചയ്ക്കുവേണ്ടി ദേശീയകൌൺസിൽ സമർപ്പിക്കുന്ന കരടുരേഖ)

പാർട്ടിയിലെ പിളർപ്പിന്റെ ചരിത്രം —20 പൈസ

(കേന്ദ്ര കൺട്രോൾ കമ്മീഷൻ ദേശീയ കൌൺസിലിന്നു സമപ്പിച്ച റിപ്പോർട്ട്)

തക്കത്തിന്റെ തായ് "വേരു" — എൻ. ഇ. ബാലറാം

(സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ അഭിപ്രായവ്യത്യാസങ്ങളെ ലളിതമായി പ്രതിപാദിക്കുന്ന ഒരു ലഘുലേഖ) —20 പൈസ

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും
സെക്റ്റേറിയനിസവും റിവിഷനിസവും — മാർക്സിസ്റ്റ്

(പാർട്ടിയുടെ ചരിത്രത്തിലേയ്ക്കു വെളിച്ചം വീശുന്നതും ഇന്നത്തെ ഭിന്നിപ്പിന്റെ കാരണങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നതുമായ ഒരു ലഘുലേഖ) —50 പൈസ

കോപ്പികൾക്ക്:

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് — ജില്ലാ കൌൺസിൽ ആഫീസുകളിലും പ്രഭാത് ബുക്ക് ഹൌസിന്റെ ശാഖകളിലും ആവശ്യപ്പെടുക

324.254

വരട്ടുതത്വവാദപരമായ ഭിന്നിപ്പിന്നും വീരസാഹസികതത്വത്തിന്നും അവസരവാദത്തിന്നുമെതിരായി

# പാർട്ടിയുടേയും
## ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റേയും
# ഐക്യത്തിന്നുവേണ്ടി

PC Library & Research Center

1113

ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ
ഇന്നത്തെ പ്രത്യയശാസ്ത്രപരമായ
വിവാദത്തെപ്പററി ദേശീയ
കൌൺസിൽ അംഗീക
രിച്ച റിപ്പോർട്ട്

കമ്മ്യൂണിസ്ററ് പാർട്ടി പ്രസിദ്ധീകരണം

1964
സപ്തമ്പർ

വില
50 പൈസ